വാല്യം · 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

# വികസനരൂപരേഖ



# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

## വികസന രൂപ രേഖ

അമ്പലപ്പാറ





‘സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെസ്ഥിതിക്ക് മാററം
വരുത്താമെന് എപ്പോൾ
ജനസാമാന്യത്തിന്ന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ് നാം
പൂർണ്ണസ്വാതന്ത്ര്യം നേടുന്നത്.’

ഗാന്ധിജി.

‘അങ്ങേയററം ദാരിദ്ര്യം
അനുഭവിക്കുന്നവർക്കുപോലും
ഇത് തങ്ങളുടെ നാടാണെന്നും,
ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും
മഹത്തായ പങ്കുണ്ടെന്നു വിശ്വസിക്കുന്ന
ഒരു ഭാരതത്തിന്നുവേണ്ടി ഉയർന്നവർഗ്ഗവും
താണവർഗ്ഗവു മില്ലാത്ത ഒരു ഭാരതത്തിനു
വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ
മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനു
വേണ്ടി ഞാൻ പ്രയത്നിക്കും’

ഗാന്ധിജി.

D. T. P, Kani Graphics, Ottapalam-4
Cover Designed -Syam.
Printed at Poppular, R.S.Road, Ottapalam.



# രണ്ട് വാക്ക്

അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചത് 1996 ആഗസ്ററ് 17-ാം തിയ്യതിയാണ്. അന്നുമുതൽ ഈ റിപ്പോർട്ട് തയ്യാറാക്കിയ... ഇന്നിതുവരെയുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തിനോട് സഹകരിച്ച ഒററപ്പാലം എം.പി., എം.എൽ.എ. ജില്ലാ പഞ്ചായത്ത് അംഗം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ വിവിധ വകുപ്പുദ്യോഗസ്ഥർ, 8ാം പദ്ധതിയുടെ അവലോകന റിപ്പോർട്ട് സമർപ്പിച്ച വിവധ ഡിപ്പാർട്ടുമെൻറുകൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, K.R.P മാർ D.R.P മാർ L.R.P മാർ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥർ റിട്ടയേർഡ് ഉദ്യാഗസ്ഥൻമാർ, വിവിധ സ്ക്കൂൾ അധികൃതർ, അദ്ധ്യാപകർ ഗ്രാമസഭകളിൽ പങ്കെടുത്ത വോട്ടർമാർ എന്നിവരോട് ഭരണസമിതിയുടെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ റിപ്പോർട്ട് ഒരു സമഗ്ര വികസന രേഖയാണന്ന് അവകാശപ്പെടുന്നില്ല. പഞ്ചായത്തിന്റെ വികസന രൂപരേഖ മാത്രമാണ്. ഈ റിപ്പോർട്ടിൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്കും നിർദ്ദേശങ്ങൾക്കും ആണ് മുൻഗണന നൽകിയിട്ടുള്ളത്. ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള പട്ടികകൾ ദ്വിതീയ സ്ഥിതി വിവര കണക്കിലൂടെ ശേഖരിച്ചവയാണ്.

ജനകീയാസൂത്രണത്തിന്റെ ഇനിയുള്ള ഘട്ടങ്ങളിലും ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കട്ടെ.

സ്നേഹപൂർവ്വം,

KKGouri

കെ. കെ. ഗൗരി ടീച്ചർ
പ്രസിഡണ്ട്,
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.

# റിപ്പോർട്ട് തയ്യാറാക്കിയ റിസോഴ്സ് ഗ്രൂപ്പ്

**1. കൃഷി**

1.ശ്രീ ടി.പി. രാധാകൃഷ്ണൻ-കൺവീനർ
2. ശ്രീ ഗോപാലകൃഷ്ണൻനായർ .വി
3. ശ്രീ യു. ബാലചന്ദ്രൻ
4. ശ്രീ ഷാജിസെബാസ്റ്റ്യൻ
5. ശ്രീ സത്യവതി കൃഷി അസിസ്റ്റന്റ്
6. ശ്രീ രാമകൃഷ്ണൻ
7. ശ്രീ കെ.കെ. ശിവശങ്കരൻ

**2. മൃഗസംരക്ഷണം**

1. പി.ബാവ വൈസ് പ്രസിഡണ്ട്(കൺവീനർ)
2. സുധീർബാബു. സി (വെറ്റിനറി ഡോക്ടർ)
3. രാജഗോപാലൻ ചേലക്കോട്ടിൽ
4.കെ.രാമദാസ് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)

**3. വിദ്യാഭ്യാസം.**

1. ശ്രീ സി.സി. വേലായുധൻ മാസ്റ്റർ (കൺവീനർ)
2. ശ്രീ പി.പി.ഹരിദാസ്.
3. ശ്രീദേവിക്കുട്ടി .ഐ

**4. ആരോഗ്യം കുടിവെള്ളം**

1. ശ്രീ ആർ മണികണ്ഠൻ JHI (കൺവീനർ)
2. ശ്രീ രമേശ്-JHI
3. ശ്രീ പി. അയ്മുട്ടി (പഞ്ചായത്ത് മെമ്പർ)
4. ശ്രീ ഐ.പി. മോഹൻ JHI
5. മറിയാമ്മജോർജ്ജ്(ഹോമിയോ ഡോക്ടർ)

**5.വ്യവസായം**

1. ശ്രീ സി. ബാലകൃഷ്ണൻ
2. ശ്രീ പി.എസ്. രാധാകൃഷ്ണൻ
3. ശ്രീ സി.സി.രാജൻ
4. ശ്രീ വി. വാസുദേവൻമാസ്റ്റർ
5. മഠത്തിൽ നാരായണൻ

**6. റോഡ്, ഊർജ്ജം, മാർക്കറ്റ്**

1. ശ്രീ കെ.വി. സോമസുന്ദരൻമാസ്റ്റർ (കൺവീനർ PRP)
2. ശ്രീ യു.സി. രാമൻ
3. ശ്രീ രാജൻ പാലാരി
4. ശ്രീ ജോൺ വി.സി.

**7. ഭവനനിർമ്മാണം-സാമൂഹ്യക്ഷേമം**

1. ശ്രീ ഇ. കൃഷ്ണനുണ്ണി (കൺവീനർ)
2. ശ്രീ സി.കെ സീത (പഞ്ചായത്ത് മെമ്പർ)
3. ശ്രീ കുമാരൻ V.EO അമ്പലപ്പാറ
4. ശ്രീ ശംഭു JHI

**8 സംസ്ക്കാരം**

1. ശ്രീ സേതുമാധവമേനോൻ. കെ (കൺവീനർ)
2. ശ്രീ ശ്രീധരൻ മാസ്റ്റർ (മുൻപഞ്ചായത്ത് പ്രസിഡണ്ട്)
3. ശ്രീ മുഹമ്മദ് കുണ്ടിൽ

**9. വനിതാക്ഷേമം**

1. ശ്രീമതി വിജയലക്ഷ്മി ടീച്ചർ (കൺവീനർ)
2. ശ്രീമതിഎം. ആർ വാസന്തി. (പഞ്ചായത്ത് മെമ്പർ)
3. ശ്രീമതി റെക്സിതോമസ് LVEO.
4. ശ്രീമതി സി. പ്രേമലത
5. ശ്രീമതി സ്നേഹലത. സൂപ്പർ വൈസർ SSWD

**10 സഹകരണം**

1. ശ്രീ നാരായണനെഴുത്തശ്ശൻ (കൺവീനർ)
2. ശ്രീ രാധാകൃഷ്ണൻ. കെ
3. ശ്രീ സേതുമാധവൻ, പുലാപ്പറ്റശ്ശേരി

**11. പട്ടിക ജാതി**

1. ശ്രീ ശങ്കരനാരായണൻ L.D.C, കൃഷിഡിപ്പാർട്ട് മെന്റ് (കൺവീനർ)
2. ശ്രീ ടി.പി. ചന്ദ്രൻ
3. ശ്രീ രാജ്കുമാർ, ചുനങ്ങാട്
4. ശ്രീ പി.ആർ രാജൻ വേങ്ങശ്ശേരി

**12. വിഭവസമാഹരണം**

1. ശ്രീ കെ. കുഞ്ഞൻ DRP
2. ശ്രീ ശങ്കരനാരായണൻ ചുനങ്ങാട്
3. ശ്രീ രാധാകൃഷ്ണൻ. L. D. C, അമ്പലപ്പാറ പഞ്ചായത്ത്
4. ശ്രീ കെ. രവീന്ദ്രൻ മലപ്പുറം

# അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതി



കെ. കെ. ഗൗരി ടീച്ചർ
പ്രസിഡണ്ട്



പി. ബാവ
വൈ:പ്രസിഡണ്ട്



കെ. രാമദാസ്
സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാൻ



കെ. സരോജിനി
സെക്രട്ടറി



സി. കെ. സീത
ഒന്നാം. വാർഡ് മെമ്പർ



കെ. കെ. ശിവശങ്കരൻ
അഞ്ചാം. വാർഡ് മെമ്പർ



എ. ആർ. വാസന്തി
ആറാം. വാർഡ് മെമ്പർ



എം. ആർ. മാധവൻ
ഏഴാം. വാർഡ് മെമ്പർ



ടി. പി. ചുക്രൻ
എട്ടാം. വാർഡ് മെമ്പർ



പി. അയമുട്ടി
ഒമ്പതാം. വാർഡ് മെമ്പർ



കെ. സുരേഷ്
പത്താം. വാർഡ് മെമ്പർ



പി. എസ്. രാധാകൃഷ്ണൻ
പതിനൊന്നാം. വാർഡ് മെമ്പർ



പി. വിജയലക്ഷ്മി
പന്ത്രണ്ടാം. വാർഡ് മെമ്പർ

കേരളം



## വിഷയവിവരം


| | | |
|---|---|---|
| 1. | ആമുഖം | 9 |
| 2. | പഞ്ചായത്ത് പൊതുവിവരണം<br>ഭരണപരമായ ചരിത്രം | 11 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 12 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | 14 |
| 5. | സാമൂഹിക സാമ്പത്തിക മേഖലകൾ | |
| 1) | കൃഷിയും ജലസേചനവും | 16 |
| 2) | മൃഗസംരക്ഷണം | 28 |
| 3) | വിദ്യാഭ്യാസം | 32 |
| 4) | കുടിവെള്ളവും പൊതുജനാരോഗ്യവും | 41 |
| 5) | വ്യവസായം | 52 |
| 6) | ഗതാഗതം – ഊർജ്ജം – മാർക്കറ്റ് | 56 |
| 7) | ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | 73 |
| 8) | സംസ്കാരം | 80 |
| 9) | വനിതാക്ഷേമം | 86 |
| 10) | സഹകരണം | 90 |
| 11) | പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം | 96 |
| 12) | വിഭവസമാഹരണം | 108 |



OFFICE OF THE AMBALAPPARA GRAMA PANCHAYATH

# 1

# ആമുഖം

സ്വാതന്ത്ര്യലബ്ധിയുടെ സുവർണ്ണ ജൂബിലി നാം ആഘോഷിക്കുവാൻപോവുകയാണല്ലോ. ഈ സാഹചര്യത്തിൽ നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നങ്ങൾ എത്രത്തോളം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതും നമുക്ക് എന്തെല്ലാം ഇനി നേടിയെടുക്കാനുണ്ട് എന്നതും ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്.

ഈ രൂപത്തിലുള്ള ഒരു ചർച്ചനടത്തുമ്പോൾ ദുഃഖകരമായ പല സത്യങ്ങളെയും നമുക്ക് അംഗീകരിക്കേണ്ടതായിവരും. ഇന്ത്യാ രാജ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ഏററവും ദരിദ്രനായ ഒരാൾക്കു പോലും തൻേറതായ ഒരു പങ്കുണ്ടാകുന്ന ഒരു രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചാണ് മഹാത്മജി സ്വപ്നം കണ്ടത്.

ഇന്ത്യാ രാജ്യത്തിൻെറ വികസന ത്തിന്നു വേണ്ടി പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറ നേതൃത്വത്തിൽ നാം സ്വീകരിച്ച വികസന മാതൃകയുടെ അടിസ്ഥാനത്തിലാണ് പഞ്ചവത്സരപദ്ധതികൾ ആവിഷ്കൃതമായത് എട്ട് പഞ്ചവൽസര പദ്ധതികൾനാം നടപ്പിലാക്കി കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷം മുതൽ ഒമ്പതാം പദ്ധതി ആരംഭിക്കുകയാണ്.

കഴിഞ്ഞ പഞ്ചവത്സരപദ്ധതികളുടെ നേട്ട കോട്ടങ്ങളെക്കുറിച്ച് ഈ അവസരത്തിൽ നാം വിലയിരുത്തേണ്ടതാണ്. പദ്ധതികൾക്കു വേണ്ടി വകയിരുത്തുന്ന സംഖ്യയും അതിന്റെ ഫലമായി ജനങ്ങളുടെ യഥാർത്ഥ ജീവിതത്തിൽ പ്രതിഫലിക്കുന്ന സാമ്പത്തിക വളർച്ചയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ പദ്ധതികൾ വലിയ പരാജയങ്ങളായിരുന്നു എന്ന് സമ്മതിക്കാൻ നാം നിർബന്ധിതരായി തീരും. പദ്ധതികൾ വഴി ഒന്നും നേടാൻ സാധിച്ചില്ലാ എന്നല്ല പറഞ്ഞു വരുന്നത്. നാം ധാരാളം കാര്യങ്ങൾ നേടി എടുത്തിട്ടുണ്ട്. എങ്കിലും നമ്മുടെ ലക്ഷ്യത്തിന്റെ അടുത്തുപോലും എത്താൻ കഴിഞ്ഞില്ലാ എന്നു മാത്രമാണ് സൂചിപ്പിക്കുന്നത്.

ഇതിന്റെ പ്രധാനകാരണം പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തത്തിന്റെ അഭാവമാണ്. ഈ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് 9ാം പദ്ധതി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുന്നതിനും നടത്തുന്നതിനും കേരളസർക്കാർ തീരുമാനിച്ചത്.

കേരളത്തിലെ പ്രത്യേക സാമൂഹ്യ പരിതഃസ്ഥിതിയും ഇതിനു സഹായകമാണ്. കേരളത്തിലെ ജനങ്ങൾ വിവിധ വർഗ്ഗബഹുജന സംഘടനകളിലൂടെ സംഘടിതരാണ്. ഈ സംഘടനാബോധം കാര്യങ്ങൾ ഏറെറടുക്കുന്നതിൽ ജനങ്ങളെ സഹായിക്കും എന്ന കാര്യത്തിൽ

തർക്കമില്ല.

ഇന്ത്യയിൽ ഭരണഘടനയുടെ 73ാം ഭേദഗതിയുടെ അടിസ്ഥാനത്തിലാണല്ലോ പഞ്ചായത്ത് രാജ് നിയമം നടപ്പിലായത്. ഈ നിയമ നിർമ്മാണം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തുകൾ നിലവിൽ വരികയും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾക്ക് അധികാരം കൈമാറുകയും ചെയ്തു.

പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾ അനുസരണമായി നമ്മുടെ പഞ്ചായത്തിലും ഗ്രാമസഭകൾ കൂടുകയുണ്ടായി. പുതിയ അനുഭവമായതു കൊണ്ടാവാം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന ആദ്യ ഗ്രാമ സഭകളിലെ പങ്കാളിത്തം താരതമ്യേന കുറവായിരുന്നു. എന്നിരുന്നാലും ജനകീയ ഭരണത്തിലെ തങ്ങളുടെ പങ്ക് എന്താണെന്ന് മനസ്സിലാക്കുന്നതിനും പരിശീലനം നേടുന്നതിനും ഉള്ള അവസരം എന്ന നിലയിൽ അവയുടെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്.

ഒമ്പതാം പദ്ധതിയുടെ ഭാഗമായി അതതു പ്രദേശങ്ങളിൽ നടത്തേണ്ട വികസനങ്ങളും, അതിനുവേണ്ട വിദഗ്ധ ഉപദേശങ്ങളും ഗ്രാമസഭകളിലെ വോട്ടർ മാരിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യത്തെ കാൽവെപ്പാണ്. മാത്രമല്ല, നാട്ടിൻ പുറങ്ങളിൽ അംഗീകരിക്കപ്പെടാത്ത പല തുറകളിലും വൈദഗ്ദ്ധ്യമുള്ളവരെ കണ്ടെത്തി അവരുടെ അഭിപ്രായ സമന്വയ പ്രകാരം നാട്ടിൻ പുറങ്ങളിലെ വികസനം നടക്കൽ ഒരു പുത്തൻ പ്രവണത തന്നെയാണിത്. മുകളിൽനിന്നും താഴോട്ടേക്ക് അടിച്ചേൽപ്പി ക്കുന്ന വികസന പ്രക്രിയകൊണ്ട് യഥാർത്ഥ ത്തിൽ അതതു പ്രദേശങ്ങളിൽ നടക്കേണ്ട വികസനം നാളിതുവരെയുള്ള പദ്ധതികളിൽ നടന്നിട്ടില്ല.

ഒമ്പതാം പദ്ധതിയുടെ ആസൂത്രണ ത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് വേണ്ടി സംസ്ഥാന പ്ലാനിംങ് ബോർഡ് യോഗം ചേരുകയുണ്ടായി. ബോർഡ് യോഗ തീരുമാനപ്രകാരം 1996 ആഗസ്റ്റ് 17ന് (ചിങ്ങം 1) ജനകീയാസൂത്രണത്തിന്റെ സംസ്ഥാനതല ഉൽഘാടനം നടക്കുകയുണ്ടായി. അന്നേ ദിവസം തന്നെ പഞ്ചായത്ത് തല ഉൽഘാട നവും നടക്കുകയുണ്ടായി.

ഗ്രാമസഭകൾ വേണ്ട രീതിയിൽ നടത്തുന്നതിനുവേണ്ടി ജില്ലാതലത്തിൽ പരിശീലന ക്ലാസ്സുകൾ നടത്തുകയുണ്ടായി. നമ്മുടെ പഞ്ചായത്തിൽനിന്നും അനുയോജ്യരായ പൊതു പ്രവർത്തകരെ പരിശീലനത്തിന് അയച്ചു. അതിനുശേഷം പരിശീലനം ലഭിച്ചവരുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പഞ്ചായത്ത് തല പ്രവർത്തകർക്കുവേണ്ടി ഏകദിന ശിൽപശാല നടത്തി. ശിൽപ ശാലയിൽ താരതമ്യേന ഭേദപ്പെട്ട പങ്കാളിത്തമുണ്ടായി.

പ്രവർത്തനത്തിന്റെ അടുത്തഘട്ടം എന്ന നിലക്ക് ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിൽ നല്ല പങ്കാളിത്തമുണ്ടാ യിരുന്നു. ഗ്രാമസഭകളിൽ പങ്കെടുത്തവർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വികസന പ്രശ്നങ്ങളും സാദ്ധ്യതകളും ചർച്ച ചെയ്തു. ക്രിയാത്മകമായ നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നു.

രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായാണ് വികസന സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ വിവിധ സർക്കാർ ഓഫീസുകളിൽ നിന്ന് ശേഖരിച്ച സ്ഥിതി വിവരകണക്കുകൾ, വിവിധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ, പഞ്ചായത്തിലെ വിഭവ സാദ്ധ്യതകളെ വിലയിരുത്തുന്ന റിപ്പോർട്ട് എന്നിവയുടെ വെളിച്ചത്തിൽ പരിശോധിച്ച് ക്രോഡീകരി ച്ചാണ് സെമിനാറിൽ അവതരിപ്പിക്കാനുള്ള റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.



# 2

# പഞ്ചായത്ത് പൊതു വിവരണവും ഭരണപര മായ ചരിത്രവും

## പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെപേര് | - | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | അമ്പലപ്പാറ I<br>അമ്പലപ്പാറ II |
| ബ്ലോക്ക് പഞ്ചായത്ത് | - | ഒറ്റപ്പാലം |
| അസംബ്ലി മണ്ഡലം | - | ഒറ്റപ്പാലം |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | - | 5008.25 ഹെക്ടർ |
| ജനസംഖ്യ | - | 31525 |
| വാർഡുകളുടെ എണ്ണം | - | 12 |
| പ്രസിഡണ്ടിന്റെ പേര് | - | കെ.കെ. ഗൗരി |
| വൈസ് പ്രസിഡണ്ടിന്റെ പേര് | - | പി. ബാവ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | കെ. രാമദാസ് |

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ –
1. ശ്രീ M.K.S. പണിക്കർ
2. ശ്രീമതി ധനലക്ഷ്മി ടീച്ചർ.

ജില്ലാ പഞ്ചായത്ത് മെമ്പർ –
ശ്രീ K.V. രാമകൃഷ്ണൻ.

## പഞ്ചായത്തിന്റെ ഭരണ ചരിത്രം

കേരളപ്പിറവിക്കു മുമ്പ് മദ്രാസ് സംസ്ഥാന ത്തിൽ മലബാർ ഡിസ്ട്രിക് ബോർഡിന്റെ അധീനതയിൽപെട്ട പഞ്ചായത്തില്ലാത്ത പ്രദേശം 1962ൽ 7-11-61 ലെ G.O.M.S.814/62 ഉത്തരവ് പ്രകാരം അമ്പലപ്പാറ ഒന്നും രണ്ടും വില്ലേജുകൾ ഉൾപ്പെട്ട പ്രദേശങ്ങളെ കൂട്ടി അമ്പലപ്പാറ പഞ്ചായത്ത് രൂപീകൃതമായി. പഞ്ചായത്ത് രൂപീകൃതസമയത്ത് 10 വാർഡുകളി ലായി തിരിച്ചു. കേരള പഞ്ചായത്ത് ചട്ടവും നിയമവും അനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി വാർഡ് തലത്തിൽ 10 മെമ്പർമാരെ തെരഞ്ഞടുക്കു കയും അതിൽനിന്ന് ഒരു പ്രസിഡണ്ടിനേയും വൈസ്പ്രസിഡണ്ടിനേയും തിരഞ്ഞെടുക്കുകയും ചെയ്തു.

അതിനുശേഷം 5വർഷവും 7വർഷത്തോളം കാലവുമായി രണ്ട് ഭരണ സമിതികൾ ഉണ്ടായി കഴിഞ്ഞ ഭരണസമിതിതിരഞ്ഞെടുപ്പിനെ ആധാര മാക്കി പത്ത് വാർഡുകൾ 11 വാർഡുകളാക്കുകയും ആപ്പോഴത്തെ ഭരണസമിതിയെ തിരഞ്ഞെടുക്കു ന്നതിന് മുന്നോടിയായി പഞ്ചായത്ത് അതൃത്തിയെ 12 വാർഡുകളാക്കി തെരഞ്ഞെടുപ്പു നടത്തുകയും 1996 ഒക്ടോബർ2ന് ഭരണസമിതി നിലവിൽ വരുകയും ചെയ്തു. ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിന് ഉദ്യോഗതലത്തിൽ നിലവിലുള്ള തസ്തികകൾ ഒട്ടും പര്യാപരതമല്ല. പഞ്ചായാത്ത് രാജ് ചട്ടത്തിലും നിയമത്തിലും അനുശാസിക്കുന്ന കാര്യങ്ങളുംവികസനപ്രവർത്തനങ്ങൾ നടത്തു ന്നതിന് പഞ്ചായത്ത് തലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരേയും ആവശ്യമായ ഗുമസ്ഥരേയും നിയമിക്കാത്ത പക്ഷം ജനകീയാ സൂത്രണത്തിന്റെ ഭാഗമായി നടത്തേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്ക് മങ്ങലേല്ക്കു മെന്നുള്ളത് തർക്ക വിഷയമാണ്.



# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

കേരളത്തിലെ മറ്റേതൊരു പ്രദേശവും പോലെ സവർണ്ണ-ജന്മി-നാടുവാഴിത്തത്തിന്റെ കീഴിൽ അമർന്നു കിടന്നിരുന്ന ഒരു ജനതയായിരുന്നു അമ്പലപ്പാറ പഞ്ചായത്തിലേതും. ഈ കാലഘട്ടത്തിൽ ജനങ്ങൾ അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും തടവുകാരായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ. എങ്കിലും ആ കാലത്ത് നിലനിന്നിരുന്ന മേലാള-കീഴാള സാഹിത്യ കലാരൂപങ്ങൾ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി തന്നെ കാണേണ്ടിയിരിക്കുന്നു. ശരീരത്തിൽ നാണം മറയ്ക്കാനുള്ള വസ്ത്രം ധരിക്കുന്നതിൽകൂടി വിലക്കുണ്ടായിരുന്നു. ഒരു കാലഘട്ടത്തെ മാറ്റിമറിച്ചാണ് ഇന്നത്തെ രീതിയിലേക്ക് എത്തിയത്. ഈ കാലയളവിൽ മറ്റു പല വിഷമങ്ങളും ജനങ്ങൾ അനുഭവിച്ചിരുന്നു.

ക്ഷേത്രകലകളുടെ സുവർണ്ണകാലമായിരുന്നു അത്. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് ഇരുപത് ഹൈന്ദവ ക്ഷേത്രങ്ങളുണ്ട്. ഈ ക്ഷേത്രങ്ങൾ എല്ലാം തന്നെ വിവിധ ദൃശ്യശ്രാവ്യകലകളുടെ കേളിരംഗങ്ങളായിരുന്നു. വിവിധ കലാപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിൽ നമ്മുടെ പ്രദേശത്തെ ക്ഷേത്രങ്ങളും ജന്മിഗൃഹങ്ങളും മുൻപന്തിയിൽ തന്നെയായിരുന്നു.

ഇതേ കാലത്തു തന്നെ കിഴാള സംസ്കാരത്തിന്റേതായ ഒരു സമാന്തര പ്രവാഹവും ഉണ്ടായിരുന്നു. പുള്ളുവൻപാട്ട്, ചെറുമക്കളി പാങ്കളി, പരിചമുട്ടുംകളി, കോൽക്കളി, തുടങ്ങിയവയെല്ലാം തന്നെ ആ കാലഘട്ടത്തിന്റെ ജനകീയ കലാരൂപങ്ങളായിരുന്നു.

കായിക രംഗത്തും നമുക്ക് നമ്മുടേതായ ഒരു പാരമ്പര്യം അവകാശപ്പെടാം. പരുത്തിയിൽ ഗോപാലൻനായർ, ആച്ചുമുത്താൻ തുടങ്ങിയ പ്രസിദ്ധരായ ഓണത്തല്ലുകാരെ നമുക്ക് അഭിമാനത്തോടെ ഓർക്കാം.

സ്ത്രീകൾക്കിടയിലും അന്ന് നിരവധി കലാരൂപങ്ങൾ നിലവിലിരുന്നു. തുമ്പിതുള്ളൽ, ഓണക്കളി, തിരുവാതിരക്കളി തുടങ്ങിയവ ഇന്നും ഗൃഹാതുരത്വത്തോടെ മാത്രമെ ഓർക്കാൻ കഴിയൂ. ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന തിറ, മരം കൊണ്ടുള്ള വിഗ്രഹങ്ങൾ എന്നിവ നിർമ്മിക്കുന്ന കരകൗശല വിദഗ്ദ്ധർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. പറയിപെറ്റ പന്തിരുകുലത്തിലെ അഗ്നിഹോത്രിയുടെ പിൻതുടർച്ചക്കാരാണ് കടമ്പൂർ വേമഞ്ചേരി മനക്കാർ എന്ന് ഐതിഹ്യം പറയുന്നു.

കാർഷിക പരിഷ്കരണത്തിനുവേണ്ടിയും വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണത്തിന് വേണ്ടിയും നടന്ന കേരളവ്യാപകമായ ജനമുന്നേറ്റങ്ങളിലും അയിത്തത്തിനും, ജാതിമേധാവിത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നടന്ന പ്രക്ഷോഭസമരങ്ങളിലും നമ്മുടെ പഞ്ചായത്തിന്റേതായ പങ്ക് കാണാവുന്നതാണ്.

ചുനങ്ങാട് ഒരു ജന്മികുടുംബത്തിന്റെ വകയായിരുന്ന കൃഷിഭൂമിക്ക് വേണ്ടി കർഷകർ നടത്തിയ ത്യാഗോജ്ജ്വലമായ സമരവും അവർക്ക് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളും ഇവിടെ സ്മരണീയമാണ്. കടമ്പൂരിലെ ക്ഷേത്രപ്രവേശനത്തിനുവേണ്ടി നടന്ന സമരവും പ്രസ്താവ്യമാണ്.

ഈ ജനമുന്നേററങ്ങളുടെയും പ്രക്ഷോഭ സമരങ്ങളുടെയും തുടർച്ച എന്ന നിലക്കുള്ള സാമൂഹ്യാസ്തിത്വവും അതിനനുരോധമായ സാമൂഹ്യബോധവുമാണ് നമുക്കുള്ളത്.

ദേശീയ പ്രസ്ഥാനത്തിലും നമ്മുടെ പഞ്ചായത്തിലെ ജനതതി തങ്ങളുടെ പങ്ക് വഹിച്ചിട്ടുണ്ടെന്ന് കാണാം. ദേശീയ പ്രസ്ഥാനത്തിന്റെ പല സമര മുന്നേററങ്ങളിലും അമ്പലപ്പാറ പഞ്ചായത്തിലെ ജനങ്ങളുടെതായ പങ്ക് കാണാവുന്നതാണ്. ഐ.എൻ. എ യിൽ അംഗമായിരുന്നവരും സ്വാതന്ത്ര്യസമരപെൻഷൻ ലഭിക്കുന്നവരുമായ ശ്രീ. വാരിക്കഴായിൽ നാരായണൻനായർ, നെല്ലിക്കുന്നത്ത് അയ്യപ്പൻ, കേളത്തൊടി രാമൻ, പാക്കോട്ടിൽ രാമപ്പണിക്കർ, എലപ്പലാംതൊടി പങ്ങുണ്ണി എന്നിവരുടെ പേരുകൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

ചരിത്രപരമായ ഈ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് ചരിത്രത്തിന്റെ മറെറാരു കുതിച്ചുചാട്ടത്തിന് നാം തയ്യാറെടുക്കുന്നത്. ജനങ്ങളാണെല്ലോ ചരിത്രം സൃഷ്ടിക്കുന്നത്. ചരിത്രകാരൻമാർ ചരിത്രം വ്യാഖ്യാനിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ ചരിത്രനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാക്കണമെന്നും പഞ്ചായത്തിലെ മുഴുവൻ ആളുകളെയും പങ്കെടുപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.



# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

സമഗ്രമായ ആസൂത്രണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മണ്ണ്, ജലം, സസ്യങ്ങൾ എന്നിവയെ ഒഴിവാക്കാനാവില്ലല്ലോ. നമ്മുടെ പഞ്ചായത്തിലെ ഭൂവിഭവങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ കിട്ടണമെങ്കിൽ വിശദമായ സർവ്വേയുടെയും ശാസ്ത്രീയമായ കണക്കുകളുടെയും അടിസ്ഥാനത്തിൽ ഒരു വിഭവ ഭൂപടം നിർമ്മിക്കേണ്ടിയിരിക്കുന്നു. എന്നാൽ പരിമിത മായ സമയം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ എന്നതുകൊണ്ട് അത്തരത്തിലുള്ള ഒരു വിഭവ ഭൂപടം നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും പഞ്ചായത്തിന്റെ വിവിധഭാഗങ്ങൾ ഒരു സംഘം സന്നദ്ധ പ്രവർത്തകർ നടന്നു നോക്കിയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിന്റെ ഭൂസ്ഥിതിയെ ക്കുറിച്ച് ഏതാണ്ട് പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പാലക്കാട് ജില്ല ആസ്ഥാനത്തുനിന്നും 35 കിലോമീറ്റർ ദൂരെ അമ്പലപ്പാറ പഞ്ചായത്ത് ആസ്ഥാനം സ്ഥിതിചെയ്യുന്നു. അമ്പലപ്പാറ ഒന്നും രണ്ടും വില്ലേജുകൾ കൂടിയതാണ് ഈ പഞ്ചായത്ത്. 5008.25 ഹെക്ടർ വിസ്തീർണ്ണവും 31525 ജനസംഖ്യയുമുള്ള ഈ പഞ്ചായത്ത് 12 വാർഡുകളിലായി കിഴക്ക് മണ്ണൂർ കേരളശ്ശേരി വടക്കു കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് പടിഞ്ഞാറ് തൃക്കിടീരി അനങ്ങനടി പഞ്ചായത്ത് അതൃത്തികളും തെക്ക് ലെക്കിടി പേരൂർ പഞ്ചായത്ത് അതൃത്തിയും ഒററപ്പാലം മുനിസിപ്പൽ അതൃത്തിയും ഉള്ള സ്ഥലത്ത് ഉൾപ്പെട്ടതും അനങ്ങൻ മലയുടെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നതുമാണ്. വിസ്തൃതിയുടെ 40% ത്തോളം പാറകളും 30 %കുന്നിൻ പ്രദേശങ്ങളും 30% നെൽകൃഷിക്ക് ഉപയുക്തമായതും കൂടുതൽ അമ്ലഗുണ മുള്ളതുമായ മണ്ണ് ഉള്ളതുമാണ് ഈ പ്രദേശം. എന്നിരുന്നാലും വിളസാന്ദ്രത കുറവാണ്. ഈ പഞ്ചായത്തിൽ പ്രധാനമായും തെങ്ങ്, റബ്ബർ എന്നിവ ചരിവു പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിന്റെ ഉയർന്ന സമതലം, ചെറു ചെരിവ്, ഇടത്തരം ചെരിവ് സമതലം, താഴ്വര തോടുകൾ എന്നീ 5 മേഖലകളായി തിരിക്കാം. പഞ്ചായത്തിലെ ഏററവും വലിയ തോട് അനങ്ങൻമലയിൽ നിന്നും തുടങ്ങി വേങ്ങശ്ശേരി വഴി കേരളശ്ശേരി പഞ്ചായത്തിലേക്ക് ഒഴുകുന്നു. പൊതുവേ തെക്ക് പടിഞ്ഞാറ് ഭാഗത്തേക്ക് ചരിഞ്ഞാണ് പഞ്ചായത്തിന്റെ ഭൂപരമായ കിടപ്പ്.

## ജനപ്രകൃതി

1991ലെ സെൻസസ്സ് പ്രകാരം ജനസംഖ്യ 31525 ഉം അതിൽ 14830 പുരുഷന്മാരും 16695 സ്ത്രീകളും പട്ടികജാതിയിൽ 2553 പുരുഷന്മാരും 2392 സ്ത്രീകളു മടക്കം 4745 ആളുകളുമാണുള്ളത്.

പട്ടിക വർഗ്ഗത്തിൽ 2പുരുഷന്മാരും 2 വനിതകളു മടക്കം 4 പേരുണ്ട്. എന്നാൽ പട്ടിക വർഗ്ഗത്തിൽ പ്പെട്ട 4 പേർ സ്ഥിരതാമസക്കാരല്ല താനും. 11195 പുരുഷ സാക്ഷരരും 11842 സ്ത്രീ സാക്ഷരരും ഉണ്ട്. ഈ സംഖ്യയിൽ കൂടുതൽ സ്ത്രീകളാണ്. കൂടുതൽ ആളുകളും കാർഷികമേഖലയെ ആശ്രയിച്ചുകഴിയുന്നവരാണ്. കൃഷി പ്രവർത്തി പ്രധാന തൊഴിലായി സ്വീകരിക്കുന്നവരുടെ എണ്ണം കുറഞ്ഞു കൊണ്ടേയിരിക്കുന്നു. ഇത് കാർഷിക മേഖലയെ തളർത്തുന്നുണ്ട് കർഷകരേയും കർഷക പ്രവർത്തകരേയും മാന്യമായ തൊഴിൽ ചെയ്യുന്നവരാണെന്ന ബോധവൽക്കരണം അനിവാര്യമാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലി ല്ലായിമ പ്രശ്നം ഈ പഞ്ചായത്തിലും രൂക്ഷമാണ്. തൊഴിൽ സംരംഭകപ്രവർത്തനങ്ങൾ നടത്തുക യാണ് ഇതിനം കുറച്ചെങ്കിലും പരിഹാരം. ജാതി പരമായ ഉച്ചനീചത്വം വളരെയേറെ നിലനിന്നിരു ന്നെങ്കിലും പുത്തൻ തലമുറ മതനിരപേക്ഷ സംസ്ക്കാരത്തിന്റെ വളർച്ചക്ക് സഹായകമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്.

ഈ മത സാംസ്ക്കാരിക വളർച്ചയിൽ ഗുണകരമായ മാററം വരുത്തിയിട്ടുണ്ട്. പുത്തൻ തലമുറ കഠിനമായി അദ്ധ്വാനിക്കുന്ന തൊഴിലു കളോടു താല്പര്യം കാണിക്കാത്തതും വെള്ള ക്കോളർ പ്രവർത്തി മാത്രമാണ് മാന്യതയെന്നുള്ള തെററായ ധാരണ ഒരള വോളം വെച്ചു പുലർത്തു ന്നുമുണ്ട്. ഇതിന് പരിഹാരമായി എതു തൊഴിലും മാന്യ മാണന്നതിന് പ്രൈമറി വിദ്യാഭ്യാസതല ത്തിൽ തന്നെ ഊന്നൽ കൊടുക്കേണ്ടതുണ്ട്.

ജലപ്രകൃതി

ജൂൺ ആദ്യവാരത്തോടു കൂടി മഴക്കാക്കാലം ആരംഭിക്കുകയും നവംബർ അവസാനത്തോ ടുകൂടി അവസാനിക്കുക യാണ് സാധാരണ പതിവ്. ഡിസംബർ മുതൽ മെയ്മാസം കൂടി വേനൽ കാലവും ഫെബ്രുവരി മാർച്ച് ഏപ്രിൽ മാസങ്ങളിൽ കടുത്ത വേനലും അനുഭവപ്പെടുന്നു. മഴലഭ്യത പൊതുവേ കുറവാണ്. ഈ പഞ്ചായത്തിൽ നമ്മുടെ മഴ ലഭ്യത ജില്ലാ ശരാശരിയെക്കാൾ കുറവാണ്. ശാസ്ത്രീയമായ ജലപരിപാലനത്തിന്റെ ആവശ്യക തയിലേക്ക് വിരൽ ചൂണ്ടുന്നു.

ഭൂമിയുടെ നല്ലൊരു ഭാഗം തരിശ്ശിട്ടിരിക്കുന്നു. എന്ന വസ്തുത ഖേദകരമാണ്. ജലത്തിന്റെ ആഗിരണശേഷി കുറഞ്ഞ വെട്ട്കല്ല് പ്രദേശങ്ങ ളാണ് ഇവയിൽ കൂടുതലും. ഈ പ്രദേശങ്ങൾ കൂടി വിളഭൂപടത്തിൽ സ്ഥാനം ലഭിക്കേണ്ടതാണ് കൂടുതലും കുന്നിൻ പ്രദേശങ്ങളും പാറകളു മാകയാൽ ജലക്ഷാമം അതിരൂക്ഷമാണ്. കുടിവെള്ള പ്രശ്നം കടുത്തതും പെട്ടന്ന് പരിഹൃതമാക്കാൻ സാധിക്കാത്തവയുമാണ്. മഴക്കാലങ്ങളിൽ പെയ്യുന്നവെള്ളം കെട്ടി നില്ക്കത്തക്ക ബണ്ടുകളോ കുള സ്രോതസ്സുകളോ വളരെ പരിമിതമാണ്. കുന്നിൻ പ്രദേശമാകയാൽ വെള്ളം ഭൂമിയുടെ ഉപരിഭാഗത്തുകൂടി കുത്തിയൊഴുകി പോകുന്നതല്ലാതെ ഉറവു പിടിക്കുന്നതിനും പര്യാപ്തമായ സംഭരണികളുടെ അഭാവം ഗുരുതരമാണ്.

മണ്ണൊലിപ്പ് തടഞ്ഞ് തോടിന് തടയിണകൾ കഴിയുന്നത്ര കെട്ടി ഇതിനൊരു പരിഹാരം ചെയ്യേണ്ടതുണ്ട്. കുത്തിയൊഴു കുന്ന വെള്ളം മണ്ണിലുള്ള ജൈവവളത്തിന്റെ ഭീമമായ ഭാഗം മണ്ണോടു കൂടി ഒഴുക്കികൊണ്ടു പോകുന്നത് വിള കളെ സാരമായി ബാധിക്കുന്ന അവസ്ഥയാണു ള്ളത്.



# 5.1

# കൃഷിയും ജലസേചനവും

ആമുഖം:- മനുഷ്യൻ സാമൂഹ്യ ജീവിതം ആരംഭിച്ചതു തന്നെ കൃഷിചെയ്യാൻ തുടങ്ങിയതോടെയാണെന്നാണ് ചരിത്രം പറയുന്നത്. സാമൂഹ്യമനുഷ്യനെ രൂപപ്പെടുത്തുന്നതിൽ കാർഷിക മേഖലയെപ്പോലെ ഇത്രയധികം സ്വാധീനം ചെലുത്തിയ മറ്റൊരു മേഖലയില്ല തന്നെ.

നമ്മുടെ നാടിന്റെ മറ്റേതൊരു മേഖലയുടെയും വികസനം അടിസ്ഥാനപര മായി കാർഷിക മേഖലയുടെ വികസനവുമായി ബന്ധപ്പെട്ടാണ് സ്ഥിതിചെയ്യുന്നത്. അതു കൊണ്ടു തന്നെ കാർഷിക മേഖലയുടെ വികസനം നമ്മുടെ നിലനില്പ്പിന്റെ പ്രശ്നമാണ് എന്ന വസ്തുത മുന്നിൽ കാണേണ്ടിയിരിക്കുന്നു.

എന്നാൽ ഇന്ന് നിലവിൽ വന്നിരിക്കുന്ന അടിത്തട്ടിൽ നിന്നുള്ള ആസൂത്രണവും വിവിധ സർക്കാർ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനവും കാർഷിക വികസനത്തിന് വഴിയൊരുക്കുമെന്ന് പ്രത്യാശിക്കാം.

മററു കേരളീയഗ്രാമങ്ങളെ പോലെതന്നെ കൃഷിയെ ആശ്രയിച്ചു ജിവിക്കുന്നവരാണ് അമ്പലപ്പാറയിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും. കാർഷിക കാലാവസ്ഥയിൽ മദ്ധ്യമേഖലയിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കേരളത്തിൽ ഒരു വർഷത്തിൽ ശരാശരി3063 mm മഴ പെയ്യുമ്പോൾ പാലക്കാട് ജില്ലയിൽ ശരാശരി 2329mm മഴയാണ് ലഭിക്കുന്നത്. മഴയുടെ കാര്യത്തിൽ ജില്ലാ ശരാശരിയെക്കാൾ താഴെയാണ് നമ്മുടെ മഴ ലഭ്യത. അമ്പലപ്പാറ എന്ന പേരിനെ അന്വർത്ഥമാക്കുന്ന രീതിയിൽപാറകൾ നിറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. ചെങ്കൽ പ്രദേശങ്ങളും ധാരാളമുണ്ട്. കുന്നുകളും താഴ്വാരങ്ങളും നിരപ്പായ സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

നെൽകൃഷിയാണ് പ്രധാനകൃഷി. ഒന്നാം വിളയിൽ 5.66 ha ഉം രണ്ടാം വിളയിൽ 762ha മൂന്നാം വിളയിൽ5ha ആണ് കൃഷിചെയ്യുന്നത് അത്യുല്പാദന വിത്തിനങ്ങളിൽശരാശരി 3000 Kg/ha നാടൻവിത്തിനങ്ങളിൽ 2000Kg/ha ആണ് വിളവ്.

മറ്റൊരു പ്രധാനവിളയാണ് നാളികേരം നമ്മുടെ പഞ്ചായത്തിൽ 466/ha സ്ഥലത്ത് തെങ്ങുകൃഷിചെയ്യുന്നത്. ഇതിനു പുറമെ വീട്ടുവളപ്പുകളിലും തെങ്ങുകളുണ്ട്. ഒരു വർഷത്തിൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 30 തേങ്ങയാണ് കിട്ടുന്നത്.

പ്രധാനപ്പെട്ട മറ്റൊരു വിളയാണ് റബ്ബർ. അഞ്ഞൂറോളം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. ഒരു

ഹെക്ടറിൽ ശരാശരി 500Kg റബ്ബർ ഉൽപ്പാദിപ്പിക്കുന്നു.

പയർ,എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ്, കവുങ്ങ് എന്നിവയാണ് മററു കൃഷികൾ പയർ 10ha സ്ഥലത്തും എള്ള് 2ha സ്ഥലത്തും പച്ചക്കറികൾ 8ha സ്ഥലത്തും വാഴ 165ha സ്ഥലത്തും മരച്ചീനി 12ha സ്ഥലത്തും കുരുമുളക് 20ha സ്ഥലത്തും കശുമാവ് 59ha സ്ഥലത്തും കവുങ്ങ് 10ha സ്ഥലത്തുമാണ് കൃഷി ചെയ്യുന്നത്.

നമ്മുടെ കാർഷികരംഗത്തെ ഘടനയും കാർഷിക രീതിയും ഇന്ന് വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നു. മുമ്പ് ജന്മിമാരുടെ കൈവശമുണ്ടായിരുന്ന വലിയ കൃഷിയിടങ്ങൾ ഇപ്പോൾ കൃഷിക്കാരുടെ കൈവശമെത്തി കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഭാഗമായി കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും നടന്നു കഴിഞ്ഞിരിക്കുന്നു. ഈ കാർഷിക പരിഷ്ക്കരണവും നമ്മുടെ സാമൂഹ്യ മേഖലയിൽ വമ്പിച്ച പുരോഗതിയാണുണ്ടാക്കിയിട്ടുള്ളത്.

എങ്കിലും ഭൂമിയുടെ തുണ്ടുവൽക്കരണം കാർഷികമേഖലയിൽ ചില പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന സ്വാഭാവി കമായ ജലനിർഗമന മാർഗ്ഗങ്ങൾ പലതും അടഞ്ഞിരിക്കുന്നു. ഇത് ശരിയായ ജലപരിപാലനത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. മണ്ണൊലിപ്പ് രൂക്ഷമാകുന്നുണ്ട്. ഇതിന്റെ ഫലമായി മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നു.

കാർഷികഭൂമി നികത്തുന്നതും മറെറാരു പ്രശ്നമാണ്. നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങൾ നികത്തി വീടുകൾ വെയ്ക്കുക, മററു കൃഷികൾക്കു വേണ്ടി ഉപയോഗിക്കുക എന്നിവ ദൂരവ്യാപകമായ പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നു. നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് മററു കൃഷികൾ ലാഭകരമല്ല എന്നത് ദീർഘകാലടി സ്ഥാനത്തിൽ അനുഭവഭേദ്യമായ കാര്യമാണ്. നെൽപ്പാടങ്ങൾ നികത്തി വീടുകൾ വയ്ക്കുന്നതും മററു കൃഷികൾ ചെയ്യുന്നതും നെൽകൃഷിക്കാവശ്യമായ ജലലഭ്യതയെ തടസ്സപ്പെടുത്തുന്നു.

രാസവളങ്ങളുടെ അമിതോപയോഗവും വിപരീത ഫലമാണുണ്ടാക്കിയിട്ടുള്ളത്. മണ്ണിന്റെ സ്വാഭാവികമായ സജീവത നഷ്ടപ്പെട്ടിരിക്കുന്നു. അക്ഷരാർത്ഥത്തിൽ നമ്മുടെ മണ്ണ് മരിച്ച് കൊണ്ടിരിക്കുകയാണ് രാസ വളങ്ങളിൽ നിന്ന് ജൈവ വളങ്ങളിലേക്ക് മാറിയിലെങ്കിൽ അനതി വിദൂരമായ ഭാവിയിൽ നമ്മുടെ മണ്ണ് ഒന്നിനും പറ്റാതെയാകും.

### നെൽകൃഷി

നമ്മുടെ പഞ്ചായത്തിലെ കൃഷി സ്ഥലങ്ങൾ മുമ്പ് വിരലിലെണ്ണാവുന്ന ജന്മിമാരുടെ കൈവശമായിരുന്നു. കൃഷി വികസനത്തിന്റെ കാര്യം പറയുമ്പോൾ അരി ഉല്പാദനത്തിന്റെ ഗൗരവത്തെ പറ്റി സൂചിപ്പിക്കാതിരിക്കാൻ നിർവ്വാഹമില്ല. കേരളത്തിൽ എഴുപതുകളിൽ 8.84 ലക്ഷം ഹെക്ടർ സ്ഥലത്ത് 13.5ലക്ഷം ടൺഅരി ഉല്പാദിപ്പിച്ചിരുന്നു എന്നാൽ ഇന്ന് കേരളത്തിൽ 5ലക്ഷം ഹെക്ടർ സ്ഥലത്ത് 10ലക്ഷം ടൺഅരിയാണ് ഉല്പാദിപ്പിക്കുന്നത് കേരളത്തിന്റെ പ്രതിവർഷ ആവശ്യം 36ലക്ഷം ടൺ അരിയാണ് എന്നുകൂടി മനസ്സിലാക്കുമ്പോഴാണ് നെല്ലുല്പാദന രംഗത്തെ കേരളത്തിന്റെ അവസ്ഥയുടെ ഗൗരവം ബോധ്യമാവുക മുമ്പ് നിലവിലുള്ള കുളങ്ങളും തോടുകളും ജലസേചനസൗകര്യത്തിന് ഉപയോഗപ്പെടുത്താൻ കുറച്ചു കൂടി സൗകര്യമുണ്ടായിരുന്നു.

മുമ്പ് ഉപയോഗിച്ചിരുന്ന വിത്തുകൾ തവളക്കണ്ണൻ, ചിററ്യനി, വട്ടൻ ചെങ്കഴമ, വെളുത്തിരിക്കഴമ എന്നിവയായിരുന്നു. ഇവ നമ്മുടെമണ്ണിനും, കാലാവസ്ഥയ്ക്കും കൂടുതൽ അനുയോജ്യമായവയായിരുന്നു, എന്നാണ് പഴമക്കാരുടെ അഭിപ്രായം. രോഗപ്രതിരോധ ശേഷി അവയ്ക്കായിരുന്നു കൂടുതൽ എന്നാണവരുടെ അഭിപ്രായം. ഇത് പരിശോധിക്കേണ്ടതാണ്.

പാടങ്ങൾ ഇടവിളയായി ചേന, ചേമ്പ്, പയർ, ഉഴുന്ന് ഇവകൃഷി ചെയ്തിരുന്നു. ഇവ പ്രത്യേകിച്ച് പയർ വർഗ്ഗങ്ങളിൽപെട്ട വിളകൾ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കാൻ സഹായക മായിരുന്നു. ഇന്ന് ഇത്തരം കൃഷികളിൽ പൊതുവേ കൃഷിക്കാർ വൈമുഖ്യം പ്രകടിപ്പിക്കുന്നു.

### ജലസേചനസൗകര്യങ്ങൾ (കൃഷിഭവൻ)

നേരത്തേസൂചിപ്പിച്ചപോലെ കാർഷിക കാലാവസ്ഥയിൽ മദ്ധ്യമേഖലയിൽ വരുന്ന പഞ്ചായാത്താണ് നമ്മുടേത് കുന്നുകളും താഴ്വാരങ്ങളും വയലേലകളും അടങ്ങുന്ന നമമുടെ

പഞ്ചായത്തിൽ ശരിയായ ജലപരിപാലനത്തിനുള്ള മാർഗ്ഗങ്ങൾ തീരെ അപര്യാപ്തങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഏററവും കൂടുതൽ ജലം ഒഴുകികൊണ്ടു പോകുന്ന തോടാണ് വേങ്ങശ്ശേരി തോട്. എന്നാൽ കാർഷിക മേഖലയുടെ വളർച്ചക്കു വേണ്ടി ഈ ജലം ഉപയോഗിക്കുവാൻ സംവിധാനം ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. ചെറിയ നിരവധി അരുവികളും തോടുകളും ചെറുതും വലുതുമായ കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം ആസൂത്രിത മായി ഉപയോഗപ്പെടുത്തി നമ്മുടെ സ്ഥല ജലപരിപാലനം ശാസ്ത്രീയ മാകേണ്ടിയിരിക്കുന്നു. നിലവിലുള്ള ജലസേചന പദ്ധതികൾ ചാക്കോട്ടുകുളം (5 എക്ര) മുളയംകുളം (4 എക്ര) പനയൂർകുളം (6 എക്ര) രാമകുളം (2 എക്ര) ചോലകുളം (308 എക്ര) തിരുണ്ടി ബണ്ഡ് (4 എക്ര) എന്നിവയാണ് പ്രധാനപ്പെട്ട ജലസേചന സംവിധാനങ്ങൾ.

കാർഷിക ചെലവുകൾ കുറയ്ക്കുക. വിളനഷ്ടം ഒഴിവാക്കുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, വിപണന സംവിധാനം ശക്തിപ്പെടുത്തുക എന്നിവയിൽ ഊന്നി നിന്നുകൊണ്ടുള്ളൊരു വികസനതന്ത്രത്തിനാണ് നാം രൂപകല്പന ചെയ്യേണ്ടത്.

ഗ്രൂപ്പ് ഫാമിംഗിന് തുടക്കത്തിലുള്ള ഊർജ്ജസ്വലത ഇന്നില്ല. ഗ്രൂപ്പ് ഫാമിംഗിന്റെ പ്രവർത്തനം സബ്സിഡിവാങ്ങുക എന്ന ഒററ പ്രവർത്തനത്തിൽ ഒതുങ്ങി നിൽക്കുന്നു. നീർമറിയെ കാർഷികാസൂത്രണത്തിന്റെ അടിസ്ഥാന ഘടകമാക്കികൊണ്ടുള്ള സമീപനത്തിൽ പാടശേഖര സമിതികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. ഒരു ഗ്രൂപ്പിന്റെ കാർഷിക പ്രവർത്തനങ്ങളുടെ എല്ലാ ഘടകങ്ങളും കൂട്ടായി ആസൂത്രണം ചെയ്യുകയും നിർവ്വഹിക്കുകയും ചെയ്യുക എന്നാണ് ഗ്രൂപ്പ് ഫാമിന്റെ അന്തസത്ത.

കാർഷിക ച്ചെലവുകൾ കുറയ്ക്കുന്നതിനുള്ള ഒരു ഉപകരണമായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തെ ഉപയോഗപ്പെടുത്താം കൃഷിഭൂമിയുടെ തുണ്ടു വൽക്കരണത്തിന്റെ പ്രശ്നത്തെപ്പററി നേരത്തെ സുചിപ്പിച്ചുവല്ലോ.

തുണ്ടു വൽക്കരണം വഴിയുണ്ടാകുന്ന ചിലപ്രശ്നങ്ങൾക്കെങ്കിലും ഗ്രൂപ്പ് ഫാമിംഗ് പരിഹാരമാണ്. ഇന്നത്തെ സാഹചര്യത്തിൽ കാർഷികമേഖലയിലെ യന്ത്രവൽക്കരണം അനുപേക്ഷണിയമാണ്. നിലമൊരുക്കൽ, വിത്തു വിതയ്ക്കൽ, കൊയ്തുമെതി എന്നി പ്രവർത്തനങ്ങളെല്ലാം യന്ത്രങ്ങൾ വഴി ചെയ്യാമോ എന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്. കാർഷിക ഗ്രൂപ്പു കൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ സ്വന്തമായി യന്ത്രങ്ങൾ വാങ്ങാവുന്നതാണ്.

രാസവളങ്ങൾക്കു പകരം ജൈവവളങ്ങൾ ഉപയോഗിക്കുന്നതു വഴി കാർഷികചെലവുകൾ കുറയ്ക്കാം പച്ചിലവളങ്ങൾ ഉപയോഗിക്കുന്നതിന്കൂട്ടു കൃഷി സംരംഭ ങ്ങൾ വഴി സംവിധാനങ്ങൾ ഉണ്ടാക്കാം. തരിശു ഭൂമിയും പൊതുസ്ഥലങ്ങളും ഉൾപ്പെടുത്തി കൊണ്ട് പച്ചിലകൃഷി കൂട്ടായി ചെയ്ത് വളപ്രയോഗത്തിന്റെ ചെലവു കുറയ്ക്കുകയും ഗുണം വദ്ധിപ്പിക്കുകയും ചെയ്യാം. വീട്ടുവളപ്പിലെ ചപ്പും ചവറുകളും മററു ജൈവ വളങ്ങളും കമ്പോസ്റ്റ്വളമാക്കിമാറ്റാം.

നേരത്തേ സൂചിപ്പിച്ചപോലെ കാർഷിക മേഖലയിലെ നീർമറി അടിസ്ഥാനമാക്കിയുള്ള ആസൂത്രണം പരമപ്രധാമാണ്. നീർമറി പ്രദേശങ്ങൾ കണ്ടെത്തുക അവിടെയുള്ള കൃഷിക്കാരുടെ ഗ്രൂപ്പ് തിരിക്കുക എന്നിവയാണ് പ്രാഥമികഘട്ടം ഇതിന് കൃഷി വിദഗ്ധന്മാരുടെ സേവനം ഉപയോഗപ്പെടുത്താം അതിനുശേഷം ശാസ്തീയമായ മണ്ണ്-ജല-വിള പരിപാലന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തണം.

ഇതിനു പുറമെ ഒറ്റപ്പാലം കാർഷികവികസന ബാങ്ക് അമ്പലപ്പാറ കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യാ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായങ്ങൾ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ടതാണ്.

**തെങ്ങുകൃഷി**

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പ്രധാനകൃഷിയാണ് തെങ്ങുകൃഷി. നാളികേരത്തിന്റെ വിലയിടിവാണ് ഈ രംഗത്തു നാം നേരിടുന്ന പ്രധാന പ്രശ്നം. ഉത്തരേന്ത്യൻ വ്യവസായ ലോബികളാണ് നമ്മുടെ നാളികേരത്തിന്റെ വില നിയന്ത്രിക്കുന്നത് എന്നതാണ് പ്രധാനപ്രശ്നം. പ്രാദേശികമായി നാളികേരാധിഷ്ഠിത മായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ഇതിനുള്ള ഒരു പോംവഴി.

ഉല്പാദനക്ഷമതയുടെ കുറവാണ് ഈ മേഖലയിലെ മറ്റൊരു പ്രശ്നം. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുക തെങ്ങുകളിലെ കീടങ്ങൾ നിയന്ത്രിക്കുക മെച്ചപ്പെട്ട ജലസേചന സൗകര്യം ഏർപ്പെടുത്തുക എന്നിവ വഴി ഈ പ്രശ്നം ഒരു പരിധിവരെ കുറയ്ക്കാം ജല ലഭ്യത ശാസ്ത്രീയ മായി ഉപയോഗപ്പെടുത്താവുന്ന രീതികൾ (ഉദാ:- ഡ്രിപ്പ് ഇറിഗേഷൻ) ഉപയോഗ പ്പെടുത്താവുന്നതാണ്. ഇതിനുവേണ്ടി വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന ധന സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

തെങ്ങിൻ തോട്ടങ്ങളിലെ വിളസാന്ദ്രത വർദ്ധിപ്പിക്കുക എന്നതാണ് മറ്റൊരു പ്രധാന കാര്യം. തോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതു വഴി ഇത് സാദ്ധ്യമാക്കാവുന്നതാണ്.

ഉല്പാദനക്ഷമതയുടെ കാര്യം സൂചിപ്പിച്ചു വല്ലോ. തമിഴ് നാട്ടിലും കർണ്ണാടകയിലും ഒരു ഹെക്റ്ററിൽ നിന്ന് 11000 നാളികേരം കിട്ടുമ്പോൾ കേരളത്തിൽ ഒരു ഹെക്റ്ററിൽ നിന്ന് 6000 നാളി കേരം മാത്രമാണ് കിട്ടുന്നത്. സൗജന്യനിരക്കിൽ വൈദ്യുതി ജലസേചനസൗകര്യം എന്നിവ നല്കിയാണ് മറ്റു സംസ്ഥാനങ്ങൾ ഈ നേട്ടം കൈവരിച്ചത്. കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിൽ ഈ അവഗണന തുടർന്നു കൂടാ. തെങ്ങു കൃഷിക്കും വൈദ്യുതി സൗജന്യം ഏർപ്പെടുത്താനുള്ള നീക്കം സർക്കാർ ഭാഗത്തു നിന്നുണ്ട് എന്നുള്ള വസ്തുത ശുഭോദർക്കമാണ്.

നേരത്തേ സൂചിപ്പിച്ച പോലെ നാളികേര അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുകയും, നാളികേരത്തിന്റെ ഉപയോഗം വൈവിദ്ധ്യ വൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

ശീതീകരിച്ച ഇളനീരും കരിക്കിൻകുഴമ്പും ചേർത്ത് സ്വാദിഷ്ടമായ മൃദുപാനീയങ്ങൾ (Soft Drinks) ലഭ്യമാക്കാവുന്നതാണ് ഐസ്ക്രീമിനു പകരം കേര ക്രീം പരീക്ഷിക്കാവുന്നതാണ്. ഈ രീതിയിലേക്ക് തിരിഞ്ഞാൽ ഫലം അത്ഭുതാ വഹമായിരിക്കും.

**പച്ചക്കറി**

അശ്രദ്ധകൊണ്ട് നാം ഉപേക്ഷിച്ചിരിക്കുന്ന ഒരു മേഖലയാണ് പച്ചക്കറി. പഴം ഉല്പാദനമേഖല നമ്മുക്കാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കാനുള്ള സ്ഥലം ഇവിടുണ്ട്. ഓരോ ദിവസവും നമ്മുടെ പഞ്ചായത്തിലാകെ ചെലവാകുന്ന പച്ചക്കറികളുടെ വില പരിശോധിക്കുക. ഈ തുക മുഴുവൻ തമിഴ്നാട്ടിലേക്കാണല്ലോ പോകുന്നത്.

പച്ചക്കറി കൃഷി വികസനം ഒരു ജനകീയ പ്രസ്ഥാനമായി ആരംഭിക്കാം.

പച്ചക്കറി കൃഷിയെക്കുറിച്ച് പറയുമ്പോൾ എറ്റവും പ്രധാനപ്പെട്ട കാര്യം രാസവളങ്ങൾ ഒഴിവാക്കുക എന്നതാണ്. ഓരോവീട്ടിലും ലഭിക്കുന്ന ജൈവവളങ്ങൾതന്നെ ഉപയോഗ പ്പെടുത്തികൊണ്ട് ഓരോ വീട്ടിലും പച്ചക്കറി കൃഷി ആരംഭിക്കാവുന്നതാണ് നാട്ടിൽ ലഭ്യമായ കോഴിവളം മറ്റു ജൈവവളങ്ങൾ എന്നിവയും ഉപയോഗിക്കാവുന്നതാണ്

കാലഘട്ടത്തിനനുസരിച്ച് നമ്മുടെ കാർഷിക മേഖലയും വൈവിദ്ധ്യവൽക്കരിക്കണം. പുഷ്പ കൃഷി (ഓർക്കിഡ്, കുറ്റിമുല്ല മുതലായവ) കൂൺകൃഷി, തുടങ്ങിയവ നമ്മുടെ നാട്ടിൽ ലാഭകരമായി കൃഷിചെയ്യാവുന്നതാണ്. കൂട്ടായ ഉല്പാദനസംവിധാനം ഇത്തരം കൃഷികളുടെ വിജയത്തിന് ആവശ്യം വേണ്ട മുന്നുപാധിയാണ് മാർക്കറ്റിംഗ് സംവിധാനവും കണ്ടെത്തേണ്ടതാണ്.

# അമ്പലപ്പാറ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പേരും വിസ്തീർണ്ണവും.

| SL. No. | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം. | |
|---|---|---|---|
| 1 | മഞ്ഞളാടി പാടശേഖരം, മൈലുംപുറം. | 81.58 | എക്കർ |
| 2. | പുളിഞ്ചോട് പാടശേഖരം, ചുനങ്ങട് | 126.62 | " |
| 3. | കോഴിത്തോട് പാടശേഖരം, ചുനങ്ങാട് | 32.62 | " |
| 4 | വാണിവിലാസിനി, ചുനങ്ങാട്. | 105.93 | " |
| 5. | ഒന്നാം മൈൽ കിഴക്കേപാടം, ചുനങ്ങാട്. | 54.14 | " |
| 6. | പഴംങ്കുളം പാപ്പാറോഡ്, ചുനങ്ങാട്. | 108.25 | " |
| 7. | മലപ്പുറം മലമുക്ക്, ചെറുമുണ്ടശ്ശേരി. | 25.74 | " |
| 8. | അടിച്ചിറ, കീഴ്ച്ചി പാടശേഖരം, പുലാപ്പറ്റശ്ശേരി | 110.01 | " |
| 9. | ചാട്ടിയോട് പാടശേഖരം, ചെറുമുണ്ടശ്ശേരി | 100.81 | " |
| 10. | തിരുണ്ടി പാടശേഖരം, ചെറുമുണ്ടശ്ശേരി | 64.20 | " |
| 11. | കൂട്ടരാംകുളം പാടശേഖരം, അറവക്കാട് | 86.64 | " |
| 12. | പീച്ചിപ്പാറ പാടശേഖരം, ചെറുമുണ്ടശ്ശേരി | 58.08 | " |
| 13. | മേലൂർ പാടശേഖരം, മേലൂർ | 169.32 | " |
| 14. | പടിക്കപ്പാടം രാമൻചിറ, അറവക്കാട് | 54.67 | " |
| 15. | കൊളറോഡ് പാടശേഖരം, കടംമ്പൂർ | 40.12 | " |
| 16. | കടംമ്പൂര് പാടശേഖരം, കടംമ്പൂർ | 125.13 | " |
| 17. | കരിമ്പംതടം പാടശേഖരം, മേലൂർ | 71.63 | " |
| 18. | കണ്ണമംഗലംപാടശേഖരം, ചെറുമുണ്ടശ്ശേരി | 91.68 | " |
| 19. | മരുതം പാറ പാടശേഖരം, ചെറുമുണ്ടശ്ശേരി | 179.49 | " |
| 20. | തേലക്കാട്ട്പടി പാടശേഖരം, വേങ്ങശ്ശേരി | 67.54 | " |
| 21. | പീച്ചാംകുഴി പാടശേഖരം, വേങ്ങശ്ശേരി | 90.69 | " |
| 22. | മുല്ലപ്പുള്ളിക്കളം പാടശേഖരം, വേങ്ങശ്ശേരി | 80.73 | " |
| 23. | കയറംകുടം പാടശേഖരം, വേങ്ങശ്ശേരി | 114.92 | " |
| 24. | പച്ചീരിക്കാട് പാടശേഖരം, വേങ്ങശ്ശേരി | 58.81. | " |
| 25. | അപ്പക്കാട്ചുൽപ്പറ്റ പാടശേഖരം, വേങ്ങശ്ശേരി | 45.08 | " |

*(കൃഷിഭവൻ രേഖയനുസരിച്ച്)*

# ജലസേചനത്തിന് സൗകര്യം വർദ്ധിപ്പിക്കാൻ ഉള്ള നിർദ്ദേശങ്ങൾ
## (ഗ്രാമസഭയിൽ നിർദ്ദേശിച്ചവ)

| | |
|---|---|
| 1. | ചാക്കോട്ടിൽപടി ബണ്ട് നിർമ്മിക്കുക. |
| 2. | കരുവത്തുരുത്തി ബണ്ട് നിർമ്മിക്കുക. |
| 3. | അമരമംഗലം ബണ്ട് നിർമ്മിക്കുക. |
| 4. | മുട്ടിപ്പാലം– അമരമംഗലം ബണ്ടിന് ചീർപ്പിടുക. |
| 5. | ചോലകുളം നന്നാക്കുക. |
| 6. | അയ്യങ്കോട് കിണർ ഉപയോഗയോഗ്യമാക്കുക. |
| 7. | നായരു വീട്ടുപടി കിണർ നിർമ്മിക്കുക. |
| 8. | ബണ്ടുകളുടെ സൈഡ് കെട്ടുക. |
| 9. | ചുനങ്ങാട് (പ്ലാത്തറ) കുളം ഉപയോഗയോഗ്യമാക്കുക. |
| 10. | താഴത്തെ ചെമ്പ്രകുളം നന്നാക്കുക. |
| 11. | മേലെ ചെമ്പ്രകുളം നന്നാക്കുക. |
| 12. | കുണ്ടുകുളം നന്നാക്കുക. |
| 13. | പൈങ്കിരുകുളം നന്നാക്കുക. |
| 14. | അനങ്ങൻ മലകുളും നന്നാക്കുക. |
| 15. | രാമൻകുളം നന്നാക്കുക. |
| 16. | പള്ളത്തിൽ പടി ബണ്ട് നിർമ്മിക്കുക. |
| 17. | കോഴിക്കോടൻ പള്ളി മഞ്ഞായലിൽ പുതിയകുളം നിർമ്മിക്കുക. |
| 18. | അനങ്ങൻ മലയിലെ ജലം ഉപയോഗിക്കാൻ സംവിധാനം ഉണ്ടാക്കുക. |
| 19. | കാഞ്ഞിരപ്പുഴ കനാൽപണി പൂർത്തയിയാക്കൽ |
| 20. | കല്ലടി ബണ്ട് കെട്ടുക. |
| 21 | രാമൻകുളം നന്നാക്കുക. |
| 22. | വെണ്ടുണ്ടി കുളം നന്നാക്കുക. |
| 23. | രാം പാടം തോടിൽ ബണ്ട് നിർമ്മിക്കുക. |
| 24. | തിരു നിലപ്പാടം ബണ്ട് നിർമ്മിക്കുക |
| 25. | പള്ളിയാൽകുളം നന്നാക്കുക. |
| 26. | പുറകുളം നന്നാക്കുക. |
| 27. | കാഞ്ഞിരപ്പുഴ കനാൽ തുലാം പാടത്തിലേക്ക് എത്തിക്കുക |
| 28. | ചുനങ്ങാട്, പിലാത്തറ, ചിനക്കത്തൂർകാവ് തോടിന് ബണ്ട് നിർമ്മിക്കുക. |

| | |
|---|---|
| 29. | മലമുക്ക് തിരുണ്ടിത്തോട് പണിപൂർത്തിയാക്കുക |
| 30. | ചോലകുളം പദ്ധതിയിലെ ലീക്കേജ് നിയന്ത്രിക്കുക. |
| 31. | തിരുണ്ടിത്തോടിന് ഷട്ടർ നിർമ്മിക്കുക. |
| 32. | ചെറുമുണ്ടശ്ശേരി മലമുക്ക് പഴയ കിണർ നന്നാക്കുക. |
| 33. | പഴംകുളം കിണർ നന്നാക്കുക. |
| 34. | പള്ളികുളം ജലസേചനയോഗ്യമാക്കുക. |
| 35. | തിരുണ്ടിത്തോട് കുത്തുതാങ്ങൽ ബണ്ട് നിർമ്മിക്കുക. |
| 36. | മണ്ണാർകുളം, പുത്തംകുളം, കരുവാർകുളം രാമൻചിറകുളം, വാക്കയിൽകുളം, പുഞ്ചകുളം, കുഴലൂർകുളം, കോരേകുളം, ചേറുണ്ടപ്പാടംകുളം ഇവയിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുക. |
| 37. | കോന്തത്താൻപടി ബണ്ട്/ക്രോസ്‌വേ നിർമ്മിക്കുക. |
| 38. | പരുപ്പത്തോട് ബണ്ട് നിർമ്മിക്കുക. |
| 39. | തിരുണ്ടി പരപ്പിൽ നിന്ന് മൂച്ചിത്തോടം ഭാഗത്തേക്ക് വെള്ളചാൽ നേരാക്കുക. |
| 40. | തിരുണ്ടിബണ്ട് റിപ്പയർ ചെയ്ത് ജലസേചനയോഗ്യമാക്കുക. |
| 41. | കൂരാത്തൊടിഭാഗത്ത് പുതിയകുളം നിർമ്മിക്കുക. |
| 42. | തച്ചറം കുന്നത്ത് പടി നടപ്പാലം/ബണ്ട് നിർമ്മിക്കുക. |
| 43. | കോതറകുന്ന് ചെക്ക്ഡാം നിർമ്മിക്കുക. (1000 എക്ര കൃഷിക്ക് മെച്ചമുണ്ട്). |
| 44. | രാമഞ്ചറകുളം നിർമ്മിച്ചതിന്റെ അറ്റകുറ്റ പണി നടത്തുക. |
| 45. | പുത്തൻകുളം പരപ്പിൽപ്പാറ കുത്തുതാങ്ങൽ എന്നിവിടങ്ങളിലെ ജലസേചനസൗകര്യം മെച്ചപ്പെടുത്തുക. |
| 46. | മേലൂർ, മലപ്പുറം തോടിന് ആഴവും വീതിയും കൂട്ടുക. |
| 47. | കരിമ്പൻതടം ഭാഗത്തുനിന്നു വരുന്ന കൈത്തോട് മഹാളിവട്ടം വരെ എത്തിക്കുക (ഡ്രൈനേജ് ചാൽ) |
| 48. | മഹാകാളിവട്ടത്ത് ചുളലിക്കാട് പടി, മുളഞ്ഞുരുട്ടി പടി എന്നിവിടങ്ങളിൽ ബണ്ട് നിർമ്മിക്കുക. |
| 49. | കരുവാൻകുഴികുളം, മൂലയിൽകുളം, പഴയാട്ട പറമ്പിൽകുളം എന്നിവ ജലസേചനത്തിന് ഉപയുക്തമാക്കുക |
| 50. | വെള്ളോമ്പാറ ബണ്ട് നിർമ്മിക്കുക. |
| 51. | ക്രാലകുണ്ട്തോട് റിപ്പയർചെയ്യുക. |
| 52. | പനേരികുളം, ചാക്കോട്ടുകുളം, മുളയംകുളം എന്നിവ അറ്റകുറ്റപണികൾ നടത്തുക. |
| 53. | കരിമ്പൻതടം ഭാഗത്ത് കൈത്തോട് നിർമ്മിക്കുക. |

| | |
|---|---|
| 54. | കാക്കുളം, പാലക്കുളം എന്നിവ റിപ്പയർ ചെയ്യുക. |
| 55. | പാലപ്പാറ, മുത്തംപ്പാറ മാത്തിങ്കൽ, പാലച്ചിറഎന്നിവിടങ്ങളിൽ തടയണ നിർമ്മിക്കുക. |
| 56. | മലംകുളം ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഉണ്ടാക്കുക. |
| 57. | പാണ്ടിരിപ്പാടം ബണ്ട് നിർമ്മിക്കുക. |
| 58. | തിരുണ്ടി-മരുത്തപ്പാറ തോട്ടിൽ ക്രോസ്ബാർ നിർമ്മിക്കുക. |
| 59. | തെക്കുംപുറം, പാൽച്ചിറ, പതിയിൽ പടികുളം, വടക്കെ മനകുളം, തെക്കെ മനത്തിൽകുളം, പുത്തൻകുളം, ഇടപ്പുറം പടികുളം, കൊമ്പിയേടത്ത്കുളം, പ്ലാക്കുഴിപടികുളം എന്നീ കുളങ്ങളിൽ ജല സേചന സൗകര്യമേർപ്പെടുത്തുക. |
| 60. | മുണ്ടിരിക്കൽ പടി ക്രോസ്ബാർ നിർമ്മിക്കുക. |
| 61. | ചാത്തൻചിറ അമ്പലപടിയിൽ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക. |
| 62. | ആത്രായിൽപടി, ആലിക്കൽപടി, മരുതപ്പാറ എന്നി സ്ഥലങ്ങളിൽ ക്രോസ്ബാർ നിർമ്മിക്കുക. |
| 63. | പുത്തൻ കുളം നന്നാക്കുക. |
| 64. | തളിമലകുളം റിപ്പയർചെയ്യുക. |
| 65. | വട്ടക്കുന്ന് കുറ്റിപുളി ബണ്ട് നിർമ്മിക്കുക. |
| 66. | പുലാപ്പറ്റശ്ശേരി തോടിൽ ബണ്ട് നിർമ്മിക്കുക. |
| 67. | പുത്തൻപാടം, ചിറ്റുപുറം എന്നിവയുടെ സംരക്ഷണത്തിന് കോഴിചുട്ടനിൽ പടിയിൽ ബണ്ട് നിർമ്മിക്കുക. |
| 68. | മുക്കുന്നിക്കാട്, വലിയാട് എന്നിവടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക. |
| 69. | പെരുമ്പാറച്ചോല കല്ലംകുളം, ചെറിയകുളം, പേരകുളം, നെയ്ത്തുകുളം എന്നിവ ഉപയോഗിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. |
| 70. | പാലകുളം(തേലക്കാട്ടുപടി), കരികുളം, പാലകുളം(കണ്ണത്തുപടി), ഐക്കരകുളം, അമ്മത്താൻ കുളം, ചാണ്ടികുളം, കുറുമ്പ്രാൻകുളം (കുപ്പോട്ടിൽ), കടുങ്ങോത്തുകുളം, കാവിൽവടിക്കീട്ടിൽ പടികുളം, ചരകുളം, വളത്തുകാട്ടുകുളം, പാണക്കാടുകുളം (അകവണ്ട) മണ്ണാട്ടിൽകുളം, കണ്ണിയത്തുകുളം,കല്ലടചോലകുളം, ചാണകോടുകുളം, ചെറുചാത്തകുന്നത്തുകുളം, എന്നിവ നന്നാക്കി ജലസേചനത്തിന് സൗകര്യപ്രദമാക്കുക. |
| 71. | വടുക്കൻകെട്ട്, പാത്തിപ്പാലം, കോട്ടയിൽപടി, കണ്ടരാമത്തുപടി, പച്ചീരികാട്ടുപടി എന്നീ പ്രദേശങ്ങളിൽ വേങ്ങശ്ശേരി വലിയത്തോട്ടിൽ ക്രോസ്ബാർ/ബണ്ട് നിർമ്മിക്കുക. |
| 72. | തോടൻകുണ്ട്, പത്തേണപാടം, മണ്ണാട്ടിൽ കുണ്ട്, കറ്റകല്ല് എന്നിവിടങ്ങളിൽ ചെറിയതോടിന് ബണ്ട് നിർമ്മിക്കുക. |
| 73. | കള്ളിചോലപടിയിൽ ബണ്ട് നിർമ്മിക്കുക. |

| | |
|---|---|
| 74. | പെരുമ്പാലചോല, കല്ലൻകുളം, പെരേകുളം ചരകുളം, നെയ്തുകുളം എന്നിവ ജലസേചനത്തിന് അനുയോജ്യമാക്കുക. |
| 75. | കാഞ്ഞിരകടവ് പാലത്തിന് സമീപം ഉള്ള കോൺക്രീറ്റ് കെട്ടിന് തടയണ ഇട്ട് വെള്ളം തടഞ്ഞുനിർത്തുക. |
| 76. | മഠത്തിൽ വാരിയത്ത്പടി കൈത്തോടിന് തടയണ നിർമ്മിക്കുക. |
| 77. | പുളിഞ്ചോട് തോടിന് വശങ്ങൾ കെട്ടി വരമ്പുകൾ ഇടിയുന്നത് തടയുക. |

## ട്രാക്ടർ ഇറങ്ങുവാൻ ഉള്ള റോഡുകൾ
## (ഗ്രാമസഭയിൽ നിർദ്ദേശിച്ചവ)

| | |
|---|---|
| 1. | അയ്യം കോട് പാടത്തേക്ക്. |
| 2. | കുരുപാടം ഭാഗത്തേക്ക്. |
| 3. | വടക്കേതോടിന് ട്രാക്ടർ ഇറങ്ങുവാൻ പാലം. |
| 4. | തുലാംപാടത്തേക്ക് |
| 5. | വഴകുളം, ചിരപറമ്പ്, മലപ്പുറം സ്ക്കൂൾ കിഴക്കുഭാഗം പള്ളിയുടെ പടിഞ്ഞാറുഭാഗം പാടങ്ങളിലേക്ക്. |
| 6. | മുതലപ്പാറ, പാങ്ങോപാടം പാടങ്ങളിലേക്ക്. |
| 7. | കരുവാൻപടി, വാഴക്കോടുപടി പാടം ഭാഗത്തേക്ക്. |
| 8. | സുബ്രഹ്മണ്യൻ കോവിൽ പടി പാടത്തേക്ക്. |
| 9. | ചെറിയവീട്ടിൽ പടി പാടം ഭാഗത്തേക്ക്. |
| 10. | മുണ്ടുകാട്ടിൽ, നീരികാട്ടിൽ ഭാഗത്തെ പാടത്തേക്ക്. |
| 11. | പെല്ലികുന്നത്തു പടി പാടത്തേക്ക്. |
| 12. | കുരതൊടിപടിപാടം ഭാഗത്തേക്ക് |
| 13. | പാലഞ്ചേരി പയ്യപാടം ഭാഗത്തേക്ക് |
| 14. | തിരുണ്ടിക്കൽ പാടം ഭാഗത്തേക്ക്. |
| 15. | പൊന്നം ഞാറക്കൽ പടി പാടം ഭാഗത്തേക്ക്. |
| 16. | പനങ്ങോടു പാടം ഭാഗത്തേക്ക് |
| 17. | സാമ്പ്രിയേൽപടി ഭാഗത്തേക്ക് |
| 18. | മേലേചിറ ഭാഗത്തേക്ക് |
| 19. | വാറോൽ കിഴക്കോട്ട്. |
| 20. | കുറുക്കത്ത് കുണ്ടിൽ പടി. |
| 21. | മഹാളിവട്ടത്ത് പടി. |
| 22. | പൂളപാറ ഭാഗത്തേക്ക് |
| 23. | കുളത്തിൽ പടി ഭാഗത്തേക്ക് |
| 24. | വമ്പനാംകുളി തെക്കുവശം. |
| 25. | വേങ്ങശ്ശേരി പാർളി പാടത്തേക്ക് |
| 26. | വാരികഴായ ഇടവഴി പീച്ചി പാടത്തേക്ക് |

| | |
|---|---|
| 27. | കൊങ്ങൻപാറ വഴി. |
| 28. | ആത്രായിൽവഴി. |
| 29. | കൊടിക്കാട്ടിൽ വഴി. |
| 30. | പാട്ടത്തിൽ പടി. |
| 31. | കുഴിഞ്ഞുപോക്കിൽ പാലാട്ട് പടി. |
| 32. | മുളഞ്ഞൂർ റോഡ് ഭാഗത്തേക്ക് |
| 33. | പണ്ടാരി പാടം ഭാഗത്തേക്ക് |
| 34. | ചാട്ടിയോട് പാടത്തേക്ക് |
| 35. | പീച്ചാംകുറുച്ചി പാടത്തേക്ക് |
| 36. | പുത്തൻ പാടം ചോലകുന്ന് ഭാഗത്തേക്ക്. |
| 37. | പടിഞ്ഞാറേകോട്ടയിൽ പടി ഇട്ടിൽ കൂടി. |
| 38. | ചരകണ്ടത്തി പടി. |
| 39. | പാറകുന്നത്ത് പടി. |
| 40. | ചരകുളം വഴി പാടങ്ങളിലേക്ക് |
| 41. | അകവണ്ട പാണക്കാട് ഭാഗത്തേക്ക് |
| 42. | പുതകുളങ്ങര പാടത്തേക്ക് |
| 43. | ഒററ പനകുന്ന് പടിഞ്ഞാറേ പാടത്തേക്ക് |
| 44. | മാരേങ്ങോട പാടത്തേക്ക് |
| 45. | മൂന്നാം വാർഡിൽ തെക്കേ അററത്ത് ട്രാക്ടർ ഇറക്കാർ റോഡ്. |
| 46. | മുതലപ്പാറ, പാണ്ടുവംപാടാ പടി, കുരുവാൻപടി, വാഴക്കോട്ടിൽ, ഓറകുന്നത്ത് പടി, സുബ്രഹ്മണ്യൻകോവിൽപടി, ചെറിയവീട്ടിൽ പടി, മുണ്ടുകാട്ടിൽ, നീരിട്ടിൽ വഴി, നെല്ലികുന്നത്ത് പടി, കുശാത്തൊടിപടി, പാലഞ്ചേരിപാടം പടി, തിരുണ്ടിക്കൽ പടി (6-ാം വാർഡ്) എന്നിവിടങ്ങളിലേക്ക്. |
| 47. | വേങ്ങശ്ശേരി പാർളി പാടത്തേക്ക് |
| 48. | ചരക്കുളം ഭാഗത്തെ കൃഷിയിടങ്ങളിലേക്ക്. |
| 49. | വാഴിക്കോട്ടിൽ വഴി കുളിക്കുന്നത്ത് സമീപം. |
| 50. | കിഴക്കേകര പറമ്പിൽ മുണ്ടു കാട്ടിൽ പടി വാക്കയിൽ പടി സമീപം. |

## പൊതുപ്രശ്നങ്ങൾ

| | |
|---|---|
| 1. | ചില പ്രദേശങ്ങളിൽ മണ്ണിന് ഫലപുഷ്ടി കുറവാണ്. |
| 2. | കൃഷിചെയ്യാവുന്ന മുഴുവൻഭൂമിയും കൃഷിക്ക് ഉപയുക്തമാക്കുന്നില്ല. |
| 3. | ജലസേചനസൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. |
| 4. | നെൽകൃഷി പാടങ്ങൾ മററു നാണ്യ വിളകൾക്ക് വഴിമാറികൊടുക്കുന്നു. അല്ലെങ്കിൽ തരിശായിഇടുന്നു |
| 5. | കീടബാധ. |

| | |
|---|---|
| 6. | ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു. |
| 7. | ജൈവവളങ്ങൾ ആവശ്യത്തിനു ലഭ്യമല്ല. |
| 8. | തൊഴിലാളികളെ കിട്ടാനില്ല. |
| 9. | യന്ത്രോപകരണങ്ങളുടെ അഭാവം. |
| 10. | കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നില്ല. |
| 11. | നിലവിലുള്ളജലസേചനം ഉള്ളതുതന്നെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. |
| 12. | വായ്പാസൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല. |
| 13. | ഉല്പന്നസംസ്കരണത്തിന് വേണ്ടത്ര സൗകര്യമില്ല. |
| 14. | പച്ചക്കറി കൃഷി മേഖലയിൽ പൊതുവേ മുരടിപ്പ്. |

*കടപ്പാട്- ഗ്രാമസഭാ റിപ്പോർട്ടുകൾ.*

## പൊതു നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന്

1. കാർഷിക മേഖലയെ നീർമറി അടിസ്ഥാനത്തിൽ തരം തിരിച്ച് നീർമറിയെ കാർഷിക വികസനത്തിന്റെ യൂണിററായികണ്ട് വികസനതന്ത്രങ്ങൾ ആവിഷ്കരിക്കുക.

2. ജലമാനേജ്മെന്റിന് നീർമറി അടിസ്ഥാനത്തിൽ ജനകീയ സംരംഭങ്ങൾ എർപ്പെടുത്തുക. ഉദാഹരണത്തിന്, നീർമറി പ്രദേശത്തിന്റെ മുകളററത്തു നിന്ന് താഴെവരെ ജല നിർഗമന സംവിധാനം ഏർപ്പെടുത്തുക.

3. ജൈവവള നിർമാണത്തിന് ജനകീയ സംരംഭങ്ങൾ എർപ്പെടുത്തുക. ഉദാ:- തരിശുനിലങ്ങളിലും പൊതുസ്ഥലങ്ങളിലും പച്ചില സസ്യങ്ങൾ വളർത്തുക.

4. ജനകീയ പച്ചക്കറികൃഷി ആരംഭിക്കുക. ഇതിന് പഞ്ചായത്തിന്റെയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ ജൈവവളങ്ങൾ ഉപയോഗിച്ച് ഓരോ വീട്ടിലും പച്ചക്കറിത്തോട്ടം സമയബന്ധിതമായി ഉണ്ടാക്കുവാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

5. പഞ്ചായത്ത് അടിസ്ഥാനത്തിൽ നല്ലയിനം വിത്തുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

6. കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ആഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.

7. അലങ്കാര കൃഷി, പുഷ്പകൃഷി, കൂൺ കൃഷി, എന്നിവ ആരംഭിക്കുക.

8. "എല്ലാവർക്കും ഔഷധ സസ്യം, എല്ലാവർക്കും ആരോഗ്യം" Herbs For All & Health For All എന്ന മുദ്രാവാക്യം സാക്ഷാൽകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

9. കാർഷിക ഉൽപന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ചന്തകൾ ഏർപ്പെടുത്തുക. അമ്പലപ്പാറ-മുരിക്കും പററ സെന്ററു കളിൽ ഇതിന് നല്ല വിജയ സാദ്ധ്യതയുണ്ട്.

10. കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആവിഷ്കരിക്കുക.

11. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളുടെ ഗ്രാമതല വികസന യൂണിററ് സജീവമാക്കുക.

12. കാർഷിക ചിലവ് കുറയ്ക്കുക, നഷ്ടം കുറക്കുക, ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുക. എന്നീകാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് നാം

കാർഷിക മേഖലയിൽ സ്വീകരിക്കേണ്ടത്.

13. വിളസാന്ദ്രത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

14. വിളകൾകന്നുകാലികളിൽനിന്ന് സംരക്ഷിക്കുന്നതിനുവേണ്ടി കന്നുകാലികളുടെ ഉടമസ്ഥന്മാരുടെ സാമൂഹ്യബോധം ഉയർ ത്തുക, വേണ്ടിവന്നാൽ വിളവ് നശിപ്പിക്കുന്നതിന് കർശനമായി ശിക്ഷാ നടപടി സ്വീകരിക്കുക (ഉരു ഒന്നിന് 100രൂപയെങ്കിലും പിഴ ഈടാക്കുക). തന്മൂലം വേലികെട്ടുന്നതിനുള്ള വമ്പിച്ച സാമ്പത്തിക ബാധ്യതയും ഒഴിവാക്കാവുന്നതാണ്. കൂടാതെ, പന്നി മുതലായ കാട്ടുമൃഗങ്ങളുടെ ശല്ല്യം ഒഴിവാക്കുവാനുള്ള നടപടിയും സ്വീകരിക്കുക.

15. പഞ്ചായത്തിൽ ഒരു കാർഷിക സൊസൈററി രൂപീകരിക്കുക:-

സമഗ്രകാർഷിക വികസനത്തെ ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ സൊസൈററി യിൽ പാടശേഖരസമിതികളും, അതിൽ അംഗങ്ങളാകാത്ത ചെറുകിട കർഷകരും (എല്ലാ വിഭാഗം കൃഷിക്കാരും ചേർന്നത്) തെരഞ്ഞെടുക്കപ്പെട്ട കൃഷി തല്പരരും മററുവിദഗ്ദരും അംഗങ്ങളായിരിക്കും.

കൃഷിക്കാരുടെ ലാഭകരമായ ഉല്പാദനത്തിനും വിപണനത്തിനും ഒരു ഇടനിലക്കാ രനായി പ്രവർത്തിക്കുക എന്ന താണ് സൊസൈററിയുടെ ലക്ഷ്യം.

# 5.2

## മൃഗസംരക്ഷണം

1. ആമുഖം:- അമ്പലപ്പാറ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നത് അവിടെ സ്ഥാപിച്ചിട്ടുള്ള വെററിനറി ഡിസ്പെൻസറിയുടെ ആഭിമുഖ്യത്തിലാണ്. ഈ സ്ഥാപനം തുടക്കത്തിൽ ഒരു വെററിനറി സബ്ബ് സെന്റർ മാത്രമായിരുന്നു. 1991-ൽ ഇതിനെ ഒരു വെററിനറി ഡിസ്പെൻസറിയായി ഉയർത്തി. മൃഗ ചികിൽസയും സാങ്കേതിക വിദ്യയുടെ സഹായത്തോടെ വംശവർദ്ധനയും, രോഗപ്രതിരോധ നടപടികളുടെ നടത്തിപ്പും ഈ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ പഞ്ചായത്തിൽ പശുപരിപാലനം കൃഷിയുടെ ഒരു ഉപതൊഴിൽ മാത്രമായിട്ടാണ് നടത്തിവരുന്നത്. തൽഫലമായി ഇവിടുത്തെ കന്നുകാലികളിൽ പ്രത്യേകിച്ചും കറവപ്പശുക്കളിൽ 30 ശതമാനം മാത്രമേ ഉല്പാദനശേഷിയുള്ള സങ്കരവർഗ്ഗ ഇനങ്ങളിൽ പെട്ടവയുള്ളൂ. ബാക്കി 70 ശതമാനവും ഉല്പാദന ശേഷി കുറഞ്ഞ നാടൻ പശുക്കളാണ്. പ്രതിവർഷ പാലുൽപ്പാദനം 12 മുതൽ 14 ലക്ഷം ലിററർ (മൂല്യം 131-154 ലക്ഷം രൂപ) ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഒരു പാൽ സൊസൈററിയോ സഹകരണ സംഘമോ ഇല്ല. അക്കാരണത്താൽ പശുപാലകർക്ക് പാലിനു ന്യായ വില ലഭിക്കുന്നില്ലെന്നു മാത്രമല്ല പാൽ വിപണനത്തിൽ വളരെ ക്ലേശങ്ങളും അനുഭവപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ പ്രതിവർഷം ഉദ്ദേശം മൂന്നു ലക്ഷം കോഴിമുട്ട (മൂല്യം 3 ലക്ഷം രൂപ) ഉപഭോഗം ചെയ്യുന്നുണ്ട്. ഇതിൽ 90 ശതമാനവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതാണ്.

മാംസാവശ്യത്തിനായി ഈ പഞ്ചായത്തിൽ ഏകദേശം 2000 ആടുകളേയും 600 മററു കന്നുകാലികളേയും അറവു ചെയ്യുന്നുണ്ടെങ്കിലും ഒരു ശാസ്ത്രീയ അറവുശാലയോ, അംഗീകൃത മാംസ വിൽപ്പനയോ ഇവിടെ നിലവിലില്ല. മാംസ പരിശോധന സംവിധാനവും (Veterinary meat inspection) ഈ പഞ്ചായത്തിൽ ഇല്ല.

ഇരുപതിൽപരം ബ്രോയിലർ കോഴി വളർത്താൽ ഫാമുകൾ ഈ പഞ്ചായത്തിൽ നിലവിൽ ഉണ്ട്. ഈ ഫാമുകളിൽ പ്രതിവർഷം ഏകദേശം ഒരു ലക്ഷം കോഴികളെ വിപണനം ചെയ്യുന്നുണ്ടെങ്കിലും ഉൽപ്പാദകർക്ക് ന്യായമായ വില കിട്ടുന്നില്ലാത്തതിനാൽ ഈ സംരംഭങ്ങൾ ലാഭകരമായി നടക്കുന്നില്ല.

### 2. പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല

പഞ്ചായത്തിൽ മൃഗാസ്പത്രി സ്ഥാപിക്കുന്നതിനു മുൻപ് നാടൻ പശുക്കളെ മാത്രമാണ് കർഷകർ പരിപാലനം ചെയ്തിരുന്നത്. കന്നുകാലികൾക്കുള്ള ആധുനിക ചികിൽസാ സൗകര്യങ്ങൾ ഒന്നും തന്നെ അക്കാലത്ത് ലഭ്യമായിരുന്നില്ല. കർഷകർ നാടൻ ചികിൽസയെ മാത്രമാണ് ആശ്രയിച്ചിരുന്നത്. മൃഗാസ്പത്രി വന്നതോടെ കൃത്രിമ ബീജധാന സൗകര്യവും, മാരകമായ രോഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ് സംവിധാനങ്ങളും കർഷകർക്ക് ലഭ്യമായി.

മൃഗാസ്പത്രിയിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ വളരെ പരിമിതവും അപര്യാപ്തവുമാണ്. കാര്യക്ഷമമായ സേവനത്തിന് താഴെ പറയുന്ന സൗകര്യങ്ങൾ കൂടെ സജ്ജമാക്കേണ്ടതുണ്ട്.

a. മൃഗാസ്പത്രിയിൽ വൈദ്യുതി കണക്ഷൻ

ഇല്ലാത്തതിനാൽ റഫ്രിജറേറ്റർ, സ്റ്ററിലൈസർ, എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. ഇതുകാരണം അത്യാവശ്യ മരുന്നുകളും വാക്സിനുകളും സൂക്ഷിച്ചു വെക്കുവാൻ പററാത്ത നിലയിലാണ്.

b. ആസ്പത്രിയിൽ വെള്ളം ലഭ്യമാക്കുവാൻ നടപടി എടുക്കേണ്ടതുണ്ട്.
c. ആസ്പത്രി കെട്ടിടത്തിനു ചുററുമതിലും പ്രവേശനപാതയും നിർമ്മിക്കേണ്ടതുണ്ട്.
d. Telephone സൗകര്യം ആവശ്യമാണ്.
e. ജീവനക്കാർക്ക് താമസിക്കുവാൻ വിടു സൗകര്യം ഉണ്ടാക്കേണ്ടതാണ്.
f. ആസ്പത്രിയിൽ ആധുനിക Laboratory സ്ഥാപിക്കണം.
g. കന്നുകാലികളെ നിർത്തി പരിശോധിക്കുവാൻ ഇരുമ്പു കൊണ്ടുണ്ടാക്കിയ ട്രെവിസ് സ്ഥാപിക്കേണ്ടതുണ്ട്.
h. അത്യാവശ്യ മരുന്നുകൾ എപ്പോഴും ലഭ്യമാക്കാനുള്ള ഏർപ്പാടു ചെയ്യേണ്ടതുണ്ട്.
i. ക്യാമ്പ് ഡിസപ്പെൻഡറി നടത്തുവാനും എമജൻസി വൈദ്യസഹായം എത്തിക്കുന്നതിനും ഒരു വാഹനം ആസ്പത്രിയിൽ ലഭ്യമാക്കുന്നതായാൽ പ്രവർത്തനക്ഷമത വർദ്ധിക്കുന്നതാണ്.

**2 B പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

പഞ്ചായത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഏകസ്ഥാപനം സർക്കാർ വെററിനറി ഡിസ്പ്പെൻസറിയാണ്. ഈ സ്ഥാപനത്തിൽ 4-11-96 ൽ നിലവിലുള്ള ജീവനക്കാരുടെ തസ്തിക വിവരങ്ങൾ താഴെ കാണിച്ച പ്രകാരമാണ്.

1. വെററിനറി സർജ്ജൻ – 1 (ഒഴിവ്)
2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ – 1 "
3. അററൻഡർ – 1 "
4. പാർട്ട് ടൈം സ്വീപ്പർ – 1 "

1-5-96 മുതൽ വെററിനറി സർജ്ജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. കല്ലു[illegible] വെററിനറി സർജ്ജന്റെ അധികച്ചുമതലയിലാണ് ഇപ്പോൾ ആസ്പത്രി പ്രവർത്തിക്കുന്നത്. സ്ഥിരം വെററിനറി സർജ്ജന്റെ അഭാവത്തിൽ കർഷകർ വളരെ അധികം ക്ലേശം അനുഭവിക്കുന്നുണ്ട്.

**3. പഞ്ചായത്തിൽ 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ സ്കീമുകൾ.**

a. പ്രത്യേക ഘടക പദ്ധതി പ്രകാരം കോളനി നിവാസികൾക്ക് ആടുമാടുകളെ നൽകിയിട്ടുണ്ട്.
b. സമഗ്ര മുട്ടക്കോഴി വികസന പദ്ധതി.
c. School Poultry club.
d. സമഗ്ര പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി.
e. കാലി വസന്ത നിർമ്മാർജ്ജന പദ്ധതി.
f. കൃത്രിമ ബീജധാന പദ്ധതി.
g. ആധുനിക മൃഗചാകിത്സയും ആരോഗ്യവും.
h. കന്നുകാലി പ്രദർശനവും ഗോരക്ഷാ ക്യാമ്പുകളും.
i. വന്ധ്യതാ നിവാരണ പദ്ധതി.
j. കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി.
k. മാതൃകാ കറവപ്പശു കേന്ദ്രങ്ങൾ.
l. കന്നുകാലി ഇൻഷുറൻസ് പദ്ധതി.

## 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ സ്കീമുകളുടെ സ്ഥിതി വിവര കണക്കുകൾ

| വർഷം | സ്കീമിന്റെ വിവരം | ചിലവ് രൂപ | അവലോകനം |
|---|---|---|---|
| 91-92 | 1) പ്രത്യേക ഘടക പദ്ധതി പ്രകാരം ചേരിക്കുന്ന് കോളനിയിലെ 8 ഗുണഭോക്താക്കൾക്ക് 8 ജോഡി പോത്തിൻകുട്ടികളെ വിതരണം ചെയ്തു (Rs. 2000 × 8) | 16,000.00 | |
| | 2) മോഡൽ ഡയറി യൂനിററ് തുടങ്ങുവാൻ 2 ഗുണഭോക്താക്കൾക്ക് സഹായധനം നൽകി. (Rs.43612.00 × 2) | 7,224.00 | |
| 92-93 | School Poultry Club സ്കീം പ്രകാരം അമ്പലപ്പാറ പഞ്ചായത്തിൽ വേങ്ങശ്ശേരി/കടമ്പൂർ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് (മൊത്തം 60 വിദ്യാർത്ഥികൾക്ക്) ഓരോ വിദ്യാർത്ഥിക്കും മൂന്നു കോഴികൾ വീതം സൗജന്യമായി വിതരണം ചെയ്തു. | 3,420.00 | |
| 93-94 | പ്രത്യേക ഘടക പദ്ധതി പ്രകാരം തച്ചാട്ടുപറമ്പ് കോളനിയിലെ 14 ഗുണഭോക്താക്കൾക്ക് ഓരോ പെണ്ണാടു വീതം വിതരണം ചെയ്തു. | 8,400.00 | |
| 93-94<br>94-95 | സമഗ്ര മുട്ടക്കോഴി വികസന പദ്ധതി പ്രകാരം 358 ഗുണഭോക്താക്കൾക്ക് മൂന്നു കോഴികൾ വീതം 50 ശതമാനം സൗജന്യ നിരക്കിൽ 1074 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. | 32,220.00 | കോഴിക്കുഞ്ഞുങ്ങളുടെ വില വർദ്ധനവും ലഭ്യതക്കുറവും കാരണം പദ്ധതി തുടർന്നു നടപ്പിലാക്കുവാൻസാധിച്ചില്ല. |
| 95-96 | സമഗ്ര പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തി. | 3,300.00 | |
| 96-97 | പ്രത്യേക ഘടക പദ്ധതി പ്രകാരം പടിക്കപ്പാടത്തു കോളനിയിൽ 21 ജോടി ആട്ടിൻ കുട്ടികളെ വിതരണം ചെയ്യുവാനുള്ള പദ്ധതി അംഗീകാരത്തിനു സമർപ്പിച്ചു. | — | |

### 4. പാലുൽപ്പാദന രംഗം

പഞ്ചായത്തിൽ പ്രതിവർഷം 12 മുതൽ 14 ലക്ഷം ലിററർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉൽപ്പാദനത്തിന്റെ ഏറെക്കുറെ 50 ശതമാനം സ്വന്തം വീട്ടാവശ്യങ്ങൾക്കും ബാക്കി 50 ശതമാനം ഹോട്ടലുകൾക്കും മററു വീട്ടുകാർക്കും വിൽക്കുന്നു. കറവപ്പശുക്കളിൽ 70 ശതമാനവും നാടൻ ഇനമായതുകൊണ്ട് ഉൽപ്പാദനക്ഷമത വളരെ കുറവാണ്. മിച്ച പാൽ വിപണനത്തിനുള്ള വിഷമം, കാലിത്തീററയുടെ അമിതമായ വില, തീററപ്പുല്ലിന്റെ ലഭ്യത ഇല്ലായ്മ, മേച്ചിൽ സ്ഥലങ്ങളുടെ അഭാവം എന്നീ പ്രശ്നങ്ങൾ കാരണം പല കർഷരും ഉൽപ്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശുക്കളെ വളർത്തുന്നതിൽ വിമുഖരാണ്. കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് ഒരു ക്ഷീരസഹ കരണ സംഘം(MilkSoceity) രൂപീകരി ക്കുകയും സഹകരണാടിസ്ഥാനത്തിൽ തീററപ്പുല്ല് കൃഷി ചെയ്ത് പച്ചപ്പുല്ല് ലഭ്യമാക്കുകയും കാലിതീററ മിശ്രിത യൂനിററ് സ്ഥാപിച്ച് തീററപ്പുല്ല് എല്ലാക്കാലത്തും പ്രത്യേകിച്ച് ഡിസംബർമാസം മുതൽ മേയ്മാസം വരെ ലഭ്യമാക്കുകയും ചെയ്യുന്നതായാൽ പാലുൽപാദനരംഗം വളരെ അധികം വികസിപ്പിച്ചെടുക്കുവാൻ സാധിക്കുന്നതാണ്.

### 5. മാംസോല്പാദനം:

ഈ പഞ്ചായത്തിൽ പ്രതിവർഷം 2000ൽ പരം ആടുകളും 600 ഓളം കന്നുകാലികളും മാംസാവശ്യത്തിന് അറവു ചെയ്യുന്നുണ്ട് ഇതിൽ ഭൂരിഭാഗവും പുറം സംസ്ഥാനങ്ങളിൽ നിന്നും വാങ്ങികൊണ്ടുവരുന്നതാണ്. മാംസോൽപാദനം വർദ്ധിപ്പിക്കുവാൻ ആടു, പന്നി, പോത്തിൻകുട്ടി, കാളക്കുട്ടി മുയൽ, കാട, ടർക്കി, താറാവ് എന്നിവ വളർത്തുന്നതിന് സമഗ്ര വികസന പരിപാടിയും പരിശീലനവും ഏർപ്പെടുത്തേണ്ട താണ്. മാംസത്തിന്റെ ഗുണമേന്മ ഉറപ്പുവരു ത്തേണ്ടതിനായി വെറ്ററിനറി സർജന്റെ Vetenary മാംസ പരിശോധന നിർബ്ബന്ധമാക്കണം. അനധി കൃത കശാപ്പുശാലകൾ നിർത്തലാക്കണം. മത്സ്യ മാംസ വില്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കണം.

### 6. കാലിത്തീററ ഉല്പാദനരംഗം.

സഹകരണാടിസ്ഥാനത്തിൽ തീററപ്പുൽ കൃഷിയും, വൈക്കോൽ സംഭരണവും നടപ്പിലാക്കുവാൻ വേണ്ട പദ്ധതി നടപ്പിലാക്കുക. കാലിത്തീററ മിശ്രിത യൂനിററുകൾ പഞ്ചായത്തിൽ സ്ഥാപിച്ച് ഗുണമേന്മയുള്ള കാലിത്തീററ ഉപഭോക്താക്കൾക്കു ലഭ്യമാക്കുക.

### 6. ബ്രോയിലർ കോഴി വളർത്തൽ

കർഷകർക്ക് ബ്രോയിലർ കോഴി വളർത്തലിൽ സാങ്കേതിക പരിശീലനവും പ്രോത്സാഹനവും നല്കുക. ഈ പഞ്ചായത്തിൽ പ്രതിവഷം 30 മുതൽ 35 ലക്ഷം രൂപ വിലക്കുള്ള ഇറച്ചിക്കോഴികൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഈ കോഴികളെ ന്യായവിലക്ക് വിപണനം ചെയ്യു വാനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുത്തു കോഴി വളർത്തൽ ലാഭകരമായി ഒരു തൊഴിലാക്കി ഉയർത്തണം.

### 7. മുട്ടക്കോഴി ഉൽപാദനരംഗം:

പഞ്ചായത്തിൽ പ്രതിവർഷം ശരാശരി മൂന്നുലക്ഷം കോഴിമുട്ട വിൽക്കപ്പെടുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും 90% അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതാണ്. മുട്ടക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് (Back yard poultry (അടുക്കള മുററത്ത് കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതു മൂലം ആഭ്യന്തര ഉല്പാദന ഉപഭോഗവും വർദ്ധിപ്പിക്കുവാൻ സാധിക്കും. കോഴിക്കുഞ്ഞു വിതരണത്തിനായി എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക. ഉൽപാദകരിൽ നിന്നും മുട്ട ശേഖരിച്ച് വിപണനം ചെയ്യുവാൻ സഹകരണാടിസ്ഥാനത്തിൽ വില്പനകേന്ദ്രങ്ങൾ സ്ഥാപിക്കുക. വീട്ടമ്മമാർക്ക് മുട്ടക്കോഴി വളർത്തൽ ഒരു ഉപതൊഴിൽമാർഗ്ഗമാകും.

### 8. ജൈവവളം

കൃഷി ആവശ്യത്തിനു വേണ്ട ജൈവവളമുണ്ടാക്കുവാൻ സ്വയം തൊഴിൽ തേടുന്നവർക്ക് പരിശീലനം നല്കുക. സഹകരണാടിസ്ഥാനത്തിൽ ജൈവവള ഡിപ്പോ സ്ഥാപിക്കുക.

### 9. ഊർജ്ജം

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിലേക്ക് വേണ്ട ധനസഹായം കർഷകർക്കു നല്കുക.

### 10. മൃഗശക്തി

കൃഷി നിലം ഉഴുകുവാൻ പ്രതിവർഷം പത്തുലക്ഷം രൂപ മൂല്യത്തിനു തുല്യമായി

മൃഗശക്തി പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. മൃഗശക്തി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് കൃഷി സാമഗ്രികളും ഏറുകുന്നകളും വാങ്ങുവാൻ ധനസഹായം നൽകുക.

11. **കർഷകപരിശീലനം**

മൃഗപാലനത്തിൽ ആധുനിക സാങ്കേതിക പരിജ്ഞാനം കർഷകർക്ക് നേടി കൊടുക്കുവാൻ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

12. **വന്ധ്യതാ നിവാരണം**

പാലുൽപാദനത്തിനു ഏററവും വലിയ തടസ്സം കന്നുകാലികളിലെ വന്ധ്യതയാണ്. അതിനുവേണ്ട പ്രത്യേക ചികിത്സാ സൗകര്യം നടപ്പിലാക്കുക.

13. **പേവിഷബാധ നിർമാർജ്ജനം**

വളർത്തു നായ്ക്കൾക്ക് പേവിഷബാധ പ്രതിരോധകുത്തിവെപ്പ് നിർബന്ധമാക്കുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. നായ്ക്കളുടെ വാക്സിനേഷനും ലൈസൻസും കർശനമായി നടപ്പിലാക്കുക. പഞ്ചായത്തിനെ സമ്പൂർണ്ണ പേവിഷബാധാ വിമുക്ത പഞ്ചായത്താക്കുക.

14. **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

ഉയർന്ന ജനിത ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുകയും ആദ്യ പ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയും ഇതിനുവേണ്ടി ഗുണമേന്മയുള്ള കാലിത്തീററസങ്കരവർഗ്ഗ സങ്കര വർഗ്ഗ പശു ക്കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക. പശുക്കുട്ടികൾക്ക് പ്രതിരോധകുത്തിവെപ്പും വിരമരുന്നും യഥാസമയം നല്കുക. Insurance സുരക്ഷത എല്ലാ പശുകൾക്കും നൽകുക.

15. **ആടു വളർത്തൽ**

പഞ്ചായത്തിൽ 2000-ൽഅധികം വളർത്താടുകൾ ഉണ്ട്. ആടു വളർത്തൽ ശാസ്ത്രീയമോ, സംഘടിതമോ ആയ മേഖലയായി ഇനിയും വളർന്നിട്ടില്ല. അഴിച്ചുതീറ്റുന്ന രീതിയാണ് പൊതുവേ അവലംബിച്ചുവരുന്നത്. നല്ല ഇനം ആട്ടിൻകുട്ടികളുടെ ലഭ്യതയും കുറവാണ്. ഡിസംബർമുതൽ മേയ് വരെയുള്ള മാസങ്ങളിൽ തീററപ്പുല്ലിന്റെയും ഇലകളുടെയും ക്ഷാമം അനുഭവപ്പെടുന്നതുകൊണ്ടു തീററ ലഭ്യത എല്ലാകാലങ്ങളിലും ഉറപ്പുവരുത്താൻ പ്ലാവ് സിബാജുൾ, പ്ലാച്ച്,ശീമക്കൊന്ന എന്നി വൃക്ഷങ്ങളുടെ തൈകൾ. കർഷകർക്ക് വിതരണം ചെയ്യേണ്ടത് ഈ പ്രശ്നത്തിനു പരിഹാരം കാണാൻ സഹായിക്കും. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി കൂടുതൽ ഗുണഭോക്താ ക്കൾക്ക് നല്ലയിനം ആട്ടിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നടപടി എടുക്കേണ്ടതുണ്ട്.

16. **അറവുശാലാ മാംസപരിശോധന**

അറവുശാലകൾക്ക് ലൈസൻസും നിർബന്ധ മാംസ പരിശോധനയും കർശനമായി നടപ്പാക്കുക.

17. **കാലിരോഗവിമുക്ത മേഖലാപദ്ധതി**

കാലികളിൽ കാണുന്ന മാരകരോഗങ്ങളായ കാലിവസന്ത, കുളമ്പുരോഗം, പ്ലേഗ്, കുരലടപ്പൻ എന്നിവക്കെതിരായി കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെപ്പ് നടത്തുക.

18. **എസ്.പി. സി.എ.**

എസ്.പി. സി.എ. ആക്ട് കർശനമായി നടപ്പാക്കുക. ജന്തുക്കൾക്കെതിരെയുള്ള ക്രൂരതക്കെതിരെ നടപടി സ്വീകരിക്കുക.

19. **സമഗ്ര ഇൻഷുറൻസ് പദ്ധതി**

ആകസ്മികമരണം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുവാൻ സമഗ്ര കന്നുകാലി ഇൻഷുറൻസ് (MasterPolicy) നടപ്പിലാക്കുക.

20. **കർഷക അംഗീകാരം**

പഞ്ചായത്തിലെ മാതൃകാ മൃഗപാലകർക്കു എല്ലാവർഷവും പ്രോത്സാഹനവും അവാർഡും നല്കുക.

## 5.3

# വിദ്യാഭ്യാസം

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ട് അര നൂററാണ്ട് പിന്നിടുന്നു. വിദ്യാഭ്യാസരംഗത്ത് ഇന്ത്യ ലോകരാജ്യങ്ങളുടെ ഇടയിൽ വളരെ പുറകിലാണ്. നിരക്ഷരർ ഇന്ത്യയിൽ വളരെ കൂടുതലാണിതിനു കാരണം. ഇന്ത്യയിൽ സംസ്ഥാനങ്ങളിൽ വേണ്ടത്ര സ്ക്കൂളുകളില്ല ആയിരക്കണക്കിനു സ്ക്കൂളുകളിൽ കെട്ടിടമോ ആവശ്യമായ അദ്ധ്യാപകരോ ഇല്ല. ഒററ അദ്ധ്യാപകൻ പോലുമില്ലാത്ത സ്ക്കൂളുകൾ ഉത്തരേന്ത്യയിൽ നൂറുകണക്കിലുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടു വന്നത് അവർക്കാവശ്യമായ ഗുമസ്തപ്പണിക്കാളുകളെ ഉണ്ടാക്കാനായിരുന്നു. എന്നാൽ ആവിദ്യാഭ്യാസം ഇന്ത്യക്കാരിൽ ദേശീയബോധവും സ്വാതന്ത്ര്യാഭിവാഞ്ജയുമുണ്ടാക്കാൻ ഉപകരിച്ചു.

കേരളത്തിൽ സ്വാതന്ത്ര്യാത്തിനു എത്രയോ മുമ്പു തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതായി കാണാം. മിഷ്യനറികളും പല പുരോഗമന തല്പരരായ വ്യക്തികളും നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു. വള്ളുവനാടിനാസ്ഥാനമായ ഒററപ്പാലത്തിനടുത്ത പ്രദേശമായ അമ്പലപ്പാറ പഞ്ചായത്തിലും വിദ്യാലയങ്ങൾ ഈ ഘട്ടത്തിൽ ആരംഭിച്ചതായി കാണാം. വിദ്യാലയങ്ങൾ ഉണ്ടായതുകൊണ്ടുമാത്രമല്ല അവയിൽ ചേരാനും പഠിക്കാനുമുള്ള സാഹചര്യങ്ങളും സാധ്യതകളുമുണ്ടായതിന്റെ ഫലം കൂടിയാണ് സാക്ഷരതയിൽ കേരളം മുന്നേറാൻ ഇടയായത്. ഇതിനെല്ലാം കാരണങ്ങളിൽ പ്രധാനമായത് കേരളത്തിലെ ഭൂപരിഷ്കരണം തന്നെ എന്നു പറയാം. നൂറു ശതമാനം കേരളീയർ സാക്ഷരരായി. കേരളത്തെ ഈ സ്ഥിതിയിലേക്കുയർത്താനുള്ള ജനകീയവും ത്യാഗപൂർണ്ണവുമായ സാക്ഷരതാ പ്രസ്ഥാനം ഇന്ത്യക്കാകെ മാതൃകയായത് നാം കണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ മാത്രം 220 ക്ലാസ്സുകൾ നടന്നിരുന്നതായി കാണുന്നു.

എന്നാൽ എല്ലാവർക്കും വിദ്യാഭ്യാസം എന്ന മൗലീക ആശയത്തിൽ നിന്ന് വരേണ്യ വർഗ്ഗത്തിനു മാത്രം വിദ്യാഭ്യാസം എന്ന സ്ഥിതിയിലേക്ക് കേരളം നീങ്ങുകയാണോ എന്നു തോന്നത്തക്ക വിധം ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ സംസ്കാരം കേരളത്തിൽ പുതിയ വെല്ലുവിളി ഉയർത്തിയിരിക്കുന്നു. ഇതിനെ ഗൗരവപൂർവ്വം കണ്ട് നേരായ മാർഗ്ഗത്തിലേക്ക് തിരിച്ചുവിടാൻ ജനങ്ങളുടെയും ഗവർമ്മേന്റിന്റേയും ബോധപൂർവ്വമായ ശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു.

31525 ഓളം ജനസംഖ്യയുള്ള അമ്പലപ്പാറ

പട്ടിക 1.A

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1. | GHS കടമ്പൂർ | സർക്കാർ | 567 | 548 | 1115 | 37 |
| 2. | AVMHS ചുനങ്ങാട് | എയ്ഡഡ് | 619 | 655 | 1274 | 44 |
| 3. | NSSHS വേങ്ങശ്ശേരി | " | 213 | 202 | 415 | 18 |
| 4. | VKMUPS വേങ്ങശ്ശേരി | " | 267 | 254 | 521 | 12 |
| 5. | AUPS ചെറുമുണ്ടശ്ശേരി | " | 211 | 184 | 395 | 15 |
| 6. | MSVMUPS ചുനങ്ങാട് | " | 336 | 332 | 668 | 20 |
| 7. | AMUPS ചുനങ്ങാട് | " | 178 | 190 | 368 | 7 |
| 8. | ALPS അമ്പലപ്പാറ | " | 253 | 205 | 458 | 14 |
| 9. | ALPS മേലൂർ | " | 82 | 73 | 155 | 6 |
| 10 | ALPS അറവക്കാട് | " | 43 | 28 | 71 | 3 |
| 11. | ALPS വേങ്ങശ്ശേരി | " | 61 | 65 | 126 | 4 |
| 12. | ALPS കണ്ണമംഗലം | " | 76 | 59 | 135 | 4 |
| 13. | VVLPS ചുനങ്ങാട് | " | 104 | 97 | 201 | 7 |
| 14. | GHWLPS ചുനങ്ങാട് | സർക്കാർ | 61 | 76 | 137 | 5 |
| 15. | BVALPS കടമ്പൂർ | എയ്ഡഡ് | 139 | 107 | 246 | 8 |
| 16. | ALPS പുലാപ്പറ്റശ്ശേരി | " | 57 | 55 | 112 | 4 |
| 17. | SDVMLPS ചുനങ്ങാട് | " | 86 | 71 | 157 | 5 |
| 18. | ALPS മയിലുംപുറം | " | 70 | 62 | 132 | 5 |
| | | | 3423 | 3263 | 6686 | 218 |

പഞ്ചായത്തിൽ ചെറുതും വലുതുമായി ഗവ. എയ്ഡഡ് മേഖലകളിലായി 18 വിദ്യാലയങ്ങളും 31 ബാലവാടികളും 4 അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുമുണ്ട്. 18 വിദ്യാലയങ്ങളിൽ 2 എണ്ണം ഗവർമ്മേണ്ട് ഉടമസ്ഥതയിലുള്ളവയും 16 എണ്ണം സ്വകാര്യ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്ക്കുളുകളുമാണ്. 18 സ്ക്കൂളുകളിൽ 3 ഹൈസ്ക്കൂളുകളും 4 യു.പി സ്ക്കൂളുകളും 11 എൽ.പി.സ്ക്കൂളുകളുമാണ്. 5-ാം തരംകൂടിയുള്ള രണ്ട് സ്ക്കൂളുകളാണ് അമ്പലപ്പാറ, മേലൂർ എൽ.പി. സ്ക്കൂളുകൾ. എൻ. എസ്. എസ്. വേങ്ങശ്ശേരി സ്ക്കൂളിൽ 8-ാം തരം മുതലുള്ള ഹൈസ്ക്കൂൾ ക്ലാസ്സു കൾ മാത്രമേ ഉള്ളൂ.

പഞ്ചായത്തിൽ 18 സ്ക്കൂളുകളിലായി 3423 ആൺ കുട്ടികളും 3263 പെൺ കുട്ടികളുമടക്കം 6686 കുട്ടികൾ 1996-97 വർഷത്തിൽ പഠിക്കുന്നു. പൊതു വിദ്യാഭ്യാസമേഖലയിൽ മൊത്തം 222 അധ്യാപകരുമുണ്ട് (പട്ടിക 1. A നോക്കുക). പഞ്ചായത്തിൽ നിന്ന് 150 ഓളം കുട്ടികൾ അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കും പോകുന്നുണ്ട്. കൂടാതെ 4 വായനശാലകളും 2 ക്ലബ്ബുകളും ഇവിടെയുണ്ട്.

ആകെയുള്ള 6686 കുട്ടികളിൽ 1117 പേർ പട്ടിക ജാതിയിൽ പെട്ടവരാണ്. പൊതുവേ പഠനത്തിന്റ ആരംഭഘട്ടങ്ങളിൽ സ്ക്കൂളിൽ എത്തുന്നവരിൽ ചിലരെങ്കിലും പഠനം നിർത്തുന്നു. ഇടകൊഴിഞ്ഞുപോക്കാണ് പൊതു വിദ്യാഭ്യാസത്തൽ നേരിടുന്ന പ്രധാന പ്രശ്നമായി ഇന്നും നിലനിൽക്കുന്നത്. സാമ്പത്തിക സാമൂഹ്യഘടകങ്ങളും അവക്ക് കാരണമാകാറുണ്ട്.

ആകെയുള്ള കുട്ടികളിൽ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പട്ടിക I.B പഠനം നിർത്തിയവരുടെ കണക്ക് പട്ടിക I.C എന്നിവ നോക്കുക.

| പട്ടിക 1.B | | | | |
|---|---|---|---|---|
| ക്ലാസ്സ് | ആകെ കുട്ടികൾ | SC/ST കുട്ടികളുടെ എണ്ണം | | |
| | | ആൺ | പെൺ | ആകെ |
| I | 626 | 74 | 51 | 125 |
| II | 708 | 63 | 48 | 111 |
| III | 701 | 69 | 53 | 122 |
| IV | 650 | 69 | 52 | 121 |
| V | 715 | 65 | 54 | 119 |
| VI | 695 | 46 | 56 | 102 |
| VII | 749 | 63 | 66 | 129 |
| VIII | 716 | 67 | 61 | 128 |
| IX | 660 | 55 | 44 | 99 |
| X | 446 | 28 | 33 | 61 |
| ആകെ | 6686 | 599 | 518 | 1117 |

പാരലൽ കോളേജ് അമ്പലപ്പാറയിൽ ഉണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിനായി ഒററപ്പാലത്തേക്കും മററുസ്ഥലത്തേക്കും പോവേണ്ട സ്ഥിതിയാണുള്ളത്. 3, 7 വാർഡുകളിൽ ടൈപ്പ് റൈററിങ്ങ് സ്ഥാപനങ്ങളുണ്ട് ടൈപ്പ്റൈററിങ്ങ് ഷോർട്ട്ഹാന്റ് പരിശീലനം ഗൗരവമായി നടക്കുന്നില്ല. സെറോക്സിന്റെ കടന്നു കയററം ഈ സ്ഥാപനങ്ങളേയും "ടൈപ്പ് പരിശീലനം നേടുന്നവരുടേയും പ്രതീക്ഷകൾക്ക് മങ്ങലേൽപിക്കുന്നു.

കമ്പ്യൂട്ടർ ട്രെയ്നിങ്ങ് അടക്കമുള്ള സാങ്കേതിക സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. ഹൈസ്ക്കൂളുകളിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ആരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ 12 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചക്കിടയായി. അവയിൽ നല്ലൊരു ഭാഗം സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളെക്കുറിച്ചായിരുന്നു. KER ൽ ഓരോ ക്ലാസ്സുമുറികൾക്കും വേണ്ട വിസ്തൃതി ഉയരം എന്നിവയെല്ലാം വ്യക്തമാക്കിയിട്ടുണ്ട് വർഷാ വർഷങ്ങളിൽ കെട്ടിടങ്ങളുടെ പരിശോധന നടത്താറുണ്ടെങ്കിലും പഴകിയ പലകെട്ടിടങ്ങളും പുതുക്കി പണിയുന്നില്ല. എന്ന പരാതിയും

| പട്ടിക 1.C | | | | | | | |
|---|---|---|---|---|---|---|---|
| ക്ലാസ്സ് | പഠനം നിറുത്തിയവർ | | | | | | പഠനം നിറുത്തിയവർ മൊത്തം |
| | S.C | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| I | -- | -- | -- | -- | -- | -- | -- |
| II | 6 | 3 | 9 | 4 | 2 | 6 | 15 |
| III | -- | 2 | 2 | 1 | 2 | 3 | 5 |
| IV | -- | -- | -- | 1 | 2 | 3 | 3 |
| V | 6 | 6 | 12 | 5 | 5 | 10 | 22 |
| VI | 5 | 6 | 11 | 3 | 7 | 10 | 21 |
| VII | 7 | 8 | 15 | 6 | 8 | 14 | 29 |
| VIII | 1 | 2 | 3 | 14 | 8 | 22 | 25 |
| IX | 2 | 0 | 2 | 18 | 14 | 32 | 34 |
| X | -- | -- | -- | -- | -- | -- | -- |
| ആകെ | 27 | 27 | 54 | 52 | 51 | 103 | 157 |

ഗ്രാമസഭകളിലുണ്ട്. കെട്ടിടം, ആവശ്യമായ മുറികൾ കുടിവെള്ളം, ഫർണീച്ചറുകൾ മൂത്രപ്പുര കക്കൂസ് എന്നിവയൊക്കെ ഇതിൽപ്പെടുന്നു. പലസ്ക്കൂളുകളിലും കുടിവെള്ളത്തിനുള്ള സൗകര്യം തീരെ ഇല്ല. മൂത്രപ്പുരയില്ലാത്തവയും ചുററും മതിലോ വേലിപോലുമോ ഇല്ലാത്ത സ്ക്കൂളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## പട്ടിക 1.D

**സ്കൂളിലെ ഭൗതികസൗകര്യങ്ങളുടെ വിവരം.**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കെട്ടിടങ്ങളുടെ എണ്ണം (സ്ഥിരം) | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഇനി ആവശ്യമുള്ളത് | നിലവിലുള്ള കക്കൂസുകൾ | കുടിവെള്ള സൗകര്യം ഉണ്ട്/ ഇല്ല | നിലവിലുള്ള ഫർണീച്ചർ മതിയാകും/ഇല്ല |
|---|---|---|---|---|---|---|---|
| 1. | GHS കടമ്പൂർ | 4 | 2 | 4 | 2 | ഉണ്ട് | ഇല്ല |
| 2. | AVMHS ചുനങ്ങാട് | 10 | 4 | 4 | 2 | ഉണ്ട് | ഇല്ല |
| 3. | NSSHS വേങ്ങശ്ശേരി | 4 | 3 | വേണ്ട | 2 | ഉണ്ട് | മതി |
| 4. | VKMUPS വേങ്ങശ്ശേരി | 3 | 2 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 5. | AUPS ചെറുമുണ്ടശ്ശേരി | 8 | 3 | 4 | 1 | ഇല്ല | മതി |
| 6. | MSVMUPS ചുനങ്ങാട് | 6 | 4 | 1 | 1 | ഉണ്ട് | ഇല്ല |
| 7. | AMUPS ചുനങ്ങാട് | 1 | 1 | 1 | 1 | ഇല്ല | ഇല്ല |
| 8. | ALPS അമ്പലപ്പാറ | 4 | 1 | 3 | 1 | ഉണ്ട് | ഇല്ല |
| 9. | ALPS മേലൂർ | 1 | 1 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 10 | ALPS അറവക്കാട് | 1 | 1 | – | ഇല്ല | ഇല്ല | ഇല്ല |
| 11. | ALPS വേങ്ങശ്ശേരി | 2 | 2 | 1 | 1 | ഇല്ല | ഇല്ല |
| 12. | ALPS കണ്ണമംഗലം | 4 | ഇല്ല | 2 | 1 | ഇല്ല | ഇല്ല |
| 13. | VVLPS ചുനങ്ങാട് | 4 | 3 | 2 | 1 | ഉണ്ട് | ഇല്ല |
| 14. | GHWLPS ചുനങ്ങാട് | 1 | 1 | 2 | ഇല്ല | ഇല്ല | ഇല്ല |
| 15. | BVALPS കടമ്പൂർ | 1 | 1 | 1 | 1 | ഉണ്ട് | ഇല്ല |
| 16. | ALPS പുലാപ്പററശ്ശേരി | 1 | 1 | 2 | ഇല്ല | ഇല്ല | മതി |
| 17. | SDVMLPS ചുനങ്ങാട് | 1 | 1 | 1 | ഇല്ല | ഇല്ല | — |
| 18. | ALPS മയിലുംപുറം | 2 | ഇല്ല | 2 | ഇല്ല | ഉണ്ട് | ഇല്ല |

വിദ്യാഭ്യാസത്തിൽ വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ് അക്കാദമി സൗകര്യങ്ങൾ. വിദ്യാർത്ഥികൾക്ക് പഠനത്തിൽ താൽപ്പര്യവും ഉൻമേഷവും പകരാൻ ഇതത്യാവശ്യമാണ്. ഈ വിഭാഗത്തിൽപ്പെടുന്ന ലൈബ്രറി 16 സ്ക്കൂളുകളിലുണ്ടെങ്കിലും പ്രവർത്തനമുള്ളത് 11 സ്ക്കൂളുകളിലേ ഉള്ളൂ. ലബോറട്ടറി, സയൻസ് കോർണർ ഉള്ളത് 9 സ്ക്കൂളുകളിലും ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളിൽ ടേയ്പ്റിക്കോർഡർ, റേഡിയോ, സിനിമാ പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്റ്റർ എന്നിവ 2 വീതം സ്ക്കൂളുകളിലും സ്ലൈഡ് പ്രൊജക്റ്റർ 3 ഹൈസ്ക്കൂളുകളിലുമാണ് ഉള്ളത്. TV, VCR, VCP, കമ്പ്യൂട്ടർ എന്നിവ ഒരു സ്ക്കൂളു കളിലുമില്ല. 14 സ്ക്കൂളുകളിൽ ആവശ്യത്തിന് ബ്ലേക്ക് ബോർഡ് പോലുമില്ല.

വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പരിപാടിയുമായി ബന്ധപ്പെട്ട് മാതൃസംഗമങ്ങൾ 12 സ്ക്കൂളിലേ സജീവമായുള്ളൂ. ക്ലാസ്സ്റൂം PTA പ്രവർത്തിക്കുന്നത് 8 ഇടത്തുമാത്രമാണ്. ആവശ്യമായ പഠനോപകരണങ്ങളില്ലാത്ത സ്ക്കൂളുകൾ 6 എണ്ണമുണ്ട്.

വിദ്യാർത്ഥികളുടെപഠന നിലവാരത്തെക്കുറിച്ച് ആക്ഷേപങ്ങൾ വ്യാപകമായി ഉയർന്നുവരാറുണ്ട്. അതിനുള്ള കാരണങ്ങൾ പലതാണ്. വിദ്യാർത്ഥികളും, രക്ഷിതാക്കളും അധ്യാപകരും സമൂഹവും കൂട്ടായ യത്നത്തിലൂടെ മാത്രമേ അതിൽ മാററം വരുത്തുവാൻ സാധിക്കുക യുള്ളൂ. നിലവാരം അളക്കുന്ന മാനദണ്ഡത്തിലും മറ്റും മാററം വരുത്തേണ്ടതാണ്. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ വ്യാപനവും വിദ്യാർത്ഥി കളിൽ അനഭിലഷണീയമായ പ്രവണതകൾ ഉണ്ടാക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷങ്ങളിലായി S.S.L.C. പരീക്ഷയിൽ പഞ്ചായത്തിലെ സ്ക്കൂളിലെ കുട്ടികളുടെ വിജയശതമാനം പട്ടിക II ൽ കൊടുത്തിരിക്കുന്നു.

**പട്ടിക II**

| ക്രമ നമ്പർ | സ്ക്കൂൾ | S.S.L.C വിജയശതമാനം 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1. | GHS കടമ്പൂർ | 33 | 26 | 23 | 24 | 24 |
| 2. | AVMHS ചുനങ്ങാട് | 19 | 18 | 16 | 15 | 16 |
| 3. | NSSHS വേങ്ങശ്ശേരി | 29 | 32 | 36 | 29 | 25 |

പാഠ്യപ്രവർത്തനം പോലെ പാഠ്യേതര പ്രവർത്തനങ്ങളിലുള്ള കുട്ടികളുടെ കഴിവ് വിലയിരുത്തി വേണം വിദ്യാഭ്യാസത്തിന്റെ വളർച്ച കണക്കാൻ. കഴിഞ്ഞ ആണ്ടിൽ ലഭിച്ച അവാർഡുകളുടെ വിവരം പട്ടിക III ൽ നോക്കുക.

**പട്ടിക III**

| സ്ക്കൂളിന്റെപേർ | ഇനവിവരം | ജില്ലാതലത്തിൽ ആൺ കുട്ടികൾ | ജില്ലാതലത്തിൽ പെൺ കുട്ടികൾ | ജില്ലാതലത്തിൽ ആകെ കുട്ടികൾ | സംസ്ഥാനതലത്തിൽ ആൺ കുട്ടികൾ | സംസ്ഥാനതലത്തിൽ പെൺ കുട്ടികൾ | സംസ്ഥാനതലത്തിൽ ആകെ കുട്ടികൾ |
|---|---|---|---|---|---|---|---|
| 1. GHSകടമ്പൂർ | Sports | 9 | 6 | 15 | 2 | – | 2 |
| | കലോത്സവം | 1 | 1 | 2 | – | – | – |
| | പ്രവൃത്തിപരിചയമേള | 5 | 4 | 9 | 1 | 2 | 3 |
| 2. AVMHS ചുനങ്ങാട് | സംസ്കൃതോത്സവം | – | 1 | 1 | – | 1 | 1 |
| 3. MSVMUPSചുനങ്ങാട് | LSS | – | – | – | 0 | 1 | 1 |
| | USS | – | – | – | 0 | 1 | 1 |
| 4. ALPS അമ്പലപ്പാറ | | – | – | – | – | 1 | 1 |

| പട്ടിക IV | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | സ്ക്കൂളിന്റെപേര് | മെറിറ്റ് സ്ക്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ് | വികലാംഗ സ്ക്കോളർഷിപ്പ് |
| 1. | GHS കടമ്പൂർ | 24 | 210 | 53 | 13 |
| 2. | AVMHS ചുനങ്ങാട് | 5 | 176 | 126 | 5 |
| 3. | NSSHS വേങ്ങശ്ശേരി | 2 | 68 | 7 | 1 |
| 4. | VKMUPS വേങ്ങശ്ശേരി | — | 106 | 10 | 2 |
| 5. | AUPS ചെറുമുണ്ടശ്ശേരി | — | 102 | 16 | 1 |
| 6. | MSVMUPS ചുനങ്ങാട് | 1 | 95 | 64 | 1 |
| 7. | AMUPS ചുനങ്ങാട് | — | 50 | 1 | — |
| 8. | ALPS അമ്പലപ്പാറ | — | 82 | 5 | 5 |
| 9. | ALPS മേലൂർ | — | 25 | — | 2 |
| 10 | ALPS അറവക്കാട് | — | 10 | — | — |
| 11. | ALPS വേങ്ങശ്ശേരി | — | 35 | — | 1 |
| 12. | ALPS കണ്ണമംഗലം | — | 31 | — | — |
| 13. | VVLPS ചുനങ്ങാട് | — | 24 | — | — |
| 14. | GHWLPS ചുനങ്ങാട് | — | 19 | — | — |
| 15. | BVALPS കടമ്പൂർ | — | 68 | — | — |
| 16. | ALPS പുലാപ്പററശ്ശേരി | — | 26 | — | 2 |
| 17. | SDVMLPS ചുനങ്ങാട് | — | 13 | — | 1 |
| 18. | ALPS മയിലുംപുറം | — | 35 | — | 4 |
| ആകെ | | 321175 | 282 | 38 | |

വിദ്യാഭ്യാസ നിലവാരം മച്ചപ്പെടുത്തുന്നതിനു വേണ്ടി ഗവർമ്മേണ്ട് പല സാമ്പത്തിക സഹായ ങ്ങളും നൽകുന്നുണ്ട്. അവയെ സംബന്ധിച്ച പട്ടിക IV നോക്കുക.

കെട്ടിടങ്ങളുടെ അററകുററപണി ഉപകരണ ങ്ങളുടെ അററകുററപ്പണി, കലാകായികമേളകൾ ഉച്ചക്കഞ്ഞി, PTA ഫണ്ട്, സ്പെഷൽഫീ തുടങ്ങി പലതരത്തിലുള്ള വരുമാനങ്ങളും സ്ക്കൂളുകളിൽ ഉണ്ട്. പക്ഷെ അവയൊന്നും പലകാര്യങ്ങൾക്കും മതിയാകുന്നില്ല. എന്നത് ഒരു സത്യമാണ്. എന്നിരു ന്നാലും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ കൂട്ടായ്മ അവക്ക് ഒരതിരുവരെ പരിഹാരമുണ്ടാക്കു വാൻ സാധിക്കും.

**പ്രശ്നങ്ങൾ (ആവശ്യങ്ങൾ)**

പഞ്ചാത്തിലെ 12 ഗ്രാമസഭകളിലും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നു. സ്ക്കൂൾ, അംഗനവാടികൾ, വായനശാലകൾ, കുടിവെള്ളം, റോഡ് സൗകര്യം എന്നിവയെല്ലാം വിദ്യാഭ്യാസ പുരോഗ തിക്കാവശ്യ മാണന്ന് വിലയിരുത്തി. അടുത്ത അഞ്ചു വർഷ ത്തേക്കുവേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾ താഴെ കാണിക്കുന്നു.

1. മയിലുംപുറം, പ്ലാത്തം ALP സ്ക്കൂളു കളിൽ കുടിവെള്ളത്തിന് കിണറുകൾ കുഴിക്കുക.

2. GHWLP സ്ക്കൂളിൽ കിണറില്ല. കിണർ ഉണ്ടാക്കുകയോ അയൽപക്കത്തുകൂടി പോവുന്ന പൈപ്പുലൈൻ സ്ക്കൂളിലേക്ക് എടുക്കുകയോ ചെയ്യുക.

3. ചെറുമുണ്ടശ്ശേരി UPS ലെ വെള്ള പ്രശ്നം തീർക്കാൻ PTA എടുത്ത കിണർ കുഴിക്കൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം വേണം.

4. കുടിവെള്ള പ്രശ്നപരിഹാരത്തിന് VKMUPS ൽ ചെയ്ത പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ സഹായം വേണം.

5. BVLPS, GHS കടമ്പൂർ എന്നീ സ്ഥാപനങ്ങളിലും വെള്ള പ്രശ്നം തീർക്കാൻ വേണ്ട പദ്ധതികൾ ചെയ്യണം.

6. 4, 6, 10, 11, 12 വാർഡുകളിലെ അംഗനവാടികളിൽ വെള്ള പ്രശ്നം ഉണ്ട്. പരിഹരിക്കാൻ വേണ്ട നടപടി എടുക്കണം.

7. 3,4,6,11 വാർഡുകളിലെ അംഗനവാടികളുടെ കെട്ടിടങ്ങൾ ഉണ്ടാക്കി സൗകര്യപ്രദമാക്കുക.

8. GHWLPS ലെ സെമി പെർമനന്റ് കെട്ടിടം ചുമർവെച്ച് പൂർത്തിയാക്കുക.

9. BVLPS കടമ്പൂർ, ചുനങ്ങാട് GHWLPS, മയിലുംപുറം ALPS എന്നിവിടങ്ങളിൽ മൂത്രപ്പുരയും കക്കൂസ്സും നിർമ്മിക്കുക.

10. ചുനങ്ങാട് AMUPSന്റെ കെട്ടിടം റിപ്പയർ ചെയ്ത് സുരക്ഷിതമാക്കുക.

11. ALPS മേലൂർ, ALPS മയിലുംപുറം, GHS കടമ്പൂർ എന്നീ സ്ക്കൂളുകളിൽ ആവശ്യമായ ഫർണീച്ചറുകൾ നൽകുക.

12. ALPS പുലാപ്പറ്റശ്ശേരിയിൽ വേണ്ട ഫർണിച്ചറുകൾ ഉണ്ടാക്കേണ്ട സൗകര്യം ചെയ്യുക.

13. VKMUPS ലെ മൂത്രപ്പുരയുടെ സ്ഥാനവും ഉപയോഗവും ആരോഗ്യ പരിസര പ്രശ്നങ്ങളുണ്ടാക്കുന്നു. അതിന് വേണ്ട നടപടി സ്വീകരിക്കണം.

14. 2,4,6,7,10,12, വാർഡുകളിലെ അംഗനവാടികളിൽ ആവശ്യമായ കളിക്കോപ്പുകളും ഫർണീച്ചറുകളും നൽകുക.

15. വാരിയത്ത് കുന്നത്തെ അംഗനവാടിക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

16. മേലൂർ ALPS ലേക്ക് കുട്ടികൾക്ക് എത്താൻ ആവശ്യമായ കോളനിറോഡ് സൗകര്യമുണ്ടാക്കുക.

17. അനങ്ങൻ മലയിൽ നിന്നും വാണീവിലാസിനി അംഗൻവാടിയിലേക്കുള്ള 1 കി. മീററർ റോഡിന്റെ നിർമ്മാണം ആരംഭിക്കുക.

18. ചെറുമുണ്ടശ്ശേരി സ്ക്കൂളിലേക്കുള്ള റോഡുകളും പാലങ്ങളും ശരിയാക്കുക. തെക്കേ പടിക്കൽ സ്റ്റെപ്പുകൾ നിർമ്മിക്കുക.

19. കുററിപ്പുളിപ്പാലം നന്നാക്കി കുട്ടികൾക്ക് വരാൻ സൗകര്യമുണ്ടാക്കുക.

20. GHSകടമ്പൂരിനും GHWLPS ചുനങ്ങാടിനും ചുററുമതിൽ കെട്ടുക.

21. AVMHS ലെ ലൈബ്രറിയും ലബോട്ടറിയും കുട്ടികൾക്ക് സൗകര്യപ്രദമാക്കുക.

22. NSSHS, AVMHS എന്നിവിടങ്ങളിൽ വൊക്കേഷനൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കുക.

23. 5-ാംതരം നിലവിലുള്ള അമ്പലപ്പാറ, മേലൂർ അറവക്കാട് L.Pസ്ക്കൂളുകൾ UPയായി ഉയർത്തുക.

24. അമ്പലപ്പാറ ALPS-ൽ പാർട്ട് ടൈം ഹിന്ദി അധ്യാപകനെ നിയമിക്കുക.

25. 2,9 വാർഡുകളിലെ അംഗനവാടികൾക്ക് ചുററുമതിൽ നിർമ്മിക്കുക.

26. പുലാപ്പററശ്ശേരിയിൽ നിന്നും കുട്ടികൾക്ക് ഹൈസ്ക്കൂളിൽ പോവാൻവേണ്ട സൗകര്യം ഉണ്ടാക്കുക.

27. AVMHS, GHWLPS എന്നിവയുടെ കളിസ്ഥലം നിരപ്പാക്കി ഉപയോഗയോഗ്യമാക്കുക.

28. ചുനങ്ങാട് പൊതുജനവായനശാലയുടെ കെട്ടിടം പുതുക്കിപ്പണിയുക.

29. ഡോ. അംബേദ്കർ വായനശാലക്ക് കെട്ടിടവും ഫർണീച്ചറുകളും നൽകുക.

30. മലപ്പുറം റീഡിങ്ങ് റൂമിനോടനുബന്ധിച്ച് ഒരു പാർട്ട്ടൈം പോസ്ററ് അനുവദിക്കുക.

31. കടമ്പൂർ GHS ന്റെ കളിസ്ഥലത്തിനു ചുററും മതിൽകെട്ടാൻ സൗകര്യമുണ്ടാക്കുക.

32. വാണീവിലാസിനിയിൽ ഒരു വായനശാലക്കാവശ്യമായ സൗകര്യമുണ്ടാക്കുക.

33. VKMUPS ലെ കുട്ടികൾക്കിരിക്കാനുള്ള സ്ഥലപരിമിതി പരിഹരിക്കുക.

34. ചുനങ്ങാട് VVLPS ലേക്ക് TVയും ഫോണും അനുവദിക്കുക.

35. ALPS പ്ലാത്തറയുടെ കളിസ്ഥലം നിരപ്പാക്കുക. സ്ക്കൂളിന്റെ മുൻവശത്തുള്ള റോഡിൽ "Hump" നിർമ്മിക്കുക

36. മേലൂർ എ.എൽ.പി സ്ക്കൂളിലേക്ക് ഒരു കുഴൽകിണർ കുഴിക്കണം. ജലക്ഷാമം രൂക്ഷമാണ്.

ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നുണ്ടായ ആവശ്യങ്ങൾക്ക് പലതിനും അവിടെനിന്നുതന്നെ നിർദ്ദേശങ്ങളും സാധ്യതകളും സൂചിപ്പിക്കപ്പെട്ടു. അവയിൽ പലതും ക്രിയാത്മകവുമായിരുന്നു അവതാഴെ സൂചിപ്പിക്കുന്നു.

അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ അനുവദിക്കാതിരിക്കുക. സാക്ഷരതാ പ്രസ്ഥാനം തുടരുക ഒന്നാം ക്ലാസ്സിലെ "ആൾ പ്രമോഷൻ" പുനർ ചിന്തനത്തിനു വിധേയമാക്കുക, പി.ടി.എ. മാതൃസംഗമങ്ങൾ എന്നിവ ശക്തിപ്പെടുത്തുക കോത്താരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക, സ്ക്കൂൾ അഡ്മിഷന് ഏരിയാ നിർണ്ണയം കർശനമാക്കുക എന്നിവ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള നിർദ്ദേശത്തി ലുന്നയിക്കപ്പെട്ടു. പ്ലാത്തറയിലും മയിലുംപുറത്തും ഓരോ വായനശാലകൾ ആരംഭിക്കണം എന്ന അഭിപ്രായവും ഉണ്ടായി.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പി.ടി.എ ശക്തമാക്കുക അധ്യാപക വിദ്യാർത്ഥി ബന്ധം മെച്ചപ്പെടുത്തുക, ജനപ്രതിനിധികളുടെ സ്ക്കൂളിലെ അഭാവം ഒഴിവാക്കാൻ പകരം അധ്യാപക നിയമനം നടത്തുക, അൺ എയ്ഡഡ് വിദ്യാലയങ്ങൾ അനുവദിക്കാതിരിക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം ആരംഭിക്കുക എ.വി.എം.എച്ച്. എസ് – ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുക. വിദ്യാലയങ്ങളിൽ കായികപരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്യുക എന്നിവയും നിർദ്ദേശിക്ക പ്പെട്ടു.

സ്ക്കൂളുകളിൽ അധ്യാപകരെ സർവ്വേ തുടങ്ങിയ മററു കാര്യങ്ങൾക്ക് ഉപയോഗിക്കാ തിരിക്കുക അധ്യാപക വിദ്യാർത്ഥി അനുപാതം1:30 ആക്കുക അംഗനവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം അവധി നൽകുക ഇൻസ്ട്രക്ടർ മാരുടേയും മററും വേതനം പരിഷ്കരിക്കുക.

ഭൗതീകസാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഹരിജൻ കോളനി നിവാസികൾക്ക് ഈ സ്ഥാപനം നിലനിൽക്കേണ്ടത് അത്യാവശ്യമാണന്ന് അറവക്ക ക്കാട് സ്ക്കൂളിൽ ചേർന്ന 5–ാം വാർഡ് ഗ്രാമസഭ വിലയിരുത്തി. ലഭ്യമായ 40 സെന്റ് സ്ഥലം എതെങ്കിലും സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നത് അറവക്കാട് പ്രദേശത്തിന്റെ വികസനത്തിന് ഉതകുന്നതാണന്നും നിർദ്ദേശി ക്കപ്പെട്ടു. പൊട്ടിക്കിടക്കുന്ന കുത്തുതാങ്ങിപ്പാലം ഗതാഗതയോഗ്യമാക്കേണ്ടതാണ്. എന്നീ നിർദ്ദേശ ങ്ങളാണ് 5–ാം വാർഡ് ഗ്രാമസഭക്ക് വെക്കാനു ണ്ടായിരുന്നത്.

ഭരതപ്പാറ, കീഴ്പ്പാടം, മുളംപ്ലാച്ചി, എരുക്കുംപാറ കോളനികളിലെ വിദ്യാർത്ഥികൾക്ക് സൗകര്യമുണ്ടാക്കുന്ന മലയോരറോഡ് ഗതാഗത യോഗ്യമാക്കണമെന്നും വരിക്കോടിൽ തെക്കേക്കര കോളനി ലക്ഷംവീട് റോഡ് ടാറിട്ട് കടമ്പൂർ റോഡിൽ മുട്ടിച്ച് ഹൈസ്ക്കൂൾ വിദ്യഭ്യാസത്തിന് സൗകര്യമുണ്ടാക്കണമെന്ന നിർദ്ദേശമാണ് 6–ാം വാർഡ് ഗ്രാമസഭയിലുണ്ടായത്.

7–ാം വാർഡ് ഗ്രാമസഭയിൽ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം, അധ്യാപക തസ്തികകളുടെ ഒഴിവ് നികത്തുക അർഹരായ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുക ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിനുള്ള വേതനം നിജപ്പെടുത്തുക പി.ടി.എ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുക അംഗൻവാടി ജീവനക്കാരുടെ വേതനം മെച്ചപ്പെടുത്തുക തുടങ്ങിയ നിർദ്ദേശ ങ്ങളും ഉന്നയിക്കപ്പെട്ടു.

സ്ക്കൂളിലും പരിസരപ്രദേശങ്ങളിലും കുടി വെള്ളത്തിന്റെ രൂക്ഷത തീർക്കാൻ ആവ്യശമായ നടപടികൾ കൈക്കൊളണമെന്നും പൈപ്പ് സൗകര്യമുണ്ടാക്കാൻ സൗകര്യമുള്ളിടങ്ങളിൽ അതും അല്ലത്തിടങ്ങളിൽ പൊതുകിണറുകളും നിർമ്മിക്കുക എന്നതായിരുന്നു വാർഡ് 8 ലെ ഗ്രാമ സഭയിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ.

ഒമ്പതാം വാർഡിൽ ആത്രായിപ്പടി പാലം സുരക്ഷിതമാക്കുക, എൽ.പി. സ്ക്കൂളിനു മുൻ വശത്തു കൂടിയുള്ള വഴി ഗതാഗതയോഗ്യ മാക്കുക. എന്നീ നിർദ്ദേശങ്ങളുമുണ്ടായി.

അഞ്ചാം വാർഡിൽ ഉള്ള എൽ.പി. സ്ക്കൂളിൽ അറവക്കാട് എത്താൻ കുത്തുതാങ്ങൽ പാലം ശരിയാക്കൽ പ്രധാനമാണ്.

പത്താം വാർഡിൽ കുററിപ്പുളിപ്പാലം കോൺക്രീററ് ചെയ്ത് ഉപയോഗമാക്കുക, 5, 8, 9, 10 വാർഡുകളുടെ ഇടയിൽ ഒരു ഹൈസ്ക്കൂൾ ആരംഭിക്കുക, ചെറുമുണ്ടശ്ശേരിയി അംഗൻവാടി ക്കു സമീപം പാടത്ത് ഒരു കിണർ കുഴിക്കുക അംഗൻവാടിയിലേക്ക് റോഡ് നിർമ്മിക്കുക, സർക്കാർ അംഗീകൃത ഹരിജൻ കോളനിയിലെ വിദ്യാഭ്യസ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്യുക എന്നീ നിർദ്ദേശങ്ങളും ഉണ്ടായി.

മുണ്ടിയൻ കാവ് ഭാഗത്തെ തോടിന് പാലം കെട്ടണം. അപ്പക്കാട് ഭാഗത്ത് ഒരു എൽ.പി സ്ക്കൂൾ ആരംഭിക്കണം. വാർഡ് പരിസരത്ത് ഒരു വായനശാലക്കാവശ്യമായ സഹായം നൽകണം, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം പി.എ എസ്. സി ക്ലബ്ബിന് കെട്ടിട നിർമ്മാണത്തിന് സാമ്പത്തിക സഹായം കിട്ടുക എന്നിവയെല്ലാം 11-ാം വാർഡിൽ ഉന്നയിക്ക പ്പെട്ടവയാണ്.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ സംഭാവന നൽകിയ മോട്ടോർ ഉപയോഗിക്കേണ്ടതാണ്. പി.ടി.എ, മാതൃസംഗമങ്ങൾ മൂന്നുമാസത്തിലൊരിക്കൽ ചേരണം. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സേവന സന്നദ്ധരായ അദ്ധ്യാപകർ സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരെ ഉപയോഗിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സുകൾ നൽകാനുള്ള പരിഗണന ഉണ്ടാവണം. സാക്ഷരത പ്രവർത്തനം തുടരണം കലാകായിക സാംസ്കാരിക അഭിരുചി വളർത്തുന്നതിന് "പാന്തേഴ്സ്" തുടങ്ങിയ സാംസ്കാരിക ക്ലബ്ബുകളുടെ സേവനം ഉപയോഗിക്കാവുന്നതാണ്. എന്നീ നിർദ്ദേശങ്ങൾ 12-ാം വാർഡ് ഗ്രാമസഭയിൽ ഉണ്ടായി. കൂടാതെ വേങ്ങശ്ശേരി H.S ലെ പുരോഗതിക്ക് ഈ നാട്ടുകാരായ അധ്യാപകരെ നിയമിക്കാൻവേണ്ട സമ്മർദ്ദം പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നും അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്യോഗസ്ഥരുടേയും രക്ഷിതാക്കളുടേയും സംയുക്ത യോഗം വിളിച്ചുചേർക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

മേൽപ്പറഞ്ഞ ആവശ്യങ്ങളും നിർദ്ദേശങ്ങളും വെച്ച് പ്രധാനമായും നമുക്ക് ചില പൊതു ധാരണകളിലെത്താം.

സാക്ഷരതാ പ്രസ്ഥാനം തുടരുക, സ്കൂളുകളിൽ ആവശ്യമായ കെട്ടിടങ്ങളും അവയിൽ ക്ലാസ്സുമുറികളായും വേർതിരിച്ചുണ്ടാവുക, ലൈബ്രറികളുടേയും ലബോറട്ടറികളുടേയും ഉപയോഗം കൃത്യമായി നടക്കുക, ഇന്നത്തെ പരീക്ഷാ സമ്പ്രദായത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുക, അതോടൊപ്പം സിലബസ്സിലും പുസ്തകങ്ങളുടെ ആധികൃത്തിൽ മാററം വരുത്തുക, പ്രൈമറി തലത്തിൽ മാതൃഭാഷയിലൂടെ മാത്രം വിദ്യാഭ്യാസം നടത്തുകയും മാതൃഭാഷയും കണക്കും കൂടുതൽ ശ്രദ്ധിക്കുന്ന അവസ്ഥയുണ്ടാവുക, ഹരിജൻ പിന്നോക്കക്കാർക്ക് സൗകര്യപ്പെടുത്തുന്ന ഹോസ്ററലിൽ അർഹതപ്പെട്ട വർ ചേർന്നു പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുക, പഞ്ചായത്താതിർത്തി യിലുള്ള സ്ക്കൂൾ കോപ്ലക്സു കളെ കൂടുതൽ സജീവമാക്കുക. അനൗപചാരിക വിദ്യഭ്യാസത്തിന് പ്രാധാന്യം നൽകാൻ കഴിയുന്ന ഉദ്ദേശ്യത്തോടെ പഞ്ചായത്തിലൊരിടെത്തെങ്കിലും ഒരു ദൃശ്യ ശ്രാവ്യ കേന്ദ്രം ഉണ്ടാക്കുകയും എല്ലാ സ്ക്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തി ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവയിൽ നൈപുണ്യം നേടാനുള്ള കോഴ്സുകൾ കൊടുക്കുകയും ചെയ്യുക സ്ക്കൂൾ പാർലമെന്റ്, അസംബ്ലി, സാഹിത്യ സമാജങ്ങൾ കയ്യെഴുത്തു മാസികകൾ പൂന്തോട്ടം, പച്ചക്കറിത്തോട്ട നിർമ്മാണങ്ങൾ, വിനോദയാത്രകൾ എന്നിവ നടത്തുക കോപ്ലക്സിന്റെ ആഭിമുഖ്യത്തിൽ ചർച്ചയും വിലയിരുത്തലുകളും നടത്തുക, മാസാന്ത്യപ്പരീക്ഷകളും മാതൃ സംഗമങ്ങളും ക്ലാസ്സ് പി.ടി.എ കളും സജീവമാക്കുക എന്നീ കാര്യങ്ങൾ ചെയ്താൽ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ശോചനീയാവസ്ഥ മാററാൻ നമുക്ക് സാധിക്കും.

# 5.4

# കുടിവെള്ളവും പൊതുജനാരോഗ്യവും

**ആമുഖം**

ഒരു ജനതയുടെ പ്രധാനപ്പെട്ട അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണല്ലോ കുടിവെള്ളം ലഭ്യമായ കുടിവെള്ളം ശുദ്ധമായിരിക്കണം എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അമ്പലപ്പാറ പഞ്ചായത്തിലെ 95% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 4186 കിണറുകൾ നിലവിൽ ഉള്ളതിൽ ഭൂരിപക്ഷം കിണറുകളും "സാനിട്ടറി കിണറുകൾ" വിഭാഗത്തിൽ പ്പെടുന്നില്ല എന്നതും, വേനൽക്കാലങ്ങളിൽ പകുതിയിലധികം കിണറുകളിലും വേണ്ടത്ര ജലം ലഭ്യമല്ലെന്നുള്ളതും ശ്രദ്ധേയമാണ്. പഞ്ചായത്തിൽ 21 കുഴൽ കിണറുകളും 25 പൊതു കിണറുകളും 14 പൊതു ടാപ്പുകളും ആണ് നിലവിലുള്ള സർക്കാർവക കുടിവെള്ള സൗകര്യങ്ങൾ K.W.A. യുടെ ശുദ്ധജലവിതരണ പദ്ധതി വിപുലീകരണ ഘട്ടത്തിലാണങ്കിലും പഞ്ചായത്തിന്റെ ശുദ്ധജല ദൗർലഭ്യത്തിന് പൊതു പരിഹാരമായി കാണാൻ കഴിയില്ല. ഈ പദ്ധതിയിൽ നിന്നും ഹൗസ് കണക്ഷൻ പ്രതീക്ഷിച്ചിരിക്കുന്ന ജനങ്ങൾ നിരാശയിലാണ് 95–96 കാലഘട്ടത്തിൽ മാത്രം 4214 ആളുകൾ ജലജന്യരോഗങ്ങൾ കാരണം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സതേടി എത്തിയിട്ടുണ്ട് എന്നുള്ളത് ഈ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യത്തിന്റെ രൂക്ഷത വെളിവാക്കുന്നു വേനൽക്കാലങ്ങളിൽ വയലുകളിലെ ചെറു കുഴികളിൽ നിന്നും തോടുകളിൽ നിർമ്മിക്കുന്ന താല്കാലിക കുഴികളിൽ നിന്നും കുടിവെള്ളം എടുക്കുന്ന സ്വഭാവം പഞ്ചാത്തിലെ മിക്കവാറും സ്ഥലങ്ങളിൽ നിലനിൽക്കുന്നു. കന്നുകാലികളെ കുളിപ്പിക്കാനും വസ്ത്രങ്ങൾ അലക്കാനും ഇതേ ജലസ്രോതസ്സുകൾ പലരും ഉപയോഗിക്കുന്നതുകൊണ്ട് ലഭ്യമായ ജലം മലിനമാകാനുള്ള സാദ്ധ്യതകൾ വളരെ കൂടുതലാണ്.

**കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും**

പഞ്ചായത്തിലെ കുടിവെള്ള പ്രശ്ന പ്രദേശങ്ങൾ 'ഗ്രാമസഭാ' റിപ്പോർട്ടുകളുടെ ക്രോസീകരണത്തിൽ നിന്നും വ്യക്തമാണ് വാർഡ് 1,3,6,7,10,12 എന്നിവയിൽനിന്നും കുളങ്ങളും ചോലകളും, നീരുറവകളും ഉപയോഗിച്ച് ചെറുകിട പ്രാദേശിക ശുദ്ധജല വിതരണ പദ്ധതികൾക്കായുള്ള നിർദേശങ്ങൾ വന്നിട്ടുണ്ട്. ജലസ്രോതസ്സിന്റെ വ്യാപ്തി പ്രയോജനക്ഷമത പദ്ധതി നടത്തിപ്പിൽ ജനങ്ങളുടെ പങ്കാളിത്തം സാമ്പത്തിക ലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചശേഷം ഈ പദ്ധതികൾ അംഗീകരിക്കേണ്ടതാണ്. K.W.A യുടെ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും എത്രയും പെട്ടെന്ന് ഹൗസ് കണക്ഷനുകൾ ലഭ്യമാക്കനുള്ള നടപടികൾക്ക് പ്രേരിപ്പിക്കണം. നിലവിലുള്ള പൊതു കിണറുകൾ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഉപകാരപ്രദമാക്കണം.

പുതിയ കിണറുകളുടെ നിർദ്ദേശങ്ങളോടൊപ്പം തന്നെ ഇയ്യാര്യത്തിൽ സൗജന്യമായി സ്ഥലം വിട്ടുതരാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്താവുന്നതാണ് പ്രാദേശികമായ ചില വ്യക്തികൾ സ്വകാര്യ കിണറുകൾ പഞ്ചായത്തിനു വിട്ടുതരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്തി ആവശ്യ മായ അററകുററപണികൾ നടത്തി "പൊതുകിണർ" ആയി മാററാവുന്നതാണ് പഞ്ചായത്തിലെ മുന്നു കൈതോടും ഒരു വലിയതോടും ഉപയോഗപ്പെടുത്തി ബണ്ടുകൾ നിർമ്മിക്കുന്ന പക്ഷം ജലസംഭരണത്തിന് സാദ്ധ്യമാവുന്നതാണ് സമീപ പ്രദേശത്തെ കിണറു കളിലും ജലവിതരണം നില നിർത്താൻ ഇത് സഹായിക്കും മഴവെള്ളം കുത്തിയൊലിച്ചു പോകുന്നത് തടഞ്ഞുകൊണ്ട് ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാനുള്ള സൗകര്യം ഉണ്ടാക്കിയെടു ക്കുന്നതിന് ശരിയായരീതികളെപ്പററി ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നത് കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള നടപടികൾക്ക് ശക്തിപകരും.

പഞ്ചായത്തിലെ എല്ലാ വാർഡുകളിൽനിന്നും കുടിവെള്ളക്ഷാമത്തിന്റെ ആവശ്യങ്ങൾ പൊന്തിവന്നിട്ടുള്ളതുകൊണ്ടുതന്നെ സർക്കാരിന്റെ സാമ്പത്തിക സഹായം ഒന്നുകൊണ്ടുമാത്രം ഒററയടിക്ക് പ്രശ്നം പരിഹരിക്കാൻ കഴിയില്ല എന്നത് വ്യക്തമാണ് ശാസ്ത്രീയ പഠനങ്ങൾ കൂടുതൽ കുഴൽകിണറുകൾ കുഴിക്കുന്ന തിനെതിരെ മുന്നറിയിപ്പു നൽകുന്നുണ്ട് അതുകൊണ്ടുതന്നെ പ്രശ്ന പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ കൂടുതൽ കിണറുകൾ കുഴിക്കുക എന്നതും കിണറുകളിലെ പാറപൊട്ടിക്കലടക്കം വരുന്ന അററകുററപ്പണികൾ നടത്തുക എന്നതും, ചെറുകിട ജലവിതരണ പദ്ധതികൾക്ക് രൂപം കൊടുക്കുക എന്നതും ആണ് നടപ്പിലാക്കാവുന്ന നിർദ്ദേശങ്ങൾ.

ലഭ്യമായ കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പില്ലാത്തതിനാൽ തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്ന ശീലം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിന് ആസൂത്രിതമായ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത്തലത്തിൽ നടത്തേണ്ടതാണ്.

**അമ്പലപ്പാറ ഗ്രാമപഞ്ചായത്തത്ത് വാർഡ്തല ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം.**

## 5. കുടിവെള്ളവും പൊതുജനാരോഗ്യവും

### കുടിവെള്ളം

**വാർഡ് 1**

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ (1) മയിലുംപുറം കിഴക്കെപറമ്പ് ഭാഗം (2) അമരമംഗലം (3) മേരിക്കുന്ന് കോളനി (4) പാലാക്കുന്ന് (5) മുട്ടിപ്പാലം (6) മയിലുംപുറം സെന്റർ (7) മൂച്ചിക്കുണ്ട് റോഡ് പ്ലാത്തറ (8) മയനാട്ടുപടികോളനി (9) കരിമ്പിൽപടി (10) പ്ലാത്തറ സെന്റർ (11) തോട്ടതൊടി പ്രദേശം പ്രശ്പനരിഹാരത്തിനുള്ള നിർദ്ദേശം ക്രമത്തിൽ കൊടുക്കുന്നു (1) കിണർ (2) പൈപ്പ്ലൈൻ (3) കിണർ (4) പൊതു കിണർ (5) പൈപ്പ്ലൈൻ (6) പൈപ്പ്ലൈൻ (7)കിണർ (8) പൈപ്പ്ലൈൻ (9) പൈപ്പ്ലൈൻ (10) പൈപ്പ്ലൈൻ (11) കിണർ. മയിലുംപുറം അംഗനവാടിക്കുസമീപമുള്ള കുഴൽ കിണർ റിപ്പയർചെയ്യണം എന്ന് കൂടി ആവശ്യപ്പെട്ടിട്ടുണ്ട് "ചോലക്കുളം" ജലവിതരണപദ്ധതി നടപ്പിലാക്കണമെന്നആവശ്യമുണ്ട്.

**വാർഡ് 2**

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡിലെ പ്രദേശങ്ങൾ (1) നിലംപതി (2) വടക്കനാൽറോഡ് (3) G.V.L.P.S ന് മുന്നിൽ വടക്കോട്ട്പോകുന്നറോഡ് (4) ചേങ്ങോട്ട് നറമ്പ് (5) ചിപ്പാററോഡ് ഈ പ്രദേശങ്ങളിലെ വെള്ളക്ഷാമം തീർക്കാൻ നടപടികൾ വേണം എന്ന് മാത്രം ആവശ്യപ്പെടുന്നു.

**വാർഡ് 3**

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡിലെ പ്രദേശങ്ങൾ (1) മിച്ചഭൂമിഭാഗം (2) ചുനങ്ങാട് ഹരിജൻകോളനി തെക്ക്ഭാഗം (3) ഹരിജൻകോളനി (4) മൈത്രി കോളനി (5) പിലാത്തറ ചോലക്കൽ ഭാഗം (6) A.V.M ഹൈസ്ക്കൂളിന്റെ പടിഞ്ഞാറുഭാഗം, തെക്ക്ഭാഗം, വടക്കുഭാഗം, (7) കളത്തൊടി കോളനി. വാർഡിന്റെ മിക്ക സ്ഥലങ്ങളിലും പൈപ്പ് കണക്ഷന് അപേക്ഷ

നൽകിയവർക്ക് അത് സാധിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. ചോലക്കൽ പ്രദേശത്തെ കുഴൽകിണർ റിപ്പയർ ചെയ്യണമെന്നും അനങ്ങൻ മലയിലെ ജലസ്രോതസ്സ് ഉപയോഗ പ്പെടുത്തി ജലവിതരണ പദ്ധതിക്ക് രൂപം കൊടുക്ക ണമെന്നും കുടിവെള്ളത്തിലെ മാലിന്യങ്ങൾ ഇല്ലാതാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും വാർഡിൽനിന്നും നിർദ്ദേശങ്ങൾ ഉണ്ട്. ഹരിജൻ കോളനിയിൽ പൈപ്പ്ലൈൻ നീട്ടി 5 point കൂടി അനുവദിക്കണമെന്നും നിലവിലുള്ള കിണറിന്റെ Plaform റിപ്പയർ ചെയ്യണമെന്നും ആവശ്യപ്പെ ടുന്നു.

## വാർഡ് 4

4-ാം വാർഡിൽ ചോലപ്പാറ പ്രദേശത്തും തിരുണ്ടിക്കുന്ന് പ്രദേശത്തും കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്പിയത്ത് കുന്ന് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരി ക്കാൻ പൊതുകിണർ ഉണ്ടാക്കണമെന്ന് നിർദ്ദേശി ക്കുന്നു

## വാർഡ് 5

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും നിർദ്ദേശ ങ്ങളും

ഇട്ടിയിൽ കുന്നത്ത് ഹരിജൻ കോളനി പ്രദേശത്ത് (16 കുടുംബങ്ങൾ) കുഴൽകിണർ പൈപ്പ്ലൈൻ (2) അംഗനവാടി-പരപ്പുതോട് ഭാഗത്തേക്ക് (40കുടുംബങ്ങൾ) പഞ്ചായത്ത് റോഡ് വഴി പൈപ്പ്ലൈൻ കുഴൽകിണർ (3) കേതരകുളം കോളനി പ്രദേശത്ത് (15 കുടുംബങ്ങൾ) മെയിൻ റോഡിൽനിന്ന് 100 മീററർ പൈപ്പ്ലൈൻ നീട്ടുക (4) ബാലകൃഷ്ണ ബേക്കറിമുതൽ ഇറക്കിരാൽപടി വരെ 200 മീററർ മെയിൻ റോഡിൽനിന്നും പൈപ്പ ലൈൻ നീട്ടുക (5) പാലചുവട് കരുവാൻ കോളനി ഭാഗത്തേക്ക് 75 മീററർ മെയിൻറോഡിൽ നിന്നും പൈപ്പ്ലൈൻ നീട്ടുക ബോർവെൽ നിർമ്മിക്കുക. (6) കൊറക്കുന്നത്ത് ഹരിജൻ കോളനി (12 കുടുംബങ്ങൾ) പൈപ്പ്ലൈൻ/കുഴൽകിണർ (7) പാലക്കൽപുത്തൻ വീടു സമീപം കുഴൽകിണർ (8) പാലായിൽപ്പടി സമീപം കിണർ/കുഴൽകിണർ (9) കാരക്കുന്ന് ഹരിജൻ കോളനി പൈപ്പ്ലൈൻ/ കുഴൽകിണർ (10) മുകിരികാട് ഭാഗത്ത് പൈപ്പ്ലൈൻ (11) കാവുങ്കൽ മനപ്പടി ഭാഗത്ത് പൈപ്പ്ലൈൻ (12) അറവക്കാട് ഹരിജൻ കോളനി പൈപ്പ്ലൈൻ (13) ശ്രീകൃഷ്ണകോളേജ് പരിസരത്ത് പൈപ്പ്ലൈൻ (14) അമ്പലപ്പാറ മേലൂർ റോഡിൽ പൈപ്പ്ലൈൻ 6 കി.മീററർ നീളം വേണം.

## വാർഡ് 6

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും നിർദ്ദേശ ങ്ങളും

(1) കൊട്ടേക്കാട് കോളനിയിൽ പൊതുകിണർ/അനങ്ങൻമലയിൽ നിന്നും വരുന്ന നീരുറവ ഉപയോഗിച്ച് പൈപ്പ്ലൈൻ (2) തിരുണ്ടി പ്പതിയിൽ പൊതു കിണർ (3) മേലേചിററത്തു നിലവിലുള്ള പൊതുകിണർ ഉപയോഗപ്രദമാ ക്കണം (4) "ഒടാർ" ചോലയിൽ നിന്ന് ഹോസ് പൈപ്പ് ഇട്ട് മുളംപ്ലാവ്, ഭരതപ്പാറ, കീഴ്പ്പാടം കോള നികളിൽ വെള്ളം എത്തിക്കണം (5) പഴയാട്ടു പറമ്പിൽ പൊതുകിണർ റിപ്പയർ (6) ഇട്ടിയിൽ തൊടി പ്രദേശത്ത് പുതിയകിണർ (7) ചെമ്പൻ കുന്ന് പറയൻ കോളനിയിൽ പൊതുകിണർ റിപ്പയർ (8) അമ്പലപ്പാറ നിന്ന് പടിഞ്ഞാട്ട് 6കി.മീററർ ദൂരം പൈപ്പ്ലൈൻ വേണം നെല്ലിക്കുന്ന്, വസനാം കുഴിപടി കിണർ എന്നിതുകൾ കൂടി വേണം.

## വാർഡ് 7

വാർഡ്ന്റെ 8 ഭാഗങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള പഴയകിണറുകൾ റിപ്പയർ ചെയ്തു പാറയുള്ള കിണറുകളിലെ പാറ പൊട്ടിക്കുക, പനേരികുളം" ജലസ്രോതസ്സിൽനിന്ന് ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുക, കുഴൽകിണർ നിമ്മിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ട്. മാണിക്ക്യംപാറ ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടണം പാറയ്ക്കൽ കോളനി, പുത്തൻവീട്ടിൽ കോളനി എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥപിക്കണമെന്നും ആവശ്യമുണ്ട്. എലംപറമ്പ് കോളനിയിലെ കിണർ നന്നാക്കാൻ നിർദ്ദേശമുണ്ട്.

## വാർഡ് 8

കുടിവെള്ളപ്രശ്ന പ്രദേശങ്ങളും നിർദ്ദേശ ങ്ങളും

(1) കണ്ണമംഗലം ALP സ്ക്കൂളിന് മുൻവശത്ത് പൈപ്പ് ലൈനിൽ ടാപ്പ് സ്ഥാപിക്കുക (2) 52-ാം നമ്പർ അംഗനവാടിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക (3) കണ്ണമംഗലം ആലങ്ങോട് റോഡ് ഹരിജൻകോളനിയിൽ പൊതു കിണർ വേണം (4) പൂളക്കൽ വീടുകളുടെ പരിസരത്തുള്ള പഴയ കിണർ നേരയാക്കണം (5) അംബേദ്കർ കോളനിയിൽ കുഴൽകിണർ അത്യാവശ്യം.

### വാർഡ് 9

(1) ചെറുമുണ്ടശ്ശേരി യു.പി സ്ക്കൂളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഉദ്ദേശിച്ച് പ്രവർത്തനം ആരംഭിച്ച സ്ക്കീമിലേക്ക് (50000 രൂപ ചിലവ് പ്രതീക്ഷിക്കുന്നു) റിട്ട. അധ്യാപകൻ കെ. സേതുമാധവമേനോൻ 2 സെന്റ് സ്ഥലം (കിണർ കുഴിക്കാൻ) വിട്ടുകൊടുത്തിട്ടുണ്ട് പഞ്ചായത്തിന്റെ സാമ്പത്തിക സഹായം സ്ക്കീമിലേക്ക് ആവശ്യമുണ്ട് (2) അമ്പലപ്പാറ PHC യിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണ മെന്ന് നിർദ്ദേശിക്കുന്നു. (3) ഇടപുരം വഴി ആരംഭിക്കുന്ന സ്ഥലത്തും Postoffice പരിസരത്തും Public tap സ്ഥാപിക്കണം പുളിയക്കുന്ന് ഭാഗത്ത് പുലാററയ്ക്കും ലക്ഷം വീടിനും ഇടയിൽ 2 tap സ്ഥാപിക്കണം (5)P.H.C ക്കും യു.പി സ്ക്കൂളിനും ഇടയിൽ 5 public tap സ്ഥാപിക്കണം U.P സ്ക്കൂൾ പരിസരത്തെ Tap സ്വൽപം കിഴക്കോട്ട് നീട്ടി ഉപകാരപ്രദമാക്കണം (6) U.P സ്ക്കൂളിനു സമീപത്തെ വെള്ളക്കുഴി വിപുലീകരിച്ച് കിണറാക്കുക (7) 4 സെന്റ് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക (8) മുണ്ടിരിക്കൽപ്പടി മുതൽ മലപ്പുറം പതിയിൽ പടിവരെ പൈപ്പ്ലൈൻ സ്ഥാപിക്കുക (9) കൊങ്ങൻ പാറക്ക് ഹരിജൻ പ്രദേശത്ത് പൊതുകിണർ സ്ഥാപിക്കുക (10) സൊറണ്ടക്കൻ മണ്ണാൻതറ കോളനിയിൽ പൊതുകിണർ സ്ഥാപിക്കുക സ്വകാര്യ കിണർ വിട്ടു തരാൻ തയ്യാറാണ് (11) വേലക്കൻ കുഴി പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുക.

### വാർഡ് 10

(1) തളിമലയുടെ മുകളിലുള്ള കുളം പ്രയോജനപ്പെടുത്തി 10-ാം വാർഡിന്റെ മൊത്തം ശുദ്ധജല പ്രശ്നത്തിന് പരിഹാരം കാണണം (2) പരിമിതമായ പൈപ്പ് ലൈൻ വാർഡിൽ മുഴുവൻ സ്ഥാപിക്കുക (3) അയ്യപ്പനാൽ ചുവട്ടിൽ കുഴൽ കിണർ സ്ഥാപിക്കുക (4) ലക്ഷം വീടിന് സമീപ കാറിക്കുമീതേയും പുത്തൻ പുര പടിക്കലും രണ്ട് പൊതു ടാപ്പുകൾ അനുവദിക്കുക (5) ഫോർ വേഡ് പടിക്കൽ പൊതു ടാപ്പ് വേണം.

### വാർഡ് 11

(1) പുത്തൻ പള്ളിയാൽ അപ്പക്കാട് മണ്ണൂർ വെസ്ററ് വേങ്ങശ്ശേരി പൂളക്കുന്നത്ത് എന്നീ സ്ഥലങ്ങളിൽ പൊതു കിണർ സ്ഥാപിക്കുക (2) ചാച്ചിപ്പാറക്കുന്ന് ഭാഗത്ത് കുഴൽകിണർ വേണം (2) സ്ക്കൂൾ വളപ്പിൽ സൗജന്യമായി വെള്ളം നൽകാനുള്ള സൗകര്യം എർപ്പെടുത്തണം (4) കള്ളിയത്ത് വഴിക്കടവ് റോഡിലേക്ക് കാരത്തോട് ഹരിജൻ കോളനിയിലേക്കും പൈപ്പ് ലൈൻ നീട്ടുക (5) 11ാം വാർഡിലെ ഹരിജൻ കോളനികളിൽ പൈപ്പ്ലൈൻ വഴി വെള്ളം എത്തിക്കുക (6) ലക്ഷം വീടു കോളനിയിലെ പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക.

### വാർഡ് 12

കുടിവെള്ള പ്രശ്ന പ്രദേശങ്ങളും നിർദേശങ്ങളും

(1) അകവണ്ട പാണക്കാട് ഭാഗത്തെ എതാനും സ്വകാര്യ കിണറുകൾ പഞ്ചായത്തിന് വിട്ടുകൊടുക്കുന്നതാണ് ഈ കിണറുകൾ ഉപയോഗിച്ച് ശുദ്ധ ജലവിതരണ പദ്ധതി നടപ്പിലാക്കി 50 കുടുംബങ്ങളുടെ ശുദ്ധ ജലപ്രശ്നത്തിന് പരിഹാരം കാണാം. 2ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന സ്ക്കീമിലേക്ക് മനുഷ്യഅദ്ധ്വാനവും 75000 രൂപയും ജനങ്ങൾ വാഗ്ദാനം ചെയ്യുന്നു. സുധാകരൻ നെലക്കാടാണ് നിർദ്ദേശിച്ചത്.

(2) 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന "പേരക്കക്കുളം ഉടമസ്ഥാനുമതി ലഭിച്ചാൽ പഞ്ചായത്ത് എറെറടുത്ത് 11,12, 8, വാർഡുകൾക്ക് ഉപയോഗ പ്രദമായ രീതിയിലുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാനാവുമെന്ന് നിർദ്ദേശിക്കുന്നു.

(3) പച്ചിരിക്കാട് പഴാട്ടിൽ രാമകൃഷ്ണൻ, നെടുവേലി വാസു എന്നിവർ അവരവരുടെ കിണറു ശരിയാക്കി കൊടുക്കന്ന പക്ഷം പൊതുപയോഗത്തിനു തരാൻ സന്നദ്ധത പ്രകടിപ്പിച്ചു.

(4) പാലാരി തോട് ഭാഗത്തിന് സമീപം താനിക്കോട്ടിൽ നാരായണൻ പൊതുകിണറിന് സ്ഥലം വാഗ്ദാനം ചെയ്തു.

(5) ഇപ്പോൾവാർഡിന്റെ ചിലസ്ഥലങ്ങളിൽ മാത്രം പൊതു ശുദ്ധജല വിതരണ പദ്ധതി യുണ്ട് പൈപ്പ് ലൈൻ സൗകര്യം വാർഡിലെ മുഴുവൻ ഭാഗത്തേയും ആവശ്യത്തിനും കണക്ഷനും വേണ്ടി നിർദ്ദേശിക്കുന്നു.

(6) നെല്ലിക്കുന്ന്, കയറാകൂടം, കററക്കല്ല് ഭാഗങ്ങളിൽ കുഴൽകിണറുകൾ ആവശ്യപ്പെടുന്നു.

(7) പൊതു ടാപ്പുകൾ സ്ഥാപിക്കുമ്പോൾ പരിസരവാസികളുടെ അഭിപ്രായം ആരായണം.

(8) ജലശ്രോതസ്സുകൾ കണ്ടെത്താൻ ബന്ധപ്പെട്ട വകുപ്പുമായി സഹകരിച്ച് പൈപ്പുകൾ സ്ഥാപിക്കണം.

(9) സ്വകാര്യ വ്യക്തികൾക്ക് കുഴൽകിണർ കുഴിക്കാൻ പഞ്ചായത്ത് തലത്തിൽ ഏജൻസികളെ ഏർപ്പാടാക്കി ഈ മേഖലയിലെ വെട്ടിപ്പ് കുറയ്ക്കണം.

12-ാം വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് തയ്യാറാകണം സ്കീമിലേക്ക് ബന്ധപ്പെട്ട ഉപഭോക്താക്കൾ മനുഷ്യാദ്ധ്വാനം വാഗ്ദാനം ചെയ്യുന്നു.

## പൊതുജനാരോഗ്യം

ആമുഖം

1962ന് മുമ്പ് വരെയുള്ള കാലഘട്ടങ്ങളിൽ പാരമ്പര്യ വൈദ്യൻമാരെ ആശ്രയിച്ചുള്ള ചികിത്സാരീതികളും,രോഗശാന്തിക്കുള്ള മന്ത്രവാദങ്ങളും വഴിപാടുകൾ നേരലടക്കം നടന്ന അന്ധവിശ്വാസങ്ങളും നിറഞ്ഞ ചികിത്സാസമ്പ്രദായങ്ങളാണ് ഈ പഞ്ചായത്തിൽ നിലനിന്നിരുന്നത് ആധുനിക ചികിത്സാരീതികൾ ഇത്ര മാത്രം പുരോഗമിച്ച ഈ കാലഘട്ടത്തിലും രോഗശമനത്തിനായി ജ്യോത്സ്യനെ വരുത്തി പ്രശ്നം വെയ്ക്കുന്നതിനും വഴിപാടുകൾ നേരുന്നതിനും മന്ത്രവാദം നടത്തുന്നതിനും ചിലരെങ്കിലും മിനക്കെടാറുണ്ട് എന്നുള്ളത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. അതുപോലെതന്നെ ചിക്കൻ പോക്സ് പോലുള്ള വൈറസ്സ് രോഗങ്ങൾക്ക് കാരണം ദേവീകോപമാണന്ന പഴയ വിശ്വസം മുറുക്കെപിടിക്കുന്ന ചുരുക്കം ആളുകൾ ഇന്നുമുണ്ട്.

1962 ൽ സ്ഥാപിച്ച ഡിസ്പെൻസറി ഇന്നത്തെ അമ്പലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം ആണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനം 1988 ൽ സ്ഥാപിതമായ കടമ്പൂർ ഗവ. ഹോമിയോ ഡിസ്പെൻസറി ആണ് ജനങ്ങൾക്ക് ചികിത്സക്കായി ആശ്രയിക്കാവുന്ന മറ്റൊരു സ്ഥാപനം. ആയുർവേദ വിഭാഗത്തിൽ സർക്കാർ തലത്തിൽ സ്ഥാപനങ്ങൾ ഇല്ലെങ്കിലും നിരവധി പാരമ്പര്യ വൈദ്യന്മാരും അത്യാവശ്യ ആയുർവേദ ഡോക്ടർമാരുടെയും സേവനം പഞ്ചായത്തിൽ ലഭ്യമാണ് ഇതുകൂടാതെ അമ്പലപ്പാറ വേങ്ങശ്ശേരി മുരുക്കുംപറ്റ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം തന്നെ സ്വകാര്യ മേഖലയിൽ അലോപ്പതി ഡോക്ടർമാർ പ്രാക്ടീസ് നടത്തുന്നുണ്ട്. ഇത്രയൊക്കെ സൗകര്യങ്ങൾ ഉണ്ടെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തിന്റെ അപര്യാപ്തത കാരണം കൂടുതൽ ആളുകൾ ഒറ്റപ്പാലത്തുള്ള സ്വകാര്യ ആശുപത്രികളേയും ഗവ. താലൂക്ക് ആശുപത്രിയേയും ചികിത്സക്കായി ആശ്രയിക്കുന്നു ഈ ദൗർഭല്യങ്ങൾ മുതലെടുത്തുകൊണ്ടുതന്നെ മിക്ക സൗകാര്യ ആശുപത്രികളും രോഗികളെ പിഴിയുന്നതിൽ മത്സരം തന്നെ നടത്തുന്നു എന്നതാണ് യാഥാർത്ഥ്യം സർക്കാർ ആശുപത്രിയിൽനിന്നും തൃപ്തികരമായ സേവനങ്ങൾ സൗജന്യമായി ലഭിക്കുന്നില്ല എന്നും ജനങ്ങൾക്ക് പരാതി നിലവിൽ ഉണ്ട്.

## ആരോഗ്യ പ്രശ്നങ്ങൾ

1. കക്കൂസ്.

പഞ്ചായത്തിൽ 5980 വീടുകളാണ് നിലവിൽ ഉള്ളത് 50% ജനങ്ങൾ മാത്രമെ കക്കൂസ് ഉപയോഗിക്കുന്ന ശീലം ഉണ്ടാക്കിയെടുത്തിട്ടുള്ളൂ. നിലവിൽ ഉള്ള കക്കൂസുകളിൽ ഭൂരിപക്ഷവും കുഴി കക്കൂസുകളോ, താത്ൽകാലിക സംവിധാനങ്ങളോ ആണ് ശാസ്ത്രീയമായ രീതിയിലുള്ള കക്കൂസ് സൗകര്യങ്ങൾ പഞ്ചായത്തിൽ മുഴുവനും ഉണ്ടാക്കി എടുക്കുക എന്നുള്ളത് എളുപ്പമല്ലെങ്കിലും അത്യാവശ്യമാണ് കോളറ, വയറിളക്കം വിരരോഗങ്ങൾ തുടങ്ങി നിരവധി സാംക്രമിക രോഗങ്ങൾ തടയുന്നതിൽ കക്കൂസിന്റെഉപയോഗം പ്രധാനമാണ്. ഗ്രാമപ്രദേശമായതിനാൽ വീടിനു ചുറ്റും ധരാളം സ്ഥലങ്ങൾ ഉണ്ട് എന്ന സൗകര്യം ഉപയോഗിച്ചാണ് മിക്കവാറും ആളുകൾ കക്കൂസ് നിർമ്മിക്കാനും ഉപയോഗിക്കാനും മടിച്ചു നിൽക്കുന്നത് എന്നാൽ പുതിയ വീടു പണികളോടനുബന്ധിച്ച് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും കക്കൂസ് നിർമ്മിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട് എന്നുള്ളത് ആരോഗ്യ രംഗത്തെ ബോധവൽക്കരണത്തിന്റെ വിജയത്തെ കാണിക്കുന്നു. വിശേഷാൽ ഗ്രാമസഭയിൽ നിന്നും എല്ലാ വാർഡുകളിലും

കക്കൂസ് സൗകര്യം ഉണ്ടാക്കി എടുക്കുന്നതിന്റെ ആവശ്യകതഉയർന്നു്, വന്നിട്ടുണ്ട് 95-96ന്റെ കാലഘട്ടങ്ങളിൽ മാത്രം 4214 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജനം ശുദ്ധജലം മലിനമാക്കുന്ന തിൽ എത്രത്തോളം പങ്ക് വഹിക്കുന്നു എന്നുള്ളത് ഈ കണക്കിൽ തന്നെ വ്യക്തമാണ് സാമ്പത്തിക പരാധീനതകൾ കാരണവും കുറേ ആളുകൾ കക്കൂസിൽ നിന്നും വിട്ടു നിൽക്കുന്നതായി കാണാം. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുളിൽ നിന്നും ഈ ആവശ്യത്തിനായി പൊതു ജനങ്ങൾക്ക് വായ്പ ലഭിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രിതമായി പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കേണ്ടതാണ് സാമ്പത്തിക സൗകര്യമുണ്ടാ യിട്ടും കക്കൂസ് നിർമ്മിക്കാത്ത ആളുകളെ ബോധ വൽക്കരണത്തിലൂടെ ഇതിനു പ്രേരിപ്പിക്കണം. ഇക്കാര്യത്തിനായി ആരോഗ്യ വകുപ്പിലെ ഉദ്യോഗ സ്ഥന്മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്ന താണ്. സ്ഥലപരിമിതി പ്രശ്നമായുള്ള കോളനി കളിലും മറ്റും പൊതു കക്കൂസുകൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കേ ണ്ടതാണ് 9-ാം പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തന്നെ പഞ്ചായത്ത് മുഴുവനും ജനങ്ങൾക്ക് കക്കൂസ് സൗകര്യം ഉണ്ടാക്കിയെടു ക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.

## 2. പരിസരശുചിത്വം

പഞ്ചായത്തിൽ വ്യവസായവൽക്കരണം വളരെ കുറഞ്ഞ അവസ്ഥയിലായതിനാൽ ഗുരുതരമായ പരിസരമലിനീകരണ പ്രശ്നങ്ങൾ നിലവിൽ ഇല്ല. പഞ്ചായത്തിൽ പൊതു ശുചീകരണത്തിന് ജീവനക്കാരില്ലാത്തതിന്റെയും മറ്റും പ്രശനങ്ങൾ ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. "ക്ലീൻ അമ്പലപ്പാറ പഞ്ചായത്ത്" എന്ന ലക്ഷ്യം മുൻനിർത്തി പ്രായോഗിക പദ്ധതികൾ ഇക്കാര്യത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട സെന്ററുകളിൽ ചപ്പുചവറുകളും മറ്റും നിക്ഷേപിക്കാനാവശ്യമായ സൗകര്യങ്ങൾ എത്രയും പെട്ടന്ന് ഉണ്ടാക്കിയെടു ക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡരികിൽ വെച്ച് മത്സ്യ ക്കച്ചവടം നടത്തുന്നത് സാധാരണ കാഴ്ചയാണ്. ഇതിനോടനുബന്ധിച്ചു ള്ള അവശിഷ്ടങ്ങളും മറ്റും റോഡരികിൽതന്നെ ഉപേക്ഷിച്ചു പരിസര മലിനീകരണം ഉണ്ടാവു ന്നുണ്ട്. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു മീൻ ചന്ത" ഇതിനായി ആരംഭിക്കാവുന്നതാണ് ലൈസൻസുള്ള കച്ചവടക്കാർക്ക് മാത്രം അനുമതി നൽകേണ്ടതും കച്ചവട സ്ഥലത്ത് 'ആരോഗ്യ പ്രശ്നങ്ങൾ' ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതു മാണ് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഉപദേശ ങ്ങൾ ഇക്കാര്യത്തിൽ തേടാവുന്നതാണ് ലൈസൻ സില്ലാത്ത അറവു ശാലകളെപ്പറ്റി ചില വാർഡു കളിൽനിന്നും പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട് ഇതിനായി പഞ്ചായത്ത്തലത്തിൽ പരിശോധന യ്ക്ക് വിധേയമാക്കിയ ആടുമാടുകളെ മാത്രം ഉപയോഗിച്ച് അറവു ശാലകൾനടത്തുന്നതിനുള്ള സൗകര്യങ്ങൾ എർപ്പെടുത്തേണ്ടതാണ് ഇക്കാര്യ ങ്ങളിലെല്ലാം ലൈസൻസ് സമ്പ്രദായം കർശന മാക്കേണ്ടതാണ് അതുപോലെതന്നെ പഞ്ചായ ത്തിൽ സൈക്കിളിലും മറ്റും തലച്ചുമടായും മത്സ്യക്കച്ചവടം നടത്തുന്നവർക്കുകൂടി ലൈസൻസ് ബാധകമാക്കണം. പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടക്കുന്നപക്ഷം ഇവർക്കെതിരെ നിയമനടപടി കൾ എടുക്കുന്നതിന് ഇത് സഹായകമാവും.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മിക്കവാറും ഹോട്ടലുകളും ചായക്കടകളും, ശീതളപാനിയ കടകളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കു ന്നത്. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം കച്ചവടക്കാർക്ക് ആദ്യ മായി ബോധവൽക്കരണം കൊടുക്കേണ്ടത് അത്യാ വശ്യമാണ്. ഇതിനുശേഷം "മിനിമം" സൗകര്യ ങ്ങളെങ്കിലും ഉള്ളവർക്കുമാത്രം ലൈസൻസ് കൊടുക്കുകയും അനധികൃത കച്ചവടക്കാരെ അടച്ചുപൂട്ടിക്കുകയും ചെയ്യേണ്ട താണ് ഹോട്ടലു കളിലേയും ചായക്കടകളിലേയും മറ്റും ജീവന ക്കാർക്ക് നിർബന്ധമായും "ഹെൽത്ത് കാർഡ് സംവിധാനം എർപ്പെടുത്തണം.

കർഷകജനതയ്ക്ക് പ്രാമുഖ്യം ഉള്ള ഈ പഞ്ചായത്തിൽ വീടിനോട് ചേർന്ന് കാലിതൊഴുത്ത് കോഴിക്കൂട് തുടങ്ങിയവ നിർമ്മിക്കുന്ന ശീലം നിലവിൽ ഉണ്ട്. ഇതുകൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ബോധവൽ ക്കരണം നടത്തേണ്ടതാണ് അതുപോലതന്നെ വീടുകളിൽ കമ്പോസ്റ്റ് കുഴികളും അടുക്കള ത്തോട്ടങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

കൊതുക്, ഈച്ച പ്രാണികളുടെ നിയന്ത്രണം ഇന്ന് അനിവാര്യമായി മാറിയിരിക്കുന്നു. മലമ്പനി, മന്ത്, മസ്തിഷ്ക്കജ്വരം ഡെംഗ്യൂപനി തുടങ്ങിയ രോഗങ്ങൾക്ക് കൊതുകും. കോളറ, വയറിളക്കം- ഛർദ്ദി രോഗങ്ങൾക്ക് ഈച്ചയും കാരണക്കാരാണ്. നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും slide പ്രദർശനങ്ങളും മറ്റും സന്നദ്ധസംഘടനകളുടെ സഹായത്താൽ സംഘടിപ്പിക്കാവുന്നതാണ്.

പുകവലി സ്വന്തം ആരോഗ്യത്തെ അപകടപ്പെടുത്തുന്നതു കൂടാതെ സാമൂഹ്യ ആരോഗ്യത്തേയും ബാധിക്കുന്നുണ്ട് എന്നുള്ള കാര്യം വിദ്യാസമ്പന്നർ പോലും മനസ്സിലാക്കാത്തത് കഷ്ടമാണ്. സർക്കാർ ഓഫീസ്സുകളിലും, ബസ്സിലും മറ്റും പുകവലി നിരോധനം നിലവിൽ ഉണ്ടെങ്കിലും ഇത് പ്രഹസനമായി മാറിയിരിക്കുകയാണ്. ഇതിനെതിരെ ബോധവൽക്കരണ നടപടികളും വേണ്ടി വന്നാൽ നിയമ നടപടികളും കൈക്കൊള്ളാൻ മടിക്കേണ്ടതില്ല.

**3. മദ്യപാന, മയക്കുമരുന്ന്**

ചാരായ നിരോധനം ഒരു പ്രഹസനമായി ഈ പഞ്ചായത്തിലും നിലനിൽക്കുന്നു. വ്യാജമദ്യ വില്പനയും, കള്ളവാറ്റും പലസ്ഥലങ്ങളിലും നിർബാധം നടക്കുന്നുണ്ട്. വേണ്ടത്ര ആസൂത്രണം ഇല്ലാതെ ചാരായനിരോധനം നടപ്പിലാക്കിയതാണ് പ്രശ്നങ്ങൾ ഇത്രയും ഗുരുതരമാവാൻ കാരണമായത് ഒറ്റയടിക്ക് മദ്യപാനശീലം ആളുകളിൽനിന്ന് ഇല്ലാതാക്കാൻ കഴിയില്ലെങ്കിലും ഘട്ടം ഘട്ടമായി വിദേശമദ്യങ്ങൾ അടക്കമുള്ള 'ശക്തികൂടിയ മദ്യങ്ങൾ നിരോധിക്കേണ്ടതാണ്. ആളുകളുടെ ആവശ്യം നിറവേറ്റുന്നതിനായി കള്ള് പോലുള്ള ലഘുപാനീയങ്ങൾ മാത്രമേ അനുവദിക്കാവുന്നതാണ് നിയമം നടപ്പിലാക്കുന്നതോടൊപ്പം തന്നെ ബോധവൽക്കരണ പരിപാടികൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്താൽ മാത്രം "മദ്യം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുവാൻ കഴിയൂ പുകയിലകൂട്ടിയുള്ള വെറ്റില മുറുക്കും പൊടിവലിയും അനാരോഗ്യശീലങ്ങളായി ഈ പഞ്ചായത്തിലും നിലവിലുണ്ട് പാൻ പരാഗ് മോഡലിലുള്ള ചെറിയ പായ്ക്കറ്റുകളിൽ പുകയിലപൊടി അടക്കം വിദ്യാർത്ഥികൾ ഉപയോഗിച്ചു വരുന്നത് കണ്ടില്ലെന്നുനടിച്ചാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് വഴിവെച്ചേക്കാം യുവജനങ്ങൾ മയക്കുമരുന്നിനും മറ്റും അടിമപ്പെടാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

## ദേശീയ ആരോഗ്യ പരിപാടികൾ

മലമ്പനി, കുഷ്ഠം ക്ഷയം തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ PHC തലത്തിൽ നടക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട ആളുകൾ വേണ്ടത്ര സേവനം ലഭ്യമാക്കുന്നില്ല. എന്നത് പ്രസ്താവ്യമാണ്. കേരളത്തിൽ നിന്നും നിർമാർജ്ജനം ചെയ്ത മലമ്പനി വീണ്ടും ഭീഷണി സൃഷ്ടിക്കുന്ന അവസ്ഥയിലേക്ക് നീങ്ങുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന രോഗ ക്കേസ്സുകളാണ് ഇത്തരത്തിൽ പഞ്ചായത്ത്തല ത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പ്രാണി ജന്യരോഗങ്ങൾ ആകെ 48 കേസ്സുകളാണ് 91-96 കാലഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 14 രോഗികൾ പഞ്ചായത്ത് തലത്തിൽ PHC ൽ നിന്നും കുഷ്ഠരോഗത്തിന് ചികിത്സയുടെ വിവിധ ഘട്ടങ്ങളിലായി ഉണ്ട്. 50 രോഗികൾ ക്ഷയരോഗവുമായി ബന്ധപ്പെട്ട് ചികിത്സയിൽ എർപ്പെട്ടിരിക്കുന്നു. അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായുള്ള Vitamin A വിതരണം പഞ്ചായത്തിൽ നടത്തിവരുന്നുണ്ട്. വിളർച്ചക്കെതിരെയുള്ള കൃഷി അയേൺ ഗുളികളുടെ വിതരണവും തൃപ്തികര മായി തുടരുന്നു. PHC യിലുള്ള Optalmine Assistant ന്റെ സേവനം ആളുകൾക്ക് മുഴുവനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

ഗോയിറ്റർ കൺട്രോൾ പ്രോഗ്രാമുമായി ബന്ധപ്പെട്ട് അയഡിൻ ചേർത്ത ഉപ്പിന്റെ ഉപയോഗം ജനങ്ങളിൽ എത്തിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. -മന്ത് രോഗ കേസുകൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പോളിയോ രോഗ നിർമാർജ്ജന പരിപാടിയുടെ ഭാഗമായു ള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടികൾ പഞ്ചായത്തിൽ ഊർജ്ജിതമായി നടന്നുവരുന്നുണ്ട് സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം പുതിയരീതിയിൽ ഈ വർഷം തൊട്ട് പഞ്ചായത്തിലും ആരംഭിച്ചിട്ടുണ്ട് പരിശോധനയിൽനിന്നും വ്യക്തമായ രോഗങ്ങൾ ക്കെതിരെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം സംഘടിപ്പിക്കേണ്ടിയിരിക്കുന്നു 80 ശതമാനത്തിൽ അധികം സ്ക്കൂൾകുട്ടികൾക്കും ദന്തരോഗങ്ങൾ കാണപ്പെട്ടുഎന്നത് ഗൗരവ്വപൂർവ്വം

വീക്ഷിക്കേണ്ടതാണ് സാർവ്വത്രിക പ്രതിരോധ കുത്തിവെപ്പു പരിപാടികൾ പഞ്ചായത്തിൽ വിജയകരമായി നടന്നുവരുന്നുണ്ട്. കുടുംബക്ഷേമ കാര്യങ്ങളിലും പഞ്ചായത്തിലെ പ്രവർത്തനങ്ങൾ തൃപ്തികരമാണ് ആരോഗ്യ സൂചകങ്ങളായ ജനനനിരക്ക് മരണനിരക്ക് ശിശുമരണനിരക്ക് ആയുർദൈർഘ്യം തുടങ്ങിയവ പഞ്ചായത്തിലും സംസ്ഥാന നിരക്കുകളോട് തുലനാവസ്ഥയിൽ നിൽക്കുന്നു രോഗതുരതയുടെ കാര്യത്തിലും കുടുംബക്ഷേമകാര്യങ്ങൾ സ്വീകരിക്കുന്നതിലുള്ള വൈമുഖ്യത്തിലും പഞ്ചായത്തിലെ മുസ്ലീം ജനവിഭാഗം മുൻപന്തിയിൽ നിൽക്കുന്നു ഈ വിഭാഗത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം ഉയരേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു ജനസംഖ്യാ വിദ്യാഭ്യസത്തിന്റെ പ്രധാന്യം എല്ലാവിഭാഗം ജനങ്ങളും ഒരുപോലെ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം അതുപോലെ തന്നെ 18 വയസ്സിന്മുമ്പ് പെൺകുട്ടികൾ വിവാഹിതരാവുന്നതിലും 20 വയസ്സിനുമുകളിൽ അമ്മയാകുന്നതിലും മുസ്ലീം ജനവിഭാഗം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ലൈംഗിക വിദ്യാഭ്യാസത്തിന്റെ കുറവും പാശ്ചാത്യ സംസ്ക്കാരത്തിന്റെ ആധിക്യവും യുവജനങ്ങളെ അനാരോഗ്യ പ്രവർത്തനങ്ങളിലേക്ക് നയിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാവുന്നതല്ല. എയിഡ്സ് പോലുള്ള മാരക ലൈഗിക രോഗങ്ങൾ പഞ്ചായത്തിന് സമീപ പ്രദേശങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മുൻകരുതലായി ഹൈസ്ക്കൂൾ തലംതൊട്ട് ലൈഗിക വിദ്യാഭ്യാസവും ബോധവൽക്കരണ മാതൃകാക്ലാസ്സുകളും, slide, സിനിമാ പ്രദർശനങ്ങളും നിർദ്ദേശിക്കുന്നു.

## മറ്റ് ചികിത്സാ സമ്പ്രദായങ്ങൾ

ദ്വിതീയ വിവരണങ്ങളിൽ നിന്നും പഞ്ചായത്തിലെ ഗവ. ഹോമിയോ ഡിസ്പെൻസറി ധാരാളം ആളുകൾ ചികിത്സക്കായി ഉപയോഗിക്കുന്നുണ്ടന്നുള്ളത് വ്യക്തമാണ് സ്ഥാപനത്തിന്റെ സഹകരണത്തോടെ ഇക്കാര്യത്തിൽ ജനങ്ങൾക്ക് കുടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. വിവിധ വാർഡുകളിൽനിന്നും അഭിപ്രായങ്ങൾ മാനിച്ച് പഞ്ചായത്തിൽ ഒരായുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുവേണ്ടി പ്രവർത്തിക്കണം ചികിത്സാസമ്പ്രദായത്തിലെ ദുഷിച്ച കച്ചവട പ്രവണതകൾക്കെതിരെ സാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളുടെ സഹായത്താൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

## അമ്പലപ്പാറ PHC

ആധുനിക ചികിത്സക്കും ആരോഗ്യ പ്രവർത്തനങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യമായ PHC യുടെ പ്രവർത്തനങ്ങൾ സ്ഥപനവുമായി ബന്ധപ്പെട്ട് നിരന്തരം വിലയിരുത്തുകയും ന്യൂനതകൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ് കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾക്കൊപ്പം ആവശ്യമായ തസ്തികകൾ പുതുതായി നേടിയെടുക്കാനും ജീവനക്കാരെ നിയമിക്കാനും ശ്രദ്ധിക്കണം PHC യുടെ കീഴിലുള്ള Sub centre കൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും സബ്ബ് സെന്റർ ലെവൽ കമ്മിറ്റികൾ സജീവമാക്കേണ്ടതുമാണ്.

പേപ്പട്ടി നിർമാർജ്ജനം

സന്നദ്ധ സംഘടനകളുടെ സഹായത്താൽ പഞ്ചായത്തിലെ മുഴുവൻ ലൈസൻസില്ലാത്ത പട്ടികളേയും നശിപ്പിച്ചുകൊണ്ട് പേപ്പട്ടിശല്യം എന്ന ഭീഷണിയിൽനിന്നും പഞ്ചായത്തിനെ മോചിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ് ഇതിന് മുന്നോടിയായി ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം

2000-ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം

2000-ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന WHO യുടെ മുദ്രാവാക്യം സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്തതലത്തിൽ PHC യുടെയും മറ്റ് ആരോഗ്യസ്ഥാപനങ്ങളുടേയും സഹായത്താൽ ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കണം.

ഗവ. ഹോമിയോ ഡിസ്പെൻസറി- കടമ്പൂർ

വാണിയംകുളം പഞ്ചായത്തിലേക്ക് അനുവദി

ച്ചതും എന്നാൽ സ്ഥല പരിമിതിമൂലം ആ പഞ്ചായത്ത് ഈ ഹോമിയോ ഡിസ്പെൻസറി വേണ്ടെന്നു വെക്കുകയും ചെയ്ത ഈ സർക്കാർ സ്ഥാപനം കടമ്പൂർ നാട്ടിലേക്ക് വന്നതിന്റെ പിന്നിൽ നല്ലവരായ ചില മനുഷ്യസ്നേഹികളുടെ പ്രത്യേകിച്ചും പഴയ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമാൻ വി.യം.സി നമ്പൂതിരിപ്പാടിന്റെ ത്യാഗവും ഇതിൽ ഉണ്ടെന്നും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു ഉത്തരവ് പുറപ്പെടുവിച്ച് എതാണ്ട് 15 ദിവസത്തിനുള്ളിൽ 29–3–79ന് ഉദ്ഘാടനം നടത്തി. ഇവിടെ ആദ്യത്തെ മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി ഡയറക്ടർ ഡോക്ടർ എ.എസ്. ജയൻ ആയിരുന്നു.

ഈ ഡിസ്പെൻസറിക്കുവേണ്ടി 25സെന്റ് ഭൂമി വാങ്ങുകയും 1993ൽ കെട്ടിടം പണി ആരംഭിക്കുകയുമുണ്ടായി 18–3–'96ന് ഈ കെട്ടിടം ഉദ്ഘാടനം ചെയ്തു. ദിവസവും നൂറോളം രോഗികൾ വന്നു കൊണ്ടിരിക്കുന്നു കാലക്രമേണ ആശുപത്രിയായി ഉയർത്തുവാൻ ആലോചനയുള്ള ഈ സ്ഥാപനത്തിൽ കുറെ കൂടി മരുന്നിന്റെ ലഭ്യത വേണ്ടതാണ്. അതുപോലെ വെള്ള സൗകര്യം വേണ്ടതു തന്നെയാണ്.

**പ്രശ്ന പരിഹാരം**

മരുന്നകളുടെ ദൗർലഭ്യത്തെക്കുറിച്ച് പഞ്ചായത്ത് തന്നെ, വകുപ്പ് അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും വാട്ടർ സപ്ലൈക്ക് താമസമുണ്ടാകുന്ന പക്ഷം ഡിസ്പെൻസറി കോമ്പൗണ്ടിൽ കിണർ കുഴിച്ച് വെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്.

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് ആകമാനം കോളറ പടർന്ന് പിടിച്ച അവസരത്തിൽ ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണങ്ങളോടുകൂടി 23–9–96ന അമ്പലപ്പാറ കല്യാണ മണ്ഡപത്തിൽ വെച്ച് നടത്തിയ കോളറ പ്രതിരോധ മെഡിക്കൽ ക്യാമ്പിൽ പന്തിരായിരത്തോളം പേർക്ക് (സ്ക്കൂൾ കുട്ടികൾക്കും മറ്റുള്ളവർക്കും) പ്രതിരോധ മരുന്ന് നല്കുകയുണ്ടായി വമ്പിച്ച വിജയമായ ഈ ക്യാമ്പിൽ നിന്നും മരുന്ന് കഴിച്ച ഒരാൾക്കുപോലും കോളറ ഉണ്ടായിട്ടില്ല. എന്നതും ഇത്രയും ആളുകൾ സ്വമനസ്സാലെ പ്രതിരോധമരുന്ന് വാങ്ങിക്കഴിച്ചതും, ഹോമിയോപ്പതി ചികിത്സയിൽ ജനങ്ങളുടെ വിശ്വാസം വളർന്നതിന്റെ പ്രത്യക്ഷമായ തെളിവാണല്ലോ.

അതുപോല ഇതിനുമുമ്പ് സംസ്ഥാനത്തൊട്ടാകെ പടർന്നു പിടിച്ച അനേകമാളുകളുടെ മരണത്തിനിടയാക്കിയ മെനി ഞ്ചൈറ്റിസ് (ജപ്പാൻ ജ്വരം) എന്ന രോഗവും ഹോമിയോപ്പതിയിലെ പ്രതിരോധ മരുന്നുകൾ കൊണ്ടാണ് നിയന്ത്രണ വിധേയമാക്കിയത് എന്ന് വാർത്താ മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധേയമായ കാര്യമാണല്ലോ.

ചിക്കൻപോക്സ്, മണ്ണൻ, മുണ്ടിനീര് മഞ്ഞപ്പിത്തം, ഫ്ളൂ(വൈറൽഫീവർ) തുടങ്ങിയ വൈറസ് മൂലമുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സയും പ്രതിരോധ മരുന്നുകളും ഹോമിയോപ്പതിയിൽ ഉണ്ട്. മാത്രമല്ല ഈ ചികിത്സകൊണ്ട് ആർക്കും ഒരു രോഗത്തിനും പാർശ്വഫലങ്ങൾ ഒന്നും തന്നെന്നയുണ്ടാവില്ല എന്നത് ശ്രദ്ധേയമാണ്.

മറ്റ് ചികിത്സാ സമ്പ്രദായങ്ങൾക്ക് നല്കി വരുന്ന പ്രധാന്യവും, പ്രചാരണവും ബന്ധപ്പെട്ട അധികാരികൾ ഹോമിയോപ്പതി ചികിത്സാ രീതിക്കും നല്കിയിരുന്നെങ്കിൽ രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുകയും സമ്പൂർണ്ണ സാക്ഷര കേരളം അങ്ങനെ വീണ്ടും ഒരിക്കൽ കൂടെ ലോകശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തേനെ.

പൊതുജനാരോഗ്യം:- (പ്രശ്നങ്ങൾ, സൗകര്യങ്ങൾ, നിർദ്ദേശങ്ങൾ)

വാർഡ് 1

അമരമംഗലത്ത് പ്രാഥമികാരോഗ്യകേന്ദ്രം ആവശ്യമുണ്ട്. ഇപ്പോൾ ആഴ്ചയിൽ ഒരിക്കൽ സബ്ബ് സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

വാർഡ് 2

ഈ വാർഡിൽ Health centre പണിയാൻവേണ്ടി 25 സെന്റ് സ്ഥലം സൗജന്യമായി വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും അതിനാൽ ഇക്കാര്യത്തിൽ മുൻഗണന കൊടുക്കണമെന്നും ആവശ്യപ്പെടുന്നു അതുപോലെ തന്നെ നിശ്ചിത കാലപരിധിക്കുള്ളിൽ ആധുനിക രീതിയിലുള്ള 300 കക്കൂസുകൾ ആവശ്യമാണന്നും നിർദ്ദേശിക്കണം.

വാർഡ് 3

വാർഡിലെ ഹരിജൻ കോളനികളിലും മറ്റ് ഭാഗങ്ങളിലും ആവശ്യാനുസരണം കക്കൂസുകൾ നിർമ്മിക്കണമെന്ന് നിർദ്ദേശിക്കുന്നു. ചുനങ്ങാടുള്ള Health centre, Primary centre ആയി ഉയർത്തണമെന്നും സ്ഥാപനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെടുന്നു അമ്പലപ്പാറ ആസ്പത്രിയിൽ കണ്ണ്, എല്ല്, ഗൈനക്കോളജി വിദഗ്ധരുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു. ചുനങ്ങാട് ആയുർവേദ ആസ്പത്രി സ്ഥാപിക്കണമെന്നും കൊതുക് പേപ്പട്ടി തുടങ്ങിയ ശല്യം ഒഴിവാക്കണമെന്നും നിർദ്ദേശങ്ങളാണ്.

വാർഡ് 4

ഈ വാർഡിൽ മലപ്പുറത്ത് ഒരു അലോപ്പതി ക്ലിനിക്ക് സ്ഥാപിക്കണമെന്നും പഞ്ചായത്ത് വക രാക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, നേത്രദാന ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

വാർഡ് 5

(1) വിപുലമായ സൗകര്യങ്ങളോടുകൂടിയുള്ള ആയുർവേദാസ്പത്രി സ്ഥാപിക്കണം വാർഡിൽനിന്നും 2 കി.മീറ്റർ അകലെയാണ് നിലവിലുള്ള ആരോഗ്യ കേന്ദ്രം.

(2) ദുർബ്ബലവിഭാഗങ്ങളിൽപ്പെടുന്ന 200ഓളം കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം എർപ്പെടുത്തണം.

(3) വയറിളക്കരോഗങ്ങൾ, കോളറ, ചെങ്കണ്ണ്, പകർച്ചപനി തുടങ്ങിയ രോഗങ്ങൾക്കെതിരെ ബോധവൽക്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തണം. (Field Staf PHC)

(4) ആത്മാർത്ഥമായ ചികിത്സക്കും ഡോക്ടർ രോഗി ബന്ധം മെച്ചപ്പെടുത്തുന്നതിനും ആസ്പത്രി ജീവനക്കാരെ ബോധവൽക്കരിക്കണം. മരുന്ന് വില്പനക്കാർക്കനുകൂലമായി രോഗികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കണം.

(5) ആസ്പത്രി മരുന്നുകളുടെ ലഭ്യതയും വിതരണവും അർഹതപ്പെട്ടവർക്കാണന്ന് ഉറപ്പ് വരുത്തണം. അല്ലാതെയുണ്ടെങ്കിൽ ശിക്ഷണ നടപടികൾക്ക് വിധേയമാക്കണം.

(6) മൊത്തത്തിൽ ഗവ. ആശുപത്രിയുടെ ന്യൂനതകൾ അമ്പലപ്പാറ PHC യിലും നിലനിൽക്കുന്നുണ്ട് ഇത് പരിഹരിക്കണം.

(7) എല്ലാ ലഹരിപദാർത്ഥങ്ങളും നിരോധിക്കണം. അവകൊണ്ടുള്ള ദോഷവശങ്ങളെ ക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം.

വാർഡ് 6

ഈ വാർഡിൽ ആയുർവേദ ആസ്പത്രി നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നു PHC സെന്ററിൽ റിപ്പയർനടത്തുകയും അത്യവശ്യ മരുന്നുകൾ ലഭ്യമാക്കുകയും വേണം. എല്ലാ ഹരിജൻ കോളനികളിലും കക്കൂസ് സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. ആഴ്ചിയിൽ ഒരിക്കലെങ്കിലും PHC സെന്ററിൽ ഡോക്ടർ എത്തണമെന്ന് നിർദ്ദേശമുണ്ട്.

വാർഡ് 7

ഈ വാർഡിൽ നിലവിലുള്ള ഹോമിയോഡിസ്പെൻസറി ഹോസ്പിറ്റലായി ഉയർത്തണമെന്ന് ആവശ്യമുണ്ട്. അമ്പലപ്പാറ PHCയുടെ സൗകര്യങ്ങൾ ഉയർത്തണമെന്ന് നിർദ്ദേശിക്കുന്നു. സാമ്പത്തിക പ്രശ്നങ്ങൾ കാരണം 350 ഓളം വീടുകളിൽ കക്കൂസ് സൗകര്യമില്ലെന്നും മുൻഗണനാക്രമത്തിൽ അനുവദിക്കണമെന്നും ആവശ്യമപ്പടുന്നു ഫോറസ്റ്റ് വകുപ്പിന്റെ കഴിലുള്ള പട്ടിമല ഭാഗത്തേക്ക് ഹരിജനങ്ങൾക്കായുള്ള ശ്മശാനം ഉപയോഗ യോഗ്യമാക്കണമെന്ന നിർദ്ദേശമുണ്ട്.

വാർഡ് 8

ഈ വാർഡിലെ കുംഭാരൻ കോളനിയിൽ 20 കക്കൂസുകൾ ആവശ്യമുണ്ട്. അമ്പലപ്പാറ സെന്ററിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് തൊട്ടികൾ സ്ഥാപിക്കണമെന്നും അഴുക്കുചാലുകൾ വൃത്തിയാക്കണമെന്നും നിർദ്ദേശിക്കുന്നു.

വാർഡ് 9

ഈ വാർഡിൽ ആയുർവേദ ആസ്പത്രി വേണമെന്ന് ആവശ്യമുണ്ട് അമ്പലപ്പാറ PHC യിലെ compound wall, എന്നിവ പുതുക്കിപണിയണമെന്നും ആസ്പത്രി വാർഡ് viring നടത്തി വൈദ്യുതി പ്രശ്നം പരിഹരിക്കണമെന്നും ആസ്പത്രിയിൽ ഒരു സ്റ്റാഫ് നേഴ്സിന്റെ സേവനം കൂടി ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു ഈ വാർഡിൽ 250 ഓളം കക്കൂസുകൾ പുതുതായി നിർമ്മിക്കണം അമ്പലപ്പാറ സെന്ററിൽ ''കുപ്പത്തൊട്ടി സ്ഥാപിക്കണം, മൂത്രപ്പുര സ്ഥാപിക്കണമെന്നും നിർദ്ദേശമുണ്ട്.

വാർഡ് 10

ഈ വാർഡിലെ T.P.P സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല അതിനാൽ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ മുൻനടത്തി താമസയോഗ്യമാക്കണമെന്നും PHC യിൽ ചികിത്സക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്നും. നിർദ്ദേശിക്കുന്നു.

വാർഡ് 11.

ഈ വാർഡിൽ കള്ളിയത്ത് ആസ്ഥാനമാക്കി ഒരു സബ്ബ് സെന്റർ ആവശ്യമുണ്ടെന്നും ഗവ. ആയുർവ്വേദ ആസ്പത്രി സ്ഥാപിക്കണമെന്നും നിർദ്ദേശങ്ങളുണ്ട് ലക്ഷം വീടു കോളനിയിൽ മതിയായ (13) കക്കൂസ് സൗകര്യങ്ങൾ ഏർപ്പെടുത്തണം വാർഡിലെ ജനങ്ങൾങ് പേപ്പട്ടി വിഷത്തിനുള്ള ചികിത്സ സൗജന്യമായി നല്കണമെന്നും പാമ്പ് വിഷത്തെപറ്റി ബോധവൽക്കരണം നടത്തണമെന്നും ആവശ്യപ്പെടുന്നു.

വാർഡ് 12

ഈ വാർഡിലെ IPP സെന്ററിന്റെ അറ്റകുറ്റപണികൾ നടത്തണമെന്നും പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. 60% വീടുകൾക്കും ശരിയായ രീതിയിൽ കക്കുസ് സൗകര്യം ഇല്ലാത്തതാണ് പ്രധാന പൊതുജനാരോഗ്യപ്രശ്നമായി കാണേണ്ടത് ഇതിന് ആസൂത്രിതമായ പദ്ധതികൾ വേണം അമ്പലപ്പാറ PHCയിലെ സൗകര്യങ്ങൾ അധികൃതരുമായി ബന്ധപ്പെട്ട് മെച്ചപ്പെടുത്താൻ ശ്രദ്ധിക്കണം. ജീവനക്കാരുടെ സൗകര്യങ്ങൾ പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ നികത്താൻ സഹായിക്കണം PHCയിൽ അനുവദിച്ച തസ്തികകളിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്. പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന 'പാലാരി' ഭാഗത്തെ അനധികൃത അറവുശാല നിരോധിക്കണം പഞ്ചായത്ത് പ്രദേശത്തുള്ള മുഴുവൻ കച്ചവടക്കാരെയും (ചായക്കട, ഹോട്ടൽ, മത്സ്യവ്യാപാരം, ഇറച്ചിക്കട...) ബന്ധപ്പെട്ട ലൈസൻസ് എടുത്തിരിക്കണമെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഇപ്പോൾ നടത്തിവരുന്ന പട്ടി പിടുത്തം പ്രഹസനമാണെന്നും1വർഷത്തിനുള്ളിൽ ലൈസൻസില്ലാത്ത മുഴുവൻ പട്ടികളേയും നശിപ്പിക്കാനുള്ള സമഗ്രമായ പേപ്പട്ടി നിർമാർജ്ജന പരിപാടിക്ക് ജനകീയ പങ്കാളിത്തോടെ രൂപം കൊടുക്കണമെന്നും നിർദ്ദേശിക്കുന്ന സന്നദ്ധസംഘടനകൾ സഹായം വാഗ്ദാനം ചെയ്യുന്നു. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണം. ഇക്കാര്യത്തിന് PHC യിലെ ആരോഗ്യ പ്രവർത്തകരെ കൂടുതൽ ഉപയോഗപ്പെടുത്തണം. ചപ്പുചവറുകൾ നീക്കം ചെയ്യാനും, ഓടകൾ വൃത്തിയാക്കാനും സത്വര നടപടികൾ കൈക്കൊള്ളണം. മുഴുവൻ വിദ്യാർത്ഥികൾക്കും സ്കൂളിൽതന്നെ തിളപ്പിച്ച് ആറിയ കുടിവെള്ളം ലഭ്യമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തണം. എയ്ഡ്സ് പോലുള്ള മാരകങ്ങളായ ലൈംഗികരോഗങ്ങൾക്കെതിരെ പ്രവർത്തനം എല്ലാവരെയും ഊർജ്ജിതപ്പെടുത്തണം. ലൈംഗിക വിദ്യഭ്യാസത്തിന് പ്രധാന്യവും നിവാരണവും കൊടുക്കണം. പഞ്ചായത്തിലെ പൊതുശ്മശാനം കൂടുതൽ ആളുകൾ ഉപയോഗപ്പെടുത്തുന്നില്ല. സമഗ്രമായ ബോധവൽക്കരണവും സാമൂഹ്യ ചിന്തയും ഉണ്ടാക്കിയെടുത്ത് ഇതിന് പരിഹാരം കാണണം. പഞ്ചായത്തിലെ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമായും ഹെൽത്ത് കാർഡ് വിതരണം ചെയ്യണം.

# 5.5

# വ്യവസായം

അമ്പലപ്പാറ പഞ്ചായത്തിന്റെ പേരിനെ അന്വർത്ഥമാക്കുന്ന തരത്തിൽ കൂടുതലും പാറകളുള്ള ഈ പഞ്ചായത്തിൽ അനങ്ങൻ മലയുടെ ഭീമമായ ഭാഗം ഉൾപ്പെടുന്നതിനാലും മലയുടെ 90 ശതമാനം ഭാഗവും പാറകളാൽ നിറഞ്ഞതിനാലും പ്രഥമമായി ഇവിടെ ആരംഭിക്കാവുന്ന വ്യവസായം പാറക്കല്ലുകൾ ഉപയോഗിച്ച് ചെയ്യാവുന്ന വ്യവസായങ്ങളാണ്. അസംസ്കൃത സാധനമായ പാറയുടെ ലഭ്യത തന്നെ മുഖ്യ കാരണം. അനങ്ങൻ മലയിൽ നിന്നും ലഭിക്കുന്ന പാറയുടെ പഴക്കം ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇന്നു ലഭിക്കുന്ന പാറകളേക്കാൾ കൂടുതലാണെന്നുള്ളതാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. അനങ്ങൻ മലയിലുള്ള പാറ ഉപയോഗിച്ച് ബിംബങ്ങൾ നിർമ്മിക്കുന്നതിനും കലാപരമായ കൊത്തുപണികൾക്കും വളരെയേറെ യോജിച്ചതും കാനഡ പോലുള്ള വിദേശ രാഷ്ട്രങ്ങളിലേക്ക് കയറ്റി അയക്കാൻ പര്യാപ്തമായതുമാണ്. അമ്പലപ്പാറ പഞ്ചായത്തിൽ വ്യവസായികമായും തൊഴിൽ പരമായും അഭിവൃദ്ധിപ്പെടുത്തുന്നതിനു പ്രാഥമിക പരിഗണന വേണ്ടത് കരിങ്കൽ ഉപയോഗിച്ചുള്ള വ്യവസായത്തിനാണ്. ഇവിടെ ഇപ്പോൾ തന്നെ 3 ക്രഷർ യൂണിറ്റും 10 കരിങ്കൽ ക്വാറികളും പ്രവർത്തിക്കുന്നുണ്ട്. 550 ഓളം കുടുംബങ്ങൾ നേരിട്ടും പരോക്ഷമായും ഈ മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 350 ഓളം തൊഴിലാളികൾ നേരിട്ട് ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ക്രഷർ യൂണിറ്റുകളിൽ പാറ പൊടി ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമ്മാണവും നടക്കുന്നുണ്ട്. ഇത്രയും ക്രഷർ യൂണിറ്റും ക്വാറികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം മെച്ചമാണെന്നു പറയാൻ വയ്യ. തൊഴിൽ ദിനങ്ങൾ വർഷം മുഴുവനും ഇല്ലാത്തത് തൊഴിൽ മേഖലയെ തളർത്തുന്നുണ്ട്.

സർക്കാരിൽ നിന്നും വ്യവസായിക മേഖലയ്ക്ക് പ്രോൽസാഹനവും ധനസഹായവും നൽകുന്നുണ്ടെങ്കിലും വ്യവസായ വകുപ്പിന്റേയും ധനസഹായ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രായോഗിക തലത്തിൽ മെച്ചമാണെന്ന് പറഞ്ഞുകൂടാ. പ്രധാനമായും ചെറുകിട വ്യവസായ സംരംഭകർക്കു കിട്ടാവുന്ന ആനുകൂല്യങ്ങളെപറ്റി പ്രാദേശിക തലത്തിലുള്ളവർ അറിയപ്പെടുന്നില്ല. മാത്രമല്ല അറിഞ്ഞ പദ്ധതികൾ പ്രകാരം പാരമ്പര്യ കൈത്തൊഴിൽ പ്രകാരമുള്ള ഉൽപ്പാദന യൂണിറ്റുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന മറ്റു യുണിറ്റുകളിലും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ആവശ്യമായ പൊതുവിപണിയുടെ അഭാവം മൂലം പരാജയപ്പെടുകയാണ് പതിവ്. വിപണിയിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള മേഖല കണ്ടെത്തേണ്ടതും വിദഗ്ധരുടെ സേവനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതുമുണ്ട്.

### ഈ പഞ്ചായത്തിൽ വ്യവസായം പുഷ്ടിപ്പെടുത്തുന്നതിന്നുതകുന്ന പൊതുനിർദേശങ്ങൾ.

I ഭൂരിഭാഗവും പാറകളുള്ള ഈ പഞ്ചായത്തിലെ അനങ്ങൻമല ഉൾപ്പെട്ട പ്രദേശത്ത് ലഭിക്കുന്ന പാറകളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ കാലപ്പഴക്കം ഉണ്ടാക്കാവുന്ന ഉല്പന്നങ്ങൾ, കലാപരമായ മേന്മ, കയറ്റുമതിക്കുള്ള സാദ്ധ്യത എന്നീ വ്യാവസായിക അടിസ്ഥാനങ്ങൾ വിദഗ്ധരടങ്ങുന്ന കടലാസു പദ്ധതി അല്ലാത്ത ഒരു സംഘത്തെക്കൊണ്ടു പരിശോധിപ്പിക്കുക. വ്യവസായിക അടിസ്ഥാനത്തിലുള്ള സാദ്ധ്യത ധാരാളമുണ്ടെന്നാണ് ഇവിടുത്തെ പഴമക്കാരുടെ വിശ്വാസം. വർഷങ്ങൾക്കു മുമ്പ് ഇവിടെ നിന്നു ധാരാളം വിഗ്രഹങ്ങൾ നിർമ്മിച്ചു വിവിധ സ്ഥലങ്ങളിലേക്ക് അയച്ചിരുന്നുവെന്നത് ഇവിടുത്തുകാരുടെ വിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്നു.

### II തേനീച്ച വളർത്തൽ

തേനീച്ച വളർത്തൽ വളരെ ലാഭകരമായ ഒരു കുടിൽ വ്യവസായമാണ്. ഇതിന് സന്നദ്ധരായവർക്ക് തേനീച്ച പിടിക്കുന്നതിനും വളർത്തുന്നതിനും വേണ്ട പരിശീലനം നല്കേണ്ടതാണ്. ധരാളം പേർക്ക് തൊഴിൽ അവസരങ്ങൾ ഇതുമൂലം ലഭിക്കുന്നതാണ്. പ്രത്യേകിച്ചും വീട്ടമ്മമാർക്കും ഈ വ്യവസായത്തിനാവശ്യമായ എല്ലാ സഹായസഹകര ണങ്ങളും ഖാദിബോർഡിൽ നിന്ന് ലഭ്യമാക്കേണ്ട താണ്.

### III നെയ്ത്തുതറി

പഞ്ചായത്തിൽ നെയ്ത്തുതറി ഉണ്ടാവുകയാണെങ്കിൽ (1000) ആയിരത്തിൽപരം വ്യക്തികൾക്ക് തൊഴിൽ ലഭിക്കുന്നതിനു കഴിയും. അഞ്ചുവർഷം കൊണ്ട് 500 നെയ്ത്തുതറിയെങ്കിലും ഉണ്ടാക്കുകയാണെങ്കിൽ, പാവ് ഉണ്ടാക്കൽ, പാവ് ചുറ്റൽ മുതലായവയ്ക്കും ഡെയിംഗ് ആന്റ് പ്രിന്റിംഗ്, സെയിൽസ് ആന്റ് മേനേജ്മെന്റ് മുതലായവക്കും പ്രത്യക്ഷത്തിൽ തന്നെ തൊഴിൽ സാദ്ധ്യതകളുണ്ട്. 500 തറിക്ക് ഏകദേശം 2500000 ത്തിലധികം രൂപ ചെലവു വരും. ഈ പണം ഖാദി ബോർഡിൽ നിന്നും ലഭ്യമാക്കണം. ഇതിന്റെ ഭാഗമായി പഞ്ചായത്തിന്റെ 2 വാർഡു കൂടി ഒരു നൂൽ നൂൽപ്പ് കേന്ദ്രം എന്ന ക്രമത്തിൽ തുടങ്ങേണ്ടത് അനിവാര്യമാണ്.

### IV. ഹാൻഡ് മെയ്ഡ് പേപ്പർ യൂണിറ്റ് (Hand Made Paper Unit)

50 ൽ പരം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായ മേഖലയാണിത് . ഇതിനു വേണ്ടി ഖാദി ആന്റ് ഇൻഡസ്ട്രിയൽ കമ്മീഷനിൽ നിന്ന് നമുക്ക് ഫണ്ട് ലഭ്യമാക്കാൻ വേണ്ട സഹായം ചെയ്യണം. ഏകദേശം 10 ലക്ഷം രൂപ മുടക്കു മതൽ വന്നേക്കും. ഇതിനു വേണ്ട അസംസ്കൃത വസ്തുക്കളായ വൈക്കോൽ, പഴകിയ തുണി, പേപ്പർ, തുടങ്ങിയവ പ്രാദേശികതലത്തിൽ നിന്നു തന്നെ ലഭ്യമാണ്.

### V. എല്ലുപൊടി നിർമ്മാണശാല

പഞ്ചായത്തിന്റെ പുറംപോക്കു ഭൂമികളിൽ ഇത്തരം വ്യവസായ ശാലകൾ സ്ഥാപിക്കണം. അതിനോടനുബന്ധിച്ച് ഗോസദൻ ( മൃഗസംരക്ഷണ പരിപാലന കേന്ദ്രം), ജൈവവളം, ക്ഷീരസഹകരണ സംഘം, തോൽ ഊറക്കിടുന്ന യൂണിറ്റ് തുടങ്ങിയവയും ആവശ്യമാണ്.

### VI. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

റബ്ബർ സംബന്ധമായ എല്ലാ അസംസ്കൃത വസ്തുക്കളും ലഭ്യമാകുന്നതുകൊണ്ട് അത്തരം വസ്തുക്കൾ സംഭരിച്ച് റബ്ബർ ഉപഭോഗ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം. ഉദാഹരണമായി റബ്ബർബാന്റ്, റബ്ബർ, ബലൂൺ, ഗ്ലൗസ്, ചവിട്ടി തുടങ്ങിയവ.

### VII. ജൈവകീടനാശിനി വ്യവസായം

വേപ്പിൻകുരു, തുളസി, പുകയിലകഷായം മുതലായവ കൊണ്ട് ഉണ്ടാക്കിയ കീടനാശിനികൾ ഉപയോഗിക്കുന്നതു കൊണ്ട് മണ്ണിനും മനുഷ്യനും ഹാനികരമല്ലാത്തതിനാൽ ഇത്തരം യൂണിറ്റുകൾ ധാരാളമായി സ്ഥാപിക്കണം.

### VIII. നാളികേരോൽപ്പന്ന യൂണിറ്റ്.

പഞ്ചായത്തിലെ 10-ാം വാർഡിൽ " ഒലിണ്ട" എന്ന കമ്പനിയിൽ തേങ്ങയിൽ നിന്നുൽപ്പാദിപ്പിക്കാവുന്ന തേങ്ങാപൊടി, വെളിച്ചെണ്ണ, വിനീഗർ, ചിരട്ടപൊടി, ചകിരി നാരാക്കിയെടുക്കുക മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്ന ഒരു പ്രധാന വ്യവസായ യൂണിറ്റ് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 250 ഓളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അതിനു വേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാവണം.

## IX. സർജിക്കൽ എക്യുപ്മെന്റ് യൂണിറ്റ്.

സർജിക്കൽ എക്യുപ്മെന്റ് യൂണിറ്റ് തുടങ്ങുന്നതിനുള്ള സാങ്കേതിക വിദഗ്ദർ ഇവിടെ ധാരാളമുണ്ട്. അവർക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായസഹകരണങ്ങൾ ലഭ്യമാക്കണം.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

**വാർഡ് I**

ഇഷ്ടിക വ്യവസായം, റെഡിമെയ്ഡ്, കുടിൽ വ്യവസായങ്ങളായ കൊട്ട, പായ മുതലായവ തുടങ്ങാൻ സന്നദ്ധരായ ആളുകൾ ഉണ്ട്. അവർക്കു വേണ്ട സാമ്പത്തിക സഹായം നൽകണം.

**വാർഡ് III**

Furniture Unit തുടങ്ങാൻ Forest Department ന്റെ തടസ്സങ്ങൾ നീക്കി കിട്ടണം.

**വാർഡ് IV**

ബ്രഷ് കമ്പനിയും, റെഡിമെയ്ഡ്, കൈത്തറി, ചർക്ക എന്നീ യൂണിറ്റുകൾ തുടങ്ങുവാനും തൊഴിലെടുക്കുവാനും സന്നദ്ധരായ ജനങ്ങളുണ്ട്. ബന്ധപ്പെട്ടവർ സാമ്പത്തിക സഹായവും സഹകരണവും നൽകണമെന്ന് അപേക്ഷിക്കുന്നു. ഇതിനോടൊപ്പം ഒരു തുന്നൽ പരിശീലന കേന്ദ്രവും (നമ്പിയത്തു കുന്നത്ത്) തുടങ്ങണം.

**വാർഡ് V**

റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കാൻ സന്നദ്ധരായ വനിതകളുണ്ട്. സഹകരണ സംഘങ്ങളോ, മറ്റേതെങ്കിലും ഏജൻസികളോ തയ്യാറാവണം. സോപ്പ് നിർമ്മാണത്തെ അവശതയിൽ നിന്ന് രക്ഷിക്കാൻ നടപടികളെടുക്കണം. മൺപാത്ര നിർമ്മാണ തൊഴിലുകളും തൊളിലാളികളും പരാധീനതയിലാണ്. അവരെ രക്ഷിക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണം. ഫർണീച്ചർ വ്യവസായം തുടങ്ങുവാനാവശ്യമായ എല്ലാ സഹകരണങ്ങളും ചെയ്തു തരണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു. ബേക്കറി തുടങ്ങുവാനാവശ്യമായ എല്ലാ സാമ്പത്തിക സഹായസഹകരണങ്ങളും ചെയ്തു തരണമെന്നപേക്ഷിക്കുന്നു. ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് തുടങ്ങുവാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യണം.

**വാർഡ് VI**

കുട്ടരാകുളത്തിനു സമീപം ഒരു റൈസ് മില്ലിന് ലൈസൻസ് കിട്ടുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കി കൊടുക്കുക. കോഴി വളർത്തു കേന്ദ്രം തുടങ്ങുവാനുള്ള സഹായ സഹകരണങ്ങൾ ചെയ്യുക. ചന്ദനത്തിരി നിർമ്മാണം, സോപ്പ് നിർമ്മാണം, അച്ചാർ നിർമ്മാണം, നൂൽ നൂൽപ്പ്, ഇഷ്ടിക നിർമ്മാണം എന്നീ വ്യവസായങ്ങൾ തുടങ്ങുക.

**വാർഡ് VII**

(മുശാരിപണി) ഓട്ടുപാത്ര നിർമ്മാണത്തിനാ വശ്യമായ സാമ്പത്തിക പ്രതിസന്ധി ഈ വാർഡ് നേരിടുന്നുണ്ട്. അതിനു വേണ്ട വൈദ്യുതി, സാമ്പത്തിക സഹായം മുതലായവ നൽകുക. ചന്ദനത്തിരി വ്യവസായം തുടങ്ങുവാനാവശ്യമായ, സാമ്പത്തികവും, സഹായവും നൽകുക.

**വാർഡ് VIII**

ദോസാഡാ നിർമ്മാണത്തിനും, ഇഷ്ടിക നിർമ്മാണത്തിനും, റെഡിമെയ്ഡ് നിർമ്മാണത്തിനും ഊന്നൽ നൽകുക. തീപ്പെട്ടി, സോപ്പ്, ചന്ദനത്തിരി മുതലായ വനിതാ സഹകരണതൊഴിലുകൾക്കാ വശ്യമായ സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക. നൂറോളം കുടുംബങ്ങൾക്ക് തൊഴിൽ ഈ പരിപാടികൾ കൊണ്ട് നൽകുവാൻ സാധിക്കും.

**വാർഡ് IX**

സോപ്പ് ഫാക്ടറി, ബീഡി വ്യവസായം, ഗൃഹനിർമ്മാണ വസ്തുക്കൾ (കോൺക്രീറ്റ് കട്ടള, ജനൽ) എന്നിവ നിർമ്മിക്കുന്നതിനു തയ്യാറുള്ള യുവാക്കളും യുവതികളുമുണ്ട്. അതിനു വേണ്ട സാമ്പത്തികമായ സഹായം ചെയ്യുക.

**വാർഡ് X**

എണ്ണയാട്ടു വ്യവസായം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഇഷ്ടിക നിർമ്മാണം ഫർണിച്ചർ വ്യവസായം തുടങ്ങാൻ സന്നദ്ധരായ ധാരാളം ജനങ്ങൾ ഇവിടെയുണ്ട്. അതിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്യുക.

**വാർഡ് XI**

പരമ്പരാഗത വ്യവസായമായ പപ്പട വ്യവസായത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്യുക. റെഡിമെയ്ഡ്, തുന്നൽ പരിശീലനം മുതലായവ തുടങ്ങുവാനുള്ള ജനങ്ങൾ ഇവിടെയുണ്ട്. അതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക. ക്ഷീരോല്പാദനം യൂണിറ്റ് എന്നിവ സംഘടിപ്പിക്കുക.

**വാർഡ് XII**

കരിങ്കല്ലധിഷ്ഠിത വ്യവസായം, പായ, കൊട്ട, പരിമ്പ്, ഓലക്കുട മുതലായവയ്ക്ക് പ്രോത്സാഹനം നൽകുക. Rice Mill, Flour Mill, Plastic വ്യവസായം, റെഡിമെയ്ഡ് മുതലായവ തുടങ്ങാൻ സന്നദ്ധരായ യുവാക്കളുണ്ട്. അതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക.

അമ്പലപ്പാറ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, ഓട്ടു പാത്ര നിർമ്മാണം, പായ നെയ്ത്, പരിമ്പ്, കൊട്ട, വട്ടി, മുറം, ഓലക്കുട, കള്ള് ചെത്ത്, ഖാദി, ബീഡി വ്യവസായം എന്നീ മേഖലകളെ പുനരധിവസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ട എല്ലാ സാമ്പത്തിക സഹായസഹകരണങ്ങൾ ഒമ്പതാം പദ്ധതിയിൽ ഊന്നൽ നൽകണം. അതിനോടൊപ്പം ആധുനിക വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

# അമ്പലപ്പാറ പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| 1. | കൊരിയൻ ക്രഷർ (കല്ലുടക്കുന്ന മെഷീൻ) – | വേങ്ങശ്ശേരി വാർഡ് | 12 |
| 2. | കരിങ്കൽ കോറി 3 എണ്ണം | " " | 11 |
| 3. | ക്രഷർ (പുതിയത്) കള്ളികുന്ന് | " " | 11 |
| 4. | പരമ്പരാഗത വ്യവസായമായ ഓട്ടുപാത്ര നിർമ്മാണം (ചെറുമുണ്ടശ്ശേരി) | " | 9 |
| 5. | പരമ്പരാഗത വ്യവസായമായ ഓട്ടുപാത്ര നിർമ്മാണം | " | 7 |
| 6. | മൺപാത്ര നിർമ്മാണം | | 8 |
| 7. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് (ചെറുത്) | " | 9 |
| 8. | ഖാദി ഗ്രാമ നൂൽനൂൽപ്പ് കേന്ദ്രം | " | 7 |
| 9. | സോപ്പ് യൂണിറ്റ് (വിജയ് സോപ്പ്) | " | 7 |
| 10. | കരിങ്കൽ കോറി (കൂനൻ മല, കടമ്പൂർ) | " | 7 |
| 11. | സോപ്പ് യൂണിറ്റ് (Washing-21 ) | " | 5 |
| 12. | സോപ്പ് യൂണിറ്റ് (Washing-27 ) | " | 5 |
| 13. | സോപ്പ് യൂണിറ്റ് (Washing-207 ) | " | 5 |
| 14. | Sow Mill and Furniture (അമ്പലപ്പാറ) | " | 5 |
| 15. | തീപ്പെട്ടി കമ്പനി 2 എണ്ണം | " | 8 |
| 16. | ബീഡി വ്യവസായം (അമ്പലപ്പാറ) (മുല്ല ബീഡി) | " | 5 |
| 17. | ബീഡി വ്യവസായം (മലപ്പുറം) (ഫോട്ടോമാൻ, ചെടി) | " | 4 |
| 18. | കരിങ്കൽ കോറി 2 (മലപ്പുറം) | " | 4 |
| 19. | കരിങ്കൽ കോറി 1 (ചെറുമുണ്ടശ്ശേരി) | " | 9 |
| 20 | വർക്ക്ഷോപ്പുകൾ 3 എണ്ണം (അമ്പലപ്പാറ) | " | 8,5 |
| 21. | Welding Industries (അമ്പലപ്പാറ, മുരിക്കുംപറ്റ) | " | 4,9 |
| 22. | തീപ്പെട്ടി കമ്പനികൾ (വാണി വിലാസിനി) | " | 3,3 |
| 23. | Furniture Industries (അമ്പലപ്പാറ) | " | 9,4 |
| 24. | പ്രിന്റിംഗ് ഇൻഡസ്ട്രീസ് ( അമ്പലപ്പാറ, മുരിക്കുംപറ്റ) | " | 5 |
| 25. | ഇഷ്ടികചൂള (പ്ലാത്തറ) | " | 1 |
| 26. | സോമിൽ (പ്ലാത്തറ, മുരിക്കുംപറ്റ) | " | 1,4 |
| 27. | ക്രഷർ (മുരിക്കുംപറ്റ) | " | 1,4 |
| 28. | കോറി (കരിങ്കൽ) (മുരിക്കുംപറ്റ) | " | 4 |
| 29. | Oil Mill (വാണി വിലാസിനി) | " | 2 |
| 30 | Oil Mill (അറവക്കാട്) | " | 5 |
| 31. | അവിൽ മിൽ (അമ്പലപ്പാറ, കടമ്പൂർ, മുരിക്കുംപറ്റ) | " | 5,7,4 |
| 32. | റൈസ് മിൽ (10) | | |

ഇവയാണ് പ്രധാനപ്പെട്ട നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ.

1. കരിങ്കൽ വ്യവസായ സ്ഥാപനങ്ങളിൽ 550നു മുകളിൽ തൊഴിലാളികൾ പണി ചെയ്യുന്നുണ്ട്. അവരുടെ വേതനം ആൺ തൊഴിലാളികൾക്ക് 100 രൂപ തൊട്ട് 150 രൂപ വരെയും സ്ത്രീ തൊഴിലാളികൾക്ക് 50 രൂപ തൊട്ട് 100 രൂപ വരെയും കൂലിക്ക് തൊഴിലെടുക്കുന്നു.

2. കൈത്തറി, തീപ്പെട്ടി കമ്പനി എന്നീ മേഖലകളിൽ ശരാശരി 30 രൂപയാണ് വേതനം. 100 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു.

3. മറ്റുള്ള മേഖലകളിൽ 500 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു. 75 – 100 രൂപ ശമ്പളം കിട്ടുന്നുണ്ട്. ഇതാണ് നിലവിലുള്ള സ്ഥിതി.

# 5.6

## ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

### ഗതാഗതം

ആമുഖം

പഞ്ചവത്സര പദ്ധതികളുടെ പ്രാരംഭ ദശയിൽ തന്നെ മറ്റെല്ലാ വികസന പ്രക്രിയകളെയും പിന്തള്ളികൊണ്ട് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഗ്രാമീണ ജനതക്ക് വളരെ ഏറെ താത്പര്യമുണ്ടായിരുന്നു. പിന്നീട് ഗ്രാമവികസനമെന്നാൽ റോഡും പാലവുമാണെന്നു മാത്രം ഗ്രാമീണരെ ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു നീക്കം സർവസാധാരണ മായിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി യനുസരിച്ച് റോഡു ഗതാഗതം മാത്രമാണ് പ്രായോഗികമായുള്ളു. മുമ്പു റോഡു നിർമ്മാണ ത്തിന് പ്രധാനമായും ഗുണഭോക്താക്കളുടെയും സേവനസന്നദ്ധ സംഘടകളുടെയും പ്രവർത്തനം വളരെയേറെ പ്രയോജനമുണ്ടാക്കിയിരുന്നു. എന്നാലിന്നു സർക്കാർ, പഞ്ചായത്ത് എന്നീ ഏജൻ സികളുടെ ബാദ്ധ്യതയാണ് റോഡു നിർമ്മാണവും മറ്റുമെന്നുള്ള ഒരു ധാരണ സാധാരണക്കാരിൽ സംജാതമായിട്ടുണ്ട്. ഗ്രാമസഭകളിൽ കൂടി കുറെയൊക്കെ ബോധവൽക്കരണം നടത്തിയിട്ടു ണ്ടെങ്കിലും ഗതാഗത വികസന പ്രവർത്തനത്തിൽ ഗുണഭോക്താക്കൾക്കുള്ള പങ്കിനെ പറ്റി ബോധവാ ന്മാരായിട്ടില്ല. ഒരു റോഡു നിർമ്മിക്കുക എന്നതിൽ കവിഞ്ഞ് അത് ഗതാഗതയോഗ്യമാക്കി നിലനിർത്താ നുള്ള ബാദ്ധ്യതയിൽ നിന്നും എല്ലാവരും ഒഴിഞ്ഞു നിൽക്കുന്ന പ്രവണതയാണ് ഇന്നുള്ളത്. സർക്കാറി നും പഞ്ചായത്തിനും എല്ലാ റോഡുകളും യഥാവിധി സംരക്ഷിച്ചു നിർത്താനുള്ള സാധ്യത സാമ്പത്തിക പരാധീനത മൂലം തടസ്സപ്പെടുന്നുണ്ട്. മാത്രമല്ല ജനപങ്കാളിത്തമില്ലാത്ത വികസന പ്രവർത്തനങ്ങൾ ഇടത്തട്ടുകാരെ കൊഴുപ്പിക്കുന്നതിനു മാത്രം ഉതകു ന്നു. പഞ്ചായത്തിന്റെ പരിമിതമായ വരുമാനത്തിൽ നിന്നുകൊണ്ട് മൂന്നോ നാലോ കി.മി. ഉള്ള ഒരു റോഡ് അഞ്ചോ ആറോ വർഷം കൊണ്ടു മാത്രമെ ഭാഗികമായി പണി ചെയ്ത് പൂർത്തികരിക്കാനാകു. അത്രയും കാലയളവിൽ ആദ്യം നിർമ്മിച്ച ഭാഗം അറ്റകുറ്റ പണികളുടെയും ആവശ്യത്തിനും, ഓവു ചാലും, പാലവും ഇല്ലാത്തതിന്റെയും അഭാവത്തിൽ ഗതാഗത യോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു. ഇവിടുത്തെ ഭൂപ്രകൃതി മണ്ണൊലിച്ചു പോകത്തക്ക രീതിയിൽ മലമ്പ്രദേശമാകയാൽ ശരിയായ സൈഡ് പടുക്കലും ഓവുചാലുകളും ഇല്ലാത്തതുകൊണ്ട് മൺപണി മാത്രം ചെയ്ത റോഡുകൾ മൂന്നു മാസത്തെ വർഷകാലം കൊണ്ടു മാത്രം നാശമായി പോകുന്നു. P.W.D. റോഡുകളുടെ സ്ഥിതി പഞ്ചായത്തു റോഡുകളേക്കാൾ ശോചനീയമാണ്. ഗതാഗതം സുഗമമാക്കുന്നത് പഞ്ചായത്തിന്റെയോ സർക്കാറിന്റെയോ മാത്രം കടമയാണെന്നും അതിൽ നമുക്കൊന്നും ഇതിൽ പങ്കില്ലെന്നുമുള്ള ഒഴുക്കൻ നയമൊഴി വാക്കി അനാവശ്യമായ ഊർജ്ജം കത്തിച്ചു കളയുന്നതിലുള്ള നഷ്ടവും അപകടങ്ങൾ മൂലമുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളും വാഹനങ്ങ ളുടെ അറ്റകുറ്റ പണികൾ കുറച്ച് യാത്ര സുഗമമാക്കി

ന്നതിനും നമുക്ക് നമ്മുടെതായ പങ്ക് വഹിക്കാമെന്നുള്ള പ്രതിജ്ഞയോടു കൂടി ഭാവി ഗതാഗത പ്രവർത്തനത്തിൽ കണ്ണികളാകാം.

നിലവിലുള്ള ഗതാഗത സംവിധാനത്തെപ്പറ്റി നമുക്കൊന്നു വിലയിരുത്തി നോക്കാം.

ഇപ്പോൾ നിലവിലുള്ള മംഗലാംകുന്ന് - ഒറ്റപ്പാലം റോഡ്, അമ്പലപ്പാറ - പാലക്കാട് റോഡ് ഇവയുടെ സ്ഥിതി ഇപ്പോഴും ശോചനീയാവസ്ഥയിലാണ്. ഈ റോഡുകളിലൂടെ വേണ്ടത്ര ബസ്സുകളും ഓടുന്നില്ല. മുമ്പ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കുകയും ചെയ്തു. P.W.D. യുടെ കീഴിലുള്ള ഈ റോഡുകൾക്ക് പല ഭാഗങ്ങളിലും വീതി വളരെ കുറവാണ്. അതിനാൽ റോഡപകടങ്ങൾക്കുള്ള സാധ്യതയും ഉണ്ട്. റോഡുകളിലെ ടാർ ചെയ്ത ഭാഗങ്ങൾ കേടു വന്ന് വലിയ കുഴികൾ പലയിടത്തുമുണ്ട്. ഇവ യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതിനാൽ വാഹനങ്ങൾക്ക് കടന്നു പോകാൻ വളരെയധികം വിഷമമുണ്ട്.

അമ്പലപ്പാറ പഞ്ചായത്തിന്റെ പരിസരത്ത് ഏറ്റവുമടുത്ത് എന്നു പറയാനുള്ള ഒരു റെ. സ്റ്റേഷനാണ് ഒറ്റപ്പാലം. ഒറ്റപ്പാലം റെ. സ്റ്റേഷനിലേക്ക് ഈ പഞ്ചായത്തേരിയയിൽ നിന്നും 12 കി.മി. ദൂരം, അതുകൊണ്ടു തന്നെ അസൗകര്യവും ധാരാളമാണ്. അമ്പലപ്പാറ പഞ്ചായത്തിലെ എല്ലാ വാർഡുകളും ഗ്രാമപ്രദേശങ്ങളാണ്. ആ പ്രദേശങ്ങളെല്ലാം തന്നെ മലകളും കുണ്ടുകളും പറമ്പുകളും നിറഞ്ഞുനിൽക്കുന്നവയാണ്. ഈ പ്രദേശങ്ങളിലെല്ലാം തന്നെ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങൾ ഏറ്റവും കുറഞ്ഞ അളവിൽ മാത്രമാണ്.

എന്നാലിത്തരത്തിലുള്ള പ്രദേശങ്ങളായതിനാൽ റോഡുകൾ നിർമ്മിക്കുന്ന കാര്യത്തിൽ വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. അനങ്ങൻമലയിൽ നിന്നും വർഷകാലങ്ങളിൽ കുത്തിയൊഴുകി വരുന്ന വെള്ളച്ചാട്ടങ്ങൾ വലിയ തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ ഭാഗങ്ങൾ കടന്നുപോകുന്ന എല്ലാ ഇടങ്ങളിലും പാലങ്ങളും, ഓവുപാലങ്ങളും വേണ്ടി വരുന്നു. അതുപോലെ റോഡുകൾ കടന്നു പോകേണ്ട സ്ഥലങ്ങൾ ഏറ്റവും തടസ്സങ്ങൾ ഉളവാക്കുന്ന ഒന്നാണ് വലിയ പാറക്കൂട്ടങ്ങൾ. ഈ പാറകൾ കാരണം മറ്റു വഴിക്കു തിരിച്ചു കൊണ്ടു പോകുമ്പോൾ ഇതിലേറെ മറ്റു പ്രശ്നങ്ങളും റോഡു നിർമ്മാണത്തിന് വിലങ്ങു തടികളാകുന്നു. ഇപ്രകാരമുള്ള ഭൂപ്രകൃതിയായതു കൊണ്ട് റോഡുകളുടെ നിർമ്മാണത്തിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു.

പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും റോഡുകളുടെ ആവശ്യം അത്യന്താപേക്ഷിതമാണ്. കാരണം മലയോരപ്രദേശങ്ങളായതിനാൽ ജനങ്ങൾക്കു പ്രധാന റോഡുകളിലെത്തിച്ചേരുവാൻ മലകളും ഇടക്കുന്നുകളും വയലും തോടും ചോലകളും തരണം ചെയ്തു വേണം. ഈ ഇനത്തിൽ ഏറ്റവുമധികം ദുരിതമനുഭവിക്കുന്നത് പിന്നോക്ക വിഭാഗങ്ങളിൽ പെടുന്ന കോളനി നിവാസികളാണ്.

കോളനി നിവാസികൾ അനങ്ങൻമലയുടെ തെക്കും വടക്കും പാർശ്വഭാഗങ്ങളിലാണ്. അവിടങ്ങളിലേക്ക് റോഡുകൾ എത്തിക്കുവാനും റോഡുകൾ വെട്ടുന്നതിനും ജനപങ്കാളിത്തത്തോടു കൂടി റോഡുകൾ നിർമ്മാണ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നുണ്ട്.

പഞ്ചായത്തുതലങ്ങളിൽ നിന്ന് ഇത്തരത്തിലുള്ള ഓരോ പ്രദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും പൊതു പ്രവർത്തകരും നേരിൽ വീക്ഷിച്ച് തത്തുല്യമായ പ്രാതിനിധ്യം കൊടുക്കേണ്ടതാണ്.

ഈ പ്രവർത്തനമേഖല പഞ്ചായത്തു തലത്തിലുള്ളതും വാർഡു തലത്തിലും ഗ്രാമസഭകളിലൂടെയും വരുന്ന എല്ലാ റോഡുകളും ഉൾപ്പെടുത്തി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

അതുപോലെ പ്രവർത്തനങ്ങളിൽ ഇരിക്കുന്നതും പൂർത്തീകരിക്കേണ്ട റോഡുകളും ശ്രമദാനവും ജനപങ്കാളിത്തത്തോടും കൂടി നടത്തുന്ന റോഡുകളുടെ പണികൾക്ക് മുൻതൂക്കം കൊടുത്തു കൊണ്ട് റോഡുകളുടെ കാര്യങ്ങൾക്കായി അശ്രാന്ത പരിശ്രമം ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

2000-മാണ്ടോടു കൂടി അമ്പലപ്പാറ പഞ്ചായത്തിലെ എല്ലാ റോഡുകളും ഏറ്റവുമധികം പുരോഗതി പ്രാപിക്കേണ്ടതുണ്ട്.

ഈ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | നിലവിലുള്ള റോഡുകൾ | ടാറിങ്ങ് | മെറ്റലിങ്ങ് | നീളം |
|---|---|---|---|---|
| 1. | അമ്പലപ്പാറ – മേലൂർ റോഡ് 8 മീ. | 3–200 | 3–210 | 6–410 |
| 2. | വേങ്ങശ്ശേരി – ലക്കിടി (വയങ്കാവ് റോഡ്) 8 മീ. | 200 മീ | – | 4–500 |
| 3. | ചുനങ്ങാട് – വാണിവിലാസിനി – മൈലുംപുറം 8 മീ. | 2–600 | 1–900 | 4–500 |
| 4. | വേങ്ങശ്ശേരി – ആലങ്ങാട് – കടമ്പഴിപ്പുറം 8 മീ. | | | 2–250 |
| 5. | കടമ്പൂർ ഹൈസ്ക്കൂൾ റോഡ് 8 മീ. | 0–800 | | 0–800 |
| 6. | കടമ്പൂർ – ഏലമ്പറമ്പ് – താന്നികുന്ന് റോഡ് (പള്ളിപ്പടി – കടമ്പൂർ റോഡ്) 8 മീ. | 1000 | | 1000 |
| 7. | മലപ്പുറം – പുലപ്പറ്റശ്ശേരി റോഡ് | 3–600 | 900 | 4–500 |
| 8. | പാലാരി – വേങ്ങശ്ശേരി റോഡ് | 3–000 | | 3–000 |
| 9. | ചെറുമുണ്ടശ്ശേരി യു.പി.സ്ക്കൂൾ റോഡ് | | | 1–500 |
| 10. | ചുനങ്ങാട് ഹൈസ്ക്കൂൾ റോഡ് | 0–350 | | 0–350 |
| 11. | കണ്ണമംഗലം – തിരുവമ്പലം റോഡ് | | | 1–300 |
| 12. | കടമ്പൂർ – ആലങ്ങാട് റോഡ് മാണിക്കമ്പാറ റോഡ് | 1–000 | | 1–000 |
| 13. | പുളിയംകുന്ന് റോഡ് | | | 1–000 |
| 14. | കടമ്പൂർ – താന്നികുന്ന് റോഡ് | 2–000 | | 2–000 |
| 15. | തച്ചനാംകുന്ന് റോഡ് | | | 1–000 |
| 16. | മേലൂർ കൊട്ടാരത്തിൽ റോഡ് | | | 1–500 |
| 17. | മേലൂർ കുറപ്പത്തുകുണ്ട് റോഡ് | | | 1–250 |
| 18. | മേലൂർ പുത്തൻവീട്ടിൽ റോഡ് | | | 1–500 |
| 19. | മരുതിവീരൻകുന്നു റോഡ് | | | 1–500 |
| 20. | അറവക്കാട് അംഗൻവാടി റോഡ് | | | 4–000 |
| 21. | അമ്പലാംകുന്നു റോഡ് | | | 1–250 |
| 22. | മുണ്ടിരിക്കൽകടവ് റോഡ് | | | 1–000 |
| 23. | മലപ്പുറം – മുണ്ടിരിക്കൽകടവ് റോഡ് | | | 1–750 |
| 24. | മലപ്പുറം – തെക്കുംപുറത്ത് പടി റോഡ് | | | 1–500 |
| 25. | മുരിക്കുംപറ്റ – മുളഞ്ഞൂർ റോഡ് | | | 1–000 |
| 26. | ചുനങ്ങാട് ഒ.എൽ.എച്ച്.എസ്. റോഡ് | | | 0–400 |
| 27. | മച്ചിങ്ങൻ – കാഞ്ഞൂർമന റോഡ് | | | 0–750 |
| 28. | തിമില അമ്പലം റോഡ് | | | 0–200 |
| 29. | കടമ്പൂർ – ആലങ്ങാട് റോഡ് | | | 1–000 |
| 30. | അറളവക്കാട് ടെമ്പിൽ റോഡ് | | | 0–106 |
| 31. | ചെറുമുണ്ടശ്ശേരി അയ്യപ്പൻകാവ് ആലങ്ങാട് റോഡ് | | | 2–000 |
| 32. | ചന്ദ്രറൈസ്മിൽ റോഡ് – ചുനങ്ങാട് | | | 0–525 |
| 33. | പാലക്കാപറമ്പ് – നിരത്തിൽ റോഡ് | | | 0–300 |
| 34. | പടകാളി പറമ്പ് – മുതലപ്പാറ റോഡ് | | | 0–250 |
| 35. | അർത്തിപ്പാടം റോഡ് ചുനങ്ങാട് | | | 0–500 |
| 36. | പുല്ലുണ്ട റോഡ് – വേങ്ങശ്ശേരി | | | 0–350 |
| 37. | കണ്ണത്തുപടികളപ്പടിറോഡ് | | | 0–800 |
| 38. | മല്ലിശ്ശേരി പടി റോഡ് | | | 0–750 |
| 39. | കണ്ണിയത്ത് റോഡ് | | | 0–680 |
| 40. | കൊളപ്പടപാറ റോഡ് | | | 0–700 |

| | | |
|---|---|---|
| 41. | തെക്കെക്കര റോഡ് | 1–000 |
| 42. | കടമ്പൂർ – ശങ്കരംപറ്റ റോഡ് | 0–150 |
| 43. | ചിറ്റംമാം റോഡ് | 0–110 |
| 44. | അറവക്കാട് റോഡ് | 0–200 |
| 45. | മുട്ടിപ്പാലം – ചേർകുന്ന് റോഡ് | 0–650 |
| 46. | വെളിച്ചപ്പാട്കുന്ന് റോഡ് | 0–200 |
| 47. | അടിച്ചിറപ്പാടം റോഡ് | 1–000 |
| 48. | പ്ലാത്തറ – ചാത്തംകുണ്ട് റോഡ് | 0–437 |
| 49. | കളത്തിൽപ്പാടം റോഡ് | 0–538 |
| 50. | പാറക്കടവ് റോഡ് | 1–000 |
| 51. | ചുനങ്ങാട് ഹരിജൻ കോളനി റോഡ് | 0–455 |
| 52. | പുതുകുളങ്ങരകാവ് റോഡ് | 1–077 |
| 53. | പനയൂർകാവ് – കടമ്പൂർ റോഡ് | 0–750 |
| 54. | കടമ്പൂർ – വട്ടപ്പറമ്പ് റോഡ് | 0–700 |
| 55. | ചാത്തൻകണ്ടരുഫീൽഡ് പോർഷ്യൻ റോഡ് | 0–250 |
| 56. | കൊളത്തിങ്കൽതൊടി ഹരിജൻകോളനി റോഡ് | 0–500 |
| 57. | കൈറങ്കോടൻ–വടുകൻകെട്ട് റോഡ് (പാലാരി) | 0–640 |
| 58. | മുക്കാലികുന്ന് – ചരക്കാടൻ റോഡ് | 1–000 |
| 59. | വിച്ചിപ്പാറ റോഡ് | 0–150 |
| 60. | അകവണ്ട – കുണ്ടുകാവ് റോഡ് | 0–550 |
| 61. | വാരിയത്തുപറമ്പ് ഹരിജൻകോളനി റോഡ് | 0–550 |
| 62. | അറവാട് സ്ക്കൂൾ ഫുട്പ്പാത്ത് | 0–050 |
| 63. | കരുവാൻപടി റോഡ് | 0–750 |
| 64. | കസ്തൂർബ റോഡ് (കുംബാരൻപടി റോഡ്) | 0–500 |
| 65. | വെട്ടിക്കാട്ടുപറമ്പ് റോഡ് (ചെമ്പപ്പള്ളിയാലിൽ റോഡ്) | 0–270 |
| 66. | ഒണക്കപ്പാറ – പറയരുകുഴി റോഡ് | 0–600 |
| 67. | കടമ്പൂർ അയ്യപ്പൻകാവ് റോഡ് | 0–120 |
| 68. | ഒണക്കമ്പാറ – പളയത്തുപടി റോഡ് | 0–600 |
| 69. | പാപ്പാ റോഡ് | 0–200 |
| 70. | കടമ്പൂർ ഹരിജൻ കോളനി റോഡ് | 0–210 |
| 71. | കാരോളിപ്പടി റോഡ് | 0–225 |
| 72. | പള്ളിക്കാപ്പറമ്പ് ഹരിജൻ കോളനി റോഡ് | 0–650 |
| 73. | കാരപ്പറമ്പ് ഫുട്പാത്ത് റോഡ് | 0–180 |
| 74. | വേങ്ങശ്ശേരി – അപ്പക്കാട് റോഡ് | 1–000 |
| 75. | ചാത്തൻച്ചിറ റോഡ് | 1–000 |
| 76. | അപ്പക്കാട് ചൂൽപ്പറ്റ റോഡ് | 1–000 |
| 77. | കടമ്പൂർലക്ഷംവീട് – വരിക്കോട് റോഡ് | 1–000 |
| 78. | ചിനിക്കാപറമ്പ് – പള്ളത്തുപടി റോഡ് | 1–000 |
| 79. | ചുനങ്ങാട് ലക്ഷം വീട് – ആലിപ്പടി കോളനി റോഡ് | 0–300 |
| 80. | ഇടിയിൽകുന്ന് ഹരിജൻകോളനി റോഡ് | 0–320 |
| 81. | കരുവാൻതൊടി – മണ്ണാംപറ്റ ഹരിജൻ കോളനി റോഡ് | 0–840 |
| 82. | കല്ലടി പടിഞ്ഞാറെപ്പാടം റോഡ് | 1–080 |
| 83. | നെച്ചിക്കാട് റോഡ് | 0–250 |
| 84. | ഷാരത്തുകുണ്ട് ഹരിജൻ കോളനി റോഡ് | 0–565 |

| | | |
|---|---|---|
| 85. | സപ്പോട്ട തോട്ടം – വാരിയത്തുപറമ്പ് റോഡ് | 0–312 |
| 86. | നമ്പിയത്തുകുന്ന് – ഹരിജൻകോളനി റോഡ് | 0–445 |
| 87. | ചരിവുപറമ്പ് ചവിറ്റിലകുളം റോഡ് | 0–595 |
| 88. | പയ്യപ്പാടം റോഡ് | 0–070 |
| 89. | നായരുവീട്ടിൽ പടി റോഡ് | 1–025 |
| 90. | ചുനങ്ങാട് ഹൈസ്ക്കൂൾ നിരുനിലം റോഡ് | 0–250 |
| 91. | അത്താണി – പ്ലാക്കൽ റോഡ് | 0–850 |
| 92. | പണിക്കർ റോഡ് | 0–380 |
| 93. | പാറപ്പുറം റോഡ് | 0–850 |
| 94. | വെസ്റ്റ് പാലാകുന്ന് റോഡ് | 1–500 |
| 95. | ചാത്തർകുന്ന് മലപ്പുറം റോഡ് | 0–710 |
| 96. | സുബ്രഹ്മണ്യം കോവിൽ കടമ്പൂർ റോഡ് | 1–010 |
| 97. | ചുനങ്ങാട് കോരൻകുന്നത്തുപടി റോഡ് | 0–270 |
| 98. | മലപ്പുറം പള്ളിപ്പടി റോഡ് | 0–090 |
| 99. | അറവക്കാട് ലക്ഷംവീട് കോളനി റോഡ് | 0–605 |
| 100. | മുളകരംപടി ഹരിജൻകോളനി റോഡ് | 0–450 |
| 101. | കാരാട്ടുപറമ്പ് " | 0–[illegible]20 |
| 102. | അറവുകാട് പടി റോഡ് | 0–315 |
| 103. | ചേരികുന്ന് മോലൂർശ്ശി റോഡ് | 1–150 |
| 104. | മേലൂർ ബാലവാടി പാലംകുന്ന് റോഡ് | 0–925 |
| 105. | മയിലുംപുറം – അമരമംഗലം റോഡ് | 0–570 |
| 106. | കുന്നുമ്മിൽപറമ്പ് ഹരിജൻ കോളനി റോഡ് | 1–380 |
| 107. | പയ്യപ്പാടം – ഇടിയിൽകുന്ന് റോഡ് | 1–000 |
| 108. | മുണ്ടിരിക്കൽപ്പടി – പുൽപ്പാറ റോഡ് | 0–250 |
| 109. | കൂരികുന്ന് റോഡ് | 0–560 |
| 110 | പഴംകുളം റോഡ് | 0–900 |
| 111 | വെറ്ററിനറി ഹോസ്പിറ്റൽ (അങ്കണവാടി റോഡ്) | 0–615 |
| 112. | പാറോൽപ്പടി റോഡ് | 0–350 |
| 113. | വയ്യാട്ട്കുന്ന് – അയ്യങ്കോട് റോഡ് | 0–700 |
| 114. | ചുൽപ്പറ്റ – ആലക്കാട് റോഡ് | 0–640 |
| 115. | കുളമാക്കൽ – പറയരുകുഴി റോഡ് | 0–340 |
| 116. | പടിക്കിലാത്രാ റോഡ് | 0–250 |
| 117. | അറവക്കാട് പാടം ട്രാക്ടർ വഴി റോഡ് | 0–150 |
| 118. | പള്ളിപ്പടി മലമുക്കു റോഡ് | 0–200 |
| 119. | മെയിൻ റോഡ് – വടക്കീട്ടിൽപ്പടി – കുപ്പോട്ടിൽപ്പടി | 0–240 |
| 120. | തീപ്പെട്ടി കമ്പനി റോഡ് | 0–240 |
| 121. | അറവക്കാട് അനങ്ങൻമല – കൊട്ടെക്കാട് ഹരിജൻ കോളനി റോഡ് | 0–375 |
| 122. | അയ്യപ്പൻകാവ് നല്ലൂർപടി വാലമ്പലം റോഡ് | 0–800 |
| 123. | പുളിയംകുന്ന് – പൊന്നഞ്ഞാറൽപടി റോഡ് | 0–360 |
| 124. | മുതലപ്പാറകാവ് – ക്രാലകുണ്ട് റോഡ് | 0–300 |
| 125. | ആലിക്കൽപടി റോഡ് | 0–300 |
| 126. | ചുനങ്ങാട് കിണർ ബസ്സ്സ്റ്റോപ്പ് – പറയരുകോളനി പ്ലാത്തറ കിണർ അമ്പലക്കാട് റോഡ് | 0–500 |
| 127. | കൊളമാക്കൽ പറയരുകുഴി റോഡ് | 0–160 |
| 128. | അമ്പലപ്പാറ – അങ്കൺവാടി പരപ്പാതോട് റോഡ് | 0–900 |

| | | | |
|---|---|---|---|
| 129. | ഹൈസ്ക്കൂൾ പുത്തൻവീട്ടിൽപ്പടി റോഡ് | | 0–300 |
| 130. | പ്ലാത്തറ കോലാർകുന്ന് റോഡ് | | 0–388 |
| 131. | മേലൂർ റോഡ് – കാവുങ്ങൽപ്പടി റോഡ് | | 0–100 |
| 132. | കൂപ്പോട്ടിൽപ്പടി – വടക്കിട്ടിൽപ്പടി | | 0–345 |
| 133. | മനക്കൽപ്പടി – വാരിയത്തുപറമ്പ് | | 0–287 |
| 134. | കുമ്പാരംപടി റോഡ് | | 0–150 |
| 135. | അയ്യപ്പൻകാവ് – പുളിയക്കോട് റോഡ് | | 0–240 |
| 136. | ആലിക്കൽ തെക്കുംപുറം റോഡ് | | 0–235 |
| 137. | മുതലപ്പാറകാവ് കിഴക്കെനട റോഡ് | | 0–300 |
| 138. | നാരായണമാർഗം റോഡ് | | 0–838 |
| 139. | പത്തായപ്പുര റോഡ് | | 0–300 |
| 140. | ഷാരത്തുകുണ്ട് റോഡ് | | 0–250 |
| 141. | പരപ്പംതോട് റോഡ് | | 0–280 |
| 142. | മുതലപ്പാറ ക്രാലകുണ്ട് റോഡ് | | 0–210 |
| 143. | നീളംപാറ നെല്ലികുന്ന് റോഡ് | | 0–290 |
| 144. | അത്താണിക്കൽ പ്ലാക്കിൽ റോഡ് | | 1–060 |
| 145. | ജവാൻനഗർ – കുട്ടിലിങ്ങൽ റോഡ് | | 0–450 |
| 146. | തിമിലയിൽ അമ്പലം – കരിമ്പനകുന്ന് റോഡ് | | 0–540 |
| 147. | മലപ്പുറം – പുലാപ്പറ്റശ്ശേരി | 0–600 | |
| 148. | പിലാത്തറ – പറയരുകോളനി | 0–250 | |
| 149. | വാണി വിലാസിനി – മനക്കൽപ്പടി | 0–250 | |
| 150. | പുളിഞ്ചോട് – മയിലുംപുറം | 0–200 | |
| | | 1–300 | |

## 95 – 96 ലെ പുതിയ റോഡുകൾ

| | | | |
|---|---|---|---|
| 1. | ചവിറ്റലകുളം – ചരിവുപുറം റോഡ് | I Reach | 0-207 |
| | | II Reach | 0-094 |
| | | III Reach | 0–099 |
| 2. | വെള്ളകുന്ന് റോഡ് 1-ാം ഘട്ടം | | 0–360 |
| 3. | നെല്ലികുറുശ്ശി തോടത്തോടി റോഡ് 1-ാം ഘട്ട നിർമ്മാണം | | 0–405 |
| 4. | ചുനങ്ങാട് നോർത്ത് ഹരിജൻ കോളനി റോഡ് | | 0–510 |
| 5. | മേലെപുരക്കൽപടി റോഡ് നിർമ്മാണം | | 0–036 |
| 6. | വടക്കേക്കര റോഡ് നിർമ്മാണം | | 0–291 |
| 7. | അമ്പർചർക്കാ കേന്ദ്രം – കൊളറോഡ് | | 0–450 |
| 8. | മൂളിയാട്ടുപ്പടി – കടമ്പൂർ ഹൈസ്ക്കൂൾ (കല്ലിങ്കൽപ്പാറ )റോഡ് | | 0–295 |
| 9. | പനയൂർകാവ് അമ്പലം റോഡ് | | 0–366 |
| 10. | ചളിരംകുന്ന് റോഡ് നിർമ്മാണം | | 0–156 |
| 11. | ചേപ്പോട്ടിൽപ്പടി റോഡ് നിർമ്മാണം | | 0–105 |
| 12. | പാലയിൽപ്പടി – ചെറിട്ടിൽപ്പടി റോഡ് | | 0–253 |
| 13. | തോട്ടത്തൊടി റോഡ് 2 ാം ഘട്ടം | | 0–450 |
| 14. | മൃഗാസ്പത്രി – കാളിയാംപറമ്പ് റോഡ് | | 0–046 |
| 15. | തളിമല – കല്ലെരട്ടി റോഡ് | | 0–090 |
| | | | 4–213 km. |

## Ward I

1. മുട്ടിപ്പാലം തോട്ടക്കര റോഡ്
2. മയിലുപുറം തോട്ടക്കര റോഡ്
3. മുട്ടിപ്പാലം മയിലുംപുറം റോഡ്
4. നായരുവീട്ടുപടി കോളനി റോഡ്
5. മയിലുംപുറം ഈസ്റ്റ് വാരിയത്തുപറമ്പ് റോഡ്
6. മയിലുംപുറം സ്ക്കൂൾ റോഡ്
7. മയിലുംപുറം മിച്ചഭൂമി റോഡ്
8. അമരമംഗലം കോളനി റോഡ്
9. ചേരികുന്ന് വയ്യാട്ടുപടി കോളനി റോഡ്
10. കോലാർകുന്ന് നായരുവീട്ടുപടി റോഡ് ബന്ധിപ്പിക്കുകയും ചെയ്യുക
11. മയിലുംപുറം സെന്ററിൽ നിന്ന് വടക്കോട്ടു ശിവക്ഷേത്രത്തിലേക്കുള്ള റോഡ് ഗതാഗതയോഗ്യ മാക്കുക
12. മയനാട്ടുപടി കോളനി റോഡ് മെറ്റലിങ്ങും ടാറിംഗും
13. പാലാകുന്ന് റോഡ് മെറ്റലിങ്ങ്
14. തോട്ടത്തൊടി റോഡ് ഗതാഗത യോഗ്യ മാക്കുക.
15. കോളനി മുതൽ തോട്ടത്തൊടി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക
16. കോലാർകുന്ന് – പിലാത്തറ റോഡ്
17. പിലാത്തറ ബാലവാടി റോഡ്
18. പ്ലാത്തറ സ്ക്കൂളിനു സമീപം രണ്ടു ഹമ്പുകൾ നിർമ്മിക്കുക
19. പ്ലാത്തറ ബസ്സ് സ്റ്റോപ്പിൽ സോഡിയം വേപ്പർ ബൾബുകൾ സ്ഥാപിക്കുക
20. പുളിഞ്ചോടു ബസ്സ്സ്റ്റോപ്പിൽ ഒരു വെയിറ്റിങ്ങ് ഷെഡ് നിർമ്മിക്കുക.

## വാർഡ് II

1. മണ്ണാർക്കാട്ടു നിന്നും വരോട് വഴി ഒറ്റപ്പാലത്തേക്കു പോകുന്ന ബസ്സുകൾ കാഞ്ഞിര കടവു വഴി പോകുന്നതു തടയുക. വരോട് വഴിതന്നെ പോകേണ്ടതിലേക്കു സംവിധാന മുണ്ടാക്കുക.

2. വരോട് – വാണി വിലാസിനി റോഡിൽ കൂടി ഉണ്ടായിരുന്നതും നിറുത്തലാക്കിയതുമായ തൃശ്ശൂർ കാഞ്ഞിര പ്പുഴ കോട്ടയം നിലമ്പൂർ എന്നീ ഗ.ട.ഞ.ഠ.ഇ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുക.

3. അനങ്ങൻമലയിലേക്കുള്ള ഗതാഗത യോഗ്യമായ ഒരു റോഡ് നിർമ്മിക്കുക. ഒറ്റപ്പെട്ടസ്ഥലമാ യതിനാൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

4. തച്ചനാംകുന്നു റോഡ്, മച്ചിങ്ങൽ റോഡ്, മരുതവീരൻകുന്ന് റോഡ്, ഔക്കാട്ടുപടി റോഡ് എന്നീ റോഡുകളുടെ അറ്റകുറ്റപണികൾ തീർക്കുക.

5. കനാൽ പരിസരത്തുള്ള വീടുകൾക്ക് കനാലിന്റെ അരികിലൂടെ ഗതാഗത യോഗ്യമാക്കുക.

6. ശാരദാപുരം റോഡു മുതൽ ചെമ്പുള്ളി വീടു വരെ റോഡ് ഇല്ല. പരിഗണനയിൽ എടുക്കുക. റേഷൻ കടയിലേക്കും മറ്റും ഇവിടുത്തെ ജനങ്ങൾ വളരെ ദൂരം കാൽനടയായാണ് എത്തുന്നത്. ഒന്നാം മൈലിൽ നിന്നും പരിസരത്തു നിന്നും ജനങ്ങൾ മനക്കൽപ്പടിയിൽ എത്തി ച്ചേരുന്നത്.

7. വാണി വിലാസിനി ബസ്സ്സ്റ്റോപ്പ് പരിസരത്തുള്ള ഓവ് അടഞ്ഞുകിടക്കുക കൊണ്ട് വെള്ളം റോഡിൽ കൂടി പരന്നൊഴുകുന്നു. അതു പരിഹരിക്കുവാൻ ഓവുചാൽ നന്നാക്കുക.

8. ഒറ്റപ്പാലം വാണി വിലാസിനി റോഡ് പണി പൂർത്തിയാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുക.

9. കൊട്ടേക്കാവ്, ചാത്തൻകണ്ടാർകാളികാവ് റോഡ് പണി പൂർത്തിയാക്കി ബസ്സ് സർവ്വീസ് തുടങ്ങുക.

10. കൊട്ടേക്കാവ് ചാത്തൻകണ്ടാർകാളികാവു റോഡുമായി ബന്ധിപ്പിക്കുക.

11. വാണി വിലാസിനി വെയിറ്റിങ്ങ് ഷെഡ് റിപ്പയർ ചെയ്ത് ജനോപകാരപ്രദമാക്കുക.

## വാർഡ് III

1. സ്കൂളിന്റെ തെക്കു ഭാഗത്തുള്ള രണ്ടു റോഡുകളും അറ്റകുറ്റപണി കഴിച്ച് ഗതാഗത യോഗ്യമാക്കുക.

2. മുരുക്കുംപറ്റ മുതൽ പ്ലാത്തറ റേഷൻകട വരെയുള്ള P.W.D. റോഡ് തീപ്പെട്ടി കമ്പനിയുടെ മുൻവശത്ത് ഓവുപാലം പണി കഴിച്ച് ഗതാഗതയോഗ്യമാക്കുക.

3. തെക്കെക്കാവു റോഡിൽ നിന്ന് പ്ലാത്തറ സെന്ററിലേക്ക് പോകുന്ന പഞ്ചായത്തു റോഡ് അറ്റകുറ്റപണി കഴിക്കുക.

4. കിണർ തെക്കേക്കാവ് റോഡ് റിപ്പയർ ചെയ്യുക. ശ്രമദാനം നടന്നുകൊണ്ടിരിക്കുന്നു. തെരുവു വിളക്കുകൾ സ്ഥാപിക്കുക.

5. സ്കൂളിന്റെ കിഴക്കു ഭാഗം നാലകത്തു ഭാഗത്തേക്കു പുതുതായി റോഡ് ഏർപ്പെടുത്തണം.

6. തെക്കെക്കാവു റോഡിൽ നിന്ന് കിഴക്കേൽതൊടി റോഡ് റിപ്പയർ ചെയ്യുക. ശ്രമദാനം ചെയ്യാൻ തയ്യാർ.

7. വാണിവിലാസിനി ഒറ്റപ്പാലം റോഡിൽ

മുട്ടിപ്പാലം മുതൽ പഞ്ചായത്ത് അതിർത്തി വരെ ടാറിട്ട് നിലവിലുള്ള തെരുവുവിളക്കു കൾ പ്രകാശിപ്പിക്കുക.

8. പാറോൽപ്പടി ഹൈസ്ക്കൂൾ റോഡ് പകുതി യാക്കി കിടക്കുന്ന പണി പൂർത്തി യാക്കി വൈദ്യുതീകരിക്കുക

9. പ്രസ്തുത റോഡ് ഉപശാഖാറോഡുകൾ ശ്രമദാനത്തോടെ പണി പുർത്തിയാക്കുക.

10. ഹൈസ്ക്കൂൾ റോഡും, മനകൽപ്പടി റോഡും തമ്മിൽ ബന്ധിപ്പിക്കുക.

11. ചുനങ്ങാട് കോളനി റോഡ് വീതി കൂട്ടുക. കോളനി പാലംകുന്നു റോഡുമായി ബന്ധിപ്പിക്കുക. ശ്രമദാനത്തിനു തയ്യാർ. കോളനി ഉപശാഖാ റോഡുകൾ നിർമ്മിക്കുക

12. നോർത്ത് വാരിയത്തുകുന്നു റോഡ് ടാറിട്ട് വൈദ്യുതി, പൈപ്പ് ലൈൻ ഉടനെ പണി പൂർത്തിയാക്കുക.

13. ശാസ്ത്രി റോഡ് റിപ്പയർ ചെയ്യുക.

14. മെയിൻ റോഡിൽ നിന്നും കോളനിയിലേക്കും G.H.W.L.P സ്ക്കൂളിലേക്കും ഉള്ള റോഡ് ടാർ ചെയ്യുക. മണ്ണിടിയുന്നിടങ്ങളിൽ കരിങ്കൽ കൊണ്ടു മതിലുകൾ കെട്ടുക.

## വാർഡ് IV

1. മലപ്പുറം, മുരുക്കുംപറ്റ റോഡ് നന്നാക്കി യെടുക്കുക.

2. മലപ്പുറം, പാപ്പാ റോഡ് ഉണ്ണിവൈദ്യർപടി വഴി മെയിൻ റോഡിൽ അറ്റകുറ്റപണികൾ നടത്തുക.

3. കരിങ്കൽ ക്വാറി – കാരിവീട്ടിൽകുളം റോഡ് മെയിൻ റോഡിൽ എത്തിക്കുക.

4. മലപ്പുറം മീനക്കോടു വഴി റോഡ് ശരിയാക്കുക.

5. മലപ്പുറം സ്ക്കൂളിൽ നിന്നും തെക്കോട്ടുള്ള വഴി വൈദ്യശാല വരെ നന്നാക്കുക

6. പൂളകുണ്ട്–വാഴത്തൊടി റോഡ് പാട ക്കേ ട്രാക്ടർ ഇറക്കുവാൻ സൗകര്യ പ്രദമാക്കുക.

7. ടി.ടി. ഹസ്സൻ – കാരിവീട്ടിൽപടി വഴി ശരിയാക്കുക.

8. ചർക്കാക്ലാസ്സ് – നമ്പ്യയത്തുകുണ്ട് റോഡ് ശരിയാക്കുക. ട്രാക്ടർ ഇറക്കുവാൻ പാലം ശരിയാക്കുക.

9. ചോലപ്പാറ പെരുമ്പുംതോട്ടം – ബീഡിക മ്പനി റോഡ് നന്നാക്കിയെടുക്കുക.

## വാർഡ് V

1. രാമഞ്ചിറകുളം വഴി മേലൂർ റോഡിൽ നിന്നും മുതലപ്പാറ കാവ് റോഡിലേക്കുള്ള വഴി നന്നാക്കുക.

2. വാഴക്കാട്ടുപടി, കൊറക്കുന്നത്തേക്കു റോഡ് നിർമ്മിക്കുക.

3. പുവ്വത്തിങ്കൽ തച്ചറോത്തുപടി റോഡ് നിർമ്മിക്കുക.

4. മനക്കൽപടി – ചെറിയവീട്ടിൽ പാടത്തേക്കുള്ള വഴി ശരിയാക്കുക.

5. താഴത്തെപുരക്കിൽ ശ്രീ സുബ്രഹ്മണ്യ കോവിൽ റോഡ് ആവശ്യാനുസരണം ശരിയാക്കുക.

6. നെച്ചിക്കോട്ടുപറമ്പ് ഹരിജൻകോളനി റോഡ് നിർമ്മിക്കുക.

7. ആശാരിപ്പടി – പാലാകുന്നത്തു വഴി റോഡ് നിർമ്മിക്കുക.

8. ഇട്ടിയിൽകുണ്ട് ഹരിജൻകോളനി റോഡ് ടാർ ചെയ്ത് പണി പൂർത്തിയാക്കുക.

9. മുതലപ്പാറ കാവുവഴിയുള്ള മേലൂർ കടമ്പൂർ റോഡ് വീതികൂട്ടി ടാർ ചെയ്യുക.

10. അമ്പലപ്പാറ മുണ്ടിരിക്കൽപ്പടി റോഡ് ടാർ ചെയ്യുക.ഈ റോഡ് ഹരിജൻകോളനികളിൽ കൂടി സ്ക്കൂൾ പരിസരത്തേക്കു കൂടി പ്രയോജനമുണ്ട്.

11. കുത്തുതാങ്ങൽപാലം എത്രയും പെട്ടെന്ന് ജനോപകാരപ്രദമാക്കി സഞ്ചാരയോഗ്യമായ ഒരു പാലം തന്നെ നിർമ്മിക്കുക.

12. അംഗൻവാടി – പരപ്പിൽതോടു റോഡ് ചിറ്റുവഴിപ്പടി റോഡ് നിർമ്മിക്കുക.

13. ശ്രീകൃഷ്ണാ കോളേജിന്നു മുന്നിലൂടെ മുതലപ്പാറ കാവിലേക്കുള്ള റോഡ് മുൻഗണനാടിസ്ഥാനത്തിൽ പ്രവർത്തനം ഏറ്റെടുക്കുക.

14. ഇട്ടിയിൽകുന്നത്തു ഹരിജൻ കോളനി സ്കൂളിനു സമീപത്തുകൂടി കുത്തു താങ്ങൽപാലം വരെ റോഡ് ദീർഘിപ്പിക്കുക.

## വാർഡ് VI

1. മേലൂർ സുബ്രഹ്മണ്യകോവിൽ വഴി ഭരതപ്പാറ മുളംപ്ലാച്ച് കോളനി റോഡ് നിർമ്മിക്കുക.

2. തിരുണ്ടിയിൽ നിന്നും തുടങ്ങി തിരുണ്ടി കോളനി കൊട്ടേക്കാട് കോളനി ഭരതപ്പാറ, മുളംപ്ലാച്ച് കോളനികൾ ഉൾപ്പെടുത്തി കീഴൂരിലേക്കുള്ള റോഡ് എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കി മേൽഘടകങ്ങൾക്ക് പണി ഏൽപ്പിച്ചു കൊടുക്കുക. വാർഡ് 4, 5, 6 എന്നീ

വാർഡുകളുമായി പരസ്പരം ബന്ധിച്ചു പോകുന്ന റോഡാണിത്.

3. അറവക്കാട് ലക്ഷംവീടുകോളനി വഴി ഇട്ടിയിൽകുണ്ടു കോളനി, പാറകുണ്ടു കോളനി വഴി കീഴൂരിലേക്കു വരുന്ന മെയിൻ റോഡുമായി ബന്ധപ്പെടുത്തുക.

4. ജനോപകാരപ്രധാനമായതും അത്യാവശ്യ വുമായ കുത്തുതാങ്ങേൽകുന്നു പാലം എത്രയും പെട്ടെന്ന് നിർമ്മിക്കുക. 2 വാർഡുകളെ ബന്ധിപ്പിക്കുന്ന തോടാണിത് അറവക്കാട L.P. സ്ക്കൂളിലേക്കു പോകുന്ന വഴിയാണിത്.

5. കടമ്പൂർ ലക്ഷം വീടു വഴി വി.ടി. കോളനി റോഡ് നിർമ്മിക്കുക. (ഇത് 6–7 വാർഡുകളുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാനറോഡുകൂടിയായി രിക്കും.)

6. അമ്പലപ്പാറയിൽ നിന്നും പരപ്പിൽതോടു വഴി വരുന്ന കെട്ടേക്കാട്ടു കോളനി റോഡ് മേലൂർ,കീഴൂർ റൂട്ടിൽ പ്രൈവറ്റ് ബസ്സുകളും 2 KSRTC ബസ്സുകളും ഓടിക്കുക.

7. മേലൂർ റോഡിൽ നിന്നും വരുന്ന മുളഞ്ഞൂർ ഇട്ടിയിൽ കുന്നു റോഡ് വീതി കൂട്ടി പണി വികസിപ്പിക്കുക.

8. ഇട്ടിയിൽപ്പടി റോഡ് ഗതാഗതയോഗ്യ മാക്കുകയും ഇതോടനുബന്ധിച്ച് പാലം നിർമ്മിക്കുകയും ചെയ്യുക. അപ്രോച്ച് റോഡ് തിരുണ്ടി, മേലൂർ റോഡുമായി ബന്ധിപ്പിക്കുക.

9. മേലൂർ റോഡിൽ നിന്നും പരപ്പിൽതോടു വഴി വരുന്ന റോഡ് ഗതാഗതയോഗ്യമാക്കി പരപ്പിൽതോടിന് ഒരു പാലം നിർമ്മിക്കുക.

10. മേൽപാലത്തിൽ നിന്ന് തിരുണ്ടി – കീഴൂർ റോഡുമായി ബന്ധിപ്പിക്കുക.

11. മേലൂർ റോഡിൽ നിന്നും ലക്ഷം വീടുകോളനി വഴി വരുന്ന റോഡ് മേലേചിറ പാടത്തേക്കു നീട്ടി ഗതാഗത യോഗ്യമാക്കുക.

12. പാലംകുന്ന് – പടിഞ്ഞാറെപറമ്പ് റോഡ് റിപ്പയർ ചെയ്ത് പുതിയ ലൈൻ നീട്ടി തെരുവു വിളക്കുകൾ സ്ഥാപിക്കുക.

13. സ്രാമ്പിക്കൽ തോടിനു ഒരു പാലം കെട്ടി പാടത്തേക്കു ട്രാക്ടർ ഇറക്കുവാനുള്ള സംവിധാനം എത്രയും പെട്ടെന്ന് ഏറ്റെടുത്തു പ്രവർത്തനം ആരംഭിക്കുക.

14. മേലൂർ മെയിൻ റോഡിനു സമീപത്തുള്ള ഹെൽത്ത് സെന്ററിനു മുന്നിൽ നിന്നു നേരെ തെക്കു ഭാഗത്തുള്ള കോളനിയായ കീഴ്പ്പാടം കോളനിയിലേക്ക് കുറുക്കത്തുകുണ്ട് പുത്തൻകുളം എന്നീ ഭാഗത്തുകൂടി ഒരു കോളനി റോഡ് നിർമ്മിക്കുക.

15. ഭരതപ്പാറ, മുളംപ്ലാച്ച് കോളനി കീഴൂർ മെയിൻ റോഡിനു സമീപത്തുള്ള എരിക്കുമ്പാറ കോളനിയുമായി ബന്ധപ്പെടുത്തുന്ന റോഡ് നിർമ്മിക്കുക.

16. മേലൂർ മെയിൻ റോഡിൽ കിണർ (പത്തായപ്പുര അണിയത്ത് ) എന്ന സ്ഥലത്ത് നിന്ന് തുടങ്ങി സ്രാമ്പിക്കൽ കോളനിയിലേക്ക് ഒരു റോഡ് നിർമ്മിക്കുക. പ്രവർത്തനമേഖല ജനപങ്കാളിത്തത്തോടു കൂടി ആലോചനയിൽ വിജയപ്രദമായ ഫലങ്ങൾ ഉളവാക്കുന്നു.

17. മുളംപ്ലാച്ച് കോളനി റോഡ് കീഴൂർ അനങ്ങൻ മലയോരത്തു കൂടി വരുന്ന റോഡുമായി ബന്ധിപ്പിക്കുക.

## വാർഡ് VII

1. മാണിക്കംപാറ റോഡ് ടാർ ചെയ്യുക
2. കടമ്പൂർ കൂനൻമല റോഡ് ടാർ ചെയ്യുക
3. കടമ്പൂർ താനികുന്ന് റോഡ് അറ്റകുറ്റ പ്പണികൾ നടത്തി ടാർ ചെയ്യുക.
4. കടമ്പൂർ ലക്ഷം വീടു കോളനി മുതൽ വരിക്കോട്ടിൽ തെക്കേക്കര റോഡ് നിർമ്മിക്കുക.
5. മൂളിയാട്ടുപടി ലക്ഷം വീടു കോളനി മുതൽ കല്ലിങ്കൽപ്പാറ റോഡ് നിർമ്മിക്കുക. ( H.S. റോഡ്, കടമ്പൂർ)
6. കടമ്പൂർ പാറകുണ്ട് കോളനി റോഡ് നിർമ്മിക്കുക.
7. കടമ്പൂർ പാറകുണ്ടു കോളനി മുതൽ ടി.പി. കോളനിയിലേക്ക് റോഡ് നിർമ്മാണം മൂല്ലക്കര വഴി ഹരിജൻ കോളനി റോഡ് നിർമ്മിക്കുക.
8. അമ്പർചർക്കാ കടമ്പൂർ ഹൈസ്ക്കൂൾ റോഡ് നിർമ്മാണം.
9. കരിമ്പനക്കിൽപടി പാലയിൽപാറ റോഡ് നിർമ്മാണം.
10. കടമ്പൂർ പാറക്കൽ കോളനി റോഡ് ടാർ ചെയ്യുക.

## വാർഡ് VIII

1. അംബേദ്കർ കോളനി മുതലപ്പാറ റോഡ്, അംബേദ്കർ കോളനി – പള്ളത്തൊടിപ്പടി റോഡ് –.മലങ്കുളം – ആലങ്ങാട് റോഡ് നിർമ്മിക്കുക.
2. അംബേദ്കർ – ചേനംകണ്ടം റോഡ് ചാത്തൻച്ചിറ – അത്തികുണ്ട് റോഡ് നിർമ്മിക്കുക.
3. ചിരക്കാട്ടുപറമ്പ് റോഡ് നിർമ്മിക്കുക.
4. കാരുള്ളി മുത്താംപാറ റോഡ് നിർമ്മിക്കുക.

5. കരികറകുന്ന് - അയ്യപ്പൻകാവ് റോഡ് നിർമ്മിക്കുക.

6. പുളിയകാവ് - കുനാംകോട്പടി റോഡ് കുറ്റിയാട്ടുപടി റോഡ് - കരുവത്തുരുത്തി കോളനി റോഡ് ഇവ അനുവദിച്ച് പ്രവർത്തനം ത്വരിത പ്പെടുത്തുക.

7. കരികറകുന്ന് - പാലാപാറ തോടിനു ഒരു പാലം നിർമ്മിക്കുക.

8. മുതലപ്പാറകാവ് 4 സെന്റ് കോളനി റോഡ് എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കുക. അതോടനുബന്ധിച്ച് ക്രാലിക്കുണ്ട് കോളനി റോഡ് നിർമ്മിക്കുക.

9. അംബേദ്കർ ഗ്രാമം പാലയിൽപ്പടി റോഡ് നിർമ്മാണം പൂർത്തിയാക്കുക.

10. ചേനങ്കണ്ടംപടി റോഡും പണി പൂർത്തി യാക്കുക.

11. അയ്യപ്പൻകാവ് റോഡ് - കരികറകുന്ന് റോഡ് ടാർ ചെയ്ത് പണി പൂർത്തിയാക്കുക.

12. വടക്കേക്കര ഉർച്ചായിൽകോളനി റോഡ് ടാർ ചെയ്യുക.

13. മലങ്കുളം റോഡ് ടാർ ചെയ്യുക.

14. കരുവത്തിരാണി അത്തിക്കുണ്ട് റോഡ് നിർമ്മാണം പൂർത്തിയാക്കുക.

15. ചിരക്കാട്ടുപറമ്പ് കോളനി റോഡ് ടാർ ചെയ്യുക.

16. ഒടുവിൻകാടുപടി റോഡ് നിർമ്മാണം പൂർത്തിയാക്കുക.

## വാർഡ് IX

1. ആശുപത്രിപടി ചെറുമുണ്ടശ്ശേരി റോഡ് ടാർ ചെയ്യുക. 2.500 കി.മീ. ദൂരം
2. പുളിയൻകുണ്ട് റോഡ് - 0.350 മീ.
3. വീച്ചിപ്പാറ തൗഫീക്ക്പടി റോഡ് 1 കി.മീ.
4. പുൽപ്പറ്റ മുണ്ടിരിക്കൽപടി റോഡ് 1.500 കി.മീ.
5. കാറുള്ളിപ്പടി റോഡ് 1 കി.മീ.
6. മൃഗാശുപത്രി അംഗൻവാടി റോഡ് 1 കി.മീ.
7. കല്യാണമണ്ഡപം സ്ക്കൂൾപടി റോഡ്0.200 മീ.(ഇത്രയും റോഡുകൾ ടാർ ചെയ്യേണ്ടവയാണ്)
8. പുളിയങ്കുന്ന് റോഡിൽ നിന്ന് കാരേക്കാട്ടു പടി വഴി മെയിൻ റോഡിൽ ചേരുന്ന വഴി 500 മീ.
9. ചെറുമുണ്ടശ്ശേരി റോഡിൽ നിന്ന് ആത്രായിൽപ്പടി വരെ കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ ഇറങ്ങുവാൻ പുതിയ റോഡ് 500 മീ. വെട്ടണം.
10. വടക്കേപുരക്കൽ കോളനിയിലേക്ക് റോഡ് വെട്ടണം ദൂരം. 500 മീ.
11. ചെറുമുണ്ടശ്ശേരി റോഡിൽ നിന്ന് പാടത്തേക്ക് കിഴക്കികരപ്പടി വരെ ട്രാക്ടർ ഇറങ്ങാൻ റോഡ് വേണം ദൂരം 500 മീ.
12. മുണ്ടിരിക്കൽപ്പടി റോഡിൽ നിന്ന് തെക്കേ പുരക്കൽ കോളനി വരെ പുതിയ റോഡ് 500 മീ.
13. ബീച്ചിപ്പാറ റോഡിൽ നിന്ന് ചെറുമുണ്ടശ്ശേരി റോഡ് വരെ 1.500 കി.മീ.

### നിലവിലുള്ള മണ്ണു റോഡുകൾ ടാർ ഇടേണ്ടത്

1. പുളിയൻകുന്ന് റോഡ്
2. ആശുപത്രി റോഡ് - ചെറുമുണ്ടശ്ശേരി റോഡ്
3. കല്യാണമണ്ഡപം - സ്ക്കൂൾപടി റോഡ്
4. മുണ്ടിരിക്കൽപ്പടി റോഡ്
5. മൃഗാശുപത്രി - അംഗൻവാടി റോഡ്

(1). 9-ാം വാർഡ് കേന്ദ്രീകരിച്ച് പൊതു വായനശാലയും, വാർത്താ മാധ്യമങ്ങളും, ദൃശ്യമാധ്യമങ്ങളും അനുവദിക്കുക.

(2) 9-ാം വാർഡിൽ പഞ്ചായത്തു വക ഒരു പബ്ലിക് ടെലഫോൺ ബൂത്ത് അനുവദിക്കുക.

## വാർഡ് X

1. പാലകുഴി - തൊണ്ടിയിൽപ്പടി റോഡ്
2. ഫോർവേഡ്പടി- മഞ്ഞുളാംചോല
3. ചാട്ടിയോട്ടൽപാറ - കല്ലിരുട്ടി റോഡ്
4. കോലമലകല്ല് -ചെറുമുണ്ടശ്ശേരി സ്ക്കൂൾപടി റോഡ്
5. ലക്ഷം വീട് കോളനി- പുത്തൻപുരക്കൽ പടി റോഡ്
6. ഒണക്കംപ്പാറ പള്ളിപ്പടി- പറയരുകുഴി റോഡ്
7. കള്ളിച്ചോല കളപ്പാറകുന്നു റോഡ്, കുന്നിന്മേൽപടി റോഡുമായി ബന്ധിപ്പിക്കുക.
8. വേങ്ങശ്ശേരി റോഡ് പാലം കെട്ടി പുതുക്കി പണിയുക.

### അടിയന്തിരമായി പണി തീർക്കേണ്ട റോഡുകൾ

1. മലപ്പുറം- പുലാപ്പറ്റശ്ശേരി റോഡ് പൂർണ്ണമായും ടാറിട്ട് പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുക.
2. അയ്യപ്പനാൽ- ആലിക്കൽപടി റോഡ്

3. ഉണക്കൻപാറ- കുന്നിന്മേൽപടി റോഡ് അറ്റകുറ്റപണി നടത്തണം.
4. പുലാപ്പറ്റശ്ശേരി പള്ളി റോഡ്
5. മലപ്പുറം -പുലാപ്പറ്റശ്ശേരി റോഡ്
6. പാലക്കുഴി- തൊണ്ടിയിൽപ്പടി റോഡ് ശ്രമദാനം
7. കോലമല -പറയരുകുഴി റോഡ് ഭാഗികമായി ശ്രമദാനം വഴി നടത്തണം

## വാർഡ് XI

1. 400 മീ. ടാർ ചെയ്ത റോഡും 2 കി.മീ. ടാർ ചെയ്യാത്ത ഫോർമേഷൻ കഴിഞ്ഞ റോഡും ഏകദേശം 10 കി.മീ. പണി തീരാത്ത മണ്ണു റോഡും ശരിയാക്കണം.
2. വേങ്ങശ്ശേരി മുളഞ്ഞൂർ റോഡിൽ ചാലുണ്ടാക്കി റോഡ് ഗതാഗത യോഗ്യമാക്കുക.
3. പുലാപ്പറ്റശ്ശേരി റോഡിന് പാലം കെട്ടുക.
4. വേങ്ങശ്ശേരി ഭാഗത്തുകൂടെ കൂടുതൽ ബസ്സുകളോടിക്കുക. KSRTC ബസ്സടക്കം.
5. അപ്പക്കാട് ചൂൽപ്പറ്റ റോഡ് അപ്പക്കാട് കള്ളികുന്ന് റോഡ്. ചവിറ്റലകുളം- ചെരിവുംപുറം റോഡ്, മണ്ണൂർ റോഡിൽ നിന്നും പ്ലാച്ചിക്കാട്ടു വഴി പോകുന്ന റോഡ്, ലക്ഷം വീട് വയങ്കാവ് റോഡ്. വയങ്കാവ് എൽ.പി. സ്ക്കൂളിൽ നിന്നും തിമലയിൽ അമ്പലം റോഡ്, വയങ്കാവിൽ നിന്ന് മുല്ലപ്പള്ളി പാടം വഴി പോകുന്ന റോഡ് എന്നിവ നിർമ്മിക്കുക.

## വാർഡ് XII

**ട്രാക്കർ റോഡുകൾ**
1. വേങ്ങശ്ശേരി പോസ്റ്റോഫിസിനെതിർ വശത്തുള്ള വഴി.
2. വി.കെ.എം യു.പി. സ്ക്കൂളിന്റെ പടിഞ്ഞാറെവശത്തുള്ള വഴി.
3. ഐ.പി.പി.സെന്ററിൽ നിന്നും ചാത്തൻ കണ്ടത്തുപടി.
4. അകവണ്ട പാലത്തിനു സമീപം കുണ്ടുകാവിൽ പാലം റോഡ്.
5. കുപ്പോട്ടുപടി കൊട്ടിലും പാറ റോഡ്.
6. ചെറുചാത്തൻകുന്നത്തുപടി റോഡ്.
7. ഇറക്കിങ്കൽ കുമാരൻപടി റോഡ്.
8. വേങ്ങശ്ശേരി സെന്റ് നെല്ലിക്കുന്ന് റോഡ്
9. കാഞ്ഞങ്ങാട് പാറ റോഡ് (പാലാരി)
10. മണലിക്കുണ്ട് പറമ്പ് റോഡ്
11. മുളയൻകുഴി വളർത്തുകാട് റോഡ്
12. കയറംകുടം പാറകുണ്ട്പടി റോഡ്

**മറ്റു റോഡുകൾ**
1. വടുകൻകെട്ട് റോഡിന്റെ രണ്ടാം ഘട്ടം
2. കയറംകുടം വെളുത്തേടത്തുപടി റോഡ് നിർമ്മാണം
3. അകവണ്ട പാണക്കാട് റോഡ് നിർമ്മാണം
4. കൊട്ടെക്കാട് പടി അകവണ്ട പാലം റോഡ് നിർമ്മാണം
5. ചെട്ടിയാർകാട് കണ്ടരാമത്ത്പടി റോഡ്
6. ആലങ്ങാട് പോസ്റ്റോഫീസ് റോഡ് (തേലക്കാട്ട്പടി)
7. മേലേപുരക്കൽപടി റോഡ്.(അകവണ്ടി)
8. ചെട്ടിയാർകാട് കണ്ടരാമത്ത്പടി റോഡ്
9. മുളയൻകുഴി വളർത്തുകാട് റോഡ്

**മെറ്റലിങ്ങ് വേണ്ടവ**
1. മുളയൻകുഴി ജവാൻനഗർ
2. കള്ളിക്കുന്ന് അപ്പക്കാട് റോഡ്
3. ചിറക്കാട്ട്പറമ്പ് കോളനി റോഡ്
4. നെല്ലിക്കുന്ന് റോഡ്

**പാലങ്ങൾ**
1. അമ്പലപ്പാറ കേരളശ്ശേരി പഞ്ചായത്തുമായി വേങ്ങശ്ശേരി തോടിൽവടുകൻകെട്ട് റോഡിന്റെ ഭാഗം പാലം
2. കയറംകുടം പാത്തിപ്പാലം ഭാഗത്ത് നടപ്പാലം
3. കണ്ടരാമത്ത്പ്പടി നടപ്പാലം
4. കോങ്ങാട്പാലം (പച്ചീരിക്കാട് വീടിനു സമീപം)
5. മുണ്ടിയൻകാവിന്നു സമീപം ക്രോസ്വെകൾവർട്ട്
1. ജവാൻ നഗറിനു കിഴക്കുവശം.
2. വയങ്കാവ് റോഡിനു പടിഞ്ഞാറു വശം.

ഈ ഭാഗത്തു കൂടെ KSRTC Bus ആവശ്യമാണ്.

# ഊർജ്ജം

1972ൽ ആണ് അമ്പലപ്പാറ പഞ്ചായത്തിലേക്ക് വൈദ്യുതി കടാക്ഷിച്ചത്. ഇതുവരെ ഈ പ്രദേശത്തുകാർ ഇരുട്ടിൽ ആണ്ടുകിടക്കുകയായിരുന്നു. ഇതോടുകൂടിയാണ് ഈ പഞ്ചായത്തിലേക്ക് ആധുനിക പുരോഗതി കൈവന്നത്. നീണ്ട 24 വർഷങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ, ഒരു വാർഡിലും, മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഗാർഹികം, വ്യാവസായികം എന്നിവ അടക്കം 3500 ൽ അധികം ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

16 ട്രാൻസ്ഫോർമറുകൾ ഈ പ്രദേശത്തു ചാർജ്ജു ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ചില ട്രാൻസ്ഫോർമറുകളുടെ പണികൾ കഴിഞ്ഞെങ്കിലും

ചാർജ്ജു ചെയ്തിട്ടില്ല.

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കുറച്ചു ചാർജ്ജ് അടക്കുന്നതിനു വേണ്ടി രണ്ടു മുതൽ പതിനേഴുവരെ കി.മീ. അകലങ്ങളിലായി സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടിവരുന്നു. 85 ശതമാനവും ഗാർഹിക ഉപഭോക്താക്കളാണ് . കാർഷിക ഉപഭോക്താക്കൾ വെറും 6 ശതമാനം, വ്യവസായിക മേഖലയിൽ 20 ശതമാനവും, വ്യാപാര ഉപഭോക്താക്കൾ 7 ശതമാനവും വരും.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള പതിനാറു ട്രാൻസഫോർമറുകൾ മിക്കവയും അധികഭാരം വഹിക്കുന്നവയാണ്. അഡീഷണൽ ട്രാൻസ ഫോർമറുകൾ കുറച്ചുകൂടി വേണ്ടതും, ചാർജ്ജു ചെയ്യേണ്ട ട്രാൻസഫോർമറുകളും ഉടനെ ചാർജു ചെയ്യിപ്പിക്കേണ്ടവയാണ്. ഗാർഹിക ഉപഭോക്താക്കളിൽ 99 ശതമാനം പേരും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ് അതുകൊണ്ടു തന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 50 ശതമാനവും കേടായവയാണെന്ന് അധികൃതർ തന്നെ സമ്മതിക്കുന്നുണ്ട്.

പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപെടുത്തിയിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 250 KVA | അമ്പലപ്പാറ |
| 2 | 63 KVA | ചെറുമുണ്ടശ്ശേരി |
| 3 | 63 KVA | മലപ്പുറം |
| 4 | 160 KVA | ചുനങ്ങാട് |
| 5 | 63 KVA | കടമ്പൂർ |
| 6 | 100 KVA | മനക്കൽപടി |
| 7 | 100 KVA | മേലൂർ |
| 8 | 100 KVA | വേങ്ങശ്ശേരി |
| 9 | 100 KVA | പുലാപ്പറ്റശ്ശേരി |
| 10 | 100 KVA | പ്ലാത്തറ |
| 11 | 100 KVA | അകവണ്ട |
| 12 | 100 KVA | വച്ചിരിക്കാട് |
| 13 | 100 KVA | തിരുണ്ടി |
| 14 | 100 KVA V1 | കടമ്പൂർ |
| 15 | 100 KVA V1 | വാണിവിലാസ് |
| 16 | 63 KVA | വാരിയത്തു പറമ്പ് |

പഞ്ചായത്തിൽ 25 വാട്ട്സുള്ള 229 ബൾബുകളും 40 വാട്ട്സുള്ള 116 ബൾബുകളും 80 വാട്ട്സുള്ള 10 ട്യൂബ് ലൈറ്റുകളും 250 വാട്ട്സുള്ള 26 സോഡിയം വേപ്പർ ലാംബുകളും സ്ട്രീറ്റ് ലൈറ്റായി കത്തുന്നുണ്ട്. എന്നു വരുകിലും മിക്ക പ്രധാന റോഡുകളിലും ഇനിയും സ്ട്രീറ്റ് ലൈറ്റ് വലിച്ച് കണക്ഷൻ നൽകേണ്ടതുണ്ട്. കൂടാതെ മെർക്കുറി വേപ്പർ ലാംബു കൂടി കുറച്ച് പ്രധാന കവലകളിൽ എങ്കിലും വേണ്ടതാണ് . 4901 രൂപയോളം സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം ഈ പഞ്ചായത്ത് അടക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിൽ ഒരു സബ്ബ് ഓഫീസും, ബില്ലിംഗ് കൗണ്ടറും ഇല്ലാത്തത് കാര്യമായ പ്രശ്നമാണ്.
3. പ്രേക്ഷണവിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധകുറവ്, പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.
4. പഞ്ചായത്തിൽ പകുതിയിലധികം കോളനികളിലേക്ക് വൈദ്യുതി കിട്ടുവാനുണ്ട്. ഒരു കോളനിക്കും ഇതു വരെ വൈദ്യുതി എത്തി നോക്കാത്ത വാർഡുകളുമുണ്ട്.
5. സമ്പന്നകുടുംബങ്ങളിലെ സ്റ്റെപ്പ് അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു.
6. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വിമുഖത, അഴിമതി എന്നിവയും വിഷമങ്ങൾ കൂട്ടുന്നു.
7. ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവനവന്റെ ജോലി ഒട്ടും ആത്മാർത്ഥമനോഭാവം കാണിക്കാതെ പോകുന്നു. എന്നിരുന്നാലും ഇവർ കൃത്യനിഷ്ഠയില്ലാത്ത ജോലി ചെയ്ത് വേതനം വാങ്ങുന്നു. നാട്ടിൻപുറങ്ങളിൽ പോസ്റ്റുമാറ്റൽ, ലൈൻ മാറ്റൽ, ചില്ലവെട്ടൽ എന്നീ പ്രവൃത്തികൾ നാട്ടുകാരിൽ നിന്നും പണം പിരിചെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പോക്കറ്റിലാക്കുന്നു.
8. ജീർണ്ണിച്ച പോസ്റ്റുകൾ, ഏറ്റവും കൂടുതൽ താഴ്ന്നു കിടക്കുന്ന ലൈൻ കമ്പികൾ പലയിടങ്ങളിലും അപകടം ക്ഷണിച്ചു വരുത്തുന്നു.

സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിലുള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപഭോഗം. സമ്പന്നകുടുംബങ്ങളിലെ സ്റ്റെപ് അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതു കാരണം മറ്റു വീടുകളിൽ വോൾട്ടേജ് കുറയുന്നു. പ്രേക്ഷക വിതരണങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിനു കാരണമാകുന്നുണ്ട്. മരച്ചില്ലകളും മറ്റും ലൈനിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുവാൻ പ്രത്യേകം ഒരു സംവിധാനം ഉണ്ടാവേണ്ടതാണ്. ഒരു പഞ്ചായത്തിനോ, ഒരു ബ്ലോക്കോ ചേർന്ന് Confact Flurence Lamp (CFL) ഉണ്ടാക്കുന്ന കമ്പനി വ്യവസായടിസ്ഥാനത്തിൽ തുടരേണ്ടതുണ്ട്. എന്നാൽ ലൈറ്റിനു ലൈറ്റും തദ്വാരാ അതു പഞ്ചായത്തുകൾക്ക് കൂടുതൽ ലാഭകരവുമായിരിക്കും. എത്രയോ മെഗാവാട്ട് കറന്റ് ലാഭിക്കാം. CFL ലാംബുകൾക്ക് സാമ്പത്തികമായി മൂല്യം കുടുമെങ്കിലും കുറഞ്ഞ ചിലവിൽ കുടുതൽ ബൾബുകൾ ഉണ്ടാക്കുന്ന ഫാക്ടറി ഉണ്ടാക്കൽ കുടുതൽ വൈദ്യുതി ലാഭിക്കാം. ഇത്തരം ലാംബുകൾക്ക് മറ്റു ബൾബുകളേക്കാൾ പ്രകാശവും കൂടുതലുണ്ടാവും. ഇത്തരത്തിലുള്ള ഒരു CFL കമ്പനി തുറന്നു പ്രവർത്തിച്ചാൽ കുറെ പേർക്ക് ജോലിയുമുണ്ടാവും.

ഓരോ പഞ്ചായത്തടിസ്ഥാനത്തിലും മൊത്തം കറണ്ടിന് ഒരു മീറ്റർ ഗേജ് അടിസ്ഥാനത്തിൽ കറണ്ട് വിട്ടു കൊടുത്താൽ ഏറ്റവും നന്നായിരിക്കും. അത് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി ഉപയോഗപ്പെടുത്തണം.

പ്രസിദ്ധമായ അനങ്ങൻ മല, തളി മല തുടങ്ങിയ ഉയരം കൂടിയ മലകൾ ഉപയോഗിച്ച് കാറ്റാടിയന്ത്രം പ്രവർത്തിപ്പിച്ച് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യതകൾ ഏറെയുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ സോളാർ ലാംബുകൾ സബ്സിഡി അനുവദിച്ച് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് ഏറ്റവും നല്ലതായിരിക്കും.

നിർദ്ദേശങ്ങൾ

1. വാർഡ് അടിസ്ഥാനത്തിൽ ഇല്ലെങ്കിലും ഒരു പഞ്ചായത്ത് ആസ്ഥാനമാക്കി മൊത്തത്തിൽ ഒരു മീറ്റർ ഘടിപ്പിക്കേണ്ടതാണ് (തൃശ്ശൂർ നഗരസഭയിൽ ചെയ്യുന്നതു പോലെ)
2. ദക്ഷത കൂടിയ അടുപ്പുകൾ (അനർട്ട്) പുതുപ്പരിയാരം പോലുള്ള ഏജൻസികളെ ഇത് നിർമ്മിക്കാൻ ഏർപ്പാടുകൾ ഉണ്ടാക്കണം.
3. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സഹായത്തോടെ കൂടുതൽ കാര്യക്ഷമതയുള്ള പുകയില്ലാത്ത അടുപ്പകൾ നിർമ്മിക്കാവു ന്നതാണ്.
4. മെറ്റീരിയൽസ് (Post and Line) ഇടുന്നതിനു വേണ്ടി ബോർഡ് നേരിട്ട കരാറുകൊടുക്കാതെ വാർഡടിസ്ഥാനത്തിൽ ജനകീയ കമ്മിറ്റി ഉണ്ടാക്കി ചുരുങ്ങിയ നിരക്കിൽ ഈ ജനകീയ കമ്മിറ്റിയും അതാതു പ്രദേശത്തെ തൊഴിലാളി കളെ കൊണ്ട് മേലുദ്യോഗസ്ഥന്മാരുടെ സഹായത്തോടെ പോസ്റ്റ് നാട്ടലും, കമ്പി വലിക്കലും നടത്തിക്കേണ്ടതാണ്. എന്നാൽ ചുരുങ്ങിയ കാലതാമസത്തിനുള്ളിലും ചുരുങ്ങിയ സാമ്പത്തിക ബാധ്യതകൊണ്ടും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും, അനാസ്ഥയും ഒഴിവാക്കി ഉപഭോക്താവിന് വൈദ്യുതി എളുപ്പത്തിൽ എത്തിക്കുവാൻ കഴിയും.
5. ഓരോ വാർഡടിസ്ഥാനത്തിൽ നിന്നും തെരെഞ്ഞെടുത്ത കുറച്ചു പേർക്ക് പഞ്ചായത്ത ടിസ്ഥാനത്തിൽ എങ്കിലും വൈദ്യുതിയുടെ ജോലി പരിശീലിക്കാൻ സഹായകമാവും.
6. വൈദ്യുതി ബോർഡിലെ മിക്കവാറും ഉദ്യോഗസ്ഥന്മാർ സാമൂഹ്യ പ്രതിബദ്ധത ഇല്ലാത്തവരാണെന്ന് മിക്ക ഗ്രാമസഭകളിൽ നിന്നും ഓരേ സ്വരത്തിൽ പരാതികൾ വന്നതിനെ തുടർന്ന് ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തടിസ്ഥാനത്തിൽ കൊണ്ടു വന്ന് ഓരോ വാർഡിലും ജനകീയമാക്കി ഇവരുടെ നേതൃത്വത്തിൽ ഉപഭോക്താക്കൾക്ക് വിഷമമില്ലാത്ത രീതിയിൽ പ്രവർത്തിപ്പിക്കേ ണ്ടതാണ്.
7. പ്രവർത്തനക്ഷമത, നഷ്ടപ്പെട്ട എല്ലാ മീറ്ററുകളും മാറ്റി പ്രവർത്തിക്കുന്ന മീറ്ററുകൾ ഘടിപ്പിക്കേണ്ടതാണ്.
8. ഒരു നിശ്ചിത സമയത്തിനുശേഷമെങ്കിലും മിനിമം ഗ്യാരണ്ടി സ്ലാബ് സിസ്റ്റം മാറ്റി ഉപയോഗിച്ച കറന്റിനുള്ള പൈസ മീറ്റർ നോക്കി അടക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതു കാരണം അനാവശ്യമായി കറന്റ് ഉപയോഗിക്കുന്നതു നിർത്താം.
9. ഗോബർ ഗ്യാസ് പ്ലാന്റിനു ബാങ്കുകൾ സാമ്പത്തിക സഹായം നൽകേണ്ടതാണ്.
10. ഒരു വാർഡിൽ നാലോ അഞ്ചോ ഭാഗത്തെങ്കിലും കൂട്ടമായി ചേർന്ന് കന്നുകാലികൾക്ക് മേഞ്ഞു തിന്നുന്നതിനും അതോടനുബന്ധിച്ച് അവിടെ ഒരു ആലയം നിർമ്മിച്ച് ഗോബർ ഗ്യാസ് ഉണ്ടാക്കാൻ

സാവിധാനം ഉണ്ടാവണം. തൽഫലമായി അതിൽ നിന്നുണ്ടാകുന്ന ഊർജ്ജം ഉപയോഗിച്ച് പാചകത്തിനും വെളിച്ചത്തിനും മിതമായ ചിലവിൽ ഊർജ്ജം ലഭ്യമാക്കാം.

11. റീലൈനിംഗും, ലൈൻ വലിച്ചു മുറുക്കലും അത്യാവശ്യമാണ്.

12. അനങ്ങൻമല, തളിമല ഇത്തരത്തിലുള്ള ഒരു വലിയ മലമുകളിലെ ജലസ്രോതസ്സും കാറ്റും ഉപയോഗിച്ച് വിദഗ്ധന്മാരുടെ സഹായത്തോടു കൂടി വൈദ്യുതി നിർമ്മിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

13. സോളാർ ലാംബുകൾ ഉപയോഗിക്കാൻ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ജനങ്ങൾക്ക് ബോധവൽക്കരണം കൊടുക്കേണ്ടതാണ്.

14. വാർഡുതലത്തിൽ പുതിയ വൈദ്യുതി ലൈൻ വലിക്കേണ്ട സ്ഥലവും, പുതിയ വൈദ്യുതി എത്തിക്കേണ്ട കോളനികളുടെ പേരും ചുവടെ ചേർക്കുന്നു.

## വാർഡ് I

മയിലുംപുറം സെന്റർ ഭാഗത്തും മയിലുപുറം തെക്കുഭാഗം, നായർവീട്ടിൽ ഭാഗം – അമരമംഗലം, തോട്ടത്തൊടി, പാലാക്കുന്ന്, പ്ലാത്തറ, മയിലുംപുറം സ്ക്കൂൾ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ അഡീഷനൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

## വാർഡ് II

1. അനങ്ങൻമലയുടെ മുകളിലുള്ള വീടുകളിൽ വൈദ്യുതി എത്തിക്കണം.
2. മൂരിക്കുംപറ്റ റോഡ്, മറ്റു പഞ്ചായത്തു റോഡ്, മച്ചിങ്ങൽ റോഡ് മുതലായ ഭാഗങ്ങളിൽ തെരുവുവിളക്കുകളില്ല.
3. ചാത്തൻകണ്ടാർ ഭാഗത്ത് ഒരു പുതിയ ട്രാൻസഫോർമർ സ്ഥാപിക്കണം.
4. വൈദ്യുതി കണക്ഷന് അപേക്ഷിച്ച എല്ലാവർക്കും ഉടനെ വൈദ്യുതി കണക്ഷൻ നൽകുക.

## വാർഡ് III

1. തെക്കെക്കാവ് – കിഴക്കേതൊടി റോഡ്, വാണിവിലാസിനി – ഒറ്റപ്പാലം റോഡ്, പാറോൽപ്പടി ഹൈസ്ക്കൂൾ റോഡ്, ചുനങ്ങാട് കോളനി റോഡ് നോർത്ത് വാരിയത്ത് കോളനി റോഡ് – വാണി വിലാസിനി – മുട്ടിപ്പാലം റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
2. കോളനിയിൽ വായനശാലയുടെ സമീപവും അംഗൻവാടിക്കു സമീപവും ട്യൂബ് ലൈറ്റുകൾ ഇടേണ്ടതാണ്.
3. മുട്ടിപ്പാലം സെന്ററിൽ മെർകുറി ലാംപ് സ്ഥാപിക്കേണ്ടതാണ്.

## വാർഡ് IV

1. മലപ്പുറം – മലമുക്കു റോഡ്, വെള്ളക്കുണ്ട് റോഡ്, മലപ്പുറം – പഴംകുളം റോഡ് എന്നീ റോഡുവക്കിൽ സ്ട്രീറ്റ് ലൈറ്റ് വേണം.
2. പഴംകുളം, മലമുക്കു ഭാഗങ്ങളിൽ വൈദ്യുതി എത്തിയാൽ കൃഷിക്ക് വലിയ ഉപകാരപ്രദമാകും.
3. നമ്പിയത്ത്കുന്ന് – തിരുണ്ടികുന്ന് എന്നീ ഹരിജൻ കോളനികളിൽ വൈദ്യുതി കത്തിക്കണം.
4. ഉപ്പാസ് നഗറിൽ ഒരു സോളാർ ലൈറ്റ് സ്ഥാപിക്കുക.
5. അനങ്ങൻമലയുടെ തെക്കുവശത്ത് ചോലകെട്ടി ഉയർത്തി വെള്ളച്ചാട്ടത്തിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കാം.
6. മലപ്പുറം സെന്ററിൽ നിന്ന് ഉണ്ണി വൈദ്യരുടെ വളവു വരെ വൈദ്യുതീകരിക്കുക.

## വാർഡ് V

1. അമ്പലപ്പാറ തിയ്യറ്ററിന്റെ പിൻഭാഗത്തുള്ള കുറച്ചു വീട്ടുകാർക്ക് വൈദ്യുതി ആവശ്യമാണ്.
2. രാമൻചിറകുളം ഭാഗത്ത് 30 വീടുകൾക്ക് വൈദ്യുതി അത്യന്താപേക്ഷിതമാണ്.
3. അറവക്കാട് – ഇട്ടിയിൽകുണ്ട് കോളനി വൈദ്യുതീകരിക്കുക.
4. പുകയില്ലാത്ത അടുപ്പുകൾ ധാരാളം വേണം.
5. അറവക്കാട് ഭാഗത്തുള്ള ട്രാൻസ്ഫോർമർ ഉടനെ ചാർജ്ജ് ചെയ്യണം.

## വാർഡ് VI

1. നിലവിലുള്ള ട്രാൻസ്ഫോർമർ റിപ്ലേസ് ചെയ്ത് കപ്പാസിറ്റി വർദ്ധിപ്പിക്കുക.
2. അറവക്കാട് ഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുക.
3. കോവിൽ ഭാഗത്ത് (പിഞ്ഞാറു ഭാഗം) അഡീഷണൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4. എരിക്കുംപാറ കോളനി, മുളംപ്ലാച്ചി കോളനി, ഭരതപ്പാറ കോളനി, കീഴ്പാടം കോളനി, വരിക്കോട്ടിൽ കോളനി, കൊട്ടേക്കാട് കോളനി, തെക്കെക്കര എന്നീ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുക.
5. അനങ്ങൻമലയുടെ മുകളിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി നിർമ്മിക്കുക.
6. മേലൂർ കീഴൂർ റോഡിലും പ്രധാനമായും ഈ വാർഡിലെ മറ്റു പഞ്ചായത്തു റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
7. കോതറ ഭാഗ (കാടാംപാറ യുടെ അടിഭാഗം) ത്തിലൂടെ ത്രീ ഫേസ് ലൈൻ സ്ഥാപിക്കുക.
8. പഴകി ദ്രവിച്ച പോസ്റ്റുകളും ലൈനുകളും മാറ്റുക.
9. അംഗൻവാടികളിലേക്ക് വൈദ്യുതി നൽകുക

## വാർഡ് VII

1. വൈദ്യുതി എത്തിയിട്ടില്ലാത്ത എല്ലാ ഇടങ്ങളിലേക്കും വൈദ്യുതി എത്തിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. വ്യാവസായികാവശ്യങ്ങൾക്ക് ഉടനെതന്നെ വൈദ്യുതി എത്തിക്കുക.
4. കടമ്പൂർ ലക്ഷം വീടിനു സമീപം ഒരു സോഡിയം ലാംബ് സ്ഥാപിക്കുക.

## വാർഡ് VIII

1. എല്ലാ ഹരിജൻ കോളനികളിലേക്കും വൈദ്യുതി ലൈനും ഹൗസ് കണക്ഷനും ഉടൻ നൽകേണ്ടതാണ്. (അത്തിക്കുണ്ട് കരുവതുരു ത്തി പടിഞ്ഞാറെ കണ്ണമംഗലം)
2. തെരുവു വിളക്കുകൾ വളരെ വിരളമാണ്.
3. ആലങ്ങാട് റോഡ് ജംഗ്ഷനിൽ ഒരു സോഡിയം ലാംബ് സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്.
5. വിറകിന്റെ ദൗർലഭ്യം കാരണം കൂടുതൽ പാചക വാതക കണക്ഷനുകൾ നൽകേണ്ടതാണ്.
6. കൂടുതൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്.
7. ഇന്ധനക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗവുകൾ പഞ്ചായത്താസ്ഥാനമാക്കി വിതരണം ചെയ്യേണ്ട താണ്.
8. കണ്ണമംഗലം മുതൽ പൂക്കോട്ടിൽ വളവു വരെ വൈദ്യുതി ലൈൻ യോജിപ്പിച്ച് അഡീഷണൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

കെട്ടിടം പണി കഴിഞ്ഞു കിടക്കുന്ന പ്ലവർ റൈസ് മില്ലിന്റെ പണി തീർത്ത് കറന്റ് നൽകി മില്ല് തുറന്നു പ്രവർത്തനക്ഷമമാക്കുക.

## വാർഡ് IX

1. ആശുപത്രി- ചെറുമുണ്ടശ്ശേരി റോഡ്, ആശുപത്രി ഇറക്കം, വടക്കു ഭാഗത്തേകുള്ള റോഡ്, പുളിയങ്കുന്നു റോഡ്, മുണ്ടിരിക്കൽപടി റോഡ്, മുതലായ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കണം.
2. വടക്കേപുര കോളനി റോഡിൽ വൈദ്യുതി എത്തിക്കണം.
3. മൃഗാശുപത്രി അംഗൻവാടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് വേണം.
4. തുറസ്സായ സമ്മേളനവേദിക്കു സമീപമുള്ള കോളനികളിൽ വൈദ്യുതി എത്തിക്കുക.
5. വാർഡിൽ വയറിംഗ് കഴിഞ്ഞിട്ടുള്ള മുഴുവൻ വീട്ടുകാർക്കും മുൻഗണനാക്രമത്തിൽ വൈദ്യുതി നൽകേണ്ടതാണ്.

## വാർഡ് X

1. അയ്യപ്പനാൽ, ഉണക്കംപാറ, പാലക്കുന്ന് സ്ക്കൂൾ, കള്ളിച്ചോല, പീടികപ്പടി, ക്വാറിക്കു സമീപം, അംഗനവാടി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.
2. പാലക്കുന്ന് കോളനിയിൽ ലൈൻ വലിച്ചെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല.
3. തളിമലയിൽ കാറ്റാടി യന്ത്രം ഉപയോഗപ്പെടുത്തി വൈദ്യുതി നിർമ്മിക്കാവുന്ന താണ്.

## വാർഡ് XI

1. അപ്പക്കാട് വലിയകാട്, ചെരിവുംപുറം കാരാട്ടുപറമ്പിൽ കോളനി വേങ്ങശ്ശേരി ലക്ഷം വീട്, മുപ്പുന്നിക്കാട്, കൊണ്ടത്തൊടികുന്ന് പിഷാരത്തുകുണ്ട്, പീച്ചാകുറുച്ചി പറമ്പ് ഹരിജൻ കോളനികളിലേക്ക് വൈദ്യുതി എത്തിക്കുക.
2. പല സ്ഥലങ്ങളിലും പുതുതായി ഇലക്ട്രിക് ലൈൻ വലിക്കേണ്ടതുണ്ട്.
3. പുകയില്ലാത്ത അടുപ്പുകൾ ഉണ്ടാക്കി നൽകുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.
4. സ്ട്രീറ്റ് ലൈറ്റുകൾ നാമമാത്രമാണ്.
5. വയങ്കാവിനു മുമ്പിലായി ഒരു സോഡിയം ലാംബു സ്ഥാപിക്കുക.

6. വയങ്കാവു റോഡു മുതൽ കള്ളിക്കുന്നു വരെയും അപ്പക്കാടു മുതൽ ചൂൽപ്പാറ വരെയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

### വാർഡ് XII

1. നെല്ലികുണ്ട്, മുളയൻകുഴി, പാലാരി, കയറംകൂടം എന്നിവടങ്ങളിൽ വൈദ്യുതി ഇല്ല. വോൾട്ടേജ് തൃപ്തികരമല്ല.
2. വയങ്കാവ് റോഡു മുതൽ ചിറക്കാട്ടുപറമ്പു കോളനിവരെയും ആലങ്ങാട്ടു പഴയ പോസ്റ്റോഫീസ് റോഡിലും VKM U.P മുതൽ പാലാരി വരെയും അകവണ്ട പുതുകുളങ്ങര ക്ഷേത്രം വരെയും മുളയൻകുഴി കോളനി റൂട്ടിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതിലേക്ക് കണ്ണമംഗലം ജവാൻ നഗർ പാലാരി എന്നിവടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. കാരാട്ടു കോളനി വൈദ്യുതീകരിക്കണം.
5. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക (ബോധവൽകരണവും നൽകുക)
6. CD അടച്ച എല്ലാവർകും ഉടനെ കണക്ഷൻ നൽകണം.

## മാർക്കററ്

അമ്പലപ്പാറ പഞ്ചായത്തിന്റെ ചരിത്രം തുടങ്ങിയ കാലം മുതൽ തന്നെ പറയുമാറ് "ശനിയാഴ്ച" ദിവസങ്ങളിൽ പൊതു ചന്ത നടന്നിരുന്നു. ശനിയാഴ്ച ദിവസങ്ങളിൽ രാവിലെമുതൽ വൈകുന്നേരും വരെ ചന്ത നടന്നിരുന്നു. ഈ ചന്തയിൽ പച്ചക്കറി, മത്സ്യം മാംസം, കാർഷികോപകരണങ്ങൾ മുതലായവ വിററഴിച്ചിരുന്നു. ചിമ്മിനി വെളിച്ചത്തിൽ പല വ്യത്യസ്ത തരത്തിലുള്ള ഉണ്ട മിഠായികളും, വീര്യമുള്ള പുകയില, മുറുക്കാനുള്ള വെറ്റില എന്നിതുകൾ എല്ലാം വാങ്ങിയിരുന്നതും ഉപയോഗിച്ചിരുന്നതും ആയ പഴഞ്ചൻ കഥകൾ അറിയുന്നതു തന്നെ രസകരമാണ്. ഒരാഴ്ചയിലേക്കുള്ള എല്ലാ ഇനത്തിലുള്ള സാധനങ്ങളും ഈ പഞ്ചായത്തിലെ ജനങ്ങൾ വാങ്ങിസൂക്ഷി ച്ചിരുന്നു. ശനിയാഴ്ച ദിവസം വന്നാൽ ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും ഈ ചന്തയിൽ വരുമായിരുന്നു ജനങ്ങൾക്ക് പച്ചക്കറി വില്പാനും, എല്ലാറ്റിനും ഉപകരിച്ചിരുന്ന ഒരു മാർക്കറ്റായിരുന്നു. ആഴ്ചയിലൊരു ദിവസം ജനങ്ങൾക്കെല്ലാം കണ്ടുമുട്ടാനും, ആശയങ്ങൾ വിനിമയം നടത്താനും ഉതകുന്ന ഒരു ജനകീയ വേദികൂടിയായിരുന്നു. ഈ മാർക്കറ്റ് ഓല കൊണ്ടുമേഞ്ഞ ഈ ചന്ത അനേകം വർഷങ്ങളായി വിപുലമായി നടന്നിരുന്നത് കാലക്രമേണ നാമവശേഷമായി. കഴിഞ്ഞ 20 വർഷം മുൻമ്പു കൂടി അത്യാവശ്യം വെറ്റില മുറുക്കാൻ ഉണക്ക മീൻ, മാംസം അടക്കം ഈ ചന്തയിൽ വിൽപ്പന നടത്തിയിരുന്നു.

നഷ്ടപ്പെട്ട ഈ ചന്ത തിരിച്ചുകൊണ്ടു വരാൻ എളുപ്പമല്ലെന്നിരിക്കെ, നിലവിലുള്ള പ്രകൃതി വിഭവങ്ങളും ജനജീവിതവും ആയികോർത്തിണക്കി ഒരു "ഗ്രാമീണ ചന്ത സംസ്ക്കാരവും" പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്തിന്റെ ചുവട് ഉറപ്പിക്കാനും അതുവഴി ഉന്നമനത്തിന്റെ തിരുമുററത്തേക്ക് സ്വയം കയറാനും, ഈ ചന്ത രൂപീകരണം വഴിനേടിയെടുക്കുവാൻ പറ്റു മെന്നും, ഉൾവിളിഗ്രാമസഭകളിലെ ചർച്ചകളിൽ കാണുന്നുണ്ട്.

നാളികേരം, റബ്ബർ, നേന്ത്രവാഴ, കശുവണ്ടി, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയാണ് മെച്ചപ്പെട്ട കാർഷികവിളകൾ. ഇവയിൽ ഇപ്പോൾ പ്രധാനപ്പെട്ട നാളികേരത്തിന് തന്നെ ഒരു പൊതു വിപണിയോ, സഹകരണ വിപണിയോ, വിശ്വസിക്കാവുന്ന വിധത്തിൽ ഒരു സ്വകാര്യ വിപണിയോ പഞ്ചായത്തിൽ വേണ്ടതാണ്. റബ്ബർ, നാളികേരം, നെല്ല്, പച്ചക്കറികൾ എടുക്കാൻ ഉതകുന്ന ഒരു സഹകരണാടിസ്ഥാനത്തിൽ ഒരു ചന്ത പഞ്ചായത്തടിസ്ഥാനത്തിൽ വേണ്ടതാണ്. ഇത്തരം ഒരു മാർക്കറ്റില്ലാത്തതിനാൽ കർഷകർക്ക് അവനവന്റെ കാർഷികവിളകൾക്ക്

ഇറക്കുന്ന മുതലിന്റെ 25 ശതമാനം പോലും ഇപ്പോൾ ലഭിക്കുന്നില്ല.

### മാർക്കറ്റ് നടത്തേണ്ടതിന്റെ പ്രധാന നിർദ്ദേശങ്ങൾ.

1. നാളികേരം പൊതുമാർക്കറ്റോ, ആഴ്ച ചന്തയോ ഇല്ല-മാർക്കറ്റ് വേണം.
2. മത്സ്യ മാർക്കറ്റ് വേണം.
3. നാളികേരം, നേന്ത്രക്കായ, അടയ്ക്കാ എന്നിതുകൾ വിപണനം നടത്താൻ പഞ്ചായത്തിൽ ഒരു കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ഒരു വിപണന കേന്ദ്രം നടത്തേണ്ടതാണ്. സഹകരണ പൊതു വിതരണ മേഖലയെ മെച്ചപ്പെടുത്തണം.
4. മലപ്പുറം കേന്ദ്രമാക്കി (പഞ്ചായത്തിന്റെ ഏകദേശ സെന്റർഭാഗം) ഒരു സംഭരണകേന്ദ്രം ഏർപ്പെടുത്തേണ്ടതാണ്.
5. പൊതുവായി ഒന്നോ രണ്ടോ, റബ്ബർ സംഭരണ സഹകരണകേന്ദ്രങ്ങളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.
6. നാളികേരം, നേന്ത്രവാഴ എന്നിതുകളുടെ By product കൊണ്ടുള്ള ഉപഭോക്ത സാധനങ്ങളുടെ നിർമ്മാണ കേന്ദ്രങ്ങൾ തുടങ്ങിയാൽ ഇത്തരം കാർഷിക സാധനങ്ങൾക്ക് വിപണിയിൽ നല്ല വിലയും കിട്ടും.
7. സഹകരണമേഖലയിൽ ഒരു പൊതു മാർക്കറ്റും അതു കൂടാത്ത വ്യത്യസ്ഥ ഭാഗങ്ങളിൽ അതാതു കാർഷിക വിളയുടെ അടിസ്ഥാനത്തിൽ സംഭരണ കേന്ദ്രങ്ങളും, വിപണന കേന്ദ്രങ്ങളും നടത്താവുന്നതാണ്.

സഹകരണാടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ ഒന്നിച്ചു ചേർന്നോ, വിവിധ ഗ്രാമസഭകൾ പ്രതിനിധ്യസ്വഭാവത്തിൽ സംഘടിച്ചോ നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും, വിപണനം നടത്തുന്നതുമായ സംരംഭങ്ങൾക്ക് പഞ്ചായത്തിൽ നല്ല സാദ്ധ്യതയുണ്ട്. അതുപോലെ മിക്ക വാർഡുകളിലും നടക്കുന്ന കൃഷിയാണ് നേന്ത്രവാഴ. ജനങ്ങളിൽ നല്ലൊരു ഭാഗം ഏത്തയ്ക്കാ ഉപയോഗിച്ച് ഉണ്ടാക്കുന്ന വിഭവങ്ങളും (ഉദാ: കായ്‌വറുത്തത്, ശർക്കര ഉപ്പേരി etc.) ഉപഭോക്താക്കളും ആണ്- നമ്മുടെ പഞ്ചായത്തിലെ വാഴയ്ക്ക മുഴുവൻ ഉപയോഗിച്ച് അതിനോട് ബന്ധപ്പെട്ട ഭക്ഷ്യോത്പന്നങ്ങളുടെ നിർമ്മിതിക്കും, വിപണനത്തിനും ഇവിടെ നല്ലസാദ്ധ്യതയുണ്ട്. മറ്റു കാർഷിക വിഭവങ്ങൾ ഉപയോഗിച്ചും ഇത്തരം ഒരു വിപണന ശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കേണ്ടതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള BNP (Community Based Nitrition programme) അയൽകൂട്ടങ്ങളേയും സാക്ഷരതാ പ്രവർത്തകരേയും കോർത്തിണക്കിയാൽ ചുരുങ്ങിയ ചെലവിൽ ഉത്സാഹമുള്ള മനുഷ്യവിഭവശേഷി ലഭ്യമാകുന്നതാണ്. കുടുംബങ്ങളിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും പഞ്ചായത്തിന് ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി, നല്ല നിലയിൽ ഒരു വിപണനസംവിധാനം സഹകരണാടിസ്ഥാനത്തിൽ നടത്തിയാൽ പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കലും, അതുവഴി ഗ്രാമപഞ്ചായത്തിന്റെ വികസനത്തിലേക്കു ആദ്യത്തെ ഒരു കാൽ വെപ്പുമായിരിക്കും ഇത് എന്ന കാര്യത്തിൽ സംശയമേ ഇല്ല.

# 5.7

# ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം പൊതുവിതരണം

## ഭവനനിർമ്മാണം

കേന്ദ്രസർക്കാറും കേരളസർക്കാറും എല്ലാ വർക്കും ഭവനം എന്ന ആശയം നടപ്പിൽ വരുത്തു ന്നതിനു വിവിധ പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടെ ങ്കിലും പദ്ധതി പ്രാവർത്തികമാക്കുന്നതിൽ വന്ന പരാജയവും ഗുണഭോക്താക്കളുടെ പങ്കിനെപറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവവും കാരണം തുലോം പരിമിതമായ പാർപ്പിടസൗകര്യങ്ങൾ മാത്രമെ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ളൂ. ആയതിന്റെ കണക്ക് ഇതോടു കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനം അനിവാര്യമാണെന്നത് നിസ് തർക്കമായ സംഗതിയാണ്. സർക്കാരിൽ നിന്നും പാർപ്പിടനി ർമ്മാണത്തിനു സൗജന്യമായി ധനസഹായം തരുന്നതും സർക്കാരിന്റെ മാത്രം ചുമതലയാണെന്നും അതിന്റെ നിർമ്മാണത്തിലും കേറ്റുകുറ്റപണിയിലും തനിക്കു യാതൊരു പങ്കുമില്ലെ ന്നുമുള്ള മനോഭാവം മാറ്റണം. ഗുണഭോക്താവിന്റെ ഇത്തരം ചിന്താഗതിയിൽ മാറ്റം വരുത്താൻ ബോധവൽക്കരണം നടത്തുകയും ഭവന നിർമ്മാണ ചെലവിന്റെ 20 ശതമാനമെങ്കിലും ഗുണഭോക്താ വിന്റെ വകയായി ചെലവഴിക്കാൻ സംവിധാന മുണ്ടാക്കേണ്ടതാണ്. കൂട്ടുകുടുംബ സംവിധാനം തിലച്ചതും പാർപ്പിടപ്രശ്നം ഗുരുതരമാക്കി യിരിക്കുന്നു. ഇതിനൊക്കെ പരിഹാരമായി ഒന്നിച്ചു ഒരേ സ്ഥലത്ത് തന്നെ വീടുകൾ നിർമ്മിക്കുന്നതിനും ചുരുങ്ങിയതു പത്തോ പതിനഞ്ചോ വീടുകളെങ്കിലും ഉണ്ടാകുന്നതരത്തിൽ പാർപ്പിടസൗകര്യം ഒരു ക്കേണ്ടതു മാണ്. ഇതു ശുദ്ധജലവിതരണം, വൈദ്യുതിവിതരണം, ഗതാഗതസൗകര്യം എന്നീ അടി സ്ഥാന സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ ഉണ്ടാകുന്നതിനു സൗകര്യമാകും. സ്ഥല പരിമിതിയുള്ള പക്ഷം ഒരേ കെട്ടിടത്തിൽ കൂടുതൽ കുടുംബങ്ങൾക്കു താമസിക്കാനുള്ള സൗകര്യവും ഒരുക്കാവുന്നതാണ്.

അമ്പലപ്പാറ ഒന്നും രണ്ടും വില്ലേജുകളിലായി കിടക്കുന്ന അമ്പലപ്പാറ പഞ്ചായത്തിൽ 7924 കെട്ടിടങ്ങളുള്ളതിൽ 6900 വീടുകളാണുള്ളത്. ഇതിൽ 294 കോൺക്രീറ്റ് കെട്ടിടങ്ങളും 5493 മേൽപുര ഓടുമേഞ്ഞതും 2137 ഓലയും വൈക്കോലും മേഞ്ഞ കെട്ടിടങ്ങളുമാണ്. ഓടുമേഞ്ഞ വീടുകളിൽ തന്നെ പലതും ജീർണ്ണാവസ്ഥയിലാണ്. ഓല വൈക്കോൽ വീടുകളുടെ കാര്യത്തിൽ മേച്ചിൽ സാധനങ്ങളുടെ അമിതവിലയും ദൗർലഭ്യവും കാരണം പലവീടുകളും കാലാകാലങ്ങളിൽ മേച്ചിൽ നടക്കുന്നില്ലെന്നുള്ള താണ് വസ്തുത.

കാർഷികമേഖലയായ ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും സാമ്പത്തികമായി പിന്നോക്കാ വസ്ഥയിലാണ് അതു കാരണം പാർപ്പിടപ്രശ്നം ഗുരുതരമായി തുടരുന്നു.

91–92 മുതൽ 139 വീടുകളാണ് വിവിധ

പട്ടിക I
വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തരത്തിൽ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ടെറസ് | ഓല | ഓട് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 802 | 13 | 162 | 627 | | | |
| 2 | 624 | 23 | 84 | 517 | | | |
| 3 | 836 | 39 | 142 | 655 | | | |
| 4 | 587 | 36 | 138 | 413 | | | |
| 5 | 959 | 57 | 340 | 562 | | | |
| 6 | 433 | 5 | 207 | 221 | | | |
| 7 | 595 | 18 | 212 | 365 | | | |
| 8 | 849 | 68 | 194 | 587 | | | |
| 9 | 556 | 7 | 175 | 374 | | | |
| 10 | 779 | 10 | 242 | 527 | | | |
| 11 | 904 | 18 | 241 | 645 | | | |
| | 7924 | 294 | 2137 | 5493 | | | |

പട്ടിക II
ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവെ) | വിവിധപദ്ധതി കളിലായി അനു വദിച്ച വീടുകൾ | പൂർത്തി കരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തികരിക്കാ നുള്ള വീട് | ഇനിയും അനുവദി ക്കേണ്ട വീടുകളു ടെ എണ്ണം |
|---|---|---|---|---|---|
| I | 150 | 13 | 11 | 2 | 150 |
| II | 80 | 11 | 11 | 2 | 80 |
| III | 110 | 25 | 19 | 6 | 110 |
| IV | 100 | 3 | 2 | 1 | 100 |
| V | 300 | 15 | 13 | 2 | 300 |
| VI | 200 | 12 | 8 | 4 | 200 |
| VII | 190 | 32 | 30 | 2 | 190 |
| VIII | 150 | 19 | 17 | 2 | 150 |
| IX | 150 | 17 | 15 | 2 | 150 |
| X | 220 | 24 | 18 | 3 | 220 |
| XI | 215 | 18 | 16 | 1 | 215 |

പദ്ധതികൾ പ്രകാരം പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളത്. വീടുനിർമ്മാണ സാമഗ്രികളുടെ ക്രമാതീത വിലവർദ്ധനയും കൂലിയിനത്തിലുള്ള വർദ്ധനയും കാരണം ഇപ്പോഴനുവദിക്കുന്ന സാമ്പത്തിക സഹായം വീടു നിർമ്മാണത്തിനു തീരെ അപര്യാപ്തമാണ്. 91-92 ൽ ഈ പഞ്ചായത്തിലെ അവിദഗ്ധ സ്ത്രീ തൊഴിലാളികൾക്ക് 30 രൂപയും പുരുഷൻമാർക്കു 45 രൂപയും വിദഗ്ധ സ്ത്രീ തൊഴിലാളിക്ക് 40 രൂപയും പുരുഷൻമാർക്ക് 60 രൂപയും ആയിരുന്നത് 96–97 വർഷങ്ങളിൽ യഥാക്രമം 55ഉം, 70ഉം, 60ഉം, 125ഉം ആയി കൂലി വർദ്ധിച്ചിട്ടുണ്ട്.

അടുത്ത പദ്ധതിക്കാലത്തേക്ക് 2400 കുടുംബങ്ങൾക്ക് പൂർണ്ണ ധനസഹായത്തോടെ വീടുകൾ നിർമ്മിച്ചു നൽകുകയും 800–ഓളം വീടുകൾ പുതുക്കി പണിയുകയും ചെയ്യേണ്ടി വരും. ഇതിന്റെ 60 ശതമാനം ആളുകൾക്കും സ്വന്തമായി വീടു നിർമ്മിക്കാൻ സാമ്പത്തിക കഴിവില്ല.

ഒറ്റപ്പാലത്തുള്ള ഹൗസിംഗ് സൊസൈറ്റിയുടെ പരിധിയിലാണ് ഈ പഞ്ചായത്തെങ്കിലും സൊസൈറ്റിയുടെ ഫണ്ടിന്റെ അഭാവം മൂലം പ്രവർത്തനം തൃപ്തികരമല്ല. പാലക്കാട് ജില്ല ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ വിപുലപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

ലക്ഷംവീടു കോളനികളിലും ദുർബല വിഭാഗങ്ങളുടെ കോളനികളിലും വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. കോളനി നിവാസികളുടെ പരിപൂർണ്ണ സഹകരണത്തോടെ സർക്കാർ ഏജൻസി വഴി ഇതിനു പരിഹാരം കാണേണ്ടതുണ്ട്.

ഭിത്തി നിർമ്മാണത്തിനാവശ്യമായ ചുടുകട്ട ഹോളോ ബ്രിക്സ് എന്നിവ ആവശ്യത്തിനു ലഭ്യമാണ്. മറ്റു സാധന സാമഗ്രികൾ പുറമെ നിന്ന് കൊണ്ടുവരേണ്ടിയിരിക്കുന്നു. കോൺക്രീറ്റ് വീടുകളോടാണ് കൂടുതൽ പേർക്കും ആഭിമുഖ്യം. എങ്കിലും വലിയ തുകകൾ മുടക്കിയ ആർഭാടമായ വലിയ വീടുകൾ നിർമ്മിച്ചതായി കാണുന്നില്ല.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നം പരിഹരിക്കാൻ താഴെ പറയുന്ന വസ്തുതകൾ കൂടി പരിഗണനാർഹമാണ്.

1. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിച്ച് സാമ്പത്തികവും സാങ്കേതികവുമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വീടു നിർമ്മാണ സാമഗ്രികൾ വിതരണം നടത്തുകയും ചെയ്യുക.

2. തറവിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റ് കൂടുതൽ വിസ്തൃതിയുള്ള വീടുകളുടെ നിർമ്മാണം നിയമം മൂലം പരിമിതപ്പെടുത്തേണ്ടതാണ്.

3. വിവിധ ഏജൻസി മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണപദ്ധതികളുടെ അപേക്ഷാ ഫോറങ്ങൾ പഞ്ചായത്തു മുഖേനയോ പഞ്ചായത്തിലുള്ള സഹകരണ സംഘങ്ങൾ മുഖേനയോ വിതരണം നടത്തേണ്ടതാണ്.

4. ദാരിദ്ര്യരേഖക്കു താഴെയുള്ള വരുമാനക്കാർക്ക് രജിസ്ട്രേഷൻ ഫീസ് പരിപൂർണ്ണമായും ഒഴിവാക്കേണ്ടതാണ്

5. വീടുനിർമ്മാണ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്തു മെമ്പർമാർക്ക് നൽകേണ്ടതാണ്.

6. ചിലവു കുറഞ്ഞ വീടു നിർമ്മാണത്തിന് വൻ പ്രചരണവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

7. പാർപ്പിട നിർമ്മാണച്ചിലവ് വളരെയേറെ വർദ്ധിച്ച സാഹചര്യത്തിൽ വിവിധ ഏജൻസികൾ മുഖേന നൽകുന്ന ധനസഹായം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കേണ്ടതാണ്.

8. ചെലവു കുറഞ്ഞ വീടു നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നിർമ്മിതി കേന്ദ്രത്തിന്റെ ശാഖ പഞ്ചായത്തു പ്രദേശത്ത് തുടങ്ങുകയും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്നതും അല്ലാത്തതുമായ സംഖ്യ ഉപയോഗിച്ച് നിർമ്മിതി കേന്ദ്രത്തിന്റെ സാങ്കേതിക മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുക. ചുരുങ്ങിയ ചിലവിൽ വീടു നിർമ്മിക്കുന്നതിന് പഞ്ചായത്തിലെ സാങ്കേതിക തൊഴിലാളികൾക്ക് പരിശീലനം നൽകുക.

വരുന്ന 5 വർഷം കൊണ്ട് പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർകും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഉതകുന്ന കൂട്ടായ്മയിലേക്ക് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപ്രവർത്തനത്തിനു ഒരു വകുപ്പ് പ്രത്യേകമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ ഗുണം വളരെ കുറച്ചു മാത്രമേ ഈ

പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളൂ. വിവിധ വകുപ്പുകളുടെ പ്രവർത്തനം സാമൂഹിക ക്ഷേമത്തിനാണെങ്കിലും താഴെക്കിടയിലുള്ള ദരിദ്രരായ ജനസമൂഹത്തെ കൈപിടിച്ചുയർത്താൻ വേണ്ട പ്രവർത്തനങ്ങൾക്കാണ് ദാരിദ്ര്യം വന്നുഭവിച്ചിട്ടുള്ളത്. ഇതു IRDP സർവ്വെ പ്രകാരമുള്ള പട്ടിക പരിശോധിച്ചാൽ വ്യക്തമാണ്. സാമൂഹിക ക്ഷേമപ്രവർത്തനം ഏതൊക്കെയാണെന്നും ഏതു തരത്തിലാണെന്നും താഴെക്കിടയിലുള്ളവർക്ക് അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ എന്തൊക്കെ ആണെന്നും ഇതിന്റെ ലഭ്യതക്കുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വകുപ്പുതലത്തിലും പഞ്ചായത്തു തലത്തിലും ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുകയും സാമൂഹികക്ഷേമപ്രവർത്തനങ്ങൾ 100 ശതമാനം പഞ്ചായത്തുകൾ കൂടി നടപ്പിൽ വരുത്തുകയും ചെയ്യുക.

തൊഴിൽപരമായ ഉയർച്ചയിലൂടെയും ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളിലൂടെയും തൊഴിലാളികളുടെ ക്ഷേമ പദ്ധതികളിലൂടെയും സാമൂഹ്യ ക്ഷേമം ഉയർത്താൻ കഴിയും. ഇതിനു സന്നദ്ധസംഘടകളുടെയും മറ്റു വിശാലവീക്ഷണമുള്ളവരുടെയും സഹായത്തോടെ കൂട്ടായ പ്രവർത്തനത്തിനു നമുക്ക് യത്നിക്കാം.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ആഫീസ് പാലക്കാട്ടായതിനാൽ ലഭിക്കുന്നതിന് ഏറെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെ കുറിച്ചും അതിന്റെ സൗകര്യത്തെ കുറിച്ചും വനിതകൾക്ക് ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

പട്ടിക - I

IRDP സർവ്വെപ്രകാരം ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെപ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബം | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചുവഴി ദാരിദ്ര രേഖക്കുമുകളിൽ എത്തിയവർ | ദാരിദ്ര രേഖക്കുതാഴെയുള്ള ആകെകുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ |
|---|---|---|---|---|---|---|
| I | 257 | 47 | 13 | 7 | 3 | 257 |
| II | 152 | 35 | 19 | 9 | 2 | 152 |
| III | 189 | 47 | 28 | 15 | 6 | 189 |
| IV | 235 | 17 | 11 | 4 | 1 | 235 |
| V | 272 | 54 | 19 | 5 | 1 | 272 |
| VI | 136 | 35 | 11 | 9 | 2 | 136 |
| VII | 243 | 83 | 20 | 11 | 3 | 243 |
| VIII | 258 | 59 | 25 | 6 | 2 | 258 |
| IX | 177 | 78 | 19 | 9 | 3 | 177 |
| X | 240 | 36 | 21 | 13 | 4 | 240 |
| XI | 271 | 58 | 30 | 14 | 5 | 271 |

ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾ ബാങ്ക് മുതലായവ IRDP, സ്വയം തൊഴിൽ മുതലായ പദ്ധതികൾക്കു നൽകുന്ന തുകക്കുള്ള പരിധി നിലവിലുള്ള 25000 രൂപയിൽ നിന്ന് ചുരുങ്ങിയത് 50,000 രൂപയാക്കി പ്രാദേശിക തലത്തിൽ അനുവദിക്കാൻ മാനേജർമാർക്ക് അധികാരം നല്കേണ്ടതാണ്.

## DWCRA

മുൻവർഷങ്ങളിൽ കാര്യക്ഷമമല്ലെങ്കിലും പുത്തൻപ്രവണതയനുസരിച്ച് വനിതകളെ സന്നദ്ധരാക്കി തൊഴിൽ സാരംഭങ്ങൾ ആരംഭിക്കുകയും, അതിൽനിന്നുണ്ടാകുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും വിപണനകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമപ്പെടുത്തുകയും ചെയ്യുക.

18 മുതൽ 35 വയസ്സുവരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം പദ്ധതി പ്രകാരം പരിശീലനം നൽകുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സംരംഭത്തിന് ആവശ്യമായ രീതിയിൽ വായ്പകൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം | | | | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം | അവശേഷിക്കുന്നവർ |
| I | ഇലക്ട്രീഷൻ | | | | |
| II | റഷ്മാററ് വിവിംഗ് | | | | |
| III | റഷ്മാററ് വിവിംഗ് | | | | |
| IV | ബുക്ക് ബൈന്റിംഗ് | | | | |
| V | -- | -- | -- | -- | -- |
| VI | ഓട്ടോറിക്ഷാ ഡ്രൈവിംഗ് | -- | -- | -- | -- |
| VII | -- | 2 | 2 | -- | -- |
| VIII | -- | -- | -- | -- | -- |
| IX | ആട്ടോമെക്കാനിസം | 2 | 2 | -- | -- |
| X | Radio ടെലിവിഷൻ | 3 | 3 | -- | -- |
| XI | ട്രാക്ടർ ഡ്രൈവിംഗ് | 4 | 4 | -- | -- |

**ടൂൾകിറ്റ്**

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് തുലോംപരിമിതമാണ്. നാളിതുവരെ 32 പേർക്കേ തൊഴിലുപകരണങ്ങൾ നൽകിയിട്ടുള്ളൂ. ബാർബർ, തയ്യൽ എന്നീ കൈതൊഴിൽക്കാർക്ക് കൂടി ഉപകരണങ്ങൾ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്

## CRSP

'92 ന ശേഷം പഞ്ചായത്തിൽ 74 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. 1983 കക്കൂസുകൾ ഇനി നിർമ്മിക്കേണ്ടതായിട്ടുണ്ട്. രണ്ടു കുഴികളുള്ള കക്കൂസ് നിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്ന 2000 രൂപ ഒട്ടും തികയാത്തതിനാൽ ധനസഹായം ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിയാണിപ്പോഴുള്ളത്. അതുകൊണ്ട് ധനസഹായം 4000 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്. ഇന്നു കാണുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ഉണ്ടാകാൻ ഒരു പ്രധാന കാരണം സ്വന്തമായി കക്കൂസില്ലാത്തതാണ്. അതിനാൽ സ്വന്തമായി കക്കൂസുണ്ടാക്കുവാൻ കഴിവില്ലാത്ത എല്ലാവർക്കും കക്കൂസുകൾ അനുവദിക്കേണ്ടതാണ്. ഇതിന് ഏതാണ്ട് 2500 പുതിയ കക്കൂസുകൾ വേണ്ടിവരും.

### വിവിധയിനം പെൻഷനുകൾ

**വിധവാ പെൻഷൻ**

പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് ഉപജീവനത്തിന് വഴിയില്ലെങ്കിലും ബന്ധം മാത്രം കണക്കിലെടുത്ത് പെൻഷൻ നിഷേധിക്കുന്നത് നിർത്തുക.

**വികലാംഗ പെൻഷൻ**

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് തരുവാനുള്ള അധികാരം താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർക്ക് നൽകണം. വികലാംഗ പെൻഷൻ വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കണം.

**കർഷക തൊഴിലാളി പെൻഷൻ**

കർഷക തൊഴിലാളി പെൻഷൻ പഞ്ചായത്തു വഴി വിതരണം ചെയ്യുകയും നിലവിൽ പെൻഷൻ ലഭിക്കുന്നവരുടെ അർഹത പുനഃപരിശോധിക്കുകയും വേണം.

തൊഴിലില്ലായ്മാ വേതനം

തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരിൽ പലരും അനർഹരാണ്. ഇത്തരക്കാരെ ഒഴിവാക്കി അർഹരായവർക്കു മാത്രമേ വേതനം കൊടുക്കുവാൻ പാടുള്ളൂ. ഇക്കാര്യത്തിൽ പൊതുജനവും വളരെ ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ ചുറ്റുപാടിൽ ആർക്കെങ്കിലും അർഹതയില്ലാതെ പെൻഷൻ കിട്ടുന്നുണ്ടെങ്കിൽ അത്തരക്കാരെ ചൂണ്ടിക്കാട്ടി എംപ്ലോയിമെന്റ് എക്സ്ചേഞ്ചിനെ വിവരം അറിയപ്പിക്കണം.

അംഗനവാടി

ഈ പഞ്ചായത്തിൽ 31 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 29 അംഗനവാടികളും ജീർണ്ണാവസ്ഥയിലാണ്. രണ്ടു കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കേണ്ടതായിട്ടുണ്ട്. അമ്മമാരുടെയും അഞ്ചു വയസ്സിനു താഴെ പ്രായമായ കുട്ടികളുടെയും സമഗ്ര വികസനം ഉദ്ദേശിച്ചിട്ടുള്ളതാണ് അംഗനവാടികൾ എന്നതിനാൽ അംഗനവാടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പുറംവേലിയോ, ചുറ്റുമതിലോ ഇല്ലാത്ത അംഗനവാടികൾക്ക് അവ നിർമ്മിക്കേണ്ടതാണ്. കുട്ടികൾക്കാവശ്യമായ കളികോപ്പുകൾ ഭക്ഷണസാധനങ്ങൾ എന്നിവ യഥാസമയം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക. വിറകിന്റെ ചിലവ് കുറക്കുവാൻ ഉതകുന്ന പുതിയ തരം അടുപ്പുകൾ അംഗനവാടികൾക്ക് നൽകുക. കക്കൂസില്ലാത്ത അംഗനവാടികൾക്ക് അവ എത്രയും പെട്ടന്ന് അനുവദിക്കേണ്ടതാണ്.

അംഗനവാടികളുടെ വിവരം

| | | |
|---|---|---|
| പഞ്ചായത്തിൽ ആകെ ജനസംഖ്യ | : | 34875 |
| പുരുഷൻ | : | 16769 |
| സ്ത്രീ | : | 18106 |
| SC/ST | : | 5954 |
| മൊത്തം അംഗനവാടി | : | 31 |
| 1 വയസ്സിനു താഴെയുള്ള കുട്ടികൾ | : | 484 |
| 1–2 ” | : | 476 |
| 2–3 ” | : | 505 |
| 3–5 ” | : | 926 |
| ആകെ ഗർഭിണികൾ | : | 204 |
| പ്രത്യേക പരിചരണത്തിലുള്ള അമ്മമാർ | : | 13 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 236 |
| 1–3 മരിച്ച കുട്ടികളുടെ എണ്ണം | : | 1 |
| 3–6 ” | : | 1 |
| ആകെ മരണം | : | 155 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | : | 167 |
| ” കുട്ടികൾ | : | 1592 |
| പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | : | 197 |
| ഇരുമ്പ്, ഫോളിക് ആസിഡ് ഗുളികകൾ ലഭിക്കുന്ന ഗർഭിണികൾ | : | 267 |
| ” കുട്ടികൾ | : | 908 |
| വിറ്റാമിൻ എ ലഭികുന്ന കുട്ടികൾ | : | 831 |
| ആശുപത്രിയിൽ നടന്ന പ്രസവം | : | 411 |
| വീടുകളിൽ നടന്നത് | : | 12 |

ഗർഭിണികളുടെ പ്രതിരോധ കുത്തിവെയ്പ്പ്

| TT :- | I | II | BD |
|---|---|---|---|
| ഗർഭിണികൾ | 211 | 146 | 6 |

കുട്ടികളുടെ പോഷകനിലവാരം

| പ്രായം | നോർമൽ | | Iഗ്രേഡ് | | IIഗ്രേഡ് | | IIIഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിനുതാഴെ | 137 | 110 | 79 | 75 | 18 | 29 | — | — |
| 1 – 3 | 204 | 172 | 197 | 234 | 84 | 79 | — | — |
| 3–6 | 168 | 159 | 193 | 182 | 54 | 81 | — | — |

I ഗ്രേഡ് (ലഘുവായ പോഷണകുറവ് ) – 926
II ഗ്രേഡ് (മിതമായ ” ) – 345
III ഗ്രേഡ് (ഗുരുതരമായ ” ) – 1

| ശിശുക്കളുടെ പ്രതിരോധകുത്തിവെയ്പ്പ് | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | BCG | DPT | | | | Polio | | | | DT | | | Measles |
| | | I | II | III | BD | I | II | III | BD | I | II | BD | |
| 1 വയസ്സിനു താഴെ | 422 | 265 | 239 | 276 | | 265 | 239 | 276 | | | | | 226 |
| 1–3 | | | | | 400 | | | | 400 | | | | |
| 3–6 | | | | | | | | | | 210 | 140 | 95 | |

മിക്ക അമ്മമാരും പ്രതിരോധ കുത്തിവെയ്പുകളെകുറിച്ച് ബോധവതികളാണ് എന്നാൽ Booster Dose വേണ്ടത്ര എടുത്തു കാണുന്നില്ല.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

ആഭരണതൊഴിലാളി ക്ഷേമനിധി, കൈതൊഴിലാളി, വിദഗ്ദ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അതാതു മേഖലയിലെ മുഴുവൻ പേരെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി അംഗങ്ങളാക്കുക.

| നമ്മുടെ പഞ്ചായത്തിൽ വിവിധ പെൻഷൻ ലഭികുന്നവരുടെ കണക്ക് | | |
|---|---|---|
| അഗതി പെൻഷൻ | : | 125 |
| വിധവാ പെൻഷൻ | : | 202 |
| വികലാംഗ പെൻഷൻ | : | 36 |
| വാർദ്ധക്യകാല പെൻഷൻ | : | 125 |
| അവശകലാകാര പെൻഷൻ | : | 2 |
| കുഷ്ഠരോഗി പെൻഷൻ | : | 1 |

## പൊതു വിതരണം

നമ്മുടെ സംസ്ഥാനത്ത് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന പൊതു വിതരണ ശ്യംഖല ഉള്ളതിനാൽ സാധാരണക്കാർക്ക് അത് വളരെ പ്രയോജനകരമാണ്. റേഷൻ ഷാപ്പുകൾ ചിലവ വിദൂര പ്രദേശങ്ങളിലായതിനാൽ പാവപ്പെട്ടവരായ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ട്. ഉദാഹരണമായി മേലൂർ, കണ്ണമംഗലം എന്നീ ഭാഗങ്ങളിൽ റേഷൻ ഷാപ്പുകൾ ഇല്ലാത്തതിനാൽ അവിടത്തെ ജനങ്ങൾക്ക് വളരെ പ്രയാസമനുഭവപ്പെടുന്നുണ്ട്.

പ്രാദേശികമായ വിഭവങ്ങളുടെ വിപണനത്തിനും പ്രോത്സാഹനത്തിനുമായി ആഴ്ച ച്ചന്ത ആരംഭിക്കേണ്ടതാണ്. ഏതാണ്ട് 15 വർഷം മുമ്പു വരെ ഇവിടെ ആഴ്ച ചന്ത ഉണ്ടായിരുന്നു. അതുപോലെ ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കേണ്ടതാണ്. പൊതുവിതരണം മെച്ചപ്പെടുത്തുന്നതിനായി ഒരു ഉപഭോക്തൃ സഹകരണ സംഘം ആരംഭിക്കണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പഞ്ചായത്തിൽ വെച്ചുതന്നെ പരിഹാരം കാണുന്നതിനു സിവിൽ സപ്ലൈസുമായി സഹകരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. ഉപഭോക്തൃമേഖലയെ കുറ്റമറ്റതാക്കാൻ പഞ്ചായത്ത്, സിവിൽ സപ്ലൈസ്, റേഷൻ ഷാപ്പുടമ ഉപഭോക്താക്കളിൽ നിന്നും തിരഞ്ഞെടുക്കുന്ന അംഗങ്ങൾ എന്നിവയുടെ കമ്മിറ്റിയുണ്ടാക്കിയാൽ അനാവശ്യമായ പല അസൗകര്യങ്ങളും ഒഴിവാക്കാൻ സാധിക്കും.

പഞ്ചായത്തിൽ ആകെ 13 റേഷൻ ഷാപ്പുകളാണ് ഉള്ളത്

**പട്ടിക I**

റേഷൻ സാധനങ്ങളുടെ ഉപഭോഗം

| വർഷം | ആകെ കാർഡ് | അരി | ഗോതമ്പ് | പഞ്ചസാര | മണ്ണെണ്ണ |
|---|---|---|---|---|---|
| 91–92 | 6513 | 27520 | 26896 | 1505 | 327015 |
| 92–93 | 6592 | 27935 | 27488 | 1522 | 329554 |
| 93–94 | 6665 | 28370 | 27905 | 1541 | 333027 |
| 94–95 | 6739 | 28725 | 28406 | 1659 | 335820 |
| 95–96 | 6807 | 29000 | 28850 | 1663 | 337126 |

# 5.8

## സംസ്കാരം

### സംസ്കാരിക പശ്ചാത്തലചരിത്രം

സാമൂതിരി രാജാക്കന്മാരുടെ സാമന്തരിൽ പ്രധാനിയായ വള്ളുവനാട് രാജാക്കന്മാരുടെയും സാമ്രാജ്യക്കൊതിയന്മാരായ ബ്രിട്ടീഷ് രാജാക്കന്മാരുടേയും മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായ ഈ ഗ്രാമത്തിലെ ഭരണീയ ജനങ്ങൾ പല ഫ്യൂഡൽ ജന്മിമാരോടും നിരന്തര പോരാട്ടം നടത്തിയാണ് ഇന്നത്തെ സംസ്കാരിക പദവിയിൽ എത്തിയിട്ടുള്ളത്. കാഞ്ഞൂർമന, മൂരിയത്ത്വാരിയം, സാമൂതിരി കോവിലകം, വേമഞ്ചേരിമന, വരിക്കാശ്ശേരിമന, കാവുങ്കൽമന, പുറയന്നൂർമന, മറ്റു ചെറുകിട ജന്മിമാർ എന്നിവരോട് പല കർഷക പോരാട്ടങ്ങളും നടത്തിയ പല ധീര കർഷക പോരാളികളും ഇന്നു ഈ ഗ്രാമത്തിൽ ജീവിക്കുന്നു. വേദതന്ത്ര വിദ്യകളെ അനുദിനം പ്രോത്സാഹിപ്പിച്ചു പോന്ന ഈ നമ്പൂതിരി ജന്മിമാരെല്ലാം തന്നെ പല പുരാതന ക്ഷേത്ര നിർമ്മാതാക്കളും അവയുടെ ഊരാളന്മാരും ആയിരുന്നു. ഇവരെല്ലാം കഥകളി, കൃഷ്ണനാട്ടം, തുള്ളൽ പാഠകം, ചാക്യാർകൂത്ത്, എന്നീ ക്ഷേത്ര കലകൾ പഠിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു എന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളും ഇന്നും കണ്ടുവരുന്നു. ദേശീയ പ്രസ്ഥാനങ്ങളിൽ സജീവ പങ്കു വഹിച്ച ചുനങ്ങാട് വീട്ടിൽ കുഞ്ഞിക്കാവ മ്മക്കും കൊച്ചുകുട്ടമേനവനും ജന്മം നൽകിയ പവിത്ര ഭൂമിയാണ് ഈ ഗ്രാമം. അമ്പലങ്ങളും, പാറകളും ധാരാളമുള്ള ഗ്രാമമാണിത്. അമ്പല പ്പാറ, എന്ന് ഈ ഗ്രാമത്തിന്ന് പേര് വന്നതും ഈ കാരണത്താലാകാം.

ഈ ഗ്രാമത്തിന്റെ സംസ്കാര പൈതൃകം ജൈനമത സംസ്കാരത്തിനോട് ബന്ധപ്പെട്ട് കിടക്കുന്നു. ജൈനർ പ്രകൃതി ആരാധകരായതുകൊണ്ടാവാം പ്രധാന പ്രാകൃതി വസ്തുവായ പാറയോട് ബന്ധപ്പെട്ട മുതലപ്പാറ, ഭരതപ്പാറ, കാടാംപാറ, കൊങ്ങംപാറ, പീച്ചിപ്പാറ, ഉണക്കംപാറ, കളപ്പാറ എന്നീ പാറ പ്രദേശങ്ങൾ ചേർന്ന് അമ്പലപ്പാറയായത്. മേഴത്തൂർ അഗ്നിഹോത്രിയുടെ വംശ പരമ്പരയിൽപെട്ട കടമ്പൂർ മനയ്ക്കിലെ വി.എം.സി. നമ്പൂതിരിപ്പാടും, ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും ഇന്നും ജീവിച്ചിരിപ്പുണ്ട്. ഐ. എൻ. എ യിൽ സജീവ പങ്കാളിത്തം വഹിച്ചവർ പലരും ഈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്-ശ്രീ.

വി. ശങ്കരൻനായർ, ശ്രീ. അയ്യപ്പൻ പങ്കുണ്ണി എന്നിവർ ഇവരിൽ പ്രധാനികളാണ്.

ഈ ഗ്രാമത്തിലെ ഭൂതകാല ചരിത്രത്തിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ കലാസംസ്കൃതികളുടെ പരിപോഷണത്തിനാസ്പദമായ പല സാംസ്കാരിക സ്രോതസ്സുകളും കണ്ടെത്താൻ കഴിയും. വിദ്യാവിതരണത്തിൽ പുരോഗതിയുണ്ട്. ഇന്ന് ഈ ഗ്രാമത്തിൽ നഴ്സറി തലം മുതൽ ഹൈസ്ക്കൂൾ തലംവരെ ഇരുപത്തിരണ്ടോളം വിദ്യാലയങ്ങൾ ഉണ്ട്. ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം എന്നീ മതസ്ഥർ അടങ്ങുന്ന ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ചുനങ്ങാട് ഭാഗത്ത് 1,2,3 എന്നീ വാർഡുകളായി വേട്ടക്കൊരുമകൻകാവ്, കിഴക്കേകാവ്, ചാത്തൻ കണ്ടകാവ്, കൊട്ടേക്കാവ്, പെരുങ്കുർശ്ശി ശിവക്ഷേത്രം, ആറാം വാർഡിൽ സുബ്രഹ്മണ്യ കോവിൽ, അഞ്ചാം വാർഡിലെ അറവക്കാട് ശിവക്ഷേത്രം, ഏഴാം വാർഡിലെ മൂതലപ്പാറക്കാവ് പനമരക്കാവ്, എന്നീ ദേവിക്ഷേത്രങ്ങൾ, കടമ്പൂർ അയ്യപ്പൻകാവ്, എട്ടാം വാർഡിലെ പാലെക്കാവിൽ അയ്യപ്പക്ഷേത്രം, ചാത്തൻചിറശിവക്ഷേത്രം, പത്താം വാർഡിലെ പറയരുകുഴി കോടനാട് ഭഗവതി ക്ഷേത്രം, കളിമല സുബ്രഹ്മണ്യക്കോവിൽ, പതിനൊന്നാം വാർഡിലെ വയ്കാവ് പുതുക്കുളങ്ങരെക്കാവ് എന്നീ ദേവീക്ഷേത്രങ്ങൾ, തിമലയിലെ ശിവക്ഷേത്രം ഒമ്പതാം വാർഡിൽ കർഷകരുടെ ഇഷ്ടദൈവമായ മുണ്ടിയൻ വസിക്കുന്ന കൊണ്ടൻപാറമുണ്ടി യൻകാവ് എന്നീ ക്ഷേത്രങ്ങൾ ഹിന്ദുക്കളുടെ അദ്ധ്യാത്മിക സംസ്കാരം വളർത്തുവാൻ ഉതകുന്നവകളാണ്. അതുപോലെതന്നെ മുരുക്കുംപറ്റപള്ളി, ലെപ്പുറംപള്ളി, അമ്പലപ്പാറപള്ളി, പുലാപ്പറ്റശ്ശേരി പള്ളി, വേങ്ങശ്ശേരി പള്ളി എന്നീ പള്ളികൾ മുസ്ലീമുകളുടെ ആത്മീക സംസ്കാര പോഷണത്തിന്നുതകുന്നവകളാണ്. കടമ്പൂരിലെ ക്രിസ്ത്യൻ ദേവാലയം ക്രിസ്ത്യാനികളുടെ അദ്ധ്യാത്മിക സംസ്കാരം വളർത്തിയെടുക്കുവാൻ ഉതകുന്നവയാണ്. ഈ ഗ്രാമത്തിലെ ക്ഷേത്രങ്ങളും, പള്ളികളും, ദേവാലയങ്ങളും മതമൈത്രിയുടെ പ്രതീകങ്ങളായിവർത്തിക്കുന്നു. ക്ഷേത്രങ്ങളും, പള്ളികളും, ദേവാലയങ്ങളും, പൂജാദികർമ്മങ്ങളിലും, പ്രാർത്ഥനകളിലും, ഉത്സവങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നവകളാണ്. പള്ളികളിലും, ദേവാലയങ്ങളിലും, മറ്റു സാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിക്കാറുണ്ട്.

കലാ, സഹിത്യ, സാംസ്കാരിക പരിപോഷണത്തിനായി ഈ ഗ്രാമത്തിൽ പല ക്ലബ്ബുകളും, ഗ്രന്ഥാലയങ്ങളും, വായനശാലകളും ഉണ്ട്. ആർട്ട്സ് ആന്റ് കൾച്ചറൽ അസ്സോസ്സിയേഷൻസ് എന്ന പേരിൽ നിലകൊള്ളുന്ന ഇത്തരം സംഘടനകൾ അനൗദ്യോഗികങ്ങളാണെങ്കിലും ഗ്രാമപഞ്ചായത്ത് വികസന സമിതിയുടെ പരിപൂർണ്ണ നിയന്ത്രണത്തിനു വിധേയമുള്ളവകളാണ്. ചുനങ്ങാട് മൂന്നാം വാർഡിൽ ഒരു ഗ്രന്ഥശാലയും, വായനശാലയും നിലകൊള്ളുന്നു. അതുപോലെതന്നെ പിലാത്തറ ഹരിജൻ കോളനിയിൽ അംബേദ്കർ സ്മാരക ഗ്രന്ഥശാലയും വായനശാലയും ഉണ്ട്. നാലാം വാർഡിൽ മലപ്പുറത്ത് വായനശാലയും, ക്ലബും രൂപീകരിച്ച് പ്രവർത്തിക്കുന്നു. ആറാംവാർഡിൽ ഗീതാഞ്ജലി എന്ന ഒരു ക്ലബ്ബ് നിലവിലുണ്ട്.

ഏഴാം വാർഡിലെ വാനംപാടി, യുവരശ്മി എന്നീ ക്ലബുകൾ പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. എട്ടാംവാർഡിലെ അംബേദ്കർ കോളനിയിൽ ഒരു ദൂരദർശൻ ഉപകരണം സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഒൻപതാം വാർഡിൽ സാംസ്കാരിക കേന്ദ്രം ആസ്ഥാനമാക്കി ഒരു പഞ്ചായത്ത് ഗ്രന്ഥാലയവും വായനശാലയും നിലകൊള്ളുന്നു. ഇതിന്റെ പ്രവർത്തിനു ഒരു പാർട്ട് ടൈം ജീവനക്കാരനെ പഞ്ചായത്ത് നിയമിച്ചിരിക്കുന്നു. ഇതേ വാർഡിൽ തന്നെ ഒരു പഞ്ചായത്ത് സ്റ്റേഡിയവും തുറസ്സായ സമ്മേളന വേദിയും ഉണ്ട്. ഈ വാർഡിലെ ത്രിവേണി ക്ലബ് സജീവമായി പ്രവർത്തിക്കുന്നു. പത്താം



KERALA INSTITUTE OF LOCAL ADMINISTRATION
4289

വാർഡിൽ പ്രിയദർശിനി എന്ന പേരിൽ ഒരു കലാ സാംസ്കാരിക ക്ലബ് രൂപീകരിച്ച് പ്രവർത്തിക്കുന്നു. പതിനൊന്നാം വാർഡിലെ വയംകാവ്ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. പന്ത്രണ്ടാം വാർഡിൽ നിലകൊള്ളുന്ന പാൻഥേർസ് ആർട്ട്സ് ക്ലബ് പഞ്ചായത്തിൽ മുന്തി നിൽക്കുന്ന ഒരു ക്ലബ്ബ് ആണ്. ഈ സമിതിയ്ക്ക് സ്വന്തമായി മൂന്ന് സെന്റ് സ്ഥലമുണ്ട്. സ്ഥിരം കെട്ടിടം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തനം 2-10-96 മുതൽ ആരംഭിച്ചിരിക്കുന്നു.

ഗ്രാമത്തിൽ നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങളുടേയും, ഗ്രന്ഥാലയങ്ങളുടേയും, വായനശാലകളുടേയും വിവരങ്ങൾ കാണിക്കുന്ന പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. അക്ഷരശ്ലോകകലയെ പ്രോത്സാഹിപ്പിക്കുന്നതിന്ന് അമ്പലപ്പാറയിൽ വി.കെ.ജി. സ്മാരക അക്ഷരശ്ലോക സമിതിയുണ്ട്. ഈ പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനങ്ങളും, സംഘടനകളും താഴെ പറയുന്ന ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നതാണെന്ന് അറിയുന്നു.

1. അറിവില്ലായ്മയ്ക്കും, അന്ധവിശ്വാസത്തിനും എതിരായി മതേതര വിശ്വാസികളായ ജനതതിയെ സൃഷ്ടിക്കുക.
2. ഗ്രാമത്തിൽ നിലവിലുള്ള പാവക്കൂത്ത്, സർപ്പത്തുള്ളൽ, കളമെഴുത്ത് പാട്ട്, അയ്യപ്പൻ പാട്ട്, ഉടുക്കു കൊട്ടൽ, കോമര നൃത്തം, തിറ പൂതൻ കളി, ചെറുമക്കളി, കണ്യാർകളി, തെയ്യം കളി, പൊറാട്ട് നാടകം, പാന, തിരിയുഴിച്ചിൽ എന്നീ പ്രാചീനകലകൾ ഉൾപ്പെടുത്തി ആണ്ടിലൊരിക്കലെങ്കിലും പഞ്ചായത്ത് സ്റ്റേഡിയത്തിൽ കലോത്സവങ്ങൾ സംഘടിപ്പിക്കുക. നിപുണരെ കണ്ടെത്തി പുരസ്കാരങ്ങളും, സമ്മാനങ്ങളും നൽകി പ്രോത്സാഹിപ്പിക്കുക. അവശരായ ഇത്തരം കലാകാരൻമാർക്ക് പെൻഷൻ നൽകുക.

3. പ്രവർത്തനങ്ങളെ വിലയിരുത്തി സമിതികൾക്ക് അവാർഡ് നൽകുക.
4. അംബേദ്കർ സ്മാരക ഗ്രന്ഥാലയത്തിനു മരസ്സാമാനങ്ങൾ പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനു സാമ്പത്തിക സഹായം നൽകുക. ഈ വായനശാലയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ക്ലബ്ബിനു സ്വന്തമായി കളിസ്ഥലം, ജിംനേഷ്യം ക്ലബ്, സ്പോർട്ട്സ് കിറ്റ് എന്നിവ അനുവദിക്കുക.
5. പാൻഥേർസ് ക്ലബ് സ്ഥിരം കെട്ടിടം, എന്ന് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവർത്തനങ്ങൾ ക്ക് സാമ്പത്തിക സഹായം നൽകുക.
6. അഞ്ച്, ആറ് എന്നീ വാർഡുകളിലും, അമ്പലപ്പാറ സെന്ററിലും, ഇട്ടിയിൽ കുന്നത്തും ഓരോ ടി.വി. സ്റ്റേ സ്ഥാപിക്കുക.
7. പത്രങ്ങളും, ആനുകാലികങ്ങളും വരുത്തുവാൻ ധനസഹായം നൽകുന്ന പ്രവർത്തനം സംഘടിപ്പിക്കുക. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ Employment News പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തുക.

8. ചെണ്ട, മദ്ദളം, ഇടയ്ക്ക, ഉടുക്ക്, മൃദംഗം, ഇരുതുടിവീരാണം എന്നീ വാദ്യ കലകളും, ഭരതനാട്യം, മോഹിനിയാട്ടം, ഒപ്പന, അരറവനമുട്ട്, നാടൻ നൃത്തം, അഭിനയം എന്നീ ദൃശ്യകലകളും അഭ്യസിപ്പിക്കൽ.

9. നൈസർഗ്ഗിക വാസനകളെ പ്രോത്സാഹിപ്പിക്കുന്ന കലാസാഹിത്യ മത്സരങ്ങൾ നടത്തി പ്രോത്സാഹനം നൽകുക.

10. ഓണാഘോഷം, കേരളോത്സവം, കാർഷികോത്സവം എന്നീ ഉത്സവങ്ങൾ സംഘടിപ്പിക്കുക.

കായികരംഗം

1. കായികരംഗങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുക.
2. ചുനങ്ങാട് ഹൈസ്ക്കൂൾ ഗ്രൗണ്ട്, മലപ്പുറം ഗ്രൗണ്ട്, ഒൻപതാം വാർഡിലെ സ്റ്റേഡിയം, കടമ്പൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട്, വേങ്ങശ്ശേരി ഹൈസ്ക്കൂൾ ഗ്രൗണ്ട് എന്നീ ഗ്രൗണ്ടുകൾ കായിക പരിശീലനത്തിന

പ്രയോഗിക്കുക.

3. വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തി ജനതതിയെ കായിക രംഗത്ത് ആകർഷിക്കുക.

4. 10,11,12 എന്നീ വാർഡുകളിലെ കായികാഭ്യാസത്തിനു അഭിരുചിയുള്ളവരെ തിരഞ്ഞെടുത്ത് വേങ്ങശ്ശേരി ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ പരിശീലിപ്പിക്കുക.

5. ഒൻപതാം വാർഡിലെ സ്റ്റേഡിയം 8,9 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനായി വിനിയോഗിക്കുക.

6. 1,2,3,4 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ചുനങ്ങാട് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ വെച്ചും, മലപ്പുറം ഗ്രൗണ്ടിൽ വെച്ചും പരിശീലനം കൊടുക്കുക.

7. എല്ലാ ആസ്ഥാനങ്ങളിലും അവധികാലങ്ങളിൽ കോച്ചിങ് ക്യാമ്പ് സംഘടിപ്പിച്ച് വിദഗ്ധ പരിശീലനം നൽകുക.

8. കായികസമിതികൾക്ക് സാമ്പത്തിക് സഹായം നൽകുക.

9. കായിക രംഗത്ത് പരിശീലനകേന്ദ്രങ്ങൾ ഓരോ വാർഡിലും പ്രത്യേകിച്ചും പഞ്ചായത്ത് സ്റ്റേഡിയത്തിൽ പൊതുവായി സംഘടിപ്പിക്കുക.

10. റിഡ്കോ, മഹിളാസമാജം എന്നീ സന്നദ്ധസംഘടനകളുടെ സഹകരണ ത്തോടെ ആവശ്യമുള്ള ക്ലബ്ബുകളിലെല്ലാം ഔട്ട്ഡോർ, ഇൻഡോർ കളികൾ സംഘടിപ്പിക്കുക.

## പ്രശ്നങ്ങൾ

1. 1,2,5,6,7,8,10, എന്നീ വാർഡുകളിൽ വായനശാലകളില്ല.

2. 3,8 എന്നീ വാർഡുകളിൽ ഒഴികെ ദൂരദർശൻ സെറ്റ് സ്ഥാപിച്ചിട്ടില്ല.

3. ഒരു വാർഡിലും സമ്പൂർണ്ണ മദ്യ നിരോധനം ഇല്ല.

4. സാക്ഷരതാ ജനവിദ്യാ കേന്ദ്രങ്ങൾ ഇല്ല.

5. ക്ഷേത്രങ്ങളുടെ പരിസര മലിനീകരണം തടയാൻ സംവിധാനങ്ങൾ ഇല്ല. ക്ഷേത്രങ്ങളിലേയ്ക്കും പള്ളികളിലേയ്ക്കും ഗതാഗത സൗകര്യം പോര.

6. കലാ സാഹിത്യ സാംസ്കാരിക സമിതികൾക്ക് അഭിരുചിയുള്ളവരെ ആകർ ഷിക്കുവാൻ കഴിയുന്നില്ല.

7. ഗ്രന്ഥാലയങ്ങളിൽ നിന്ന് പുസ്തകം എടുത്ത് വായിക്കുന്നവരുടെ എണ്ണം കുറയുന്നു.

8. കായികരംഗത്ത് പ്രചീനകളികൾ നിന്നു പോയിരിക്കുന്നു.

9. പഞ്ചായത്തിൽ ഒരു വിവരണ ഗ്രഹണ കേന്ദ്രത്തിന്റെ കുറവുണ്ട്.

10. ജിംനേഷ്യം ക്ലബ്ബുകൾ തീരെയില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യമുള്ള ഒരു വിവരണഗ്രഹണ കേന്ദ്രം (Information Centre) ആരംഭിക്കുക.

2. ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ സന്നദ്ധ സംഘടനകളുടേയും മറ്റു ജനങ്ങളുടേയും ശക്തിയാർജ്ജിച്ച് 1,2,5,6,7,8,10 എന്നീ വാർഡുകളിൽ വായനശാലകളും, ടി.വി. സെററുകളും സ്ഥാപിക്കുക.

3. കലകളിൽ സാങ്കേതിക പരിജ്ഞാന മുള്ളവരെ നിയമിച്ച് ഓരോ വാർഡിലും പ്രത്യേകിച്ചും, പഞ്ചായത്ത് ആസ്ഥാനത്ത് പൊതുവിലും പരിശീലനം കൊടുക്കുക.

4. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ജനവിദ്യാ കേന്ദ്രങ്ങൾ രൂപീകരിച്ച് സാമ്പത്തിക സഹായം നൽകുക.

5. ക്ഷേത്രങ്ങളുടെയും, പള്ളികളുടേയും പരിസരങ്ങൾ ശുചീകരിക്കാനും ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കാനും സാമ്പത്തിക സഹായം നൽകുക.

6. എല്ലാ ഗ്രന്ഥാലയങ്ങളിലും, വായനശാല കളിലും വായനക്കാരെ ആകർഷിക്കത്തക്ക രീതിയിൽ പുതു പുസ്തകങ്ങളും, ആനുകാലികങ്ങളും വാങ്ങിക്കൂട്ടാൻ സാമ്പത്തിക സഹായം നൽകുക.

7. പഞ്ചായത്ത് തലത്തിൽ കലാ-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.

8. അവശ കലാകാരൻമാർക്ക് പെൻഷൻ അനുവദിക്കുക.

9. തുറസ്സായ സമ്മേളന വേദിയിലെ കെട്ടിടസംരക്ഷണത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കുക. പൂട്ടും താക്കോലും വ്യവസ്ഥ ഏർപ്പെടുത്തുക.

10. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.

11. പ്രാചീന കലാ-കായിക വിനോദങ്ങൾ ഏർപ്പെടുത്തുക.

ഈ ഗ്രാമത്തിൻ നാനാഭാഗത്തും ഗുണകരമായ മാറ്റം അഞ്ചു വർഷം കൊണ്ടു വരുത്തുവാൻ സാംസ്കരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേല്പുകൊണ്ടു നമുക്ക് സാധിക്കും എന്ന് പ്രതീക്ഷിക്കാം. ശക്തമായ പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമശക്തികളെ ദുർബല പ്പെടുത്തി മുന്നോട്ടു പോയാൽ നമ്മുടെ പ്രതീക്ഷകൾ സാക്ഷാത് കരിക്കപ്പെടുമെന്നുള്ള തിന് യാതൊരു സംശയവുമില്ല.

# നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിട വിവരം | പ്രതിമാസ പുസ്തക വിതരണം | കീഴിൽ പ്രവർത്തിക്കുന്ന വിവരം | ഗ്രാന്റ് ലഭിക്കുന്നുണ്ടോ | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ചുനങ്ങാട് പൊതുജന വായനശാല, ചുനങ്ങാട് | 1954 | 200 | സ്വന്തം | 100 | – | ഉണ്ട് | 5400 ഗ്രന്ഥങ്ങളുണ്ട് ഗ്രന്ഥങ്ങളുടെ വിതരണത്തിനും സംരക്ഷണത്തിനും ഭാരവാഹികളുണ്ട് |
| 2 | അംബേഡ്കർ സ്മാരക ഗ്രന്ഥാലയം | 1979 | 150 | ,, | 100 | – | ,, | 1500 ഗ്രന്ഥങ്ങളുണ്ട് ഗ്രന്ഥങ്ങളുടെ വിതരണത്തിനും സംരക്ഷണത്തിനും ഭാരവാഹികളുണ്ട് |
| 3 | പഞ്ചായത്ത് പൊതുജന ഗ്രന്ഥാലയം, അമ്പലപ്പാറ | 1954 | 256 | പഞ്ചായ സാംസ്ക നിലയ പ്രവർത്ത | 100 | – | ഇല്ല | ദിനപത്രങ്ങളുണ്ട് 2885 പുസ്തകങ്ങളടങ്ങുന്ന ഗ്രന്ഥാലയം.വിതരണക്രമം നടക്കുന്നു. ലൈബ്രേറിയൻ ഉണ്ട് |
| 4 | പാൻഫേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് റീഡിങ്ങ് റൂം, വേങ്ങശ്ശേരി | 1983 | 75 | വാടക | – | – | ,, | ഇന്ത്യൻ എക്സ്പ്രസ്സ് മലയാള മനോരമ പത്രങ്ങൾ നിലവിലുണ്ട് |
| 5 | ലേബർ ക്ലബ്ബ് വായനശാല | 1991 | – | – | – | – | – | – |

# നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിട വിവരം | ധനസഹായ വിവരം | ഏതു സ്ഥാപനത്തിനോട് അഫിലിയേറ്റ് | പ്രവർത്തന വിവരം |
|---|---|---|---|---|---|---|---|
| 1 | പാൻഥേഴ്സ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, വേങ്ങശ്ശേരി | 1983 | 75 | വാടക (സ്വന്തം കെട്ടിട നിർമ്മാണം തുടങ്ങി) | നിലവിലില്ല | നെഹറു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു | കലാ കായിക സാംസ്കാരിക സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്നു |
| 2 | മലപ്പുറം ലേബർ ക്ലബ്ബ്, വാർഡ് 4 ചുനങ്ങാട് | 1962 | 125 | വാടക | നെഹറു യുവകേന്ദ്രം | നെഹറു യുവകേന്ദ്ര ജില്ലാ ഫുഡ്ബോൾ അസോസിയേഷൻ | ,, |
| 3 | ഐശ്വര്യ, കടമ്പൂർ | 1989 | 50 | ഇല്ല | നിലവിലില്ല | ഇല്ല | ,, |
| 4 | യുവരശ്മി, കടമ്പൂർ | 1990 | 50 | ,, | ,, | ,, | ,, |
| 5 | പ്രിയദർശിനി, പുലാപ്പറ്റശ്ശേരി | 1991 | 30 | ,, | ,, | ,, | ,, |
| 6 | വയങ്കാവ് ആർട്സ് ക്ലബ്ബ്, വേങ്ങശ്ശേരി | 1994 | 110 | വാടക | ,, | ,, | ,, |
| 7 | ത്രിവേണി ആർട്സ് ക്ലബ്ബ്, ചെറുമുണ്ടശ്ശേരി | 1990 | 75 | ,, | ,, | ,, | ,, |
| 8 | വി.കെ.ജി.സ്മാരക അക്ഷരശ്ലോക സമിതി | 1984 | 50 | ഇല്ല | ,, | ,, | മാസം തോറും ശ്ലോകസദസ്സുകൾ, കുട്ടികളെ ശ്ലോകം ചൊല്ലാൻ പരിശീലിപ്പിക്കൽ |
| 9 | ഗീതാഞ്ജലി, മേലൂർ | 1991 | 30 | വാടക | ,, | ,, | കലാ കായിക സാംസ്കാരിക പ്രവർത്തനം |

വസ്തുത. ഇന്ന് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്നത് വിവാഹ കമ്പോളത്തിൽ വിലകൂടുന്നതിനു വേണ്ടിയും, സമൂഹത്തിൽ ഉന്നത നിലവാരം ഉയർത്തി കാട്ടുന്നതിനു വേണ്ടിയുമാണ്. ഉന്നത വിദ്യാഭ്യാസത്തിലും, ഉയർന്ന ജോലികളിലും സ്ത്രീകളുടെ സാന്നിദ്ധ്യം വളരെ കുറവായിട്ടാണ് കാണുന്നതെങ്കിലും ഈ പഞ്ചായത്തിൽ അധ്യാപനരംഗത്ത് മാത്രം പുരുഷന്മാരേക്കാൾ സ്ത്രീകൾ മുൻ പന്തിയിലാണ്. ജോലി എന്നത് ഒരു സാമൂഹ്യ പദവിയായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അർഹതപെട്ടവരെ അവഗണിച്ച് കോഴകൊടുക്കുവാൻ കഴിവുള്ളവർ മാത്രമാണ് ഈ രംഗത്ത് എത്തിച്ചേരുന്നത്. സ്കൂളുകളിൽ നിയമനം നടത്തുമ്പോൾ അതാത് പ്രദേശങ്ങളിലുള്ള അഭ്യസ്തവിദ്യരെ നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സർക്കാർ നൽകേണ്ടതാണ്. 1991–ലെ സെൻസസ്സ് അനുസരിച്ച് ആകെ ജനസംഖ്യയിൽ 11,193 പുരുഷന്മാരും 11,822 സ്ത്രീകളും സാക്ഷരരാണ്. കണക്കുകൾ കാണിക്കുന്നത് സാക്ഷരതയിൽ സ്ത്രീകളാണ് മുന്നിട്ടു നിൽക്കുന്നത് എന്നാണ്.

സ്വന്തം തൊഴിൽ സംരംഭങ്ങളായി പച്ചക്കറി കൃഷി, ഔഷധ കൃഷി, ഉദ്യാന കൃഷി, കൂൺ കൃഷി, കോഴിവളർത്തൽ, കന്നുകാലി വളർത്തൽ, പഴം പച്ചക്കറി സംസ്ക്കരണം, കറി പൗഡർ നിർമ്മാണം, പാൽ ഉൽപ്പന്നകേന്ദ്രം, കുട്ട മടയൽ, റെഡിമെയ്ഡ് നിർമ്മാണം, ബ്രഷ് നിർമ്മാണം, പായ്നെയ്ത്ത്, തീപ്പെട്ടി വ്യവസായം, ചന്ദനത്തിരി, സോപ്പ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവ പഞ്ചായത്തു തലത്തിൽ സ്ത്രീകളെ കേന്ദ്രീകരിച്ച് തുടങ്ങിയാൽ ഈ അവഗണന ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തകുറവ് പണ്ടെന്നപോലെ ഇന്നും തുടരുകയാണ്. ഈ പഞ്ചായത്തിൽ ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഒരു വില്ലേജ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കീഴിൽ ആറ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പേരിനു മാത്രമായി പ്രവർത്തിക്കുന്ന 10 മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. വേങ്ങശ്ശേരി മഹിളാസമാജത്തിൽ ഒരു Baby Crush -ഉം, ഒരു പാൽ ഉൽപ്പന്ന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

വനിതകൾക്കു മാത്രമായി 3 തൊഴിൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. 7 DWCRA യൂണിറ്റുകൾ ഉണ്ടെങ്കിലും ഒരെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

### പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം

| | | | |
|---|---|---|---|
| 1. ബുക്ക് ബൈന്റിങ്ങ് | 87–88 | 11 | പ്രവർത്തനം ഇല്ല. |
| 2. നെല്ലുകുത്ത് യൂണിറ്റ് | 88–89 | 13 | ഇല്ല. |
| 3. മൺപാത്ര നിർമ്മാണം | 88–89 | 15 | ഇല്ല |
| 4. മാറ്റ് വീവിങ്ങ് | 88–89 | 11 | ഇല്ല |
| 5. ബെഡ് നിർമ്മാണം | 89–90 | 10 | ഇല്ല |
| 6. ആട് വളർത്തൽ | 90–91 | 13 | ഇല്ല |
| 7. റഷ് മാറ്റ് | 93–94 | 10 | പ്രവർത്തനക്ഷമം ആണ്. |

2300–ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങളും സ്ത്രീപീഡന കേസുകളും നമ്മുടെ പഞ്ചായത്തിൽ നിലിവിലുണ്ട്. സ്ത്രീധന സമ്പ്രദായവും നിരക്ഷരതയും ഇന്നും നിലിനിൽക്കുന്നു. ഇതിനെതിരെ ബോധവത്ക്കരണം ആവശ്യമാണ്.

നമ്മുടെ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച വനിതാ സെല്ല് സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന് പ്രത്യാശിക്കുന്നു.

## പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

## പട്ടിക ശ്രദ്ധിക്കുക

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷക തൊഴിലാളി | 35 | 60 |
| നിർമ്മാണ തൊഴിലാളി | 60 | 100 |

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെ കുറവാണ്. ഉദാ:- അംഗൻവാടി ജീവനക്കാർ.

ഏറ്റെടുത്ത ജോലികൾ ഭംഗിയായും, ഉത്തരവാദിത്തത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താൽപര്യ കുറവ് പുരുഷൻമാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസം ഇല്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങൾ എന്നും, പുരുഷൻമാർക്കുള്ള അധികാരവും അവകാശവും തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു.

ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷൻമാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

### സാധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതു പ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയതലമുറയുമായി പങ്കുവെയ്ക്കുകയും അങ്ങിനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. അയൽ കൂട്ടങ്ങളിലും, മാതൃസംഗമങ്ങളിലും, സംഘടനാ പ്രവർത്തനങ്ങളിലും, സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സംരംഭങ്ങളും പഞ്ചായത്തു തലത്തിൽ കൂടുതലായി തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന പഴങ്ങൾ, പച്ചക്കറികൾ, പാല് എന്നിവ ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. റെഡിമെയ്ഡ് വസ്ത്രമേഖല, തീപ്പെട്ടി വ്യവസായം, കുട നിർമ്മാണം, പപ്പട നിർമ്മാണം, കറി പൗഡർ, ബ്രഷ് നിർമ്മാണം, കോഴിവളർത്തൽ, കന്നുകാലി വളർത്തൽ, പച്ചക്കറി തോട്ടങ്ങൾ, ഔഷധകൃഷി തോട്ടം, ഉദ്യാനകൃഷി, പച്ചക്കറി സംസ്ക്കരണം എന്നിവ സ്ത്രീകളുടെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന DWCRA യൂണിറ്റുകൾ ആറെണ്ണവും പ്രവർത്തന രഹിതമാണ്. നേതൃത്വത്തിലുള്ള സ്ത്രീകൾക്കും അവരുടെ സംരംഭങ്ങൾക്കും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. അവർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ സൗകര്യം ലഭിക്കുന്നതിനായി സൗകര്യം ഉണ്ടാക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1) തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിൽ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു. സാമ്പത്തിക നിലവാരം ഉയർന്ന സ്ത്രീകൾ മാത്രമാണ് വിദ്യാലയങ്ങളിലും ചെന്നെത്തുന്നത്.
2) സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായ

പുറത്തു വരുന്നില്ല.

3) സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

4) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കാനുള്ളസാഹചര്യം ഇല്ല.

5) തുല്യജോലിയ്ക്ക് തുല്യവേതനം എന്ന തോതിൽ സ്ത്രീകളോട് നീതി പുലർത്തുന്നില്ല.

6) നമ്മുടെ നാട്ടിലെ നിയമനടപടികളെ കുറിച്ച് സ്ത്രീകൾക്ക് തീരെ പരിജ്ഞാനമില്ല.

7) സാമ്പത്തിക ഞെരുക്കം മൂലം സ്വയം തൊഴിൽ ആരംഭിക്കാനായി വിഷമം നേരിടുന്നു.

8) സർക്കാർ സഹായ പദ്ധതികളെ കുറിച്ച് അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9) അംഗൻവാടി ജീവനക്കാർക്ക് അർഹതപ്പെട്ട വേതനം കിട്ടുന്നില്ല. അംഗൻവാടികളിൽ പലതിലും കുടിവെള്ളം അടക്കമുള്ള സൗകര്യം ഇല്ല.

10) വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

11) സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധാർഢ്യം സ്ത്രീകളിൽ കുറവാണ്.

12) അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമായി ഉണ്ട്. ശാസ്ത്രീയബോധനിലവാരം സ്ത്രീകളിൽ കുറവായതാണ് ഇതിനു കാരണം.

13) മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും രക്തസാക്ഷികളായി തീരുന്നത് സ്ത്രീകളാണ്.

14) സ്ത്രീധനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്.

## പ്രശ്നപരിഹാരങ്ങൾക്ക് ശ്രദ്ധിക്കേണ്ടവ

1) സ്ത്രീകളുടെ സംഘടനാ പ്രവർത്തനം പരിപോഷിപ്പിക്കേണ്ടതാണ്.

2) സ്തീകളുടേതു മാത്രമായ സാംസ്കാരിക സംഘടനയ്ക്ക് രൂപം നൽകേണ്ടതാണ്.

3) സ്വയം തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാൻ മുൻകൈ എടുക്കണം.

4) വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും, അതിനുവേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

5) സ്ത്രീകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണികൾ പഞ്ചായത്ത് തലത്തിൽ തുടങ്ങേണ്ടതാണ്.

6) തുല്യജോലിക്ക് തുല്യവേതനം ലഭ്യമാക്കാൻ ശ്രദ്ധിക്കണം.

7) തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, മറ്റുനിയമ നടപടികൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ സ്ത്രീകൾക്ക് ഉണ്ടാക്കണം.

8) തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ യഥാകാലം ല്ഭ്യമാക്കണം.

9) വിധവാ പെൻഷൻ, അഗതി പെൻഷൻ, പ്രസവാനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കണം.

10) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കണം.

11) മദ്യത്തിനും, മയക്കുമരുന്നിനും എതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കണം.

12) യാത്രാവസരങ്ങളിൽ സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

13) സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തണം.

സ്ത്രീകളുടെ ഉന്നമനത്തിലൂടെ മാത്രമേ ഏതൊരു വികസന പ്രവർത്തനവും സഫലീകരിക്കുകയുള്ളൂ എന്ന ഉൾക്കാഴ്ച മുന്നിൽ കണ്ടുകൊണ്ട് പുരുഷൻമാരും മുന്നിട്ടിറങ്ങേണ്ടതാണ്. എങ്കിൽ മാത്രമേ സമൂഹത്തിന്റേയും രാജ്യത്തിന്റേയും ഉന്നമനം സാധ്യമാകുകയുള്ളു.

# 5.10

## സഹകരണം

### വികസന പദ്ധതി

കർഷകരുടെ ശോചനീയമായ സാമ്പത്തിക നിലയിൽ നിന്ന് വിമുക്തരാക്കുവാൻ ഏക മാർഗമെന്ന നിലക്ക് ഉടലെടുത്തതാണ് സഹകരണ പ്രസ്ഥാനം. ""എല്ലാവരും ഓരോരുത്തർക്കു വേണ്ടിയും, ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും'' എന്ന തത്വത്തിൽ അധിഷ്ഠിതമാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം.

ഇന്ത്യയിൽ ഈ പ്രസ്ഥാനം ഗവൺമെന്റിൽ നിന്നു ജനങ്ങളിലേക്ക് പകർന്നു വന്ന ഒരാശയമാണ്. മുഖ്യമായും ഋണബാദ്ധ്യതയിൽ നിന്ന് കർഷകരെ കര കയറ്റാൻ ലക്ഷ്യമിട്ടു തുടങ്ങിയ ഈ പ്രസ്ഥാനം ഏറെക്കുറെ ഉദ്ദേശം സഫലീകരിക്കുകയും, ആയത് കേരളത്തിൽ പ്രശംസനീയമാം വിധം ലക്ഷ്യം നേടുകയും ചെയ്തു. ഈ പ്രസ്ഥാനം ഇന്ന് കൃഷിക്കു പുറമെ കൈത്തൊഴിൽ, കരകൗശലം, വ്യവസായം, 'വനനിർമ്മാണം, ലേബർ കോൺട്രാക്ട്, വിപണനം, വൈദ്യസഹായം, ഉടപഭോഗ വസ്തുക്കളുടെ വിതരണം എന്നു വേണ്ട ഏതു മേഖലയിലും കടന്നു ചെല്ലുകയും പ്രവർത്തന വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ ജനതക്ക് ഈ പ്രസ്ഥാനം വഴി അവരുടെ ജീവിതനിലവാരം ഉയർത്തികൊണ്ടുവരുവാൻ എന്തെല്ലാം വികസനം, ഏതെല്ലാം രൂപത്തിൽ ആവശ്യമാണെന്നും അവയുടെ സാദ്ധ്യതയും നടത്തിപ്പും സംബന്ധിച്ചുള്ള ഒരു പഠനം നടത്തിയതിൽ ഈ വക വസ്തുക്കൾ ഉരുത്തിരിഞ്ഞു വരികയുണ്ടായി. പഞ്ചായത്തു പ്രദേശത്തുള്ള ഗ്രാമീണ ജനതയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചു. ജീവിച്ചു വരുന്നവരാണ് കൂടാതെ ആടു മാടു വളർത്തൽ, കരകൗശലം, കച്ചവടം, കൈത്തൊഴിൽ, ചെറുകിട വ്യവസായം എന്നിവയിലേർപ്പെട്ടവരും തൊഴിലാളികളും, ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്നു.

### കാർഷിക മേഖല

കാർഷിക ലേഖലയിൽ നെല്ല്, മരച്ചീനി, വാഴ, തെങ്ങ്, റബ്ബർ, കുരുമുളക്, ഇഞ്ചി, കശുമാവ് എന്നീ വിളകളാണ് പ്രധാനപ്പെട്ട കൃഷികൾ. കാർഷിക രംഗത്തെ ഭാരിച്ച ചിലവുകൾ കർഷകത്തൊഴിലാളികളുടെ ലഭ്യത, കാർഷികോൽപ്പന്നങ്ങളുടെ അസ്ഥിരമായ വിലനിലവാരം, വിപണനത്തിന്റെ അസൗകര്യം, കടത്തികൊണ്ടു പോകാനുള്ള റോഡുകളുടെ അപര്യാപ്തത, കാലാവസ്ഥ, ജലസേചന സൗകര്യമില്ലായ്മ ഇവയെല്ലാം കൃഷിയിലെ നഷ്ടം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. തന്നിമിത്തം കർഷക വൃത്തിയിൽ നിന്നുള്ള ഉൽപ്പാദനം കുറഞ്ഞുവരുകയും ചെയ്യുന്നുണ്ട്. ഇവയ്ക്കുള്ള പരിഹാരമെന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ എന്നും അതു വഴി പ്രസ്ഥാനത്തിനും ദേശീയ വരുമാനത്തിലും വളർച്ചയുണ്ടാക്കുവാൻ പ്രാപ്തമാക്കുകയുമാണ് സഹകരണ വികസനം ലക്ഷ്യമിടുന്നത്.

### അമ്പലപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം)

കാർഷിക പ്രവർത്തനത്തിന് ആദ്യമായി ആവശ്യംവരുന്ന സാമ്പത്തിക സഹായം കർഷകന്ന് തക്കസമയത്ത് ആവശ്യത്തിന് മതിയാകുന്ന തരത്തിൽ മിതമായ പലിശക്ക് ലഭ്യമാക്കുക എന്നതിന് രൂപം കൊണ്ടതാണ് സർവ്വീസ് സഹകരണ ബാങ്കുകൾ പഞ്ചായത്തിലെ 5 മുതൽ 12 വരെയുള്ള വാർഡുകൾ പ്രവർത്തന മേഖലയായി 1964 ൽ പ്രവർത്തനമാരംഭിച്ച ഈ സഹകരണ ബാങ്ക് 1 മുതൽ 4 കൂടി വാർഡുകൾ പ്രവർത്തന മേഖലയായി 1973 ൽ പ്രവർത്തനം ആരംഭിച്ച ഒറ്റപ്പാലം സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കു ആണ് ഈ പഞ്ചായത്തിലെ കാർഷിക ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്തു വരുന്നത്.

**വ്യാപാരനില**

| പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി | നിക്ഷേപം (000) | കാർഷിക വായ്പ (000) | മദ്ധ്യകാല വായ്പ (000) | മററു വായ്പകൾ (000) | ആകെ വായ്പ (000) | അവധി ബാക്കി |
|---|---|---|---|---|---|---|---|---|---|
| അമ്പലപ്പാറ സർവ്വീസ് കോ-ഓപ്പ ബാങ്ക് | 1964 | 5400 | 10.2740 | 19384 | 1742 | 4974 | 8931 | 15600 | 2654 |
| ഒററപ്പാലം സർവ്വീസ് കോ-ഓപ്പ ബാങ്ക് | | | | | | | | | |

5 മുതൽ 12 വരെ വാർഡുകളിൽ കാർഷിക വായ്പാ, കാർഷികേതര വായ്പ, സ്വർണ്ണപണ്ടപണയ കടം, കാർഷികവും കാർഷികേതരവുമായ മദ്ധ്യകാല വായ്പകൾ, ഗൃഹോപകരണ വായ്പ എന്നീ വായ്പകൾ അമ്പലപ്പാറ സർവ്വീസ് ബാങ്ക് നൽകുന്നുണ്ട്. ഇതിനുള്ള വിഭവം നിക്ഷേപമായി സ്വീകരിക്കുകയും കാർഷിക വായ്പക്കായുള്ള വായ്പ ജില്ലാ ബാങ്കിൽ നിന്ന് വാങ്ങുകയും ചെയ്യുന്നു. വായ്പ നൽകുന്നതിൽ ഈ പ്രദേശത്തിലെ കാർഷികാവശ്യ വായ്പയുടെ 30 ശതമാനം മാത്രമാണ് ഈ ബാങ്കിൽ നിന്ന് നൽകാൻ കഴിയുന്നുള്ളൂ. വാണിജ്യ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും ഇവിടെ ഇതേ വായ്പ നൽകി വരുന്നുണ്ട്. കൂടാതെ ഒറ്റപ്പാലം ഭൂവികസന ബാങ്കും കാർഷികാവശ്യത്തിന് വായ്പ നൽകി വരുന്നു. കാർഷിക പുരോഗതിക്കും ബാങ്കിന്റെ വളർച്ചക്കും ഈ വായ്പകൾ ഇനിയും വർദ്ധിപ്പിക്കുവാൻ സാദ്ധ്യത ഉള്ളതാണ്. എല്ലാ വാർഡുകളിലും ഓരോ കുടുംബത്തിലേയും ഒരാളിനെയെങ്കിലും അംഗമാക്കി സ്ഥാപനം അവരുടേതു കൂടിയ സ്ഥാപനമാക്കുന്നതോടെ ഓഹരി സംഖ്യ വർദ്ധിക്കുകയും അടുത്ത സമ്പർക്കം അവരുടെ മിച്ചം നിക്ഷേപമായി ലഭിക്കുവാനും സാദ്ധ്യതയുള്ളതുകൊണ്ട് പ്രവർത്തനമൂലധനവും പ്രവർത്തനമേഖലയും വർദ്ധിക്കുന്നതാണ്. പഞ്ചായത്തിലെ 9 ,10, 11 വാർഡുകാർക്ക് ബാങ്കുമായി ബന്ധപ്പെടുവാൻ ദൂരമുള്ളതിനാൽ പ്രത്യേക സംഘം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഒരു പഞ്ചായത്തിൽ ഒന്നിലധികം സഹകരണ ബാങ്കുകൾ അനുവദനീയമല്ലാത്തതിനാൽ പ്രാവർത്തികമാക്കാൻ സാദ്ധ്യതയില്ല. പ്രവർത്തനമേഖലയെ വിശദമായി വിലയിരുത്തി വ്യാപാര സാദ്ധ്യത കണക്കിലെടുത്ത് ഈ ബാങ്കിന്റെ ഒരു ബ്രാഞ്ചിന് സാദ്ധ്യതയുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. ഈ സംഘത്തിന്റെയെന്നല്ല ഏതു സഹകരണസ്ഥാപനങ്ങളും വ്യാപാരസ്ഥാപനങ്ങളായതുകൊണ്ട് നിലനില്പിനുള്ള ആദായം ഉണ്ടാക്കുവാൻ ഒരോ സ്ഥാപനത്തിനും കഴിയേണ്ടതുകൊണ്ട് 10 ലക്ഷത്തോളം വരുന്ന ഒരു വർഷത്തെ ചിലവ് നടത്താൻ വേണ്ട വരുമാനമുണ്ടാകുന്ന തരത്തിൽ വ്യാപാരത്തിൽ വികസനം അവശ്യമാണ്. വായ്പ വിതരണം വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രവർത്തനം മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. രാസവളം, കീടനാശിനി വിതരണം, റബർ, കൊപ്ര എന്നിവയുടെ സംഭരണം, പ്രതിമാസകുറികൾ നടത്തുക എന്നിവയിലൂടെ ഈ ബാങ്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടെങ്കിലും ഈ കാര്യങ്ങളിൽ ഇനിയും വികസനം നടത്താനുള്ള സാദ്ധ്യത കാണുന്നുണ്ട്. വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക, ഓഹരി അനുപാതം ലളിതമാക്കുക, പരിധി വർദ്ധിപ്പിക്കുക, കാലതാമസം കുറയ്ക്കുക എന്നിവയാണ് വായ്പാകാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നു മനസ്സിലാക്കുകയും, മറ്റു ബാങ്കുകളെ ആശ്രയിക്കു

ന്നത് സഹകരണ വിദ്യാഭ്യാസത്തിലൂടെ ബോധവാന്മാരാക്കി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. നബാർഡും, ജില്ലാ ബാങ്കും ഈ കാര്യത്തിൽ ആവശ്യമായ നിർദേശങ്ങൾ നല്കേണ്ടതുണ്ട്.

കന്നു വാങ്ങുക, തൊഴുത്തുണ്ടാക്കുക, കിണർ, പമ്പ് സെറ്റ് സ്ഥാപിക്കുക, ചെറുകിട കച്ചവടം, തുടങ്ങിയവയ്ക്കും ബാങ്ക് വായ്പ നൽക്കുന്നുണ്ട്. കരകൗശലം,കൈത്തൊഴിൽ വകസനം എന്നിവയ്ക്കു വായ്പാ സാദ്ധ്യത ഇനിയും കൂടുതലുള്ളതുകൊണ്ട് ആ മേഖലകളിലും വായ്പ നൽകുവാൻ ശ്രമിയ്ക്കേണ്ടതാണ്. വായ്പക്കുള്ള ഈടു നൽകുന്നതിൽ വരുന്ന ഭാരിച്ച ചിലവും ഓഹരി അനുപാതവും മറ്റു ബാങ്കുകളിൽ കുറവായതിനാൽ ആയതു ലളിതമാക്കുവാൻ ശ്രമിക്കുന്നതു നന്നായിരിക്കും. വായ്പയിൽ നിന്നു കിട്ടുന്ന മാർജിൻ 4 ശതമാനത്തിൽ നിന്നും 6 ശതമാനമെങ്കിലും ലഭ്യമാകുന്ന രൂപത്തിൽ പലിശനിരക്കു നിശ്ചയിക്കേണ്ടതും നിലനില്പിനാവശ്യമാണ്.

ഏതാവശ്യത്തിനും വായ്പ ലഭിക്കാനുള്ള സൗകര്യം ലഭിക്കുന്ന പക്ഷം ഈ ബാങ്കുമായല്ലാതെ മറ്റു ബാങ്കുകളുമായി ഇടവാടു ചെയ്യാനുള്ള സന്ദർഭം ഒഴിവാക്കാൻ തക്കവിധത്തിൽ വായ്പാവിതരണം സുഗമവും എളുപ്പവുമാക്കിത്തീർക്കേണ്ടതാണ്. തദ്വാര ബാങ്കിന്റെ വായ്പാ ബാക്കി ഉയർന്നു വരുകയും, വരുമാനം വർദ്ധിക്കുകയും ജനങ്ങൾക്ക് ഉപകാരപ്രദമായിതീരുന്നതാണ്.

രാസവളം, കീടനാശിനി എന്നിവയുടെ ദൗർലഭ്യം കൃഷിക്കാർക്ക് പലപ്പോഴും വിഷമങ്ങൾ ഉണ്ടാക്കുന്നുണ്ട്. തക്കസമയത്ത് ആവശ്യമായ രാസവളം ലഭിക്കുമാറ് സംഭരിച്ചു വെക്കുവാൻ ബാങ്കിനു കഴിയേണ്ടതാണ്. ആവശ്യമായ സ്ഥലസൗകര്യവും സാമ്പത്തിക ശേഷിയും ആവശ്യമായതുകൊണ്ട് NCDC പോലുള്ളവരിൽ നിന്നും ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കി ഗോഡൗൺ നിർമ്മിക്കേണ്ടതാണ്. ചുമട്ടുകൂലി ദൂരം വർദ്ധിക്കുമ്പോൾ അധികമാകുന്നതു കൊണ്ട് കൃഷിഭൂമിക്കടുത്തു കിട്ടുന്ന രാസവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ ഉപകരിക്കുന്നതാണ്. 10, 11, 12 വാർഡുകളിൽ ഈ ആവശ്യം പൊന്തിവന്നിരിക്കയാൽ സാദ്ധ്യത പരിശോധിച്ച് കമ്മീഷൻ വ്യവസ്ഥയിൽ ഒരു ഡെപ്പോ അനുവദിക്കുന്നതു വ്യാപാര വർദ്ധനവുണ്ടാക്കുവാനും ഉൽപ്പാദന വർദ്ധനവിനും സഹായകരമാവും. 350 ടൺ വരെ പ്രതിവർഷം വില്പന നടന്നിരുന്ന രാസവളം സ്വകാര്യ ഏജൻസികളുടെ ആവിർഭാവത്തെ തുടർന്ന് 200 ടണ്ണായി കുറഞ്ഞത് പരിഹരിക്കുവാൻ ഈ വിധത്തിൽ കഴിയേണ്ടതുണ്ട്. വായ്പ നൽകുമ്പോൾ രാസവളം വായ്പയായി തക്ക സമയത്ത് വിതരണം ചെയ്യുന്നതും വിൽപ്പ വർദ്ധിപ്പിക്കാൻ സഹായിക്കും.

### ഒറ്റപ്പാലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം)

പഞ്ചായത്തിലെ 1 മുതൽ 4 കൂടി വാർഡുകളിൽ കാർഷിക വായ്പയും കാർഷികേതര വായ്പ, മറ്റു വായ്പകൾ എന്നിവ വിതരണം ചെയ്യുന്ന ഈ ബാങ്കിന്റെ ആസ്ഥാനം ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലാണ്. വായ്പാ വിതരണ രംഗത്ത് ഈ പ്രദേശവുമായി അടുത്ത് ഇടപഴകുവാൻ ഈ ദൂരം വിഘാതമാണ്. പ്രവർത്തന മേഖലയെ കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചോ വായ്പ നൽകാനുള്ള വ്യാപ്തി കണക്കാക്കി കാർഷിക വായ്പയും, മറ്റു വായ്പകളും നൽകുന്നത് വർദ്ധിപ്പിക്കേണ്ടതാണ്. കാർഷിക വായ്പകൾ നൽകുന്നതിലും, മറ്റു വായ്പകൾ അനുവദിക്കുന്നതിലും കാലതാമസം കുറക്കുന്നത് നന്നായിരിക്കും.

രാസവളം കീടനാശിനി എന്നിവയുടെ വ്യാപാരം ഈ ബാങ്ക് അടുത്ത കാലത്തായി നിർത്തുകയാണുണ്ടായത്. 1,2,3,4 വാർഡുകളിൽ രാസവളം ലഭ്യതക്ക് സൗകര്യമുണ്ടാക്കേണമെന്നു ആവശ്യം വന്നിരിക്കയാലും ചുനങ്ങാട് പ്രദേശത്ത് കർഷകർ കൂടുതലുള്ളതു കൊണ്ടും ഒരു രാസവളം ഡെപ്പോ കമ്മീഷൻ വ്യവസ്ഥയിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയേണ്ടതാണ്. കാർഷികേതര വായ്പയും, സ്വർണ്ണപണ്ടപണയക്കടവും നൽകി വരുന്നുണ്ടെങ്കിലും വ്യാപ്തി വർദ്ധിപ്പിക്കുവാൻ ഇനിയും സാദ്ധ്യതയുള്ളതു വിയോഗിക്കേണ്ടതാണ്. സാമ്പത്തികമായി ശേഷി വർദ്ധിപ്പിക്കുന്നതിനും ആദായം ലഭിക്കുന്നതിനും, വായ്പ നൽകുവാൻ കാലതാമസം ഒഴിവാക്കുവാനും നിക്ഷേപം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതിന് പുതിയ പദ്ധതി നിക്ഷേപങ്ങൾ രൂപപ്പെടുത്തി ജില്ലാ ബാങ്കിൽ നിന്നുള്ള വായ്പാ പരമാവധി കുറച്ചു കൊണ്ടു വരേണ്ടതാണ്.

### ഒറ്റപ്പാലം കാർഷിക വികസന ബാങ്ക്

ദീർഘകാല കാർഷിക വിളകൾക്കും, ട്രാക്ടർ, ടില്ലർ എന്നിവയ്ക്കും ചെറുകിടവ്യവസായങ്ങൾക്കും, ജലസേചനം, ഡയറി, വീടുനിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് പഞ്ചായത്തു പ്രദേശത്ത് വായ്പ നൽകി വരുന്നത് ഒറ്റപ്പാലം കാർഷിക വികസന ബാങ്കാണ്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 120 ലക്ഷം ഉറുപ്പിക സാധാരണ വായ്പ, റബ്ബർ, തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നീ വിളകൾക്കും ട്രാക്ടർ വാങ്ങുവാനും

കോഴിവളർത്തൽ, പശു, ആടു വളർത്തൽ, ചെറുകിട ജലസേചനം, വ്യവസായ വായ്പകൾ, ഭവന നിർമ്മാണവും റിപ്പയറും നടത്തുന്നതിനുള്ള വായ്പകൾ എന്നീ ഇനത്തിൽ നൽകി കഴിഞ്ഞിട്ടുണ്ട്. വികസന സാദ്ധ്യത ധാരാളമുണ്ടെങ്കിലും ഈ സ്ഥാപനത്തിനു പരിമിതികൾ വളരെ കൂടുതലാണ്. നബാഡിൽ നിന്നനുവദിക്കുന്നതിനാശ്രയിച്ചാണ് വായ്പാവിതരണം സാദ്ധ്യമാകുന്നത്. തന്നിമിത്തം ഏതാവശ്യത്തിനും ഏതു സമയത്തും ഫണ്ട് ലഭ്യമാക്കുക എന്നത് ശ്രമകരമാണ്. ഇതിനു പരിഹാരം ഉയർന്ന ഉദ്യോഗതലത്തിൽ നിന്നുണ്ടായി കൊണ്ടിരിക്കുന്ന കാലതാമസം വരുന്നതും ഓഹരി അനുപാതം ലഘൂകരിക്കുന്നതും, രേഖകൾ ഹാജരാക്കുന്നതിനുള്ള ഭാരിച്ച ചിലവും വായ്പാക്കാർക്കു വിമുഖതയുണ്ടാക്കുന്നതാണെങ്കിലും ആധാരച്ചിലവ് ഇപ്പോൾ ഒഴിവാക്കപ്പെട്ടത് ആശ്വാസമായിട്ടുണ്ട്. അടുത്ത കാലത്ത് കാർഷിക വായ്പയുടെ പലിശയിൽ ഉണ്ടായ വർദ്ധനവ് വൻതുകകൾ വായ്പയെടുക്കുന്ന വായ്പാക്കാർക്ക് ഭാരം തന്നെയാണ്. ആയത് ലഘൂകരിക്കപ്പെടേണ്ടതുണ്ട്.

അവധിബാക്കി പലപ്പോഴും വായ്പാവിതരണരംഗത്ത് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ നിയമനടപടികളോ, മറ്റു നടപടികളോ സ്വീകരിച്ച് അവധിബാക്കി പിരിച്ചെടുക്കുന്നതു ഒട്ടും അപ്രധാനമല്ല. വിതരണ രംഗത്ത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെങ്കിലും വികസന സാദ്ധ്യതയുള്ള ഈ ബാങ്ക് ഈ പ്രദേശത്ത് വായ്പ നൽകുവാൻ ഇനിയും മേഖലകൾ കണ്ടെത്തേണ്ടതാണ്.

### ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് (ക്ലിപ്തം)

അമ്പലപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കും, ഒറ്റപ്പാലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും, ഒറ്റപ്പാലം കാർഷിക വികസന ബാങ്കും കാർഷികേതര വായ്പകൾ നൽകി വരുന്നുണ്ടെങ്കിലും പഞ്ചായത്തു പ്രദേശത്ത് കച്ചവടം, കൈത്തൊഴിൽ എന്നിവയ്ക്ക് വലിയ തുകകൾ വായ്പ നൽകുന്നതിൽ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഉൾപ്പെടുന്നുണ്ട്. ഒറ്റപ്പാലം ശാഖയും, ബാങ്കിന്റെ അമ്പലപ്പാറയിലുള്ള ശാഖവഴിയും വായ്പ നൽകുന്നുണ്ട്. ബ്രാഞ്ച് തുറന്ന് ഒരു വർഷം പോലും തികയാത്ത സാഹചര്യത്തിൽ വായ്പ നൽകൽ തുടക്കത്തിൽ നിൽക്കുകയാണ്. പ്രദേശത്തെ പറ്റി വിശദമായി പരിശോധിച്ചാൽ കച്ചവടം ചെറുകിട വ്യവസായം, കൈത്തൊഴിൽ എന്നിവയ്ക്ക് വായ്പ നൽകുവാൻ ധാരാളം സാദ്ധ്യതയുള്ളതിനാൽ ആയതു പ്രാവർത്തികമാക്കേണ്ടതാണ്. നിക്ഷേപവും വായ്പയും ഒരനുപാതത്തിൽ നിന്നു വ്യതിചലിച്ചു അധികധനം കൈവശം വരുന്നതും നഷ്ടം ഉണ്ടാകാനിട വരുന്നതിനാൽ വായ്പ നൽകാൻ കാലതാമസം വരാതെ നോക്കുന്നതു അഭികാമ്യമാണ്. വായ്പയുടെ പലിശ നിരക്കു കുറക്കുന്നതിനായ് നിക്ഷേപത്തിന്മേൽ നൽകുന്ന പലിശ നിരക്കും ക്രമീകരിക്കുന്നത് വായ്പകാർക്കും ബാങ്കിനും വ്യാപാരവർദ്ധനവിനും നല്ലതാണ്.

### അമ്പലപ്പാറ പഞ്ചായത്ത് വനിതാ സഹകരണ സംഘം

1992ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച അമ്പലപ്പാറ പഞ്ചായത്ത് വനിതാ സഹകരണ സംഘം ആരംഭദശയിൽ നിന്ന് മുന്നോട്ട് വന്നിട്ടില്ല. പ്രവർത്തന സാദ്ധ്യതകളുള്ള ഈ സംഘങ്ങൾ ഓരോ ഗ്രാമസഭകളും ആവശ്യമാണെന്ന് ഉന്നയിച്ചിരിക്കുന്നു.

തുന്നൽക്ലാസ്സുകൾ, റെഡിമെയ്ഡ് ഡ്രസ്സുണ്ടാക്കുക, ഏജൻസി മുഖേന മൊത്തമായോ, വ്യക്തികൾ മുഖേന വീടുകൾ തോറുമോ വിൽപ്പന നടത്തുക. കറി പൗഡറുകൾ, അച്ചാറുകൾ എന്നിവയുടെ നിർമ്മാണം വിതരണവും കൂടുതൽ പേർക്കു ചെറിയ തോതിലുള്ള വരുമാനമുണ്ടാക്കുകയും തൊഴിൽ നൽകുകയും ചെയ്യുന്നു.

### അമ്പലപ്പാറ പട്ടിക ജാതി വനിതാ വസ്ത്ര നിർമ്മാണ വ്യവസായ സഹകരണ സംഘം

1992 ൽ രജിസ്റ്റർ ചെയ്ത ഈ സംഘവും പ്രാരംഭദശയിൽ തന്നെ നിൽക്കുകയാണ്. തയ്യൽ പരിശീലന കേന്ദ്രം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം വിപണനം കിടക്കകൾ തലയിണകൾ നിർമ്മാണം, ചൂരൽ, മുള, പ്ലാസ്റ്റിക് എന്നിവ കൊണ്ടുള്ള കസേരകൾ, കുട്ടകൾ എന്നിവയുടെ നിർമ്മാണം, വിതരണം എന്നിവ നടത്താവുന്നതാണ്. അഭ്യസ്ഥവിദ്യരായ യുവതികൾക്കു പരിശീലനത്തോടൊപ്പം സമ്പാദ്യവും ഉൽപ്പന്നവും, വിതരണ രംഗത്ത് തൊഴിൽ സാദ്ധ്യതയും ഉണ്ടാക്കുന്ന ഈ സ്ഥാപനങ്ങൾ വില നിശ്ചയിക്കുന്നത് അവരവരുടെ ഉൽപ്പന്നത്തിന്റെ ചിലവു കണക്കാക്കിയായതിനാൽ നഷ്ടം പ്രതീക്ഷിക്കേണ്ടതില്ല. അച്ചാറുകൾ കറിപൗഡറുകൾ, ചോക്ക് എന്നിവയും നിർമ്മിച്ച് നൽകുവാനും സ്ത്രീകൾ മുഖേന വീടുകളിൽ ചെന്നുള്ള വിൽപ്പന നിഷ്പ്രയാസവുമാണ് സാമ്പത്തിക ശേഷിക്കനുസരിച്ചു ശീലക്കുട നിർമ്മാണം സോപ്പു നിർമ്മാണം എന്നീ മേഖലയിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്

പഞ്ചായത്തു പ്രദേശത്ത് ഇപ്പോഴില്ലാത്ത

തും പ്രവർത്തന സാദ്ധ്യതകളുള്ളതുമായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് ശ്രമിക്കാവുന്നതാണ്.

1. മിൽക് മാർക്കറ്റിങ്ങ് സൊസൈറ്റി (വാർഡ് 4, 10)

2. ഉൽപ്പന്നങ്ങൾ സംഭരിക്കാനും, വിപണനത്തിനും ഉപയുക്തമായ രീതിയിലുള്ള ഒരു മാർക്കറ്റിങ്ങ് സംഘമോ, ഒറ്റപ്പാലം മാർക്കറ്റിങ്ങ് സംഘത്തിന്റെ ഒരു ബ്രാഞ്ചു രൂപത്തിലുള്ള പ്രവർത്തനമോ ആവശ്യമുള്ളതാണ്. ( വാർഡ് 4, 8)

3. ഉപഭോക്തൃസ്റ്റോർ. ചിന്താമണി സ്റ്റോറിന്റെ ഒരു യൂണിറ്റോ, അല്ലാത്ത പക്ഷം കൺസ്യൂമർ സ്റ്റോറോ പ്രവർത്തിപ്പിക്കാവുന്നതാണ്. പ്രവർത്തന സാദ്ധ്യതയും, വിജയ സാദ്ധ്യതയും കുറവാണ് എന്നാണ് അനുഭവം തെളിയിക്കുന്നത്. എങ്കിലും വിൽപ്പന നികുതിയിൽ ഇളവനുവദിച്ചു കിട്ടുന്ന പക്ഷം പ്രവർത്തനക്ഷമമാക്കാൻ സാദ്ധ്യതയുണ്ട്. ( വാർഡ് 4, 10)

4. പൂട്ടിയിട്ട അനങ്ങൻ മാച്ചസ് പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

**വിവിധ മേഖലകളിൽ വികസനം സാദ്ധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

**വായ്പകൾ**

1. കാർഷിക വായ്പയേയും സഹകരണ പ്രസ്ഥാനത്തേയും കുറിച്ച് വാർഡുതോറും ഓരോ വിളവിക്കുന്നതിനു മുമ്പായി സെമിനാർ നടത്തി കർഷകരെ ബോധവാന്മാരാക്കുക.

2. കാർഷിക വായ്പയുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

3. പലിശക്കു സബ്സിഡിയും അവധിക്കു മുമ്പു തീർക്കുന്ന പക്ഷം പലിശയിളവും നൽകുക.

4. ഓഹരി അനുപാതം ലഘൂകരിക്കുക.

5. അവധിബാക്കികളിൽ നിയമനടപടികൾ ത്വരിതപ്പെടുത്തുക.

6. ആധാരചിലവു കുറക്കുകയോ, രജിസ്ട്രേഷൻ ഫീസ് 25 ശതമാനമായി കുറക്കുകയോ, ഇക്വിറ്റബിൾ മോർട്ട്ഗേജ് സിസ്റ്റം നടപ്പിൽ വരുത്തുകയോ ചെയ്യുക.

7. വായ്പ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുക.

8. ആവശ്യത്തിനുമതിയായ തുക വായ്പ നൽകുക.

9. തുല്യമാസ / ത്രൈമാസ / അർദ്ധവർഷ ഗഡുക്കളായി വായ്പ തിരിച്ചീടാക്കുക.

10. കാർഷികേതര വായ്പകൾ ഏതവസരത്തിലും ലഭ്യമാക്കുക.

**ഫണ്ടുകൾ**

1. കുറഞ്ഞ ചിലവിൽ ഫണ്ടു സ്വരൂപിക്കുക

2. ആദായമുള്ള വിധത്തിൽ സർപ്ലസ് ഫണ്ട് നിക്ഷേപിക്കുക.

3. ചിലവുകൾ പരമാവധി ചുരുക്കുക.

4. ലഭ്യമാകുന്നപ്പോഴൊക്കെ നിക്ഷേപങ്ങളിൽ പലിശ വാങ്ങുക

5. മതിയായ ലിക്വിഡ് കാഷ് മാത്രം കൈവശം വെക്കുക.

**രാസവള വ്യാപാരം**

1. സ്റ്റോക്ക് ചെയ്യുവാൻ മതിയായതും ബലമുള്ളതുമായ ഗോഡൗണുകൾ ഉണ്ടാക്കുക.

2. സീസൺ അനുസരിച്ചും ആവശ്യമറിഞ്ഞും പരമാവധി സ്റ്റോക്ക് വയ്ക്കുക.

3. കൃഷിയിടത്തിനടുത്തു ലഭിക്കുമാറ് കമ്മീഷൻ വ്യവസ്ഥയിൽ ഡെപ്പോ തുറക്കുക.

4. ബി. വിഭാഗമായി വായ്പയോടൊന്നിച്ച് രാസവളം നൽകുക.

**സംഭരണം**

1. കാർഷികോല്പന്നങ്ങൾ പണയത്തിൽ വായ്പ നൽകുക.

2. മാർക്കറ്റിങ്ങ് സംവിധാനം ഉണ്ടാക്കുകയോ, വിലക്കു വാങ്ങുകയോ ചെയ്യുക.

ഉപകരണങ്ങൾ

1. ട്രാക്ടർ, ടില്ലർ എന്നിവ സീസണിൽ വാടകക്കെടുത്ത് കൃഷിക്കാർക്കു നൽകുക.

2. മരുന്നു തളിക്കുവാൻ പാടശേഖര കമ്മിറ്റികൾ മുഖേന ഒരു ഭാഗത്തേക്കു മുഴുവൻ കീടനാശിനി കിഴിവു നൽകി വിൽപ്പന നടത്തുക.

**കൺസ്യൂമർ**

1. വിൽപ്പനനികുതിയിൽ നിന്ന് ഇളവു നൽകുകയോ, ഒഴിവാക്കുകയോ ചെയ്യുക.

2. നിശ്ചിത വിലക്ക് ജില്ലാതലത്തിലോ, താലൂക്ക് തലത്തിലോ സാധനങ്ങൾ ലഭ്യതയുണ്ടാവുക.

ഇത്തരം കാര്യങ്ങൾക്കു മുൻതൂക്കം നൽകി സഹകരണ സംഘങ്ങളുടെ 'രണസമിതിയും ജീവനക്കാരും പ്രവർത്തിക്കുന്നതിനു സന്നദ്ധതയുണ്ടായാൽ സഹകരണ സംഘങ്ങളും നാട്ടുകാരും ഈ പ്രസ്ഥാനത്തിലൂടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ടു സമർപ്പിച്ചു കൊള്ളുന്നു.

# 5.11

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

അമ്പലപ്പാറ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15% പട്ടികജാതി വിഭാഗമാണ്. പട്ടികവർഗ്ഗ വിഭാഗക്കാർ നിലവിൽ പഞ്ചായത്തിന് അകത്ത് താമസക്കാരായിട്ടില്ല. 1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട ആളുകളുടെ എണ്ണം 4745 ആണ്. ഇതിൽ 2353 പുരുഷൻമാരും 2392 സ്ത്രീകളും ആണ്. അംഗീകാരം ഉള്ളതും അല്ലാത്തതുമായ 73-ഓളം കോളനികളിൽ 963 കുടുംബങ്ങളും ദുർല്ലഭമായി ചില ഒറ്റപ്പെട്ട വീടുകളും ഉണ്ട്.

അമ്പലപ്പാറ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ പൊതു അവസ്ഥ ആശാവഹമല്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിനു വിധേയരായിരുന്ന ഇവർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും സാക്ഷരതാ യജ്ഞവും ഒരു പരിധി വരെ സാമൂഹിക പുരോഗതി കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ട്. എങ്കിലും സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളിൽ ഇനിയും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് ഉയർന്നുവരേണ്ടതായിട്ടുണ്ട്.

മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടി എന്നു പറയാറായിട്ടില്ല. പരസ്യമായിത്തന്നെ ജാതിപേര് വിളിക്കുന്ന സമ്പ്രദായം ചില സ്ഥലങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. പട്ടികജാതി സ്ത്രീകൾ ദുർബലമായതോതിലെങ്കിലും ചൂഷണത്തിനു വിധേയരാകുന്നു എന്നത് ഒരു ദുഃഖസത്യമാണ്.

പട്ടികജാതി വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും നടത്തിപ്പിലെ അഴിമതി മൂലവും പദ്ധതികളുടെ പ്രവർത്തനം ഇതുവരെ

ഫലപ്രദമായിരുന്നില്ല. എന്നിരുന്നാലും സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിനു ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിനു സഹായിച്ചിട്ടുണ്ട്.

സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ സമൂഹത്തിന്റെ ഇടയിലുള്ള നിരക്ഷരത മാറ്റിയെടുക്കുവാൻ കഴിഞ്ഞുവെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം ഇവരുടെ ഇടയിൽ നിരക്ഷരതാ ഇപ്പോഴും കാണുന്നു. അനധികൃതമായ മദ്യ വിൽപ്പന കൂടുതലും ബാധിക്കുന്നത് പട്ടികജാതി വിഭാഗത്തിൽ ആയതുകൊണ്ട് ക്ഷേമപ്രവർത്തനങ്ങളുടെ നല്ല വശങ്ങളും അധ്വാനത്തിന്റെ ഫലവും പട്ടികജാതി കുടുംബങ്ങളിൽ കാണുന്നില്ല.

ഉത്സവങ്ങളോടനുബന്ധിച്ചുള്ള തിറ, പുതൻ തുടങ്ങിയ കലാരൂപങ്ങളും, പരിചമുട്ടുകളി, പൊറാട്ടുകളി, ചവിട്ടുകളി തുടങ്ങിയ നാടൻ കലാരൂപങ്ങളും ഈ വിഭാഗത്തിലെ ചില സമുദായങ്ങളുടെ സംഭാവനകളാണ്. ഇത്തരം നാടൻ കലാരൂപങ്ങൾ അന്യം നിന്നുപോകാതിരിക്കുന്നതിന് ആസൂത്രിത പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

## വിദ്യാഭ്യാസം

പട്ടികജാതി വിഭാഗത്തിലെ കുട്ടികൾ കൃത്യമായി സ്ക്കൂളുകളിൽ വരുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. അംഗൻവാടികളുടെ അപര്യാപ്തത മൂലം താഴെയുള്ള കുട്ടികളെ നോക്കുവാൻ കൂലിപ്പണിക്കാരായ ഒട്ടേറെ രക്ഷിതാക്കൾ സ്ക്കൂൾകുട്ടികളെ ചുമതലപ്പെടുത്തുന്നതാണ് ഇതിന് ഒരു കാരണം. എസ്.എസ്.എൽ.സി. യ്ക്ക് ശേഷം തുടർന്നു പഠിക്കുന്ന പട്ടികജാതി വിദ്യാർഥിത്ഥികൾ വളരെ വിരളമാണ്. രക്ഷിതാക്കൾ ശ്രദ്ധ ചെലുത്താതുകൊണ്ടും കൗമാരത്തിൽതന്നെ കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്നത് കൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ പ്രയോജനപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിലെ എസ്.എസ്.എൽ.സി. കഴിഞ്ഞ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിഭിന്ന രീതിയിലുള്ള സൗജന്യ കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ തന്നെ സ്ഥാപിക്കേണ്ടതാണ്. ഈ വിഭാഗത്തിലെ എസ്.എസ്.എൽ.സി തോറ്റകുട്ടികൾക്ക തുടർന്നു പഠിക്കുന്നതിന് നിലവിലുള്ള സാമ്പത്തിക സഹായം പര്യാപ്തമല്ല. ഈ സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തുന്നത് ചെറിയ ശതമാനം ആളുകൾ മാത്രമാണ്. അതുകൊണ്ട് ഈ പദ്ധതി വളരെ വ്യാപകമാക്കുകയും അതിനനുസരിച്ച് ഫണ്ട് ലഭ്യമാക്കുകയും പദ്ധതിയെപറ്റി ബോധ വൽക്കരണം നടത്തുകയും നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ലഭ്യമായ കണക്കനുസരിച്ച് 96-97 അധ്യയനവർഷത്തിൽ 1117 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു.പി.യിലും ഹൈസ്ക്കൂളിലുമായി 54 കുട്ടികൾ പഠനം നിർത്തി. എസ്.എസ്.എൽ.സി.ക്ക് തോററു പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 123 ആണ്. പൊതുവെ എസ്.എസ്.എൽ.സി.ക്ക് ഉപരിയായ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഇത് പരിഹരി ക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചുനങ്ങാട് ഗവൺമെന്റ് ഹരിജൻ വെൽഫയർ എൽ.പി. സ്ക്കൂൾ പോലുള്ള ചുരുക്കം സ്ഥാപനങ്ങളിൽ അധ്യാപകരുടെ കൃത്യവിലോപം വിദ്യാർത്ഥികളുടെ പഠനനിലവാര തകർച്ചയ്ക്ക് കാരണമാകുന്നു.

ഈ പഞ്ചായത്തിലെ ഏക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിന്റെ സ്ഥിതി കടുത്ത പ്രതിസന്ധിയിലാണ്. ഇവിടെ ഒ.ബിസി. യിൽ മൂന്ന് കുട്ടികൾ അടക്കം 30 കുട്ടികൾ ഉണ്ടെങ്കിൽ

മാത്രമേ നിലനിർത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. പക്ഷെ നിലവിൽ 12 കുട്ടികൾ ഉള്ളുവെന്നത് ദുഃഖകരമായ അവസ്ഥയാണ്. വിദ്യാർത്ഥികൾക്ക് ഭക്ഷണം, വസ്ത്രം, ട്യൂഷൻ, താമസം ഇത്രയും സൗജന്യമായി ലഭിക്കുന്ന സ്ഥാപനം നിലനിർത്തിക്കൊണ്ടു പോകുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം കഴിച്ച് വന്നിരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കുവാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലകളിലേയ്ക്ക് പോകുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നത്. ഈ മേഖലയിൽ തരക്കേടില്ലാത്ത പ്രതിഫലം ലഭിക്കുന്നത് കൊണ്ട് പുതിയ തലമുറ കാർഷിക മേഖലയിൽ നിന്നും പൂർണ്ണമായും മാറിയ അവസ്ഥയാണുള്ളത്. പഞ്ചായത്തിലെ ചില സ്ഥലങ്ങളിലുള്ള ധാരാളം തരിശുഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കുകയും കൂട്ടുമുണ്ടകൻ കൃഷി നിരുത്സാഹപ്പെടുത്തുകയും ചെയ്താൽ നിലവിലുള്ള കർഷക തൊഴിലാളികൾക്ക് ഈ മേഖലയിലുള്ള തൊഴിൽ സാധ്യത മെച്ചപ്പെടുത്താം. കാര്യക്ഷമമായ ജലസേചന പദ്ധതികളിലൂടെ നെൽകൃഷിയും മറ്റു വിളവുകളും വർദ്ധിപ്പിക്കുന്നതും ഈ മേഖലയിലെ തൊഴിൽസാധ്യത വികസിപ്പിക്കുന്നു. മാത്രമല്ല ഇത്തരം പദ്ധതികളിലൂടെ ഭക്ഷ്യധാന്യ ഉൽപ്പാദനവും വർദ്ധിപ്പിക്കാം.

ഈ മേഖലയിലെ പരമ്പരാഗത കൈതൊഴിലുകളായ കൊട്ട, പായ, പരമ്പ്, നെയ്ത്തുകൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിറ്റഴിക്കുന്നതിനുള്ള അസൗകര്യവും കാരണം ഇന്ന് പ്രതിസന്ധിയിലാണ്. ഈ മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ സംഘങ്ങൾ രൂപികരിച്ചാൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിലും വിപണി കണ്ടെത്തുന്നതിലും ഒരളവുവരെ പരിഹാരമുണ്ടാക്കുവാൻ കഴിയും. മാത്രവുമല്ല താത്പര്യമുള്ളവർക്ക് പരിശീലനം കൊടുക്കുവാനും സാധ്യക്കുന്നതാണ്.

അമ്പലപ്പാറ കേന്ദ്രീകരിച്ച് ഒരു വനിതാ പട്ടികജാതി സഹകരണസംഘം സ്ഥാപിക്കുകയും അതിലൂടെ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകേണ്ടതും ആണ്. അംഗവൈകല്യമുള്ള പട്ടികജാതിക്കാർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള സംരംഭങ്ങൾക്ക് പൂർണ്ണതോതിലുള്ള സാമ്പത്തിക സഹായം നൽകേണ്ടതാണ്.

## പാർപ്പിടം

സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ സഹായിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് വേണ്ടത്ര കാര്യക്ഷമമായിരുന്നില്ലെന്ന് മാത്രമല്ല പകുതിയോളം പട്ടികജാതി കുടുംബങ്ങളും ഇപ്പോഴും ഓലപ്പുരകളിലാണ് താമസിക്കുന്നത്. വിരളമായെങ്കിലും ചെറ്റകുടിലുകളും ഉണ്ട്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബാംഗങ്ങൾക്ക് വീടുവെക്കുവാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുക്കേണ്ടതാണ്.

പല കോളനികളിലെ വീടുകളിലും കക്കൂസുകൾ നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചു കൊടുക്കേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ ഒരു പൊതു കക്കൂസ് ആണ് നിലിവിലുള്ളത്. ഇത് വളരെയേറെ

പ്രയാസങ്ങൾ ഉണ്ടാക്കുന്നു.

## ആരോഗ്യം

പട്ടികജാതി കോളനികളിലെ സ്ഥല പരിമിതിയും അതുമൂലമുള്ള പരിസരമലിനീകരണവും കക്കൂസുകളുടെ അഭാവവും കാരണം പല മാരക പകർച്ചവ്യാധികളും പടർന്നു പിടിക്കുന്നതിനു കാരണമാകുന്നു. കുട്ടികളിൽ പോഷകാഹാര കുറവുമൂലമുള്ള രോഗങ്ങളും വിരളമല്ല. ചികിത്സാരംഗത്തെ കച്ചവട താത്പര്യം കുറഞ്ഞ വരുമാനക്കാരായ ഇവരെയാണ് സമൂഹത്തിൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത്. തുടർച്ചയായ മദ്യപാനം മൂലം ഉണ്ടാകുന്ന ദുഷ്യഫലങ്ങൾ ഈ വിഭാഗത്തെയാണ് കൂടുതൽ ബാധിക്കുന്നത്.

ശാസ്ത്രീയമായ രീതിയിലുള്ള ആരോഗ്യ-പോഷണ വിദ്യാഭ്യാസത്തിലൂടെയും വ്യാപകമായ രീതിയിലുള്ള പ്രതിരോധ കുത്തിവെയ്പ്പുകളിലൂടെയും നിർബന്ധമായി കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിപ്പിക്കുന്നതിലൂടെയും ഒരു പരിധിവരെ മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കോളനികളെ സംബന്ധിച്ച് വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, റോഡ് എന്നിവയെ സംബന്ധിച്ച ഒരു ഏകദേശകണക്ക് പട്ടിക രൂപത്തിൽ ഇതോടൊപ്പം തയ്യാറാക്കിയിരിക്കുന്നു. ഇതിനു അവലംബിച്ച മാർഗ്ഗം ഗ്രാമസഭാറിപ്പോർട്ടുകളും പഠന പര്യടനവുമാണ്. ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന വീട്, കക്കൂസ് നിർമ്മിക്കൽ, വൈദ്യുതി കുടിവെള്ളം, റോഡ് എന്നിവ സംബന്ധിച്ച ആവശ്യങ്ങൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

********** പട്ടിക

## ഗ്രാമസഭകളിലൂടെ

ഗ്രാമസഭകളിൽ ഉയർന്നുവന്ന പുതിയവീടുകൾ അനുവദിക്കുക, കക്കൂസുകൾ നിർമ്മിക്കുക, വൈദ്യുതീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ പട്ടിക 1-ൽ പ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭാറിപ്പോർട്ടുകളിലെ മറ്റു ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1) ഒന്നാം വാർഡിലെ ചേരിക്കുന്ന്, അമരമംഗലം, കരിമ്പിൻപടി, മയനാട്ടുപടി കോളനികളിലേക്കുള്ള റോഡുകൾ മെറ്റലിങ്ങും ടാറിംങ്ങും ചെയ്യുക.

2) രണ്ടാം വാർഡിലെ അനങ്ങൻമല കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക. ചുനങ്ങാട് കുന്ന് കോളനിയിൽ ക്ഷീരോത്പാദക സഹകരണ സംഘം സ്ഥാപിക്കുക. കാർഷിക യന്ത്രോപകരണങ്ങൾ നൽകുകയും പ്രവർത്തിപ്പികുന്നതിന് പരിശീലനം നൽകുകയും വേണം.

3) മൂന്നാം വാർഡിൽ ചുനങ്ങാട് കോളനിയിലെ വായനശാല വിപുലീകരിച്ച് സാംസ്കാരിക കേന്ദ്രമായി ഉയർത്തുന്നതിനു ആവശ്യമായ ബിൽഡിംങ് ഫർണീച്ചർ അനുവദിക്കുക. ഇവിടേയ്ക്ക് ഇംഗ്ലീഷ് പ്രസീദ്ധീകരണങ്ങൾ അനുവദിക്കുക. പൈപ്പ് ലൈൻ നീട്ടി അഞ്ച് പോയ്ന്റ് കൂടി അനുവദിക്കുക. റോഡ് ടാർ ചെയ്യുക. സ്ട്രീറ്റ് ലൈറ്റുകൾ ഇടുക. ക്ലബ്ബിന് സ്വന്തമായി ഗ്രൗണ്ട്. ജിംനേഷ്യം, സ്പോർട്ട്സ് കിറ്റ് എന്നിവ അനുവദിക്കുക. വിവിധോദ്ദേശ സഹകരണസംഘം സ്ഥാപിക്കുക. കോളനിറോഡ് പാലാംകുന്നത്തേയ്ക്ക് മുട്ടിക്കുക. വാരിയത്തുകുന്ന് കോളനിയിലേയ്ക്കുള്ള റോഡ്-സൗത്ത് റോഡ് ടാർ ചെയ്യുക. സ്ട്രീറ്റ് ലൈറ്റ് ഇടുക. ചുനങ്ങാട് കോളനിയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യപ്രയത്നം പൂർണ്ണമായും കോളനി നിവാസികൾ സംഭാവന ചെയ്യുന്നതാണ്.

4) നാലാം വാർഡിലെ തിരുണ്ടിക്കുന്ന്

കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കുക. നമ്പിയത്ത് കുന്ന് കോളനി റോഡ് ടാർ ചെയ്യുക.

5) അഞ്ചാം വാർഡിലെ റോഡില്ലാത്ത കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

6) ആറാം വാർഡിലെ എരിക്കിൻ പാറ, മുളംപ്ലാവ്, ഭരതപ്പാറ, കീഴ്പ്പാടം, വരിക്കോട്ടിൽ, കൊട്ടേക്കാട്ടിൽ,, പാറകുണ്ടിൽ, എന്നീ കോളനികളിലേയ്ക്ക് റോഡുകൾ നിർമ്മിക്കുക. മലഞ്ചെരുവുകളിലെ പ്രകൃത്യാലുള്ള ജല ഉറവ് സ്രോതസ്സുകളിലൂടെ ഹോസ് പൈപ്പ് ഇട്ട് കൊടുത്താൽ മിക്ക കോളനികളിലേയും ജലക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കും. അനങ്ങൻ മലയിൽ കാറ്റാടി യന്ത്രം സ്ഥാപിച്ചാൽ വൈദ്യുതി ലഭ്യമാകുമോ എന്ന് പരിശോധിക്കേണ്ടതാണ്.

7) ഏഴാം വാർഡിലെ വൈദ്യുതി ഇല്ലാത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക.

8) എട്ടാം വാർഡിലെ അംബേദ്കർ ഗ്രാമത്തിലെ റോഡ് കടമ്പൂർ റോഡിൽ എത്തിക്കുക. അംബേദ്കർ ഗ്രാമത്തിൽ കുഴൽകിണർ കുഴിക്കുക. മലംകുളം റോഡ് മെറ്റലിട്ട് ടാർ ചെയ്യുക. ചിരക്കാട്ടുപറമ്പ് കോളനിയിലേയ്ക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുക. ചിരക്കാട്ട്പറമ്പ് ഒടുവൻകാട് പടി റോഡ് നിർമ്മിക്കുക. പൂളപ്പാറയിൽ കുഴൽകിണർ സ്ഥാപിക്കുക. എല്ലാവരേയും ഐ.ആർ.ഡി.പി. ലിസ്റ്റിൽ പെടുത്തുക. അംബേദ്കർ ഗ്രാമത്തിൽ അംഗൻവാടിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക. അമ്പലപ്പാറ കുംബാരൻ കോളനി നിവാസികളെ പട്ടികജാതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകി പരമ്പരാഗത തൊഴിലായ മൺപാത്ര നിർമ്മാണം സംരക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുക.

9) ഒൻപതാം വാർഡിൽ പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന കൊങ്ങൻപാറയേയും തെക്കുംപുറത്തേയും ഒരു റോഡ് നിർമ്മിച്ച് ബന്ധിപ്പിച്ച് ഹരിജൻ കോളനിയായി പ്രഖ്യാപിക്കുക. എല്ലാ കോളനികളിലും കുടിവെള്ളവും വൈദ്യുതിയും എത്തിക്കുക.

10) പത്താം വാർഡിൽ കോളനികൾ വൈദ്യുതീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

11) പതിനൊന്നാം വാർഡിൽ തുന്നൽ പരിശീലന കേന്ദ്രവും നൂൽനൂൽപ്പ് കേന്ദ്രവും വനിതാസഹകരണ സംഘവും സ്ഥാപിക്കുക.

12) പന്ത്രണ്ടാം വാർഡിലെ തേലക്കാട്ടു പടി കോളനിയിലേക്കും അംഗൻവാടിയിലേയ്ക്കും റോഡുകൾ നിർമ്മിക്കുക. കാരാട്ടുപറമ്പിൽ നിന്നും മുളയൻകുഴിയിലേയ്ക്ക് റോഡ് നിർമ്മിക്കുകയും നിലിവിലുള്ള റോഡ് മെറ്റലിട്ട് ടാർ ചെയ്യുകയും വേണം. പാലാരി കോളനിയിലേക്കും നെടുവല്ലി കോളനിയിലേക്കും റോഡുകൾ നിർമ്മിക്കുകയും ഈ കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടുകയും വേണം. നെല്ലിക്കുന്നിലേയ്ക്ക് വേങ്ങശ്ശേരി സെന്ററിൽ നിന്നും റോഡ് നിർമ്മിക്കുക. മുളയംകുഴിയിൽ പൊതുകിണർ സ്ഥാപിക്കുക. കാരാട്ടു പറമ്പിൽ പട്ടയം അനുവദിക്കുക. മുളയംകുഴി കാരാട്ടുപറമ്പ് കോളനി ഐ.എച്ച്.ഡി.പി. യിൽ പെടുത്തുക. വേങ്ങശ്ശേരിയിൽ വിവിധോദ്ദേശ്യ പട്ടികജാതി സഹകരണ സംഘവും വനിതാ സഹകരണ സംഘവും സ്ഥാപിക്കുകയും കാർഷിക യന്ത്രങ്ങൾ സൗജന്യമായി അനുവദിച്ച് പ്രവർത്തിക്കുന്നതിന് പരിശീലനം നൽകുകയും വേണം. ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനവും

ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകുകയും വേണം.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു. എസ്.എസ്. എൽ.സി.യ്ക്ക് ശേഷം തുടർ വിദ്യാഭ്യാസം വളരെ കുറവാണ്.

2) കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ജീവിതച്ചിലവ് വർദ്ധിക്കുന്നു.

3) എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെയ്ക്കുവാൻ സ്ഥലമില്ല. വീട് നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാതെ കിട്ടുന്ന ധനസഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4) കോളനികളിൽ കുടിവെള്ളം ഇല്ല. മിക്ക കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. പൊതുശ്മശാനത്തിന്റെ സൗകര്യം അപര്യാപ്തമാണ്.

5) കൈവശഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ല.

6) ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തണം. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അഭാവമുണ്ട്.

7) നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

8) ഐ.ആർ.ഡി.പി. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

9) കടക്കെണിയിൽ പെട്ടുപോകുന്നു.

10) അന്ധവിശ്വാസങ്ങളിൽ നിന്നും പൂർണ്ണമായും മുക്തരല്ല.

## സാധ്യതകൾ:-

### വൈദ്യുതി:-

പഞ്ചായത്തിൽ എട്ട് കോളനികൾ പൂർണ്ണമായും വൈദ്യുതീകരിച്ചതാണെങ്കിലും അവിടുത്തെ പുതിയവീടുകളിൽ കണക്ഷനുകൾ കിട്ടിയിട്ടില്ല. ചില കോളനികളിൽ ചുരുക്കം ചില വീടുകൾ വൈദ്യുതികരിച്ചതാണ്. അംഗീകാരമുള്ള ബാക്കി കോളനികളിലും ഇനിയും വൈദ്യുതികരിക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതിന് അതാത് സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. കാറ്റാടി യന്ത്രത്തിന്റേയും സോളാർ വൈദ്യുതിയുടേയും സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

### കുടിവെള്ളം:-

ചില കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കുഴൽകിണർ, പൊതുകിണർ, പൈപ്പ് എന്നിവ സ്ഥാപിക്കേണ്ടതാണ്. ഈ അവസരത്തിൽ കോളനികളോടനുബന്ധിച്ച അംഗൻവാടികളെ കൂടെ കണക്കിലെടുക്കേണ്ടതുണ്ട്.

ഗതാഗതം:-

കോളനികളിൽ നിലിവിലുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും പുതിയറോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ മനുഷ്യപ്രയത്നം അതാതു പ്രദേശത്തെ ആളുകളിൽ നിന്നുതന്നെ സന്നദ്ധപ്രയത്നത്തിലൂടെ ലഭിക്കുന്നതിന് പഞ്ചായത്ത് ബോർഡ് അംഗങ്ങൾ ശ്രമിക്കുകയും അവരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും ചെയ്താൽ ഗുണപരമായിരിക്കും.

ക്ഷേമപദ്ധതികളെ കുറിച്ച് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ താത്പര്യമുള്ളവർക്ക് ലളിതമായ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായവും മറ്റും ലഭ്യമാക്കേണ്ടതാണ്.

സർക്കാരിന്റെ വിവധ വകുപ്പുകളും പട്ടികജാതി ക്ഷേമവകുപ്പും പട്ടികജാതി വികസന കോർപ്പറേഷനും നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും ഗ്രാമപഞ്ചായത്തുകൾ മുഖേന ആക്കുകയും ചെയ്യുന്നത് കൂടുതൽ ഫലപ്രദാമായിരിക്കും.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി ശ്രദ്ധപതിയേണ്ടുന്ന ചില നിർദ്ദേശങ്ങൾ.

1) കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2) പായനെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3) അഭ്യസ്ത വിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

4) വ്യവസായ പരിശീലനം നൽകുകയും വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ പൂർണ്ണമായി അനുവദിക്കുകയും വായ്പകളുടെ ദുരുപയോഗം തടഞ്ഞ് ഉദ്ദേശിച്ചകാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ ഉള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക.

5) പട്ടികജാതി സർവ്വീസ് സഹകരണസംഘം സ്ഥാപിക്കുക.

6) വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക. വീട് പുതുക്കിപണി യുന്നതിനും അറ്റകുറ്റപണികൾക്കും സാമ്പത്തിക സഹായം നൽകുക.

7) എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ളം, വൈദ്യുതി, റോഡ്, ഗതാഗത സൗകര്യം എന്നിവ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ വിപുലമായ ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുക്കുകയും അത് നിർബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുക.

8) വിദ്യാഭ്യാസ-തൊഴിൽ-ആരോഗ്യ മേഖലകളിൽ ലളിതവും ശാസ്ത്രീയവും വിദഗ്ദവുമായ രീതിയിൽ ബോധവൽ ക്കരണം നടത്തുക.

9) കോളനികളുടെ അംഗീകാരത്തിനുള്ള വീടുകളുടെ എണ്ണത്തിന്റെ പരിധി അഞ്ച് ആക്കുകയും അംഗീകരിക്കാത്ത എല്ലാ കോളനികൾക്കും അംഗീകാരം നൽകുകയും ചെയ്യുക.

10) എല്ലാ വാർഡുകളിലേയും പ്രധാനപ്പെട്ട കോളനികളിലും ടി.വി. സെന്ററുകൾ സ്ഥാപിക്കുക. വായനശാലകളും സ്ഥാപിക്കുക.

11) പട്ടികജാതി വിഭാഗത്തിലെ കലാകായിക രംഗങ്ങളിൽ തൽപ്പരരായ കുട്ടികൾക്ക് സൗജന്യ പരിശീലനം ഉറപ്പുവരുത്തുക.

12) പട്ടയം ലഭിക്കാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഉടനെ പട്ടയം നൽകുന്നതിനുള്ള ഊർജ്ജിത നടപടി ആവിഷ്കരിക്കുക.

13) എല്ലാ കോളനികളോടനുബന്ധിച്ചും അംഗൻവാടികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ സമൂഹത്തിന്റെ സമസ്ത മേഖലകളിലും മുഖ്യധാരയിൽ നിന്ന് പ്രവർത്തിക്കുന്ന കാലഘട്ടം അതിവിദൂരമല്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

## പട്ടിക 1
## അമ്പലപ്പാറ പഞ്ചായത്ത്

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | | | കക്കൂസ് | | വൈദ്യുതി | | കുടി വെള്ള സൗകര്യം | റോഡ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഓട് | ഓല | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 1 | ചേരികുന്ന് കോളനി | 12 | 7 | 5 | – | 12 | – | 12 | ഇല്ല | ഉണ്ട് |
| | അമരമംഗലം കോളനി | 25 | 15 | 10 | 10 | 15 | 8 | 17 | ,, | ,, |
| | കരിമ്പിൻപടി കോളനി | 6 | 6 | – | – | 6 | 2 | 4 | ,, | ,, |
| | വയനാട്ടുപടി കോളനി | 8 | 6 | 2 | – | 8 | 1 | 7 | ,, | ,, |
| | വാരിയത്തുപറമ്പ് കോളനി | 13 | 9 | 4 | 3 | 10 | 2 | 11 | ,, | ,, |
| | നായർവീട്ടുകുന്ന്കോളനി | 15 | 14 | 1 | 11 | 4 | – | 15 | ,, | ,, |
| | | | | | | | | | | |
| 2 | അത്താണിപറമ്പ് കോളനി | 15 | 8 | 7 | 7 | 8 | – | 15 | ഇല്ല | ഇല്ല |
| | വച്ചാട്ടുകുന്ന് കോളനി | 9 | 6 | 3 | – | 9 | – | 9 | ,, | ഉണ്ട് |
| | അനങ്ങൻമല കോളനി | 20 | 15 | 5 | 13 | 7 | – | 20 | ,, | ,, |
| | ലക്ഷംവീട് കോളനി | 20 | 20 | – | – | 20 | – | 20 | ,, | ,, |
| | ചുനങ്ങാട്കുന്ന് കോളനി | 21 | 12 | 9 | 12 | 9 | 6 | 15 | ,, | ഇല്ല |
| | | | | | | | | | | |
| 3 | മൈത്രീ കോളനി | 11 | 5 | 6 | – | 11 | – | 11 | ഇല്ല | ഉണ്ട് |
| | ചുനങ്ങാട് കോളനി | 30 | 30 | – | 29 | 1 | 27 | 3 | ഉണ്ട് | ഉണ്ട് |
| | കളത്തൊടി കോളനി | 17 | 10 | 7 | – | 17 | – | 17 | ഇല്ല | ,, |
| | വാരിയത്ത്കുന്ന് കോളനി | 52 | 46 | 6 | 41 | 11 | 3 | 49 | ഉണ്ട് | ഇല്ല |
| | ചേലക്കോട്ടുമഠം കോളനി | 11 | 3 | 8 | – | 11 | – | 11 | ഇല്ല | ഇല്ല |

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | | | കക്കൂസ് | | വൈദ്യുതി | | കുടിവെള്ള സൗകര്യം | റോഡ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഓട് | ഓല | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 4 | തിരുണ്ടികുന്ന് കോളനി | 12 | 4 | 8 | 5 | 7 | – | 12 | ഇല്ല | ഇല്ല |
| | നമ്പിയത്ത്കുന്ന് കോളനി | 12 | 2 | 10 | 2 | 10 | – | 12 | ,, | ഉണ്ട് |
| | | | | | | | | | | |
| 5 | ഇട്ടീരികുന്ന് കോളനി | 11 | 11 | – | 9 | 2 | – | 11 | ,, | ,, |
| | കോതേരകുളം കോളനി | 9 | 3 | 6 | – | 9 | – | 9 | ,, | ഇല്ല |
| | കാരകുണ്ട് കോളനി | 8 | 1 | 7 | 1 | 7 | – | 8 | ,, | ,, |
| | മുണ്ടിരികൽടി കോളനി | 6 | – | 6 | – | 6 | – | 6 | ,, | ,, |
| | കൊറകുന്നത്ത് കോളനി | 7 | 3 | 4 | 1 | 6 | – | 7 | ,, | ,, |
| | തിരുണ്ടിക്കൽ കോളനി | 4 | 1 | 3 | – | 4 | – | 4 | ഉണ്ട് | ഉണ്ട് |
| | ഗുരാലപ്പാറ കോളനി | 10 | – | 10 | – | 10 | – | 10 | ഇല്ല | ഇല്ല |
| | മഹറാളിവട്ടത്ത് കോളനി | 4 | 2 | 2 | 1 | 3 | – | 4 | ,, | ഉണ്ട് |
| | പരിപ്പുതോട് കോളനി | 3 | – | 3 | 1 | 2 | – | 3 | ,, | ,, |
| | | | | | | | | | | |
| 6 | എരുപ്പപാപാറ കോളനി | 13 | 4 | 9 | 4 | 9 | – | 13 | ഇല്ല | ഇല്ല |
| | മുളാപ്പാച്ച് കോളനി | 14 | 7 | 7 | 7 | 7 | – | 14 | ,, | ,, |
| | ഭരതപ്പാറ കോളനി | 8 | 4 | 4 | 4 | 4 | 4 | 4 | ,, | ,, |
| | കിഴ്പ്പാടം കോളനി | 12 | 11 | 1 | 11 | 1 | – | 12 | ,, | ,, |
| | വരിക്കോട്ടിൽ കോളനി | 14 | 2 | 12 | 2 | 12 | – | 14 | ,, | ,, |
| | കൊട്ടേക്കാട്ടിൽ കോളനി | 5 | 2 | 3 | 2 | 3 | – | 5 | ,, | ,, |
| | പാറകുണ്ടിൽ കോളനി | 5 | 2 | 3 | 2 | 3 | – | 5 | ,, | ,, |

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | | | കക്കൂസ് | | വൈദ്യുതി | | കുടിവെള്ള സൗകര്യം | റോഡ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഓട് | ഓല | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 7 | തച്ചാട്ട് പറമ്പ് കോളനി | 32 | 28 | 4 | 28 | 4 | – | 32 | ഇല്ല | ഉണ്ട് |
| | പാറക്കൽ കോളനി | 7 | 6 | 1 | 3 | 4 | – | 7 | ഉണ്ട് | ” |
| | പുത്തൻവീട് കോളനി | 8 | 1 | 7 | 1 | 7 | – | 8 | ” | ” |
| | എലപ്പറമ്പ് കോളനി | 26 | 10 | 16 | 1 | 25 | – | 26 | ഇല്ല | ” |
| | കരിമ്പത്തറ കോളനി | 6 | – | 6 | – | 6 | – | 6 | ഉണ്ട് | ഇല്ല |
| | നന്ദിയക്കോട്ട് കോളനി | 6 | 3 | 3 | 2 | 4 | – | 6 | ഇല്ല | ” |
| | | | | | | | | | | |
| 8 | അംബേഡ്കർ ഗ്രാമം കോളനി | 37 | 33 | 4 | 33 | 4 | 13 | 24 | ഉണ്ട് | ഉണ്ട് |
| | കരിങ്കറകുന്നു കോളനി | 6 | 4 | 2 | – | 6 | – | 6 | ഇല്ല | ഉണ്ട് |
| | ഊർപ്പായിൽ വടക്കേകര കോളനി | 13 | 10 | 3 | 10 | 3 | – | 13 | ” | ” |
| | മലങ്കുളം കോളനി | 8 | 4 | 4 | – | 8 | – | 8 | ” | ” |
| | കരുവത്തുരുത്തി കോളനി | 12 | 7 | 5 | 7 | 5 | – | 12 | ” | ” |
| | അത്തികുണ്ട് കോളനി | 22 | 8 | 14 | 10 | 14 | – | 22 | ” | ഇല്ല |
| | ചിരക്കാട്ടുപറമ്പ് കോളനി | 23 | 13 | 10 | 13 | 10 | 3 | 23 | ” | ഉണ്ട് |
| | ഇടത്തൊടികുണ്ട് കോളനി | 10 | 1 | 9 | 1 | 9 | – | 10 | ” | ഇല്ല |
| | ആശാരിപ്പടി കോളനി | 12 | – | 12 | – | 12 | – | 12 | ” | ഉണ്ട് |

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | | | കക്കൂസ് | | വൈദ്യുതി | | കുടി വെള്ള സൗകര്യം | റോഡ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഓട് | ഓല | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 9 | ചെറുമുണ്ടശ്ശേരി കോളനി | 22 | 18 | 4 | 18 | 4 | 1 | 21 | ഇല്ല | ഉണ്ട് |
| | കൊങ്ങമ്പാറ കോളനി | 12 | 9 | 3 | 9 | 3 | 1 | 11 | ,, | ഇല്ല |
| | പതിയിൽപ്പടി കോളനി | 6 | 3 | 3 | 3 | 3 | – | 6 | ,, | ,, |
| | വെലത്തുംകുഴി കോളനി | 5 | 5 | – | 5 | – | – | 5 | ,, | ,, |
| | വടക്കേപുരക്കൽ കോളനി | 13 | 7 | 6 | 7 | 6 | – | 13 | ,, | ,, |
| | കാളിയംപറമ്പ് കോളനി | 13 | 13 | – | 13 | – | – | 13 | ,, | ,, |
| | | | | | | | | | | |
| 10 | പാലകുന്ന് (ഇന്ദിരാ ആവാസ്) | 14 | 10 | 4 | 4 | 10 | 2 | 12 | ഉണ്ട് | ഇല്ല |
| | കരുമാംതൊടി കോളനി | 9 | 4 | 5 | – | 9 | – | 9 | ഇല്ല | ഉണ്ട് |
| | തളിമല കോളനി | 6 | 2 | 4 | – | 6 | – | 6 | ,, | ഇല്ല |
| | | | | | | | | | | |
| 11 | പിഷാരത്തുകുണ്ട് കോളനി | 25 | 9 | 16 | 9 | 16 | – | 25 | ഇല്ല | ഇല്ല |
| | പീച്ചാംകുറുച്ചി കോളനി | 12 | 8 | 4 | 7 | 5 | – | 12 | ഉണ്ട് | ഉണ്ട് |
| | ഇടപറമ്പിൽ കോളനി | 8 | 7 | 1 | – | 8 | – | 8 | ,, | ,, |
| | കാരാട്ടുപറമ്പ് കോളനി | 8 | 2 | 6 | 2 | 6 | – | 8 | ഇല്ല | ഇല്ല |
| | കിള്ളിക്കുന്ന് കോളനി | 10 | 5 | 5 | 5 | 5 | – | 10 | ഉണ്ട് | ഉണ്ട് |
| | മുക്കുന്നിക്കാട്അപ്പക്കാട് കോളനി | 8 | 3 | 5 | 3 | 5 | – | 8 | ഇല്ല | ഉണ്ട് |
| | ചാച്ചിപറമ്പിൽ കോളനി | 7 | 4 | 3 | 4 | 3 | – | 7 | ,, | ഇല്ല |

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകൾ | | | കക്കൂസ് | | വൈദ്യുതി | | കുടിവെള്ള സൗകര്യം | റോഡ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | ഓട് | ഓല | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 12 | മുളയംകുഴി കാരാട്ടുപറമ്പ് | 19 | 3 | 16 | – | 10 | – | 10 | ഉണ്ട് | ഉണ്ട് |
| | തേലക്കാട്ടുപടി കോളനി | 14 | 10 | 4 | 7 | 7 | 9 | 5 | ,, | ,, |
| | പാലക്കരി കോളനി | 5 | 3 | 2 | 3 | 2 | – | 5 | ,, | ,, |
| | പാണക്കാട് നടുവല്ലി കോളനി | 8 | 3 | 5 | 3 | 5 | – | 8 | ,, | ,, |
| | നെല്ലികുന്നത്ത് കോളനി | 3 | 1 | 2 | – | 3 | – | 3 | ,, | ,, |
| | പടിക്കപ്പാടത്ത് കോളനി | 21 | 1 | 20 | 1 | 20 | – | 21 | ,, | ഉണ്ട് |

അവലംബം : ഗ്രാമസഭ റിപ്പോർട്ട് പഠന - പര്യടനം)

# 5.12

## വിഭവസമാഹരണം

അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് പ്രധാനമായും ഒരു കാർഷിക മേഖലയാണ്. കാർഷിക രംഗം ഇന്നു മുരടിച്ചുകൊണ്ടിരിക്കുകയാണ്. നെൽകൃഷി ചെയ്യുന്ന കൃഷിഭൂമികൾ കെട്ടിടനിർമ്മാണത്തിനും റബ്ബർ തെങ്ങ് മുതലായ നാണ്യവിളകൾ പ്ലാന്റ് ചെയ്യുന്നതിനും ഉപയോഗിക്കുകയാണ്. തന്മൂലം കാർഷികരംഗത്ത് തൊഴിൽ ദിനങ്ങൾ പകുതിയായി ചുരുങ്ങിയിരിക്കുന്നു. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനു ജൈവവളം ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെകുറിച്ച് കൃഷിക്കാർക്കിടയിൽ ബോധവൽക്കരണം അനിവാര്യമാണ്.

വ്യവസായരംഗത്ത് ഈ പഞ്ചായത്തിന് കാര്യമായ പുരോഗതി നാളിതു വരെ ഉണ്ടായിട്ടില്ല. നാമമാത്രമായ ചെറുകിട വ്യവസായം മാത്രമാണുള്ളത്. ചെറുകിട വ്യവസായ സംരംഭകൾ മുന്നോട്ടു വരുന്നുണ്ടെങ്കിലും ബാങ്കു വായ്പ, വൈദ്യുതി കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം, ലോഡ്ഷെഡ്ഡിങ്ങ്, പവർകട്ട്, വോൾട്ടേജ് ക്ഷാമം എന്നീ പ്രശ്നങ്ങൾ ഈ രംഗത്ത് കീറാമുട്ടിയായി നിലനിൽക്കുകയാണ്. ഇതു പരിഹരിക്കപ്പെടാതെ വ്യവസായ രംഗത്ത് പുതിയ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത കുറവാണ്.

### സർക്കാർ ഗ്രാന്റുകൾ

ഗ്രാന്റുകൾ സർക്കാർ പിരിച്ചെടുക്കുന്ന സമയത്തുതന്നെ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട വിഹിതം ലഭിക്കുന്നതിനുള്ള സാഹചര്യം ഇന്നില്ല. അത് സമയത്തു തന്നെ ലഭിക്കുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി അത്യാവശ്യമാണ്. ഗ്രാന്റുകൾ ലഭിക്കുന്നതിന് രണ്ടു വർഷം വരെ കാത്തിരിക്കേണ്ട സ്ഥിതിയാണ്. ' സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലക്ക് ജനസംഖ്യ, ദാരിദ്രരേഖക്കടിയിലുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യക്ക് അനുപാതികമായി നിലവിലുള്ള ഗ്രാന്റുകൾ വർദ്ധിപ്പിക്കേണ്ടതാണ്.

1995 - 96 വർഷത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 5456 ക യാണ് വര

എന്നാൽ 91–92 ൽ ഈ ഇനത്തിൽ 5901–25 പൈസ വരെയുള്ളതായി കാണുന്നു. മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ഗൗരവമായ പോരായ്മയാണ്. കച്ചവടത്തിന്റെ സ്വഭാവം, വാർഷിക വിറ്റുവരവ്, എന്നിവ കണക്കാക്കി നികുതി ചുമത്തേണ്ടതാണ്. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ മറ്റു ആവശ്യങ്ങൾക്കു പഞ്ചായത്തിൽ വരുമ്പോഴോ നികുതി ചുമത്തുന്ന രീതിയാണ് ഇപ്പോൾ ഉള്ളത്. നിലവിലുള്ള നികുതിദായകരെ സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിക്കുകയും പഞ്ചായത്തിന്റെ വികസനത്തിനു നികുതികൾ കൃത്യസമയത്തു തന്നെ കൊടുത്തു തീർക്കണമെന്ന ബോധത്തിലേക്ക് അവരെ എത്തിച്ചാൽ നികുതിവരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ഇക്കാര്യത്തിൽ വാർഡ്തല ഗ്രാമസഭകൾക്കും ജനപ്രതിനിധികൾക്കും കൂട്ടായ ഉത്തരവാദിത്തമുണ്ടാവണം.

നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വാർഷിക വരവു ചെലവു കണക്കുകൾ ഗ്രാമസഭകൾ നൽകുകയും ചർച്ച നടത്തുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ബോധ്യപ്പെടുത്തുകയും ചെയ്യുക. നികുതി കൊടുക്കുക എന്നത് ഒരു പ്രധാന ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്തുക. പുതിയ പ്രചരണരീതികളിലൂടെ ഇത് പ്രാവർത്തികമാക്കാം.

കെട്ടിടനികുതി

കെട്ടിടനികുതിയിനത്തിൽ നമ്മുടെ പഞ്ചായത്തിൽ 95–96 വർഷത്തിൽ വരവ് 186998.70 രൂപയാണ്. 91–92 വർഷത്തിൽ 115119.20 രൂപയാണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ കെട്ടിടനിർമ്മാണ രംഗത്ത് വൻ പുരോഗതിയാണ് പഞ്ചായത്തിലുണ്ടായിട്ടുള്ളത്. എന്നാൽ ഇതിനു ആനുപാതികമായി നികുതിയിനത്തിൽ വർദ്ധനവ് കാണുന്നില്ല. നികുതി ചുമത്തുന്നതിലുള്ള അശാസ്ത്രീയതയാണ് ഇത് കാണിക്കുന്നത്.

തറവിസ്തീർണ്ണത്തിനു പുറമെ ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും നികുതി ചുമത്തുന്നതിന് മാനദണ്ഡമാക്കണം. പഞ്ചായത്തു ചുമത്തുന്ന നികുതികളിൽ അധികമാണെന്ന പരാതികളിന്മേൽ വസ്തുനിഷ്ഠമായ പഠനം നടത്തി തീരുമാനമെടുക്കേണ്ടതാണ്.

വാടകക്കു കൊടുക്കുന്ന കെട്ടിടങ്ങളുടെ നികുതി വാടക അടിസ്ഥാനപ്പെടുത്തി ചുമത്തേണ്ടതാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ സ്ക്കൂളുകൾ കൃഷികാർ എന്നിവരിൽ നിന്നാണ് തൊഴിൽ നികുതി പിരിച്ചുകൊണ്ടിരിക്കുന്നത്, ഇതു കൂടാതെ എല്ലാ മേഖലകളിലും തൊഴിലെടുക്കുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. തൊഴിലിന്റെ സ്വഭാവം കണക്കിലെടുത്ത് തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷുറൻസിന്റെ കീഴിൽ കൊണ്ടു വരികയും അവരുടെ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്താൽ നികുതി വസൂലാക്കാൻ എളുപ്പത്തിൽ കഴിയുന്നതാണ്.

വിനോദനികുതി

ചുനങ്ങാട് മുരിക്കുംപറ്റയിൽ ഒരു സിനിമ തിയ്യറ്റർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത കാണുന്നുണ്ട്. അനങ്ങൻ മലയിൽ ഒരു പക്ഷി സങ്കേതവും വന്യജീവി സംരക്ഷണ കേന്ദ്രവും കുട്ടികൾക്കായി ഒരു പാർക്കും നിർമിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. മലപ്പുറം എം.എൽ.സി. ഗ്രൗണ്ടിൽ ഗാലറി പണിത് സ്റ്റേഡിയം നിർമിക്കുന്നത് ഒരു വരുമാന മാർഗ്ഗമാക്കാവുന്നതാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ പുറമ്പോക്കായി കിടക്കുന്ന ഭൂമിയിൽ പഞ്ചായത്തിന്റേതായ തനത് പദ്ധതികൾ വരുമാന മാർഗ്ഗമായി കണ്ടു കൊണ്ട് നടപ്പാക്കാവുന്നതാണ്. അമ്പലപ്പാറ സെന്ററിൽ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്, ബസ്സ് സ്റ്റാന്റ്, കംഫേർട്ട് സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. ഗ്രാമസ'ാ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചതു പോലെ മത്സ്യ മാംസ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് എന്നിവക്കുള്ള സാദ്ധ്യതകളും കാണുന്നുണ്ട്.

ഖനനം

പഞ്ചായത്തിലുള്ള അനങ്ങൻ മലയിൽ കടപ്പകല്ലുപോലെ ചീളുകളായി അടർത്തി എടുക്കാവുന്ന. ഗൃഹനിർമ്മാണത്തിനുപയോഗിക്കാവുന്ന കറുത്ത പാറയുടെ ശേഖരം ഉള്ളതായിപണ്ട് ബ്രിട്ടീഷുകാർ മനസ്സിലാക്കിയിട്ടുള്ളതായി പറയപ്പെടുന്നു. അതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് ഒരു വൻ പദ്ധതിയാക്കി മാറ്റാവുന്നതാണ്.

കരിങ്കല്ല്

കെട്ടിടനിർമ്മാണത്തിനു മറ്റും ഉപയോഗിക്കുന്ന കരിങ്കല്ല് പൊട്ടിച്ചെടുക്കുന്ന ക്വാറികൾ ഇന്നു പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ നോക്കാതെ തന്നെ ഇത്തരം സംരംഭങ്ങൾക്ക് അനുമതി കൊടുത്തതായി കാണുന്നു. അനങ്ങൻമലയിൽ ഇതിന് പല ഭാഗങ്ങളിലും വൻ സാദ്ധ്യതകൾ കാണുന്നുണ്ട്. തൊഴിൽരഹിതരായ യുവാക്കൾ മുൻകൈ എടുത്ത് ബാങ്കുകൾ മുഖേന വായ്പാ സൗകര്യം ഉപയോഗപ്പെടുത്തി പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കാത്ത വിധം നടത്താൻ തയ്യാറാവുകയാണെങ്കിൽ വരുമാന മാർഗ്ഗമാവുന്ന തോടൊപ്പം തൊഴിൽ സാദ്ധ്യതകളും വർദ്ധിപ്പിക്കാവുന്നതാണ്.

ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിന്റെ രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളും , നെടുങ്ങാടി ബാങ്ക്, ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് എന്നിവയുടെ ഓരോ ശാഖയും ഒരു വനിതാ സഹകരണബാങ്കും പ്രവർത്തിക്കുന്നുണ്ട്. കെ.എസ്.കെ. ട്രസ്റ്റ് എന്ന സ്വകാര്യ സ്ഥാപനം വേങ്ങശ്ശേരിയിൽ പ്രവർത്തിക്കുന്നു. ബാങ്കുകളുടെ നിക്ഷേപ - വായ്പാനുപാതം കുറച്ചു കൊണ്ടു വരാൻ സമ്മർദ്ദം ചെലുത്തണം. 80- 90 ശതമാനം തുക വായ്പയായി പഞ്ചായത്തിൽ തന്നെ കൊടുക്കാൻ സംവിധാനമുണ്ടാവണം. പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾക്ക് വായ്പ എടുക്കുന്നതിനുള്ള സൗകര്യം ഉപയോഗിക്കേണ്ടതാണ്.

മനുഷ്യാദ്ധ്വാനം

സർവ്വപ്രധാനമായ ഒന്നാണ് മനുഷ്യാദ്ധ്വാനം. ഗ്രാമസഭാ റിപ്പോർട്ടുകളിൽ വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാമെന്നുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. റോഡ് റിപ്പേർ, സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ, ജലസേചനം, കുടിവെള്ളപ്രശ്ന പരിഹാരം, തുടങ്ങിയ കാര്യങ്ങൾക്ക് മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താവുന്നതാണ്. രാഷ്ട്രീയപാർട്ടികളും ബഹുജനസംഘടനകൾ, ക്ലബ്ബുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ള ആയിരകണക്കിനുള്ള യുവാക്കൾ സേവനസന്നദ്ധരായി രംഗത്ത് വന്നിട്ടുണ്ട്. എസ്.എസ്.എൽ.സി. പാസ്സായ യുവതീ യുവാക്കളെ നിലവിൽ സ്ക്കൂൾ വിദ്യാർത്ഥികളിൽ ഉള്ള നിലവാര തകർച്ച പരിഹരിക്കുന്നതിന് അനൗപചാരിക വിദ്യാഭ്യാസ പരിപാടിക്കു ഉപയോഗിയ്ക്കാവുന്നതാണ്.

ഉപസംഹാരം

ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ വിശദമായി പഠിക്കുന്നതിലൂടെ വിഭവസമാഹരണത്തിനുള്ള പുതിയ സാദ്ധ്യതകൾ പലതും കാണാവുന്നതാണ്. വികസന സെമിനാറിൽ ഉരുത്തിരിഞ്ഞു വരുന്ന സമഗ്രമായ ചർച്ചകൾ ഈ മേഖലയെ കൂടുതൽ സമ്പുഷ്ടമാക്കി കൊണ്ട് ഒരു പുതിയ വികസന സംസ്കാരത്തിന് വഴിതെളിക്കുമെന്ന് നമ്മുക്ക് ശിക്കാം.

## അനുബന്ധം
## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1991–92 | | 1995–96 | |
|---|---|---|---|---|
| കെട്ടിട നികുതി | 115119 | 20 | 186998 | 70 |
| തൊഴിൽ നികുതി | 79407 | – | 96450 | – |
| വിനോദ നികുതി | 1717 | 50 | 35453 | – |
| അഡി. വിനോദ നികുതി | 1145 | – | 21303 | – |
| പ്രദർശന നികുതി | 240 | – | 1898 | – |
| പ്രദർശന നികുതി സർചാർജ് | 60 | – | 474 | 50 |
| ലൈസൻസ് ഫീസ് | 5901 | 25 | 5456 | – |
| വസ്തു കൈമാറ്റ നികുതി 75% | | | 62714 | – |
| വസ്തു കൈമാറ്റ നികുതി 25% | 216644 | – | 140545 | – |
| സർക്കാർ ഗ്രാന്റുകൾ, മറ്റു വരവുകൾ | 472181 | – | 943821 | 74 |
| ഡെപ്പോസിറ്റ് | 6398 | 45 | 9685 | – |
| മറ്റുള്ളവ ഗ്രാന്റുകൾ | 51947 | 05 | 705084 | – |
| ഗ്രാന്റ് | 398485 | – | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ വരവ് | 877064 | 45 | 1648905 | 74 |
| വരുമാനത്തിലെ വ്യത്യാസം വർദ്ധനവ് | 771841 | 29 | | |
| ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 267545 | 90 | 416372 | – |
| ചെലവ് വ്യത്യാസം വർദ്ധനവ് | 148826 | 10 | | |